# അഭിഷേകജ്വാല

(Malayalam)
**ABHISHEKAJWALA**
(songs)
by
**Rt Rev Dr. PANATHAPURAM MATHEW SAM**
First Edition : May 2018
Copies : 1000
Type Setting : Adarsh, Thiruvananthapuram
Cover: Kalesh
Printing : Sujilee
Copy Right : Rt Rev. Dr.Panathapuram Mathew Sam
Panathapuram view, Thiruvananthapuram 695525
e-mail: drpanathapuramms@gmail.com
Mob: 9447554273
Publishers:
**Bharatha sajjana samithi publishers**
Panathapuram, Thiruvananthapuram 695525
Kerala, India.

All rights reserved. No part of this publication may be reproduced, stored in a retrieval system or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the publisher.

**Rs. 120.00**

# അഭിഷേകജ്വാല

റൈറ്റ് റവ. ഡോ. പനതപുരം മേത്യൂസാം

**ഭാരത സജ്ജന സമിതി പബ്ലിഷേഴ്സ്**
പനതപുരം, തിരുവനന്തപുരം 695 525
മൊബൈൽ : 9447554273
e-mail: bsspptpm@gmail.com
**വില 120.00 രൂപ**

**റൈറ്റ് റവ. ഡോ. പനതപുരം മേത്യൂസാം**

*തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം, പൂവ്വാർ പഞ്ചായത്തുകൾക്ക് മദ്ധ്യഭാഗത്തുള്ള പനതപുരം ഗ്രാമത്തിലെ കൊട്ടാരക്കുന്നിൽ 3.3.1948 ൽ ജനനം. പരേതനായ റവ. സാമുവൽ നേശയ്യായുടെയും ശ്രീമതി ഡി. ചാർലറ്റിന്റെയും സീമന്തപുത്രൻ. മികച്ച നവസാക്ഷരകൃതിക്കുള്ള സംസ്ഥാനതല പുരസ്കാരം 'വഴിവിളക്ക്' എന്ന കൃതിക്ക് ലഭിച്ചു. മലയാളഭാഷയിലെ ബിരുദാനന്തരബിരുദവും വിവിധ ചികിത്സാസമ്പ്രദായങ്ങളഭ്യസിച്ച് എം.ഡി ബിരുദവും, തുടർവിദ്യാഭ്യാസത്തിൽ പി.എം. ഡിപ്ലോമയും. സംഗീതാഭിരുചി പരിപോഷിപ്പിക്കാൻ കേരള സർവ്വകലാശാലയുടെ മ്യൂസിക് ഡയറക്ഷൻ സർട്ടിഫിക്കറ്റ്. ആത്മീയ വിഷയങ്ങളിൽ ജീസസ്സ് കാൾസിന്റെ പവ്വർ മിനിസ്ട്രി, കൗൺസിലിംഗ്, പ്രാണിക് ഹീലിംഗ് എന്നിവയിൽ സർട്ടിഫിക്കറ്റുകൾ. ഗാനരചയിതാവ്, കവി, റേഡിയോ ടി. വി ഗായകൻ, റിട്ട. തഹസീൽദാർ ആന്റ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്. ഇപ്പോൾ ഗ്രന്ഥരചനയിലും, സി.ഡി നിർമ്മാണത്തിലും വ്യാപൃതൻ. ഭാരതസജ്ജനസമിതി, വിഡോസ് & വിഡോവേഴ്സ് ഫോറം, നാഷണൽ ഇ - ബുക്സ് പബ്ലിഷേഴ്സ് എന്നിവയുടെ സ്ഥാപകൻ.*

**പുരസ്കാരങ്ങൾ :**

*വഴിവിളക്ക് എന്ന നവസാക്ഷരകൃതിക്ക് സംസ്ഥാനതലത്തിലുള്ള പുരസ്കാരം തിരുവനന്തപുരം വിജെടി ഹാളിൽവച്ച് പരേതനായ മുൻമന്ത്രി ജി.കാർത്തികേയനിൽ നിന്ന് ഏറ്റുവാങ്ങി.*

*ഡോ. അംബേദ്കർ കേരള സാഹിത്യശ്രീ അവാർഡ് (16-7-2015) കോട്ടയത്ത് വച്ച് ഏറ്റുവാങ്ങി.*

*ഡോ. അംബേദ്കർ നാഷണൽ സാഹിത്യശ്രീ അവാർഡ് വിശുദ്ധയുദ്ധം എന്ന നോവലിന് 12-12-2015 ന് ഡൽഹിയിലെ പഞ്ചശീൽ ആശ്രമത്തിൽ വച്ച് ഏറ്റുവാങ്ങി.*

## ഗ്രന്ഥകർത്താവിന്റെ കൃതികൾ

1. അനശ്വരസ്മാരകം (കവിതാസമാഹാരം)
2. വഴിവിളക്ക് (മികച്ച നവ സാക്ഷര സാഹിത്യം)
3. ജീവജലം (ക്രിസ്ത്രീയ കവിതകൾ)
4. സമാധാനം ഉണ്ടാക്കുന്നതാര്? (ലേഖനങ്ങൾ)
5. ഹൃദയത്തളിക (കൗമാര കവിതകൾ)
6. ഹൃദയശൂന്യരായ ക്രൈസ്തവർ (ഓർമ്മക്കുറിപ്പുകൾ)
7. തിരുഹിതം (ക്രിസ്ത്രീയ കവിതകൾ)
8. വിശുദ്ധയുദ്ധം (നോവൽ)
9. നക്ഷത്രപ്പൂക്കളുടെ നാട്ടിൽ വെളുത്ത പിശാച്(കഥാസമാഹാരം)
10. ആത്മാവിൽ ഒരു വിവാഹം (നോവൽ)
11. കരുണാമൃതം (കവിതാസമാഹാരം)
12. ആത്മമാരി (ക്രിസ്ത്രീയ കവിതകൾ)
13. സ്യൂഡോ പെസ്റ്റ് (ലേഖനങ്ങൾ)
14. വിശുദ്ധരായ ഏകാന്തത്തടവുകാർ (ലേഖനങ്ങൾ)
15. വിരഹാഗ്നി (നോവൽ)
16. ഇന്ത്യയുടെ ആത്മാവിലൂടെ പറക്കുന്ന മത്സ്യം(യാത്രാവിവരണം)
17. സ്വർഗ്ഗം നിരസിക്കുന്നവർ (ലേഖനങ്ങൾ)
18. നന്മയുടെ കണ്ണുകൾ (ജീവചരിത്രം)
19. തൊമ്പരച്ചി (കഥാസമാഹാരം)
20. സ്വർഗ്ഗം നിരസിക്കുന്നതെന്തിന് ? (ലേഖനങ്ങൾ)
21. നന്മ അമൃത് (കവിതകൾ)
22. പ്രണയസാമ്രാജ്യം (കവിതകൾ)
23. രൂത്ത് (കവിതകൾ)
24. ആശ്രമകന്യക (നോവൽ)
25. അപ്രിയസത്യങ്ങൾ (ചരിത്രം)
26. ഭൂമിയുടെ അറ്റത്തോളം (യാത്രാനോവൽ)
27. വയലേലക്കാഴ്ചകൾ (യാത്രാവിവരണം)
28. ഹൃദയശൂന്യരായ ക്രൈസ്തവർ(രണ്ടാം ഭാഗം) (ഓർമ്മക്കുറിപ്പുകൾ)
29. സഭ ഒന്നല്ലേയുള്ളൂ (ലേഖനങ്ങൾ)
30. അഭിഷേകജ്വാല (ക്രിസ്തീയകവിതകൾ)

# അവതാരിക

ഒരു പ്രാവശ്യം പാടുന്നവൻ രണ്ട് പ്രാവശ്യം പ്രാർത്ഥിക്കുന്നു എന്ന തിരിച്ചറിവാണ് ഭക്തഗാനങ്ങൾ ധാരാളമായി എല്ലാ ഭാഷകളിലും ഉണ്ടാകുവാൻ ഇടയാക്കിയിട്ടുള്ളത്. ആത്മീയതയുടെ പോഷണത്തിൽ എന്നും ഭക്തഗാനങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഭവനപ്രാർത്ഥനയിലും സമൂഹപ്രാർത്ഥനകളിലും വചനശുശ്രൂഷകളിലും കൺവെൻഷനുകളിലും ഭക്തഗാനങ്ങൾ വഹിക്കുന്ന പങ്ക് എടുത്തുപറയേണ്ടതുണ്ട്. ഭവനങ്ങളിൽ ആത്മീയ അന്തരീക്ഷം നിലനിർത്താനും ഓരോ വ്യക്തികളുടെയും ഹൃദയവും മനസ്സും ദൈവസന്നിധിയിലേയ്ക്ക് ഉയർത്തുവാനും ഇത്തരം ഗാനങ്ങൾ ഏറെ സഹായിക്കുന്നുണ്ട്. അങ്ങനെ നമ്മുടെ പ്രാർത്ഥനകൾ സജീവവും കൂടുതൽ അർത്ഥപൂർണ്ണവുമാക്കുവാൻ നമുക്ക് സാധിക്കുന്നു. ഗാനരചനയിലൂടെ ആത്മീയ മേഖലയിൽ വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുള്ള വെരി റവ. ഡോ. പനതപുരം മേത്യൂ സാം തന്റെ ആത്മീയ അനുഭവത്തിന്റെ നിറവിൽ രചിച്ച ഗാനങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. അദ്ദേഹം രണ്ടായിരത്തിജലേറെ ഭക്തഗാനങ്ങൾ എഴുതുകയും അനേക ഗാനങ്ങൾക്ക് ഈണം പകരുകയും ചെയ്തിട്ടുണ്ട്. റേഡിയോയിലൂടെയും ടെലിവിഷനിലൂടെയും നിരവധി ഗാനങ്ങൾ പ്രക്ഷേപണം ചെയ്തിട്ടുണ്ടെന്നതും സന്തോഷത്തോടെ ഓർമ്മിക്കുന്നു.

സർഗ്ഗാത്മകരചനകളിൽ നൈപുണ്യം തെളിയിച്ചിട്ടുള്ള റവ. ഡോ. പനതപുരം മേത്യൂ സാമിന്റെ പ്രാർത്ഥനാഗാനങ്ങൾ തലമുറകളുടെ ആത്മീയതയെ പോഷിപ്പിക്കുന്നതിന് സഹായകമാകുമെന്നതിൽ സംശയമില്ല. നിരവധി ആത്മീയഗ്രന്ഥങ്ങളുടെ കർത്താവായ ഗ്രന്ഥകാരന്റെ തൂലികയിൽ നിന്നും ധാരാളം രചനകൾ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. സപ്തതിയുടെ നിറവിലായിരിക്കുന്ന അദ്ദേഹത്തിന് ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ബിഷപ്പ് ഡോ. സാമുവൽ മാർ ഐറേനിയോസ്**
കാതലിക് ബിഷപ്സ് ഹൗസ്
പത്തനംതിട്ട

## ആമുഖം

പുരാതന ഗ്രീസിൽ ഉദയം ചെയ്ത സംഗീതപ്രതിഭകളെ പിന്തുടർന്ന് കാലാതിവർത്തികളായ ഗീതങ്ങൾ രചിച്ചു ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള അനേകം ഗാനരചയിതാക്കളോ കവികളോ നമ്മുടെ മനസ്സിൽ നിന്നും മായാതെ നില്പുണ്ട്. ബി സി 970 ൽ ശലോമോൻ രാജാവ് അഭിഷിക്തനായതുമുതൽ ആയിരത്തി അഞ്ച് ഗീതങ്ങൾ രചിച്ചതായിട്ടാണ് ബൈബിൾ വ്യക്തമാക്കുന്നത്. രാജാവായ ശലോമോന്റെ റെക്കോർഡ് ബ്രേക്ക് ചെയ്തതുകൊണ്ട് ആരും തന്നെ അജയ്യനായിത്തീരുന്നില്ല. 19, 20, 21 നൂറ്റാണ്ടുകളിലായി ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരിക്കുന്ന അദ്ദേഹത്തെയോ, ആഗോളക്രൈസ്തവസഭകളിൽ ആലപിക്കുന്ന ക്വയറുകളിലെ ഗാനങ്ങൾ ഉദയം ചെയ്യാൻ കാരണക്കാരനായ ആയിരത്തി ഇരുന്നൂറ് ഗാനങ്ങൾ കമ്പോസ് ചെയ്ത സാങ്കിയെയോ ആർക്കും വിസ്മരിക്കാൻ കഴിയുന്നതുമല്ല. അഞ്ഞൂറിനു താഴെ മാത്രം ഗാനങ്ങൾ രചിച്ച മഹാപ്രതിഭയായ ശ്രീമോശവത്സലം ശാസ്ത്രിയാർ പോലും ഗവേഷകർക്ക് കൗതുകമുണർത്തുന്ന വ്യക്തിത്വത്തിന് ഉടമയായിക്കഴിഞ്ഞു.

ഇത്തരുണത്തിൽ ദൈവാത്മാവിൽ നിന്നു യാചിച്ചു പ്രാപിച്ച രചനാവൈഭവം ദൈവനാമമഹത്വത്തിനു വിനിയോഗിക്കപ്പെട്ടേ കഴിയൂ എന്ന ഉൾവിളിയാണ് രണ്ടായിരത്തിലേറെ ഗാനങ്ങൾ രചിക്കാനും നിരവധി ഗാനങ്ങൾക്ക് ഈണം പകരാനും നിമിത്തമായിത്തീർന്നത് എന്ന് സസന്തോഷം രേഖപ്പെടുത്തുന്നു.

ജീവജലം എന്ന ഗാനസമാഹാരത്തിൽ നൂറും തിരുഹിതം എന്ന പുസ്തകത്തിൽ അഞ്ഞൂറ്റിഇരുപതും ആത്മമാരിയിൽ ഇരുനൂറ്റിഎഴുപത്തെട്ടും ഉൾപ്പെടെ ആകെ എണ്ണൂറ്റിതൊണ്ണൂറ്റി എട്ട് ഗാനങ്ങളായിരുന്നു ഇതിനകം പുസ്തകരൂപത്തിൽ പുറത്തുവന്നത്. അവയുടെ തുടർച്ചയാണ് അഭിഷേകജ്വാലയിലെ 371 ഗാനങ്ങൾ. ഇവയിൽ ചേർത്തിട്ടില്ലാത്ത ഗാനങ്ങളും കവിതകളും പുസ്തകരൂപത്തിലാക്കാൻ പരിശ്രമിച്ചുവരുന്നു.

വിദ്വേഷത്തിന്റെയും വിഭാഗീയതയുടെയും കരാളഹസ്തങ്ങളിൽ അമർന്നുപോകുന്ന ദുരവസ്ഥയിൽ നിന്ന് ഇന്നത്തെ ജനത്തെ മോചിപ്പിക്കാൻ ഗാനങ്ങൾ പര്യാപ്തമാണെന്ന വിശ്വാസമാണ് ഈ രചനകൾക്ക് പ്രേരകമായിട്ടുള്ളത്. പാരിസ്ഥിതിക സന്തുലനതയും സൗഹൃദവും പ്രദാനം ചെയ്യാനും സൗഖ്യദായക ശുശ്രൂഷയ്ക്ക് മുഖാന്തിരമാകാനും ജീവിതവിജയം കൈവരിക്കാനും ഇതിലെ ഗാനങ്ങൾ ഉതകുമെന്ന കാര്യത്തിൽ തർക്കം വേണ്ട. എനിക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെക്കാൾ വിലമതിക്കുന്ന ഒരു ഇൻലൻഡിലെ വരികൾ അതേപടി അടുത്ത പേജിൽ ചേർത്തിട്ടുള്ളതു ശ്രദ്ധിച്ചു വായിക്കുമ്പോഴാണ് എന്റെ ഹൃദയത്തോടൊപ്പം നിങ്ങളും ആനന്ദ പുളകിതരാകുന്നത്.

ഡിറ്റിപി ജോലികൾ ഭംഗിയായും സമയബന്ധിതമായും തീർത്തുതന്ന ശ്രീ.സുന്ദർരാജിനും അവസാനവട്ട പരിശോധനകളിൽ സഹായിച്ച ശ്രീമതി റസിലറ്റ് ടീച്ചർക്കും നന്ദി രേഖപ്പെടുത്തുന്നു.

**ഗ്രന്ഥകർത്താവ്**

കച്ചേരിപടി
25 ജനുവരി 15

To,

ഡോ. പനതപുരം മേത്യൂ സാം
പനതപുരം, പൂവ്വാർ
തിരുവനന്തപുരം

**ദൈവം പ്രവർത്തിക്കും**

**നിശ്ചയം**

സ്നേഹമുള്ള സാർ

എന്റെ പേര് ബിൻസി. ഇന്നലെ ഇവിടെ ഹൈക്കോടതിയിൽ ഉദ്യോഗത്തിനു ചേർന്നു. ദൈവം ഡോക്ടറുടെ പാട്ടിലൂടെ എന്നെ നിയമിച്ചു. എന്റെ സങ്കടയാചനയ്ക്കുത്തരം നല്കി, കണ്ണീരു കാണുന്ന ദൈവം.

സങ്കടമൊക്കെയും തീർത്തു തരുന്ന ദൈവം. സാധിക്കില്ലാ എന്ന് കരുതിയത് സാധ്യമാക്കിത്തന്നു. തിരുവനന്തപുരത്തെ എന്റെ കൂട്ടുകാരി ക്രിസ്റ്റിയാണ് ഈ പാട്ട് എനിക്ക് പരിചയപ്പെടുത്തിയത്. ഈ പാട്ട് നിമിത്തം അവൾ പരീക്ഷ പാസ്സായി.

ഞാൻ 300 പ്രാവശ്യമെങ്കിലും കണ്ണീരോടെ ഇതുപാടി. ഇന്റർവ്യൂവിന് പോയി. മറ്റ് എട്ട് പേർക്കുമുകളിൽ എന്നെ യേശു ഉയർത്തി. ഈ പാട്ടിനു ജീവനുണ്ട്. യേശു കേൾക്കുന്നതാണ്. അത്ഭുതം ഉറപ്പാണ്.

ഡോക്ടർക്ക് ധാരാളം നന്മ ദൈവം തരും. അതിനായി ഞാനീ പാട്ട് വീണ്ടും എന്റെ ജീവനുള്ള കാലമെല്ലാം പാടും.

എണ്ണമില്ലാത്ത നന്ദി.

യേശുനാമത്തിൽ

**ബിൻസി മറിയം ജോർജ്**

(ഒപ്പ്)

ബിൻസി മറിയം ജോർജ്
നെല്ലിക്കൽ, ഏറ്റുമാനൂർ
കോട്ടയം. 686631.

# വിഷയാനുക്രമത്തിൽ


| | |
|---|---|
| അനുഗ്രഹം | 1–26 |
| അർപ്പണം | 27–28 |
| ആരാധന | 29–33 |
| ആലയമാവുക | 34 |
| ആശ്രയം | 35–40 |
| ആശ്വാസം | 41–48 |
| ആഹ്വാനം | 49–68 |
| ആത്മഫലം | 69–70 |
| ഉന്നതദൈവം | 71–72 |
| ഉയിർപ്പ് | 73–75 |
| ഉറപ്പ് | 76– |
| കഠിനത | 77 |
| കരുണ | 78–80 |
| കാത്തിരിപ്പ് | 81–83 |
| കാര്യസ്ഥൻ | 84–85 |
| കുരിശിന്റെ വഴി | 86 |
| കൂട്ടായ്മ | 87 |
| ക്രൂശീകരണം | 88–89 |
| കൃപ | 90–105 |
| ക്രിസ്തുവിനോടൊപ്പം | 106 |
| ക്രിസ്തുമസ് | 107–108 |
| ക്രിസ്തുമസ് ഗാനം | 109–115 |
| ക്രിസ്തുമസ് ആശംസ | 116 |
| ക്ഷമ | 117 |
| ജയം | 118 |
| താലന്തുക്കൾ | 119 |
| ദാഹം | 120 |
| ദിവ്യനടത്തിപ്പ് | 121 |
| ദീർഘക്ഷമ | 122 |
| ദുഃഖം | 123 – 124 |
| ദൈവശക്തി | 125– |
| ദൈവശബ്ദം | 126 – 127 |
| ദൈവപ്രവൃത്തി | 128 |
| ദൈവപ്രസാദം | 129 |
| ദൈവരാജ്യം | 130 –131 |
| ദൈവസ്നേഹം | 132 – 137 |
| ധൈര്യം | 138 – 142 |
| നന്ദി | 143 – 153 |
| നന്മ | 154 –160 |
| നാവ് | 161 |
| നിത്യത | 162–169 |
| നിന്ദ | 170–171 |
| നിരാശ | 172–175 |
| നിർജ്ജീവദൈവം | 176 |
| നോമ്പുകാലം | 177 |
| നന്ദികേട് | 178 |
| ന്യായവിധി | 179 |
| നല്ല ശമര്യൻ | 180 |
| പരിശുദ്ധാത്മാവ് | 181 – 187 |
| പരിപാലനം | 188 |
| പരിഭവം | 189 |
| പിന്മാറ്റം | 190 |
| പ്രത്യാശ | 191 – 197 |
| പ്രാർത്ഥന | 198–249 |
| പെന്തെക്കോസ്ത് | 250 |
| പെസഹ | 251 |
| ഭക്തി | 252–253 |
| ഭയം | 254 – 256 |
| മാതൃക | 257– |
| മാനസാന്തരം | 258 |

മംഗളഗാനം 259
രക്ഷ 260
ലക്ഷ്യത്തിലേക്ക് 261
വചനം 262 -273
വഴികാട്ടി 274
വാഗ്ദാനം 275 - 282
വി ബി എസ് ഗാനം 283 - 284
വിഗ്രഹം 285
വിടുതൽ 286
വിനയം 287
വിശ്വാസം 290 - 296
വിശുദ്ധി 297-304
വിഷാദം 305-306
വീണ്ടെടുപ്പ് 307-310
വീണ്ടും വരവ് 311
വേർപാട് 312
ശക്തി 313-314
ശിഷ്യരാകാം 315 - 316
സത്യം 317 - 318
സഭ 319
സമർപ്പണം 320 - 329
സന്തോഷം 330 - 331
സുവിശേഷം 332 - 337
സ്നേഹം 338-356
സ്വർഗ്ഗത്തിലെ ദൈവം 357-365
സ്തോത്രം 366
സ്തുതി 367-368
സമാധാനം 369
സാന്നിദ്ധ്യം 370 - 371


## അ


അങ്കം പൊരുതുവാൻ 260
അഗ്നിമേഘസ്തംഭത്തെഴുന്നെള്ളും 128
അഗ്നിജ്വലിക്കിൽ 332
അതിരാവിൽ ഇരുട്ടുള്ളപ്പോൾ 74
അതിശയമായ് നടത്തുന്നവൻ 320
അത്ഭുതങ്ങളാൽ 276
അത്യന്തശക്തിയാൽ 16
അധരം തുറന്നു മൽനാഥനെ 313
അധർമ്മങ്ങളെന്തൊക്കെ 90
അനന്യാസായ് രൂപാന്തര 200
അനർത്ഥങ്ങളിൽ നിന്നു 275
അനശ്വരനാം ദൈവമേ 29
അനീതി തൻ ചെങ്കോൽ 170
അനുഗമിക്കാമോ യേശു 48
അനുഗമിക്കാം നാം 47
അനഗ്രഹമാക്കുമോ നാഥാ 315
അനുതാപത്താലും 177
അനുതാപമുതിരും 2
അന്യനു നന്മയുണ്ടാകുവാൻ 154
അന്ധകാരം പോയി 277
അപ്പാ എന്നോടുകരുണ 198
അപ്പാ എന്നോടിഷ്ടം 338
അപ്പാ കേഴുന്നിതാ 199
അപ്പാ നിൻ വാത്സല്യം 321
അപ്പനെ സ്നേഹിക്കാൻ 1
അണപൊട്ടി ഒഴുകും 262
അഭിഷേകജ്വാലയായ് 20
അഭിഷേകജ്വാലയെൻ 17
അഭിഷേകം തന്നെങ്കിൽ 19
അഭിഷേകം വന്നിങ്ങകമേ 18
അഭിഷിക്തന്മാർ 290
അഭിഷിക്തന്മാരേ 257
അമിതബലത്താൽ 125
അസാധ്യങ്ങൾ സാധ്യമാകും 311
അറിവുകേടുകൾ ക്ഷമിക്ക 143


## ആ


ആത്മഫലം തിങ്ങി 339
ആത്മവരം നൽകൂ 182
ആത്മാവിലെരിവോടെ 201
ആത്മാവിലെരിയുന്ന 203
ആത്മീയജീവിതം 357
ആത്മാവേ വന്നുള്ളിൽ 181
ആത്മാവേ ഉള്ളിലേ 21
ആനന്ദത്തിൻ സംഗീതം 366
ആശീർവാദത്തിനായ് 81
ആശ്വസിപ്പിക്കെന്നെ 132
ആശ്വാസമേകുവാൻ 204
ആശ്വാസതീരത്തേ 22
ആശ്വാസമേകുവാൻ 171
ആശ്വാസത്തിന്നുറവിടം 307
ആശ്രയം വയ്ക്കും 9
ആലയങ്ങൾ മുറ്റും 202


## ഇ


ഇടയച്ചെറുക്കനെൻ 144
ഇമ്പങ്ങൾ പങ്കിടാൻ 205

**ഈ**

ഈ ലോകേബന്ധുക്കൾ 358

**ഉ**

ഉത്ഥാന സന്ദേശം 73
ഉയിർത്തെഴുന്നേറ്റ 278
ഉള്ളത്തിലെപ്പോഴും 172
ഉള്ളം നുറങ്ങുന്നേ 305
ഉള്ളിൽതട്ടി 133
ഉറവ തുറക്കുന്ന 91

**എ**

എക്കാലവും നിലനിൽക്കുന്ന 340
എണ്ണിയാൽ തീരാത്ത 162
എന്തു മഹൽസ്നേഹമീശോ 323
എത്ര അതിശയമതിശയമേ 342
എത്ര ദിവ്യമാണേശുവിൻ 343
എത്ര മേലാശിച്ചു 208
എത്ര സ്തുതിച്ചാലും 145
എത്ര വർണ്ണിച്ചാലും 330
എത്ര മഹാത്ഭുതമേ 191
എത്രയോ മാനുഷരീ 146
എൻ പേർക്കായ് 253
എൻ പ്രിയകാന്തനെ 192
എന്തുകൊണ്ടേശുവേ 147
എനിക്കു നിന്നോടേറെ 341
എന്നിൽ നിന്നധികമായ് 92
എന്നുള്ളിൽ വന്ന 183
എന്നെ പേർ ചൊല്ലി 10
എന്നെത്തേടി വന്ന 322
എന്നെ നയിക്കേണമേ 254
എന്നെയൊരനുഗ്രഹം 2
എന്റെ കൃപ നിന്നെ 359
എപ്പോഴും സന്തോഷിപ്പിൻ 331
എന്റെ ജീവിതം 206
എന്റെ വാക്കുകൾ 3
എന്റെ പ്രാണനെ 84
എന്റെ ദൈവം സർവ 148

**ഏ**

ഏകാന്തരാവുകൾ 207

**ഒ**

ഒരു തണലായ് ഊഷര 11
ഒരു തിരിനാളമെന്നിൽ 49
ഒരു ദിവ്യശക്തി 134
ഒരു നാളിലിവിടം 179
ഒരുനാളുമില്ലാത്തൊരാത്മാവി 184

**ഓ**

ഓർക്കേണമേ ദൈവ 7
ഓരോ നാളും നിറയേണം 23

**ക**

കണക്കു ബോധിപ്പിക്കാൻ 360
കണ്ണിമയ്ക്കും നേരം 193
കണ്ണീരൊഴുക്കി 291
കണ്ണീർ കാണണമേ 210
കണ്ണീർക്കണങ്ങൾ 212
കണ്ണുനീരോടെന്റെ താതന്റെ 344
കർണ്ണപുടങ്ങൾക്കു 213
കണ്ണീർ തൂകുമ്പോൾ 50
കർത്താവിൻ രുധിരം 89
കർത്താവിൻ സഭയെ 188
കർത്താവു നിങ്ങൾക്കായ് 52





കർത്താവിലുള്ളത് 314
കർത്താവേ എന്നെ 211
കർത്താവേ ഞങ്ങൾക്കു 214
കർത്താവേ നീയെന്റെ 94
കരവലയത്തിൽ കാത്തു 93
കരയുവാൻ കൺകളിൽ 135
കരുണയിൻ കടലിൽ 24
കരുണയിൻ വഴി 209
കരുണയിൻ കരങ്ങളെ 78
കയ്യും കണക്കുമില്ലാതെയല്ലോ 123
കലഹത്തിന്റെയാത്മാവേ 306
കഷ്ടങ്ങൾ എൻപേരിൽ 138
കഷ്ടത കാണുന്ന കാൽവരി 155
കഷ്ടതകൾ കണ്ടു ജനതയെ 370
കഴുകൻ തൻ കൂടനക്കി 25
കാരുണ്യവാനായ് കൃപ 41
കാൽവരി ക്രൂശിൽ 51
കാളയ്ക്കറിയാം തന്റെ 361
കിഴക്കുദിച്ചൊരു ദിവ്യ 109
കുഞ്ഞിളം കാറ്റുള്ളിൽ 185
കുഞ്ഞുമനസ്സിൽ നൊമ്പരങ്ങൾ 283
കുളിരേകും മാസ്മര 111
കുറ്റമൊന്നും നിന്നിൽ 308
കൃപയുടെ ഉറവിടം 95
കേൾക്കുന്നു ഞാൻ ദൈവമേ 215
കോപം ജനിപ്പിക്കാൻ 161
കോട്ടകൾ കെട്ടുന്നു 324
ക്രിസ്തുവിൻ ധീരയുവാക്കളെ 263
ക്രിസ്തുവിനോടൊപ്പം 106
ക്രിസ്തു പിറന്നോരു 113
ക്രിസ്തീയമായ ആത്മീയത 79
ക്രിസ്തുവിൻ ശിഷ്യരെന്ന 252
ക്രൂരനായ ശൗലിനെ 127
ക്രൂശിലാണെന്റെ പ്രശംസ 345

**ഗ**

ഗോശാല തന്നിലെ 112

**ച**

ചേതോഹരങ്ങളാം 346

**ജ**

ജഡമതിൽ ശൂലം 96
ജറുസലേമിൽ നിന്ന് 180
ജയാളിയാമെന്റെ 118
ജാതികൾ മദ്ധ്യേ 292
ജ്ഞാനത്തിന്നുറവിടമാം 40
ജീവിതപ്പടകിൽ നാം 8
ജീവിതമൂല്യങ്ങൾ 325
ജീവിതവിജയം 285

**ഞ**

ഞാനെന്നും പാടി സ്തുതിക്കും 149
ഞാൻ എന്നെന്നും ദൈവം 363
ഞാൻ തന്നെ പുനരുത്ഥാനം 75
ഞാൻ നിന്റെ ഭവനത്തിൽ 189

**ത**

തലന്തുകൾ ദൈവം 119
തിരുജനമുണരുന്നു 216
തിരുമാർവ്വിൽ 12
തിരുമുമ്പിലഭയമായ് 13
തിരുമുഖദർശനം 217
തിരുസ്വരം കേൾക്കു 27

| | |
|---|---|
| തിരുഹിതം ഞങ്ങളിൽ | 326 |
| തീരാത്ത ദുഃഖം | 281 |
| തീയാൽ ചിലതൊക്കെ | 156 |
| തീക്ഷ്ണതയുള്ളോനും | 14 |
| തേങ്ങുന്ന ഹൃത്തിൽ | 26 |
| തോട്ടത്തിൽ നിന്നെന്നെ | 218 |


### ദ


| | |
|---|---|
| ദാവീദുപുത്രാം രക്ഷിതാവേ | 219 |
| ദേവാലയങ്ങൾ പണിയുന്ന | 34 |
| ദുഷ്ടശക്തികയോടെതിർത്തു | 220 |
| ദൈവകൃപയാലെന്നെ | 157 |
| ദൈവത്തിൽ ആശ്രയം | 36 |
| ദൈവത്തിൽ ആശ്രയം വയ്ക്കാം | 163 |
| ദൈവത്തിൽ ആശ്രയിക്കാം | 35 |
| ദൈവത്തിൽ മാത്രം | 37 |
| ദൈവത്തിൻ അദൃശ്യത | 54 |
| ദൈവത്തിൻ കരമെന്റെ | 55 |
| ദൈവത്തിൻ കരുണയിൽ | 56 |
| ദൈവത്തിൻ നാമത്തിൽ | 150 |
| ദൈവത്തിൻ വചനം | 264 |
| ദൈവത്തിൻ വചനം അനുപമ | 265 |
| ദൈവത്തിൻ വചനത്തിലൂടെ | 266 |
| ദൈവത്തിൻ സാന്നിധ്യം | 221 |
| ദൈവത്തിൻ ഹിതം | 126 |
| ദൈവത്തിനാത്മാവ് ജീവനെ | 104 |
| ദൈവത്തിന്നാത്മാവ് വാദിക്കും | 186 |
| ദൈവത്തിന്നാഹ്ലാദം | 300 |
| ദൈവത്തെ കണ്ടെത്താൻ | 53 |
| ദൈവത്തെ തിരിച്ചറി | 255 |
| ദൈവത്തെ അറിയുവാ | 267 |
| ദൈവം തരുന്നതാം | 222 |
| ദൈവം നമുക്കായ് | 194 |
| ദൈവം നിന്നെ | 279 |
| ദൈവവുമായുള്ള കൂട്ടായ്മ | 87 |
| ദൈവമേ അങ്ങയെ | 30 |
| ദൈവമേ അവിടുത്തെ | 224 |
| ദൈവമേ തിരുസവിധേ | 223 |
| ദൈവമേ നീയെന്നെ | 173 |
| ദൈവമെന്റെ അപ്പനായ് | 85 |
| ദൈവരാജ്യം നമുക്കോ | 130 |
| ദൈവപ്രസാദം | 293 |
| ദൈവമക്കൾ നാം | 251 |
| ദൈവമക്കൾക്കെന്നും | 225 |
| ദൈവരാജ്യത്തിന്റെ | 301 |


### ന


| | |
|---|---|
| നന്മകളനവധി | 158 |
| നന്മകളാൽ നാം | 164 |
| നന്മ ചെയ്‌വാൻ പഠിപ്പിൻ | 57 |
| നന്മ ലഭിക്കുവാൻ കാംക്ഷി | 227 |
| നന്മ ചെയ്യുവാനെന്നും | 236 |
| നല്ല ശമര്യക്കാരന്റെ | 348 |
| നവദർശനമേഴയിൽ | 235 |
| നന്ദിയർപ്പിക്കുന്നു | 152 |
| നമ്മുടെ സ്വന്തപിതാവ് | 196 |
| നാഥാ നിൻ വേല | 139 |
| നാഥൻ നടത്തുന്ന | 151 |
| നാലു വൻകരകളും | 165 |
| നിത്യസ്നേഹത്താലെന്നെ | 274 |
| നിന്ദയേൽക്കാനായ് | 166 |
| നിന്ദാപാത്രമായ് | 58 |
| നിന്നുള്ളിൽ വാസം | 302 |
| നിന്നെപ്പിരിഞ്ഞൊരു | 140 |
| നിധി മറഞ്ഞിരിക്കുന്ന | 131 |
| നിലവറയാം | 327 |
| നിഴലുകൾ തേടി | 237 |
| നിശ്ശബ്ദമായൊരു പുണ്യ | 115 |
| നീ കരഞ്ഞാൽ | 309 |
| നീതിമാനായവൻ | 294 |
| നീതിസൂര്യനുദിച്ചു | 110 |
| നീയെന്നെ സ്നേഹിക്കും | 349 |
| നീയെന്റെ മാനസം | 238 |
| നീരോട്ടമുള്ള | 6 |


### പ


| | |
|---|---|
| പകരണമേ കൃപ | 101 |
| പരമപിതാവ് കനിഞ്ഞു | 333 |
| പരാജിതരാകുമ്പോൾ | 371 |
| പരിശുദ്ധാത്മാവിനാൽ | 228 |
| പരിഹാസിയായെന്നെ | 229 |
| പാടി സ്തുതിക്കുമെൻ | 350 |
| പാട്ടുപാടുവാൻ | 284 |
| പാപാന്ധകാരത്തിൽ വീണു | 5 |
| പാപാന്ധകാരത്തിൽ ആഴ്ന്നു | 280 |
| പാപാന്ധകാരത്തിലാണ്ടു | 317 |
| പിന്നോക്കാവസ്ഥയിൽ | 59 |
| പാരിന്റെ പാപം | 108 |
| പാപികൾക്കെല്ലാം | 230 |
| പെന്തെക്കോസ്തിൻ ശക്തിയെ | 31 |
| പേരുകൾ ചൊല്ലി | 303 |
| പ്രതിസന്ധിയാൽ | 195 |
| പ്രശ്നസങ്കീർണ്ണമാം | 141 |
| പ്രവാചകരാജാചാര്യ | 232 |
| പ്രാണഭയത്തോടെ | 256 |
| പ്രാർത്ഥനയ്ക്കുത്തരം നൽകുന്ന | 233 |
| പ്രാർത്ഥനയ്ക്കുത്തരം നൽകിയ | 295 |
| പ്രാർത്ഥനയ്ക്കുത്തരം നിശ്ചയമേ | 296 |
| പ്രാർത്ഥനയാലുള്ള | 231 |
| പ്രാർത്ഥിസ്സ്റ്റേ | 226 |


### ഫ


| | |
|---|---|
| ഫലമുള്ള മരമായ് മാറിടാമോ | 60 |
| ഫലമേകും മുന്തിരിവള്ളിയായ് | 69 |


### ഭ


| | |
|---|---|
| ഭക്തരോടുള്ളതാം | 282 |
| ഭയപ്പെടാതേശു | 142 |
| ഭയമെന്തിനോമലേ | 82 |
| ഭാരക്കുരിശും വഹിച്ചു | 86 |
| ഭാരങ്ങളെല്ലാം | 234 |
| ഭാരം പ്രയാസങ്ങൾ | 352 |
| ഭൂലോകമാകെ | 107 |


### മ


| | |
|---|---|
| മകനേ എൻ കല്പന | 61 |
| മൺകുടമുടയുന്ന | 97 |
| മൺപാത്രങ്ങളാം | 299 |
| മൺമയമായുള്ള | 328 |
| മണ്ണിൽ പണിയുക നാം | 60 |
| മണ്ണിലേയ്ക്കല്ലയോ | 351 |
| മത്സരഭാവം | 288 |
| മന്വന്തരങ്ങൾ | 42 |
| മർത്യനെത്ര പ്രബലനായാലും | 62 |
| മനുഷ്യാ പരസ്പരം | 268 |
| മരുഭൂവിനിരയായ | 178 |
| മഹോന്നതനാമെന്റെ | 98 |

മറക്കരുതേ ഈ 137
മാനുഷരെല്ലാം വൈരി 38
മാറത്തു പൊൻകച്ച 362
മാറായെ മധുരമായ് 99
മിണ്ടാതിരുന്നു ഞാൻ 71
മിസ്രയീമ്യമാന്ത്രികൻ 77
മുന്തിരിത്തോട്ടത്തിൽ 100
മുന്തിരിവള്ളിയും 316
മുൾമുടി ചൂടി 88
മോശെയോടൊരുനാളിൽ 15

യ

യരുശലേം പുത്രിമാരേ 102
യരുശലേമിൽ നിന്നും 364
യഹോവയിൻമുഖം 318
യഹോവയോടു ഞാൻ 286
യാഹേ, നീ മാത്രം 72
യേശുവേ അവിടുത്തെ 190
യേശുവേ, ഞങ്ങൾക്കങ്ങയെ 240
യേശുവിൻ രക്തത്താൽ 117
യേശുവിൻ സ്പർശം 334
യേശുവിലാശ്രയം 271
യേശുവേ സ്നേഹദായകാ 43
യേശു എന്നെ ദൈവ 153

ര

രക്ഷകനാമെന്റെ 114
രോഗങ്ങളാൽ നീ 258

ല

ലോകത്തിലാശ്രയം 39
ലോകത്തിൻ ഇമ്പങ്ങൾ 335
ലോകത്തിൻ ചതിയാകും 241
ലോകം ത്യജിച്ചോരേ 354
ലംഘനമാകെ ക്ഷമിച്ചു 310

വ

വചനം കേൾക്കുക 269
വചനമാം ക്രിസ്തു 32
വചനം ഹൃദയത്തിൽ 242
വചനത്തിൻ ആഴം 270
വന്നുപോയ പിഴകൾ 244
വല്ലഭാ നൽവരം 245
വലിയവനേ നിന്റെ 329
വഴിയൊരുക്കുക 243
വാഗ്ദത്തം ചെയ്തവൻ 250
വാനോളം വാഴ്ത്തി 246
വിശുദ്ധമാനസം 289
വിശുദ്ധനാം 298
വിശുദ്ധി പ്രാപിക്കാൻ 297
വിശ്വാസമുണ്ടെങ്കിൽ 159
വിശ്വാസത്താൽ 167
വിശ്വാസവീരരേ 70
വിശ്രമമില്ലാതെ 261
വിസ്മരിച്ചീടല്ലേ യഹോവ 253
വിളിച്ചാൽ കേൾക്കാത്ത 176
വീഞ്ഞും മദ്യവും 247
വീണ്ടും ജ്വലിപ്പിക്ക 187
വേദന പേറിയനേക 63
വേദനയേറുന്നേ 174
വേർപാടു വേണം 312
വൈവിധ്യത്തിൻ 336

ശ





ശക്തമായ് കരയാൻ 168
ശത്രുവെ സ്നേഹിക്കാൻ 355
ശമര്യരോടത്ഭുത സുവിശേഷം 337
ശാന്തിയിൻ തുറമുഖം 197
ശാപങ്ങൾ മാറും 64
ശില്പിയായ് ദൈവമേ 248
ശൂന്യമാം ഭവനത്തിൽ 160
ശ്രേഷ്ഠമാം പുരോഹിതനേശു 65

സ

സങ്കേതപട്ടണം 121
സന്തുഷ്ടഹൃദയം 129
സഭയ്ക്കുനാഥനായ് 319
സഭയുടെ പിന്തുണ 259
സർവജനത്തിനുമാശംസകൾ 116
സർവരുമാഹ്ലാദ 175
സാഹചര്യങ്ങൾ 76
സിംഹത്തിൻ വായെ 44
സുഖമൊരു സത്യമായ് 124
സുബോധമുള്ളവരായ് 304
സൂക്ഷിപ്പിൻ അന്യോന്യം 249
സേനകളിൽ ദൈവമേ 367
സൗജന്യമാണ് കൃപ 272
സ്തുതിയേകിയോർ നാം 68
സ്നേഹം കൊതിച്ചൊരു 45
സ്നേഹം ചാലിച്ചു മക്കൾക്കു 356
സ്നേഹത്താലെൻ മനം 122
സ്നേഹത്താലെൻ 369
സ്നേഹനാഥൻ 120
സ്വന്തനിണം നൽകി 103
സ്വർഗ്ഗീയ അപ്പമാണേശു 365
സ്വർഗ്ഗനാട്ടിലെത്തീടുന്നോർ 67
സ്വർഗ്ഗത്തിൽ വാഴുന്ന 33
സ്വർഗ്ഗമാണ് സിംഹാസനം 66

ഹ

ഹേ! മനുഷ്യാ! നീ സ്രഷ്ടാവിനെ 368
ഹൃദയം തകരുന്നെൻ 83
ഹൃദയാന്തരാളത്തിൽ 169
ഹൃദയ നിറയുന്ന 28
ഹൃദ്യമായ് സംസാരിക്കാം 105

റ

റബ്ബീ വന്ദനം! ചൊന്നിട്ടേശുവിനെ 273

ക്ഷ

ക്ഷീണിച്ചവർക്കേശു 46

## 1

അപ്പനെ സ്നേഹിക്കാൻ കഴിയുന്ന
പുത്രനു-
വേണ്ടുന്നതൊക്കേയും നൽകുമ്പോലെ,
ദൈവത്തിൻ കല്പന പാലിച്ചു
സ്നേഹത്തിൻ-
ചങ്ങല സൃഷ്ടിപ്പോർക്കനുഗ്രഹമേ.

1. നൽകുന്നതെല്ലാം അപ്പന്റെ ദാനം,
ആകിലും ചോദിക്കാം വേണ്ടതെല്ലാം;
പുത്രനെ നന്നായറിയുന്ന ദൈവം
നന്മകൾ മാത്രം നൽകിടുന്നു.

2. കഷ്ടങ്ങളെത്രമേൽ വന്നാലും നമ്മെ-
സർവ്വശക്തൻ തന്റെ വേലിക്കുള്ളിൽ,
കോട്ടയായ് പാലിക്കും സംരക്ഷിച്ചീടും,
നിശ്ചയം! ശത്രുക്കൾ ജയിക്കയില്ല.

3. ഹിസ്ക്കിയാവ് പ്രാർത്ഥിച്ച നേരത്തു
ദൈവം
ആയുസ് ദീർഘിപ്പിച്ചോർത്തീടുക;
എസ്ഥേറിൻ യാചന കേട്ടുള്ളലിഞ്ഞവൻ
ജൂതന്മാർക്കേകീ  സംരക്ഷണം.

## 2

എന്നെയൊരനുഗ്രഹമാക്കുമോ നാഥാ?
ഈ ജീവിതം ധന്യമാക്കിടാനായ്;
നിസ്വാർത്ഥ സ്നേഹം ചുരത്തുന്ന ദിവ്യമാം
ആത്മീക ദാനത്തിൻ ഉറവയാക്കൂ.

1. അനുഗ്രഹിക്കുന്നോരു നാവെനിക്കേകൂ,
ക്രിസ്തുവിൻ പത്രമായ് വെളിപ്പെടുത്തൂ;
ഔദാര്യ ദാനങ്ങളേകുവാൻ മനസ്സുള്ള-
നിർമ്മല മാനസമേകുമോ നീ.

2. അന്യർക്കൊരാലംബമേകുവാനുതകുന്ന-
വ്യഗ്രതയുള്ളിൽ നിറച്ചീടുമോ?
അപരന്റെ ദുഃഖത്തിൽ പങ്കുചേർന്നീടുന്ന-
നൽമനമെന്നിൽ നിറച്ചീടുമോ?

## 3

എന്റെ വാക്കുകൾ കേട്ടനുസരിക്കുവിൻ!
എന്റെ നിയമം നിങ്ങൾ പ്രമാണിക്കുവിൻ!
സകലജാതികൾക്കുംമേലനുഗ്രഹമാക്കും,
ദൈവമക്കൾ തന്റെ സമ്പത്തല്ലയോ?

1. നിങ്ങളെനിക്കേറ്റം ഉന്നതരല്ലയോ?
പുരോഹിത രാജത്വം നിങ്ങൾക്കല്ലയോ?
കഴുകൻചിറകതിൽ വഹിച്ചതല്ലയോ?
വിശുദ്ധരാം ജനമേ നിങ്ങളെ മാത്രം!

2. യിസ്രായേൽ മക്കളോടരുളിയതെല്ലാം,
കേട്ടനുസരിച്ചതു പ്രമാണിച്ചതാൽ,
ദൈവത്തിന്നാലയമായ് മാറിയതുപോലെ,
നമ്മേയും ആലയമായ് മാറ്റുകയില്ലേ?

## 4

അനുതാപമുതിരും ഹൃദയമിതാ
തിരുസന്നിധാനത്തിൽ അർപ്പിക്കുന്നേ;
യാഗമായെന്നെ കൈക്കൊണ്ടിടേണമേ,
ഹൃദ്യമായർപ്പിക്കും യാഗമല്ലോ.

1. അപരാധങ്ങൾക്കെല്ലാം ക്ഷമയേകിയെന്നെ,
ജീവന്റെ മാർഗ്ഗത്തിൽ നയിച്ചവനേ,
ആകുലചിന്തകൾ ആധി വിതച്ചെന്നെ,
ബലഹീനനാക്കുന്നേ നീതിമാനേ.

2. ഹൃദയത്തിന്നാഴത്തിൽ
നുരഞ്ഞുപൊങ്ങീടും
ആധികൾ പേറുന്ന തോണിയാണിന്നും;
യാഗത്തിലല്ലല്ലോ കരുണയിലത്രേ
പ്രസാദിച്ചിടുന്നു തവമാനസം.

3. കരുണയ്ക്കായ് കേഴുന്നു
മാൻപേടപോലിതാ
കണ്ണുനീർ വാർപ്പൂ തവ പാദാന്തികേ;
അഭയം പ്രാപിക്കുമീ ദാസരെ നിത്യം
തൃക്കരസ്പർശത്താൽ അനുഗ്രഹിക്കൂ.

# 5

പാപാന്ധകാരത്തിൽ വീണുപോയോരേ
അനുതാപമുതിരും ഹൃദയം തുറക്കാം,
വീഴ്ച കണ്ടീശൻ കടന്നു പോവില്ല;
തങ്കക്കരം നീട്ടി വീണ്ടെടുക്കും.

1. ന്യായാധിപൻ ശിംശോൻ
വീണുപോയപ്പോൾ
ശക്തികെട്ടോനായ് മാറിയില്ലേ?
നിത്യനാശത്തിനു കാരണമായതാം
വീഴ്ചയിൽ പെട്ടു നാം നശിച്ചിടല്ലേ.

2. ഏകന്റെ നാശം സമൂഹത്തെയാകെ-
നാശത്തിലാഴ്ത്തുമെന്നോർത്തിടേണം;
നീതിമാന്മാർ പോലും പതിച്ചിടുന്നു,
ആശാപാശങ്ങളാൽ നിത്യനാശത്തിൽ.

3. നന്മ ചെയ്തീടുവാനിച്ഛരിക്കും
മാനസം
നെട്ടോട്ടമോടുന്നു തിന്മ ചെയ്വാൻ;
വാതില്ക്കൽ തന്നെ കിടപ്പുള്ള
പാപത്തെ
കീഴടക്കീടേണം അന്ത്യം വരെ.

# 6

നീരോട്ടമുള്ള പ്രദേശം വെടിഞ്ഞബ്രാം
അനുസരണത്താൽ നീതിപ്രാപിച്ചു;
ദൈവജനത്തിനായോഹരി നൽകേണ്ട-
ഭൂമിയബ്രാം സ്വയം തെരഞ്ഞെടുത്തു.

1.പ്രയോജനമുള്ളോരെ
മനസ്സിലാക്കീടുവാൻ
പ്രാപ്തനാം അനന്യാസെപ്പോലെ നാമും,
അനുസരിക്കാനായ് ബദ്ധപ്പെട്ടീടുകിൽ
ശൗലിനെപ്പോൽ നാമും ശക്തരാകും.

2. അനുസരിക്കുന്നതു യാഗത്തെക്കാളും
ശ്രദ്ധിച്ചീടുന്നതു മേദസെക്കാളും
നല്ലതെന്നോർപ്പിച്ച ശമുവേലിൻ
വാക്കുകൾ
മറന്നിടാതെന്നെന്നും സൂക്ഷിച്ചിടാം.

3. ശൗലേ സഹോദരാ,
കാഴ്ചപ്രാപിക്കയെ-
ന്നുള്ളം തുറന്നു പ്രസ്താവിച്ച പോൽ,
ക്രിസ്തീയ സഭയുടെ
സൗഖ്യദായക ദൗത്യം
അനുസരിച്ചെന്നും നാം നിർവഹിക്കാം.

# 7

ഓർക്കണമേ ദൈവസ്നേഹത്തെയെന്നും
രക്ഷകൻ തന്നുടെ മഹൽത്യാഗത്തെ;
എത്രയോ മർത്യരീഭൂമിയിൽ നിന്നും
എടുക്കപ്പെട്ടെന്നാൽ നാം ജീവിക്കുന്നു.

1. ഉപദ്രവിച്ചീടുവതെന്തെന്റെ മകനേ നീ?
എന്നുമൽപ്രീയൻ ചോദിക്കുമ്പോൾ,
ഉത്തരമില്ലാതെ ഹൃദയം തകർന്നു, നീ പോയ്
നിലവിളിക്കും മുമ്പരികിലെത്തൂ.



2. പ്രവാചകനുണ്ടൊരാൾ നാട്ടിലെന്ന്,
ഉണർത്തിച്ച വാർത്തയെ ഉൾക്കൊള്ളവേ;
നയമാനെ അയച്ചതുപോലെ
നിന്നരികിൽ-
അയയ്ക്കപ്പെടുന്നോർക്കു സൗഖ്യമേകൂ.

3. നിന്നോടു ദൈവം
പറയുന്നതൊക്കേയും
അനുസരിക്കൂ, സൗഖ്യം കൈക്കൊണ്ടിടൂ;
ഏഴുപ്രാവശ്യം മുങ്ങിക്കുളിച്ചിടാൻ
കൽപ്പിക്കിൽ
നിസ്സാരമായ് അതു ഗണിച്ചിടാതെ.

# 8

ജീവിതപടകിൽ നാം യാത്ര ചെയ്യുമ്പോൾ
താണുപോയീടാതിരിക്കേണമെങ്കിൽ,
ഉള്ളിന്റെ ഉള്ളിൽ നിന്നുയരട്ടേ നിലവിളി;
തിരിച്ചറിവില്ലെങ്കിൽ ഉച്ചത്തിൽ കേൾക്കും.

1. ഭയമെന്ന ഭീകരസത്വമായ് മുന്നിൽ
കടന്നുവന്നീടും അവിശ്വാസം;
ധൈര്യമേകീടുന്ന കർത്താവിൻ
വാക്കുകൾ
കേൾക്കുന്ന മാത്രയിൽ കീഴ്പ്പെടുന്നു.

2. ദൈവത്തെ നന്നായ് തിരിച്ചറിഞ്ഞീടുകിൽ
സ്നേഹത്തിന്നാഴം ഗ്രഹിച്ചിടാമേ;
അല്പവിശ്വാസികളാകുമീ മക്കൾക്കു
കൃപയാൽ വിശ്വാസം വർദ്ധിപ്പിക്കൂ.

# 9

ആശ്രയം വയ്ക്കും ഞാനേശുവിൽ മാത്രം
ഇന്നെയോളം എന്നെ ചുമന്ന നാഥാ,
ശവക്കുഴിക്കുള്ളിൽ വിശ്രമിക്കാനെന്റെ
മർത്യശരീരം എത്തുവോളം.

പിന്മാറ്റമില്ലിനി ജീവദാതാ
മുന്നോട്ടുമാത്രം ലക്ഷ്യമെന്നും,
കൂട്ടാളിയായെനിക്കാരുമില്ലെന്നാലും
ജയാളിയാമേശു കൂടെയില്ലേ?

സ്വർലോകവാസമാണേകലക്ഷ്യം
ഭൂവിലെ വാസം ദുഷ്കരമേ
ആകുലമാകവേ മാറിടാനേശുവിൻ
പാദാരവിന്ദേ അഭയം തേടാം.

# 10

എന്നെ പേർ ചൊല്ലിവിളിച്ചവനേ,
അകൃത്യങ്ങൾ വഹിച്ചവനേ,
കരുണയാൽ അനുദിനം നടത്തുന്നോനേ,
അഭയത്തിനായിതാ ഞാൻ വരുന്നേ.

1. ശോധനയെന്മേൽ നടത്തീടുവാൻ
സാത്താന്യശക്തിയെ അനുവദിച്ചാൽ,
നിരന്തര പീഡയാൽ തകർക്കുകില്ലേ?
അനുമതിയേകുമോ വല്ലഭാ നീ.

2. അനുഗ്രഹമെന്നിൽ നിറഞ്ഞിടുമ്പോൾ
അപകീർത്തിക്കായ് ശത്രു ഒരുങ്ങിടുന്നേ;
തുണയില്ല ആരുമേ പ്രാണനായകാ,
ആശ്വാസമേകുവാൻ വന്നീടണേ.

3. അന്യോന്യ സ്നേഹം പകർന്നീടുവാൻ
ആരേയും കാണ്മാൻ കഴിയുന്നില്ല;
ആത്മനാഥാ തിരുവചനമെന്നിൽ
ആനന്ദമേകുവാൻ ക്രിയചെയ്യണേ.

## 11

ഒരു തണലായ് ഊഷരഭൂമിയിൽ നമ്മെ
കരുണയാൽ ചിറകടിയിൽ
സൂക്ഷിക്കുന്നോൻ,
മരണത്തിൻ കൈയ്പേറും
ജീവിതനൗകയിൽ
മറുകരെ എത്തിക്കാൻ കൂടെയുണ്ട്.

1. ധനമെന്ന നിഴലിൽ ആശ്രയം
വയ്ക്കുന്നോർ
നിമിഷങ്ങൾക്കുള്ളിൽ തകർന്നിടുന്നു;
ക്ഷണികമായുള്ളതാം സങ്കേതം
വിട്ടെറിഞ്ഞേശുവിൽ അഭയം തേടാം.

2. അത്യുന്നതൻ തന്റെ മറവിൽ
വസിക്കയും
സർവ്വശക്തൻ തന്റെ നിഴലിൻ കീഴിൽ,
വിശ്വാസപൂർവ്വം ജീവിക്കയും ചെയ്കിൽ
നശിക്കുകില്ലൊരു നാളും നിശ്ചയമേ.

## 12

തിരുമാർവ്വിൽ അഭയം പ്രാപിക്കുംനേരം
കരുണാർദ്രസ്നേഹം പകരുന്നോനേ
ലോകത്തെക്കാളങ്ങേ സ്നേഹിക്കും
ഞങ്ങൾ
കൈവെടിഞ്ഞീടല്ലേ കരുണാനിധേ.

1. തീവ്രമാം വേദനയ്ക്കാത്യന്തികമായി
സൗഖ്യമേകീടുന്നു മരണത്തിലൂടെ;
ആകിലും ദൈവം മക്കൾക്കേകും നിത്യ-
ജീവനും സൗഖ്യവും പദവികളും.

2. ആയുധം കൊണ്ടുള്ള തോൽവി
നമുക്കില്ല
സാത്താന്യതന്ത്രങ്ങൾ ഓർത്തിടേണം;
വചനമാം വാളോങ്ങി വെട്ടുവാൻ നിത്യവും-
സജ്ജരായീടാം വിജയം വരിക്കാം.

## 13

തിരുമുമ്പിലഭയമായ് വന്നിടുന്നേ,
തിരുസേവ സഫലമായ് ചെയ്തിടാനായ്,
തിരുസുതനെന്നെന്നും തവസേവകൻ;
തിരുരാജ്യവർദ്ധനയ്ക്കണിചേർന്നിടാം.

1. മനുഷ്യപുത്രൻ തേജസ്സോടെഴുന്നള്ളി,
വിശുദ്ധരാം ദൂതഗണങ്ങളുമായ്;
തേജസ്സേറും സിംഹാസനസ്ഥനായീടുമ്പോൾ
ജാതികളൊക്കേയും നിൻ മുമ്പിൽ കൂടും.

2. ഇടയനാമേശു തൻ ദൗത്യം നിറവേറ്റും,
വേർതിരിക്കും, സർവ്വജാതികളേയും;
വലതുഭാഗത്തായണിനിരക്കുന്നോരെ
പേർ വിളിക്കും നിങ്ങളനുഗൃഹീതർ!

3. ലോകസ്ഥാപനത്തിനു മുമ്പേ
നിങ്ങൾക്കായി-
ഒരുക്കപ്പെട്ടിരിപ്പൂ രാജ്യമിതാ!
നിങ്ങൾക്കു സ്വന്തമാണവകാശമാക്കുവിൻ,
രാജാവിന്നനുജ്ഞയും കേട്ടിടും നാം.

## 14

തീക്ഷ്ണതയുള്ളോനും ക്രോധ
പൂർണ്ണനുമായ
ദൈവത്തിൻ മുമ്പാകെ ആർക്കു
നിൽക്കാം ?
ആകിലും ദൈവത്തെ അറിയുവോർക്കേറ്റം
നല്ലവനെ നിത്യം രുചിച്ചറിയേണം.

1. അനുഭവിച്ചറിയേണം
ദൈവത്തിൻസ്നേഹം
കഷ്ടങ്ങളിൽ നാഥൻ അഭയമല്ലോ ?
ദൈവത്തെ ഹൃദയത്തിൽ
ശരണമായ് വയ്ക്കുകിൽ
മാനിതരാക്കും, വെടിയില്ലവൻ.

2. ദൈവത്തെ അറിയുന്ന
പൈതലേ നിന്റെ
ഉള്ളത്തെ നന്നായി കാണുന്നു പ്രീയൻ;
രക്ഷകൻ പക്ഷത്തിൽ
സ്ഥിരതയോടനുദിനം
കാത്തിരിക്കാം നന്മ പ്രാപിച്ചിടാം.

## 15

മോശെയോടൊരുനാളിൽ ദൈവം
വാഗ്ദാനം ചെയ്തതു പോലെ,
യോശുവയോടും അരുളിച്ചെയ്തു;
നിന്നോടെന്നും ഞാനുണ്ടാകും.

1. ആത്മസ്വരൂപനാം ദൈവം നമുക്കായ്
പ്രവചനനിവൃത്തിക്കായ് പുത്രനെ തന്നു,
യേശുവിൻ കല്ലറ ഇന്നും ഒഴിഞ്ഞതായ്,
ഉയിർപ്പിന്റെ സദ്വാർത്താ സാക്ഷ്യമിതാ.

2. അയോഗ്യമായ് തിരുമാംസം ഭുജിച്ചാൽ;
കർത്താവിൻ പുണ്യാഹ രക്തം പാനം
ചെയ്താലും;
ശരീരരക്തങ്ങൾ സംബന്ധിച്ചവരോ,
കുറ്റക്കാരായ് തീരും, മറന്നിടല്ലേ.

3. അനുസരിക്കുന്നോർക്കവൻകൂട്ടാളി
ദൈവത്തിൻ ആത്മാവിൻ സാന്നിധ്യം
പ്രാപിച്ചീടാം,
അനുഗ്രഹദാതാവിൽ അഭയം തേടാം
വാഗ്ദത്ത പാലകനെ പിൻഗമിക്കാം.

## 16

അത്യന്ത ശക്തിയാൽ നിറയ്ക്കണേ
നാഥാ
ആത്മവരങ്ങളെ ജ്വലിപ്പിക്കണേ;
ആർക്കും വഹിച്ചുകൂടാതുള്ളൊരാത്മ-
പകർച്ചയേകൂ ജനം വിടുതൽ നേടാൻ.

1. ഒരു മനസ്സോടെയീ ജനമിന്നു നിന്റെ-
സന്നിധാനത്തിൽ കാണിക്കയായ്,
അർപ്പിച്ചു ദേഹവും ദേഹിയുമാത്മാവും
ഒന്നായ് സുഷുപ്തിയെ പ്രാപിക്കട്ടെ.

2. നന്നിലമായ് ഞങ്ങളൊരുങ്ങി നിന്നെ,
സ്വീകരിച്ചീടുന്നേ, വചനവുമേ;
അറുപതും നൂറുമായ് വിളയുകിൽ
ഞങ്ങൾ
തിരുസേവയ്ക്കർഹരായ് മാറുകില്ലേ?

3. നിത്യവും നശിച്ചിടുന്നായിരങ്ങൾ!
ദൈവത്തെ അറിയാതെ ദൈന്യരായി;
നിത്യതയ്ക്കോഹരി നൽകീടും ദൈവം;
വീണ്ടെടുപ്പിൻ രക്ഷ സൗജന്യമേ.

## 17

അഭിഷേകജ്വാലയെൻ അകമേ വന്നെങ്കിൽ
അഭിഷേകത്താൽ ഞാൻ നിറഞ്ഞിരുന്നേനെ;
യേശുവേ ഞാൻ തവ ദാസനായെന്നും,
ആത്മാവിൻ ശക്തിയാൽ പരിലസിച്ചേനേ.

1. തുൻപം നിറഞ്ഞതാം ഭൂവിലെൻ ദൗത്യം,
സ്തുത്യർഹമായ് തന്നെ നിർവ്വഹിക്കാൻ,
അഭിഷേകജ്വാലയെൻ ഉള്ളിൽ നിറയ്ക്കണേ,
ശുശ്രൂഷയർപ്പിക്കാം, കൃപയാലെന്നും.

2. കാൽകരം നാവും തളർന്നു
കുഴഞ്ഞെന്റെ-
അന്തരാത്മാവേറെ വേദനിക്കുമ്പോൾ,
ശക്തനാക്കുന്നവൻ കൂടെയുണ്ടെന്നാൽ
പേടിക്കയില്ലെന്തു വന്നാലുമേ.

## 18

അഭിഷേകം വന്നിങ്ങകമേ നിറഞ്ഞെങ്കിൽ!
അകതാരിലാമോദം തിങ്ങി നിറഞ്ഞേനെ;
ആകുലമെല്ലാം പോയ് മറഞ്ഞെന്നും
ആനന്ദലഹരിയിൽ ഞാൻ നടന്നേനെ.

1. ആനന്ദാശ്രുക്കളാലരുമനാഥന്റെ
ആശകളെന്നിൽ സഫലമായേനെ,
ആർക്കും പ്രവചിക്കാൻ
കഴിഞ്ഞിടാതുള്ള
ആത്മവരപ്രാപ്തനായ് മേവിയേനെ.

2. അനുതാപമുതിരുന്ന
ഹൃദയത്തോടെന്നും
ആനന്ദനൃത്തം ചവിട്ടിയേനെ;
ആകുലമില്ലാത്ത ദൈവരാജ്യത്തിൽ
അന്ത്യമില്ലാതെന്നും ജീവിച്ചേനേ ഞാൻ.

## 19

അഭിഷേകം തന്നെങ്കിൽ പ്രീയാ
മൽപ്രാണനിൽ
നവ്യമാമഭിഷേകം ജ്വലിച്ചിരുന്നെങ്കിൽ!
അവികല കുസുമത്തിൽ
നിന്നുതിർന്നീടും
നവനീതമാദക ഗന്ധം പൊഴിഞ്ഞേനേ!

1. അഭിഷേകം പകുത്തെന്നെ
യേല്പിക്കുകിൽ-
അഭിരമിച്ചാത്മാവു ചിറകടിച്ചുയരും,
തരളിതമായെന്നിലുയരുന്ന ഗീതികൾ
തവ നാമകീർത്തിക്കായ് പാടുമെന്നും.

2. അഭിഷേകച്ചെപ്പ് തുറക്കുന്ന
വേളയ്ക്കായ്,
കാത്തിരിപ്പൂ നാഥാ നിരന്തരമായ്;
പരിശുദ്ധാത്മാവെന്റെ ഉള്ളത്തിൽ
വൻ തിരതൻ
അലമാലയുയർത്താൻ നേരമായി.

## 20

അഭിഷേകജ്വാലയായ് എന്നിൽ പതിച്ചോരു
അഭൗമപ്രഭയാകും ശുദ്ധാത്മാവേ,
പരിസരബോധം മറന്നു ഞാൻ ദിവ്യമാം
സ്വർഗ്ഗീയ സന്തോഷം അനുഭവിച്ചു.

1. നിർവൃതിദായക നിമിഷത്തിൽ
നിന്നിൽ
ലയിച്ചു ഞാനാത്മാവിലാറാടവേ,
അധികാരമേകിയെൻ കരങ്ങളിൽ
ശക്തമാം
ശുശ്രൂഷയേല്പിച്ചു നിത്യതയ്ക്കായ്;
ആ നല്ല നാളിന്റെ ഓർമ്മയെ പുൽകി
ഞാൻ
ഇന്നോളമേശുവിൻ ജീവിക്കുന്നു.

2. നിത്യമാം നരകത്തിൽ പതിച്ചിടാതെന്നെ
യാതനാ സ്ഥലത്തിന്നരികിൽവിട്ടു;
നിലവിളിച്ചിടുന്ന ആത്മാവിൽ രോദനം
കാതോർത്തു കേട്ടു നടുങ്ങീടവേ
ശക്തനാമേശുവിൻ തങ്കക്കരത്തിൽ
ബലവത്തായ് പിടിച്ചെന്നെ കരകയറ്റി.



## 21

ആത്മാവേ ഉള്ളിലേയ്ക്കൊഴു
കിയിറങ്ങണേ,
ആത്മദാഹം തീർക്കാൻ മാരിയായ്
പെയ്യണേ,
ആത്മനിറവെന്നിൽ
നിലയ്ക്കാതിരിക്കാൻ
ആത്മനാഥാ കൃപ വർഷിക്കണേ.

1. ജീവന്റെ നാഥാ ഞാൻ പാടും
നിനക്കായ്,
ജീവനുള്ളെന്നും ഞാൻ പിൻഗമിക്കും;
ജീവിക്കുമെന്നുമെൻ യേശുവിൻ
പേർക്കായ്
ജീവിക്കുവോളം നിൻ സേവ ചെയ്യും.

2. തകരുന്ന വഞ്ചിയായ് മാറുമെന്നെ,
തവസ്നേഹത്താൽ കയ്യിൽ
വഹിച്ചീടണേ;
താലോലിച്ചാശീർവ്വദിച്ചാത്മ ശക്തി
പകരൂ ദർശനം സാധ്യമാക്കൂ.

## 22

ആശ്വാസതീരത്തേയ്ക്കോടീടുവാൻ,
ആനന്ദദായകാ കൃപയേകണേ,
ആത്മാവിലഭിഷേകം ജ്വലിച്ചീടുവാൻ
ആത്മവരങ്ങളാൽ നിറയ്ക്കേണമേ.

1. അനുദിനമങ്ങയെ സ്തുതിച്ചീടുവാൻ
ആത്മഫലം താ അഖിലേശനേ;
അനുഗ്രഹമേകിയീ ദാസരെയെന്നും
ആത്മാക്കൾ നേടുവാൻ അനുജ്ഞയേകൂ.

2. തിരുമുഖദർശനമേകേണമേ,
തിരുമുൽക്കാഴ്ചകൾ സ്വീകരിക്കൂ;
തിരുസ്വരം ശ്രവിച്ചീ യാത്രികർ മോദാൽ
തിന്മകളകറ്റി വസിച്ചിടട്ടേ.

3. രുധിരമൊഴുക്കിയ ത്യാഗമേ നീ
രൂപാന്തരം നൽകൂ ഏഴകളിൽ
രുചിഭേദങ്ങൾ വരുത്തീടുവാൻ താവക-
രുധിരം ഞങ്ങളിൽ ക്രിയ ചെയ്യട്ടെ.

## 23

ഓരോ നാളും നിറയേണം
അഭിഷേകജ്വാല;
അന്നന്നത്തേയ്ക്കുള്ള ജയത്തിനു
വേണ്ടും, കൃപ നാം നേടേണം.
പ്രാപിക്കേണം, രാക്കാലം ദൈവത്തിൽ
നിന്നും;
അഭിഷേകം പകരാൻ
കൃപ പ്രാപിച്ചേ തീരൂ

1. ദൈവം തരുന്ന വരദാനങ്ങൾ,
കൈക്കൊണ്ടീടുവാൻ,
അരികെ ചെല്ലേണം, നവ്യജീവൻ
പ്രാപിക്കാം;
ത്രിത്വത്തിൽ മൂന്നാമനാകും
ശുദ്ധാത്മാവിനാൽ,
നിത്യജീവൻ നേടി, മഹത്വകിരീടം
ചൂടാം.

2. പാപം ചെയ്യാനേല്പിക്കരുതേ
ജീവിതങ്ങളെ നാം,
നരകാഗ്നി വെല്ലാൻ കോട്ടയ്ക്കുള്ളിൽ
കയറാം;
അനുതാപക്കണ്ണീർ ദിനവും പകർന്നിടാം,
കർത്തൻ തന്നുടെ ക്രൂശിൽ നിത്യം
അഭയം തേടാം.

## 24

കരുണയിൻ കടലിൽ ഞാൻ യാത്ര
ചെയ്തപ്പോൾ
മാറോടണച്ചമ്മ ആശ്വസിപ്പിക്കും പോൽ
കാരുണ്യവാനായ് യേശു എൻ ചാരേ,
സ്നേഹം പകർന്നതു വിസ്മരിക്കാമോ?

1. തിരമാലകൾ താണ്ടി
മുന്നേറിയപ്പോൾ
സുവിശേഷമവിടെയും വിളമ്പീടുവാൻ,
അധരം തുറന്നെന്നെ ധൈര്യപ്പെടുത്തി;
ആത്മാവിനഭിഷേകം പകർന്നു നാഥൻ.

2. അരുതാത്തതൊന്നുമേ
ചെയ്യാതിരിക്കാൻ
അഭിഷേകത്തിരിതെളിച്ചതുതവാൻ;
വെട്ടം പകർന്നു ഞാനത്യഗാധങ്ങളിൽ
സുവിശേഷത്തിൻ മഹാശക്തിയാലേ.

## 25

കഴുകൻ തൻ കൂടനക്കി,
കുഞ്ഞുങ്ങൾമേൽ പറന്നിടുംപോലെ,
നിലംപരിചാകാതെ നമ്മേയുമേ,
കൺമണി പോൽ ദൈവം പാലിച്ചീടും.

1. കൊട്ടാരത്തിൽ നിന്നും മരുഭൂവിലൂടെ,
വലിയോരു ജനതയെ നയിച്ചീടുവാൻ,
മോശെയെ ദൈവം ഒരുക്കിയില്ലേ?
കഷ്ടത സഹനത്താൽ ശീലമാക്കാം.

2. കഴുകന്മാർ ശക്തി പുതുക്കിടുമ്പോലെ,
അഭിഷേകത്തൂവലുകൾ മുളച്ചുവെന്നാൽ,
ദാനമായേകും ദിവ്യാത്മശക്തിയാൽ
ഉയരങ്ങളിൽ നാം പറന്നുചെല്ലും.

## 26

തേങ്ങുന്ന ഹൃത്തിൽ ആശ്വാസമേകാൻ
ആരോരുമില്ലാത്ത ദൗർഭാഗ്യവേളയിൽ,
ആത്മഭാരത്താൽ കരയുന്ന ജീവിതമേ,
ക്രൈസ്തവജീവിതം കഷ്ടതാനിർഭരം.

1. ഉറ്റവർ ബന്ധുക്കളെല്ലാമുപേക്ഷിച്ചു-
സത്യത്തിനെതിരായ് പോരാടുമ്പോൾ,
സ്നേഹിതർ പോലും കൈമലർത്തീടുന്നോ?
സാന്ത്വനമേകേണ്ട നിമിഷങ്ങളിൽ?

2. ദൈവത്തിൻ ഇൻപസ്വരം ശ്രവിച്ചെന്നും
വചനവുമായ് നീ നടന്നീടുകിൽ,
അഭിഷേകത്താൽ നീ ശക്തനായീടും,
വചനം നിന്നിൽ വിളഞ്ഞുനില്ക്കും.

## 27

തിരുസ്വരം കേൾക്കുവാൻ,
തിരുനാമം കീർത്തിക്കാൻ.
തൃപ്പാദേ അണയുമീ മക്കൾ
ഹൃദയങ്ങൾ അർപ്പിക്കുന്നു;
കാഴ്ചായ് സ്വീകരിക്കൂ.

1. പ്രാർത്ഥന കേൾക്കുന്ന നീതിമാനേ,
പാപങ്ങളൊക്കേയും ക്ഷമിക്കേണമേ,
പാപത്തിൻ പാശങ്ങൾ തകർത്തീടണേ,
പാപികൾക്കാശ്രയം നീ മാത്രമേ.

2. നീതിമാനായുള്ള ദൈവപുത്രാ,
നീ മാത്രം സത്യമേ, സ്നേഹനാഥാ,
നിത്യസഹായകൻ യേശുവെ മാത്രം
നിത്യതയോളം നാം പിൻഗമിക്കാം.



## 28

ഹൃദയം നിറയുന്ന വേദനയോടെ
തിരുസന്നിധിയിൽ യാഗമായി,
സ്വമേധയായിതാ അർപ്പിക്കുന്നേ,
സ്വീകരിക്കേണമേ യേശുദേവാ.

1. അപരാധം ഞങ്ങൾ ചെയ്തുപോയല്ലോ,
ഏറെയാണെങ്കിലും പൊറുക്കേണമേ;
നിത്യരാജ്യത്തിൽചെന്നു ചേർന്നീടുവാൻ
പാപക്ഷമയേകി സുതരാക്കിടൂ.

2. വീണ്ടുമീദാസരെ ജീവിപ്പിക്കേണമേ
തിരുജനം അങ്ങയിൽ ആനന്ദിപ്പാൻ
ആർത്തിരമ്പീടുന്ന ശത്രുക്കൾ മദ്ധ്യേ
സാക്ഷ്യമോടെന്നും ജീവിക്കട്ടേ.

## 29

അനശ്വരനാം ദൈവമേ
ആരാധിക്കുന്നൂ ഞങ്ങൾ;
ആത്മാവിലും, സത്യത്തിലും
ആമോദാലാരാധിപ്പൂ.

1. സർവ്വ ചരാചരവും, നാഥനെ
വാഴ്ത്തുന്നു,
അടിയാരുമൊന്നായ് സ്തുതിയേകിടാൻ,
തൃപ്പാദേ സമർപ്പണചിത്തമോടെ,
നമിച്ചിടുന്നേ തിരു സന്നിധിയിൽ!

2. ആരിലുമധികമായ് സ്നേഹിക്കും നാമം
ഭൂവിലും സ്വർല്ലോകം മുഴുവനിലും:
വാഴ്ത്തിപ്പാടാൻ വരമരുളീടേണം,
നാവിനുസൗഖ്യവും ശക്തിയുമേകൂ.

## 30

ദൈവമേ അങ്ങയെ ആരാധിക്കാനിതാ
തിരുസുതർ വാഞ്ഛയോടെത്തിടുന്നേ,
ദൂതർ സമം തവ സന്നിധേ നിന്നിടാൻ
ഒരുക്കേണമേ ഈ ദാസരേയും.

1. തെറ്റുകളനവധി ചെയ്തുപോയെന്നാലും
വല്ലഭാ തിരുസ്വരം കാതോർക്കുകിൽ,
വചനമയച്ചീ തവദാസരേയും
വീണ്ടുകൊള്ളേണമേ കൃപയാലെ നീ.

2. കർത്താവേ അങ്ങയെ മാത്രമാരാധിക്കും,
എവിടെ ഞാൻ പാർത്താലും സർവ്വേശ്വരാ;
ആത്മാവിലും സത്യദൈവത്തിലും നാഥാ
ആരാധിക്കാനെന്നും വഴി തുറക്കൂ.

3. പാപം പൊറുക്കാൻ പാപാന്ധകാരത്തിൽ
ഒരു തിരിനാളമായ് ശോഭിക്കുവാൻ,
നിരന്തരം പ്രാർത്ഥിപ്പൂ സദയം
ചെവിക്കൊള്ളൂ
തിരുഹിതം ചെയ്യാൻ ഒരുക്കീടുമോ?

## 31

പെന്തെക്കോസ്തിൻ ശക്തിയെ
പകർന്ന ദൈവമേ,
ആത്മശക്തിയോടിതാ ആരാധനാ!
ആത്മാവിൽ സത്യമായ് ആരാധനാ!
വല്ലഭത്വമുള്ള ദേവനാരാധനാ!

1. സ്തുതികളിൽ വസിക്കുമെന്റെ
സ്വർഗ്ഗനാഥനേ,
സ്തുതി മുഴക്കുമധരമോടാരാധനാ!
ആർത്തിരമ്പിടുന്ന ആഴിയെന്ന പോലിതാ,
സ്വർഗ്ഗീയ രാജാവിന്നാരാധനാ!

2. സർവ്വശക്തനാകുമെന്റെ പ്രാണപ്രീയനേ,
കൃപകളും, കൃപാവരങ്ങളും പൊഴിയൂ;
നന്ദികെട്ട ജീവിതം വെടിഞ്ഞിടുന്നിതാ,
നന്മകൾ പകർന്നോനാരാധനാ.

## 32

വചനമാം ക്രിസ്തു ജഡമായ് അവതരിച്ചു,
ആരാധിക്കാം അവനെ ആരാധിക്കാം;
ആരാധനയ്ക്കു യോഗ്യൻ യേശുമാത്രമേ,
സ്തുതിസ്തോത്ര യാഗത്തോടാരാധിക്കാം.

1. ദൈവത്തിൻ വചനം മുദ്രയിടാതെ,
അന്യരോടെല്ലാം പ്രസ്താവിക്കാം,
കർത്താവിൻ രണ്ടാം വരവോളമെല്ലാരും
ദൈവത്തിനായ് വേഗമദ്ധ്വാനിക്കാം.

2. പ്രതിഫലമുണ്ടല്ലോ കർത്താവിൻ
പക്കൽ
വചനം പ്രമാണിക്കാൻ ഉത്സാഹിക്കാം,
വീണ്ടും വരുന്നോനാം കർത്താധി
കർത്താവിൻ-
ജീവിതശൈലിയെ പിൻപറ്റിടാം.

## 33

സ്വർഗ്ഗത്തിൽ വാഴുന്ന നീതിമാനേ,
ആരാധിക്കുന്നു ഞങ്ങൾ;
ആത്മാവിലും, സത്യത്തിലും,
ആരാധിക്കുന്നു ഞങ്ങൾ.

1. തവകീർത്തിക്കായ് ഞങ്ങൾ യത്നിക്കുന്നു,
കാരുണ്യവാനേ ത്യജിച്ചിടല്ലേ,
തിരുനാമം പുകഴ്ത്തുന്നതാശയോടല്ലോ?
തിരുസേവകർക്കേകൂ ആത്മശക്തി.

2. തിരുസ്വരം ശ്രവിക്കുവാൻ
കാതോർത്തിടുന്നേ,
ശക്തിപ്രവാഹമായ് അകമേ വരൂ;
മിഴിനീർ തുടച്ചുള്ളിൽ ആശ്വാസമേകൂ,
തവശക്തിയാർജ്ജിച്ചു വേല ചെയ്യാം.

## 34

ദേവാലയങ്ങൾ പണിയുന്ന മർത്യരേ,
നിങ്ങൾ തൻ അന്തരംഗം കാണുമീശോ;
വ്യക്തമായോർപ്പിക്കുന്നീ ദിനത്തിൽ താതൻ;
ഓരോരോ ആലയമാകേണം നിങ്ങൾ.

1. നിങ്ങളോടൊപ്പം കൂടെയുള്ളേശു,
നിരന്തരമുള്ളത്തിൽ വാസം ചെയ്യാൻ,
കാത്തിരിപ്പൂ, നിങ്ങൾ ആലയമാവുകിൽ-
എന്നെന്നും നാഥൻ പാർത്തീടുമേ.

2. നിന്നുള്ളിലേശു വസിക്കുന്നുവോ?
ശോധനചെയ്യേണമീ ദിനം തന്നെ;
ഹൃദയംതുറന്നിട്ടു വരവേല്ക്കുകിൽ
താതൻ നടത്തും അന്ത്യത്തോളം.

## 35

ദൈവത്തിൽ ആശ്രയിക്കാം,
പൂർണ്ണമാം ഹൃദയത്തോടെ,
നന്മയുണ്ടാകാൻ നൽമനം വേണം,
നിത്യനാം യേശുവിൽ വസിച്ചിടേണം.

1. കല്പനയൊന്നും മറന്നിടല്ലേ,
സ്നേഹം, വിശ്വസ്തതകൾ ധരിക്കാം;
സമ്പത്താൽ മാനിക്കാം ദൈവത്തെ നാം
നിരസിച്ചിടല്ലേ തൻ ശാസനകൾ.

2. ചോരയെ നീരാക്കി മാറ്റിടേണ്ട,
യാചകവേഷവും കെട്ടിടേണ്ട;
ദൈവത്തെ ഉള്ളത്തിൽ വസിപ്പിച്ചിടാം;
നിത്യവും നമ്മെ നാം ക്രൂശിച്ചിടാം.



## 36

ദൈവത്തിലാശ്രയം വച്ചു ഞാൻ
ജീവിക്കും,
ദൈവത്തിൻ പൈതലായ് നിത്യവുമേ,
ദൈവത്തെക്കൂടാതെ സാദ്ധ്യമല്ലൊന്നുമേ
ദൈവമേ തൃപ്പാദ സേകവൻ ഞാൻ.

1. ദാരുണമാം വിധി വൈപരീത്യങ്ങളെൻ-
ജീവന്റെ ജീവനെ ആക്രമിക്കുമ്പോൾ,
ആശ്വാസമേകുവാൻ കരകയറ്റീടുവാൻ
കരുണാർദ്ര സ്നേഹമായ് അരികിൽ വരൂ.

2. പാതയ്ക്കുവെട്ടം പകരേണ്ട സാധു
ഞാൻ
കൂരിരുളിൽ തപ്പിത്തടഞ്ഞിടുമ്പോൾ,
ദിവ്യവെളിച്ചമേ പരിശുദ്ധാത്മാവേ നീ
ഉള്ളത്തിൽ നിരന്തരം വസിക്കുകില്ലേ?

## 37

ദൈവത്തിൽമാത്രം ആശ്രയിച്ചാലവൻ-
നിത്യതയോളം പിൻതുടരും;
വീഴാതെ വൻകരത്താൽ താങ്ങി നിർത്തും,
നിലം പരിചാകാതെ തോളിലേറ്റും.

ഹാ! എത്ര വാത്സല്യസ്നേഹിതൻ യേശു!
ഹാ! എത്ര ശക്തനാണെന്റെ ദൈവം!

1. പച്ചയാം മേച്ചിൽ പുറങ്ങളിലൂടെ
ദാഹജലം നൽകി നയിച്ചിടുന്നോൻ
ശാന്തമാം തീരത്തൂടാശ്വാസമേകി
നിത്യമാമാനന്ദം നൽകിടുന്നു.

2. രോഗം വന്നാക്രമിച്ചീടുന്ന വേളയിൽ
വൈദ്യനായ് ചാരത്തണഞ്ഞിടുന്നോൻ,
സൗഖ്യമേകും നവ്യ ശക്തിയേകീടും,
പുത്തനുണർവ്വേകി വഴിനടത്തും.

## 38

മാനുഷരെല്ലാം വൈരികളെന്നോ?
ദൈവത്തിൽ മാത്രം ആശ്രയിക്കാം;
ആരാധ്യനാകും സ്വർല്ലോകരാജനെ,
ഒരുമയോടെന്നും ആരാധിക്കാം.

1. കർത്താവിൻ മുന്നിൽ യോഗ്യമായ്
വേണം-
ജീവിച്ചിടാനായ്, നിർമ്മലരായീ;
യേശുവിൽ നിത്യം വേരൂന്നി വളരാൻ
ആരംഭിക്കേണം അവനിൽനിന്നും.

2. പാപത്തിൽ നിന്നും രക്ഷനേടിടാൻ
സ്വാതന്ത്ര്യമേകിയ രക്ഷകനെ,
പിൻഗമിച്ചീടാം ശാപങ്ങളിൽ നിന്നും
മോചനം പ്രാപിക്കാം ശാന്തിപൂകാം.

## 39

ലോകത്തിൽ ആശ്രയം യേശു മാത്രം!
ഓടുന്നു പ്രീയനായ് വേല തികയ്ക്കാൻ;
സൗഭാഗ്യജീവിതം ദാനമായേകിയ
ദൈവപുത്രാ അങ്ങേയ്ക്കായിരം സ്തോത്രം!

1. പാഴ്മുളം തണ്ടുകളായിരുന്നോരെ
പുല്ലാംകുഴൽ തീർത്തു മേന്മയേകാൻ,
വല്ലഭാ അങ്ങേയ്ക്കു സംപ്രീതിയുണ്ടായ-
തർഹതയില്ലാത്ത ദോഷികൾ മേൽ.
അനുതാപഹൃദയമോടടിയർ വരുന്നേ
അനുഗ്രഹമേകാൻ കൃപ തോന്നണേ.

2. തിരുസന്നിധാനത്തിൽ അഭയം
പ്രാപിപ്പൂ
സങ്കേതപട്ടണമായുള്ളോനേ;
ശാന്തതുറമുഖമെത്തുവോളം ഞങ്ങൾ-
ക്കേകണേ സംരക്ഷ കാരുണ്യത്താൽ;
ഘോഷിക്കും ഞങ്ങൾ നിൻ കാരുണ്യത്തെ
എക്കാലവും സത്യസാക്ഷികളായി.

3. എന്നെന്നും സത്യനമസ്ക്കാരികൾ
ഞങ്ങൾ
അന്ധകാരത്തിൽ പ്രഭ ചൊരിയും;
ആ ദിവ്യ സ്നേഹപ്രഭ പരന്നെങ്ങും
തിരുനാമം പൂജിതമായിടട്ടേ.
അർഹരാക്കീടണേ തിരുസുതരേയും
പ്രിയമക്കളാകാൻ കനിയേണമേ.

# 40

ജ്ഞാനത്തിൻ ഉറവിടമാകും യഹോവ
ഭക്തിയുള്ളോർക്കേകും സൽബുദ്ധിയെ;
നീതികെട്ടോർക്കേശു ന്യായം
വിധിക്കുമ്പോൾ
കരച്ചിലും ദുഃഖവും കൂട്ടിനെത്തും.

1. നിഷ്കളങ്കതയോടും ഭയഭക്തിയോടും
ദൈവത്തെയാരാധിക്കുന്ന നേരം,
സ്വർഗ്ഗം തുറന്നവൻ ഭൂമിയെ ചുംബിക്കും,
മക്കൾക്കേകും സർവ്വ നന്മകളും.

2. ദൈവത്തിൻ സ്നേഹിതനായി
നീ മാറുമ്പോൾ
അകലാത്ത നാഥൻ കൂട്ടിനെത്തും,
ദൈവത്തോടെപ്പോഴും
സംസാരിച്ചീടുകിൽ
കാതോർത്തു കേൾക്കും, ഉത്തരമേകും.

3. ദൈവത്തിനായ് നിന്റെ സമയം
നൽകീടുമ്പോൾ
മാനിച്ചീടും നിന്നെ നിശ്ചയമായ്,
ദൈവത്തെ വിട്ടെന്തു ചെയ്കിലും സത്യം!
നിഷ്ഫലമേ നിന്റെ ജീവകാലം.

# 41

കാരുണ്യവാനായ് കൃപയേകും ദൈവം
സഹതാപമോടെന്നും വിക്ഷീക്കുന്നു;
കരച്ചിലിൻ ശബ്ദം കാതോർത്തു കേട്ടവൻ
കണ്ണീർ തുരുത്തിയിൽ സൂക്ഷിക്കുന്നു.

1. മകനേ നീ ഭയപ്പെടേണ്ട,
കൂട്ടിനായെന്നും ഞാൻ കൂടെയുണ്ട്;
പെറ്റമ്മയെപ്പോലെ ആശ്വസിപ്പിക്കാൻ,
മാറത്തണയ്ക്കുവാൻ കൂടെയുണ്ട്.

2. മർത്യരെല്ലാം സ്വാർത്ഥരല്ലയോ?
സ്നേഹവും വ്യാജമായ് മാറുന്നു;
സ്നേഹത്തികവിനാൽ നിർഭയരാകാൻ
വൈമനസ്യത്തോടെ ജീവിക്കുന്നു.

3. ഇൻപം പകരേണ്ടുന്നോർ നിങ്ങൾ?
തുൻപമേകാനോ പരിശ്രമം!
ശത്രുവാം സാത്താൻ അടുത്തിടുന്നോർക്ക!
വല്ലഭനേശുവെ പിൻഗമിക്കാം.

# 42

മന്വന്തരങ്ങൾ കഴിഞ്ഞാലും മാറാത്ത
മാതൃകാജീവിതം കാഴ്ചവച്ചോനേ,
മാലാഖമാർ നിന്നെ സ്തുതിക്കുന്നു
സ്വർഗ്ഗത്തിൽ,
മൂപ്പന്മാരോടൊപ്പം വസിച്ചിടുന്നു.

1. ശൂന്യത തന്നിൽ പ്രവർത്തിക്കും ദൈവം
ഇല്ലായ്മയിൽ വേണ്ടതേകിടുന്നു;
യേശുവിൻ സ്പർശം രൂപാന്തരം നൽകി-
വചനത്തിൽ വളരാൻ കൃപയേകുന്നു.

2. മലയിൽ നിന്നിറങ്ങിയ യേശുവെന്നും
രോഗസൗഖ്യം നൽകും ധൈര്യമേകും;
വേദനയിൽ നമുക്കാശ്വാസമേകും
ആരിലും ഉന്നതനായവൻ യേശു.



# 43

യേശുവേ സ്നേഹദായകാ
ജീവിതം നിനക്കു ഞാൻ സമ്പൂർണ്ണമായ്;
സമർപ്പിച്ച നാൾ മുതൽ ഇന്നെയോളവും
വഴി നടത്തി, ദിവ്യ പാതയിലൂടെ.

1. ഉയിർപ്പിന്റെ ശക്തിയെന്നെ നടത്തിടുന്നു,
അഭിഷേകജ്വാലയേകി പാലിച്ചിടുന്നു;
ആത്മാവിൻ വരദാനമേകിടുന്നതാൽ
ആത്മഫലം തിങ്ങി നിറഞ്ഞിടുന്നു.

2. സത്യമെന്നെ നേർവഴിക്കു നടത്തിടുന്നു,
ശത്രുഭീതിയില്ലാതെ സഞ്ചരിക്കുന്നു;
ആരിലും ശ്രേഷ്ഠനാം നിത്യപിതാവെൻ
നാവിനു കാവലായ് കൂട്ടിനുണ്ടല്ലോ.

# 44

സിംഹത്തിൻ വായെ അടയ്ക്കുന്ന ദൈവം,
തീച്ചൂള മദ്ധ്യേ നടകൊള്ളുന്നോൻ,
സാത്താന്റെ കോട്ടകൾ തകർക്കുന്ന ദൈവം,
അബ്രാമിൻ ദൈവം, എന്റെയും ദൈവം.

1. വിളിച്ചാൽ കേൾക്കുന്ന ദൈവം
വ്യക്തമായ് നമ്മോട് സംസാരിക്കും;
ഒന്നിനും കൊള്ളാത്ത ഏഴയാമെന്നോടും
സംസാരിക്കുന്നവൻ എന്റെ ദൈവം;
അവൻ വിശ്വസ്തനായിന്നും
വീക്ഷിക്കുന്നെന്നെ,
അനർത്ഥങ്ങളിൽ നിന്നും വിടുവിക്കുന്നു.

2. പ്രാർത്ഥിച്ചാൽ കേൾക്കുന്ന ദൈവം,
പ്രത്യുത്തരം നൽകുമെന്റെ ദൈവം;
കാവൽമാലാഖയായ് ഹൃദയകവാടത്തിൽ -
കാതോർത്തിരുന്നിടും നിത്യദൈവം;
അവൻ ഹൃദയാഭിലാഷങ്ങൾ
പൂവണിയാനിന്നും
കാരുണ്യവാനായ് തുണയേകുന്നു.

# 45

സ്നേഹം കൊതിച്ചാത്മദാഹം മുഴുത്തെത്ര
കാതങ്ങൾ പിന്നിട്ടീ ദുഷ്ടഭൂവിൽ?
സ്വർഗ്ഗമീ ഭൂമിയിൽ സൃഷ്ടിക്കുവാനെത്ര-
വ്യാമോഹമോടെ ഞാൻ സഞ്ചരിച്ചു?

1. താതന്റെ ആജ്ഞകൾ ശിരസാവഹിക്കുവാൻ
എത്രമേൽ ആശിച്ചു പ്രയത്നിച്ചു ഞാൻ,
പഴി ദുഷി നിന്ദ അപമാനമേറ്റെന്റെ -
ഹൃദയം തകർന്നപ്പോൾ നീ മാത്രമരികിൽ

2. തുൻപങ്ങളേറി ശോധനയാൽ ഞാൻ
തകർന്നു
പീഡിതനായപ്പോൾ ആശ്വാസമേകാൻ-
വല്ലഭാ അങ്ങല്ലാതാരെയും കണ്ടില്ല;
ശാശ്വതഭുജമെന്നെ തോളിലേറ്റി.

# 46

ക്ഷീണിച്ചവർക്കേശു ആശ്വാസമേകും,
തളരുന്ന കാൽകളെ താങ്ങിനിർത്തും;
പകലിന്റെ വെയിലും ഇരവിന്റെ ശൈത്യവും
ക്ഷീണിതനാക്കിലും കൂട്ടിനെത്തും.

1. ആശിക്കുമ്പോലുള്ള നന്മകൾ കിട്ടാത്ത-
മാനസമാധിയാൽ തകരുന്നേരം,
നിർഭാഗ്യവാനായ് കാട്ടുമുന്തിരികണ്ടു-
തേങ്ങുന്ന ഹൃദയത്തെ കാണും ദൈവം.

2. ലഭ്യമായീടുന്ന സാദ്ധ്യതയൊക്കേയും
കൈമുതലായ് വച്ചു മുന്നേറിടാം,
പരാജയങ്ങൾക്കു കാരണം കണ്ടെത്താം,
വിജയമായ് മാറ്റാനായ് പ്രാപ്തി നേടാം.

3. ഏലിയാവെപ്പോലെ ഏകനായ്
ദൈവത്തിൽ
അഭയം തേടുന്നോർക്കു കൃപയേകിടും,
അഗ്നിപ്രവാഹമനർഗ്ഗളമായിടും,
ശത്രുക്കളമ്പേ പരാജിതരാകും.

## 47

അനുഗമിക്കാം നാം യേശുവിനെ
അന്ത്യശ്വാസം നിലയ്ക്കും വരെ,
ഇനിയുമീ ജന്മം സഫലമായില്ലെങ്കിൽ
ഇനിയെന്നു പ്രിയരേ അനുഗമിക്കും?

1. അന്ത്യാഭിലാഷമതെന്തായിരുന്നാലും
ആദരണീയമായ് തോന്നുമാർക്കും തന്നെ;
സ്വർഗ്ഗത്തിൽവാസം ചെയ്യുന്ന പ്രിയന്റെ
തൃക്കരത്തിൽ സുതൻ ആത്മാവേല്പിച്ചു.

2. വിശ്വാസത്തിന്റേതാം വാക്കുകൾ
പുത്രൻ താൻ.
സ്വന്തപിതാവിനോടുരുരുൾ ചെയ്യുമ്പോൾ,
സ്നേഹപിതാവിൻ മൗനമാം വേദന
തൊട്ടറിയേണം ഹൃദയത്തിൽ നമ്മൾ.

3. നിവർത്തിയാകേണ്ടുന്ന കാര്യങ്ങളെല്ലാം
രക്ഷകനേശു പൂർത്തിയാക്കീ വേഗമായ്.
ആകയാലൊരുങ്ങിടാം ന്യായവിധിക്കായ്.
നിവർത്തിയാക്കാം ഭൂവിൽ വേലകളെല്ലാം.

## 48

അനുഗമിക്കാമോ യേശുവിനെ
കുരിശും വഹിച്ചെന്നും സന്തോഷമായ്,
ജീവിതക്ലേശങ്ങളാകും കുരിശുകൾ
സ്വയം പേറുവാനായ് ശീലിച്ചിടാം.

1.സ്വയം ശൂന്യമാക്കുന്ന അനുഭവങ്ങൾ
ദൈവത്തെ ഉൾക്കൊള്ളാൻ
പ്രാപ്തിയേകുമ്പോൾ
ഞാനെന്ന ഭാവം വെടിഞ്ഞാത്മഭാരങ്ങൾ
കർത്താവിൻ പാദത്തിൽ ഇറക്കിവച്ചാൽ,
മാറോടണച്ചുമ്മയേകുന്ന അമ്മ പോൽ
ലാളിക്കും നമ്മേയും തോളിലേറ്റി.

2. കൂട്ടായ്മയേകുന്ന ആനന്ദമുള്ളത്തിൽ
നിറയാൻ ഹൃദയം തുറന്നിടാമോ?
പാരസ്പര്യത്തിന്റെ ശീതളച്ഛായയിൽ
ആനന്ദനൃത്തം ചവിട്ടി നിത്യമായ്
ആത്മാവിലെരിയുന്നു തീഷ്ണതയോടെ,
കർത്താവിൻ വേലയിൽ മുന്നേറിടാം.

## 49

ഒരു തിരിനാളമാമെന്നിൽ നിന്നും
മറ്റൊന്നു തെളിയിക്കാൻ മനസ്സുവച്ചാൽ,
എന്തുള്ളൂ ചേതമെൻ പ്രിയരേ എനിക്ക്?
ഒരുതിരിവെട്ടം നൽ വെളിച്ചമല്ലോ?

1. ദൈവം താനാരെന്നു
വെളിപ്പെടുത്തിത്തന്ന
മതമല്ലോ യേശുവിൻ കുരിശിൻ മതം!
ആകിലും ദൈവം ദഹിപ്പിക്കുമഗ്നി;
മറന്നിടല്ലേ മഹാ ദൈവത്തെ നാം.

2. ബുദ്ധിയുള്ളോർക്കെല്ലാം
ദൈവത്തിൻ വചനം
വായിക്കാം, ധ്യാനിക്കാം അനുസരിക്കാം;
അനുസരണം കെട്ടാൽ അധർമ്മികളായീടും
നിത്യനാശത്തിൽ നാം പതിച്ചീടുമേ.



## 50

കണ്ണുനീർ തൂകുമ്പോൾ ഹൃദയം തകരുമ്പോൾ,
ആശ്രയമില്ലാതെ അടിപതറുമ്പോൾ,
തളർന്നു പോകാതെന്റെ മനമേ നിന്നെ-
കരുതാൻ കരുത്തനായ് യേശു ഇല്ലയോ?

1. വ്യാജഭാവം നീ വെടിയുക ഇപ്പോൾ,
ചേതം വന്നാലും സത്യം ചെയ്യൂ;
അണുകിട മാറാതെ ആശ്രയം വയ്ക്കൂ,
യേശുവിൽ മാത്രം അഭയം തേടൂ.

2. ജീവനുള്ള കല്ലായ് മാറീട്ടു നാമും
സാക്ഷ്യമേകാം മഹത്വവാനായ്;
അപരനു നന്മ വരുത്തുകിലല്ലയോ?
ജീവിതം സാഫല്യ പൂർണ്ണമാകൂ.

## 51

കാൽവരി ക്രൂശിൽ തൻ ഉന്നതസ്നേഹം
വെളിപ്പെടുത്തിത്തന്ന രക്ഷിതാവേ,
പാപികളായിരുന്നോരാകും ഞങ്ങൾക്ക്
അളവറ്റ വാത്സല്യം പകർന്നുവല്ലോ?

1. അടിമത്വത്തിൽ നിന്നു
വീണ്ടെടുത്തോനേ നിൻ
അത്ഭുതപ്രവൃത്തികൾ കേട്ടറിയട്ടേ,
മനമൊരുക്കാം ഞങ്ങൾ പൂർവ്വികരോടെല്ലാ-
നല്ല ദാനങ്ങളും തിരിച്ചറിയാൻ.

2. ചിറകതിൽ വഹിക്കുന്ന തള്ളക്കഴുകൻ
കൂടനക്കി തന്റെ കുഞ്ഞുങ്ങളെ മെല്ലെ-
പറക്കുവാനഭ്യസിപ്പിക്കുന്ന വേളയിൽ
നാശങ്ങൾ ഭവിക്കാതെ പാലിക്കുന്നു.

3. ഉന്നതങ്ങളിലേയ്ക്കു പറന്നുയരാനായി
പരിശീലകൻ ദൈവം വഴിയൊരുക്കും;
നിരാശയെല്ലാം വലിച്ചെറിഞ്ഞത്ഭുതമാം
കരങ്ങളിൽ നമ്മെയും ഏല്പിച്ചിടാം.

## 52

കർത്താവു നിങ്ങൾക്കായ്
കരുതുന്നതാകയാൽ
ആകുലചിന്തകൾ സമർപ്പിക്കുവിൻ!
കഷ്ടതയേറുമ്പോൾ ജീവനാഥൻ നമ്മെ-
ദൈവത്തോടടുപ്പിക്കും; ആശ്രയിപ്പിൻ.

1. ദൈവമക്കൾ നമ്മൾ ആകുലചിത്തരായ്-
ഭാരംവഹിക്കയോ കർത്താവിനായ്?
തങ്കക്കരം നീട്ടി ആശ്വാസമേകുവാൻ
സർവ്വേശ്വരൻ നമ്മെ പിൻഗമിക്കും.

2. സമർപ്പിച്ചിടാമോ ജീവിതമാകെയും
കർത്താവിൻ നാമത്തിൻ മഹത്വത്തിനായ്?
നാളുകളെണ്ണി നീ വിലപിച്ചിടുന്നുവോ?
നീതിയിൻ കരമതിൽ വഹിച്ചുകൊള്ളും.

## 53

ദൈവത്തെ കണ്ടെത്താൻ
ദൈവം താൻ ഇടയാക്കും,
അലയേണ്ട നീയെങ്ങും കലങ്ങിടേണ്ട;
മനസ്സിന്റെ നൈർമല്യമറിയുന്ന താതൻ
ഹൃദയങ്ങൾ തേടി അടുക്കലെത്തും.

1. കുന്തംകൊണ്ടുള്ള മുറിപ്പാടിനാൽ
ജീവരക്തം വാർന്നു നിലംപതിക്കാൻ,
തോമസിനെപ്പോലെ ജീവത്യാഗം ചെയ്യാൻ
എത്രയോ വിശുദ്ധർ നിയോഗിക്കപ്പെട്ടു?
ആകയാൽ മനമേ നീ ഭയന്നിടേണ്ട.

2. ക്രൈസ്തവ സന്ദേശമുൾക്കൊണ്ടുനീയും
ജീവൻ ത്യജിക്കാൻ ഒരുങ്ങീടുമോ?
എന്തായാലും മർത്യൻ പോകേണം,
ഭൂവിൽ നി
ന്നാത്മാവുവേർപെട്ടു സ്വർഗ്ഗലോകം പൂകാൻ;
ആകയാൽ മനമേ നീ ഭയന്നിടേണ്ട.

## 54

ദൈവത്തിൻ അദൃശ്യത വെളിപ്പെടാറായ്;
പെന്തെക്കോസ്തിൻ നാളിൽ എന്നപോലെ;
ജീവിക്കും നാഥനെ വാഴ്ത്തിപ്പാടാമോ?
ഘോഷിച്ചു ഭൂവിലെങ്ങും.

1. അത്ഭുതത്താലും അടയാളത്താലും
ദൈവത്തിൻ കരമെന്നെ താങ്ങിനിർത്തി;
ആ ദിവ്യസ്നേഹത്തിൻ
സാക്ഷ്യമോടൊന്നായ്
ജീവിതയാത്ര നാം തുടർന്നിടേണം.

2. ദൈവീക സാന്നിദ്ധ്യം
നിറഞ്ഞീടുമ്പോൾ
ശക്തിധരിക്കും, പറവകൾ പോലെ;
ലോകത്തിൻ നാനാഭാഗങ്ങളിൽ പോകും,
കർത്താവിൻ വൻകൃപകൾ വർണ്ണിച്ചീടും.

## 55

ദൈവത്തിൻ കരമെന്റെ കവിളിൽ തലോടി,
ബാഷ്പാങ്കുരം ചൂണ്ടുവിരലൊന്നിലൊപ്പി,
ഗദ്ഗദകണ്ഠനായ് മകനേയെന്നെന്നെ,
മൃദുരവമോടെ വിളിക്കുകയായ്.

1. അതിരറ്റ വാത്സല്യമോടെന്റെ താതൻ
മാറോടണച്ചെന്നെ പുൽകിടുമ്പോൾ,
അന്നോളമറിയാത്തൊരാനന്ദനിർവൃതി
അകമേ തിരതല്ലി സംതൃപ്തനായ്.

2. ആത്മാവിലാനന്ദം തുടികൊട്ടിയുള്ളം
സംശുദ്ധമായതറിഞ്ഞ നേരം,
ഹൈഡ്രജൻ വാതകം നിറഞ്ഞ
ബലൂൺ പോലെ
ഉയരത്തിലെത്താൻ തിടുക്കമായി.

## 56

ദൈവത്തിൻ കരുണയിൽ ആശ്രയിക്കുന്നോർ,
പതറുകില്ലൊരിക്കലും സത്യമായും;
പ്രതികൂലമെത്രമേൽ ഏറിവന്നാലും,
മുന്നേറുമേശുവിൻ സ്നേഹവായ്പാൽ.

1. ശത്രുക്കൾ എത്രമേൽ ശക്തരായാലും
ദൈവമക്കൾ തകർന്നടിയുകയില്ല ;
ഭീതിയും ആധിയും ഏറിയെന്നാലും,
വൻകരത്താലവൻ താങ്ങീടുമേ.

2. രോഗമോ ശാപമോ എന്തുവന്നാലും,
രോഗിക്കു വൈദ്യനായ് യേശുവുണ്ടല്ലോ?
ശാപങ്ങളാകവേ ചുമന്നു കുരിശിലെൻ-
കാൽവരിനായകൻ കയറിയില്ലയോ?

3. ജീവിക്കുന്നോനാകുമേശുവിൻ ചാരേ,
അനുതാപപൂർവ്വം നീ കടന്നു വന്നാൽ,
വചനം കാതോർത്തു കീഴ്പ്പെടുന്നേരം
അനുഗ്രഹനിറവാൽ ധന്യനാകാം.

4. യേശുവിൻ നാമത്തെ കീർത്തിക്കുവാനും,
യുഗാന്ത്യത്തോളം ജീവിക്കുവാനും;
ഹൃദയമൊരുക്കാം; ത്യാഗം സഹിക്കാൻ,
നിർഭയമേശുവിൽ ആശ്രയിക്കാമോ?

## 57

നന്മചെയ്‌വാൻ പഠിപ്പിൻ!
വിധവയ്ക്കു വേണ്ടി വ്യവഹരിപ്പിൻ!
ഒന്നിനും കൊള്ളാത്ത കച്ച
പോൽ നിങ്ങൾ
ഉപയോഗശൂന്യരായ് മാറാതിരിപ്പിൻ!



1. കേട്ടാൽ മാത്രം പോര, സോദരരേ
നിങ്ങൾ-
മനസ്സുവച്ചനുസരിക്കേണം;
ഉണർവ്വുള്ളോരായ് നിത്യം
പ്രാർത്ഥിക്കേണം.
ഉത്തരം ലഭ്യമായീടുവോളം.

2. ആത്മീയ നന്മകൾ പ്രാപിക്കു
വോർക്കതു-
പകരുവാനത്രേ നൽകിടുന്നു,
ഉണർവ്വും ചൈതന്യവുമുള്ളോരായ്
കർത്താവിൻ
ദൗത്യ നിർവ്വാഹകരായി മാറാം.

## 58

നിന്ദാപാത്രമായ് മാറിയോ നീ?
സർവ്വരാലും ത്യജിക്കപ്പെട്ടോ?
ആകുലചിത്തനായ് ആത്മാവ് നോവുന്നോ?
ആത്മാർപ്പണം ചെയ്യൂ യേശുവിനായ്.

1. നിനക്കായ് ജീവൻ ത്യജിച്ച യേശു,
നിനക്കായിട്ടല്ലോ ജീവിപ്പൂ ഇന്നും?
നിർവ്യാജമായ ഹൃദയമോടെ,
പാദാന്തികേ വന്നു യാചിക്കുമോ?

2. നിദ്രാവിഹീനനായ് മാറിയോ നീ?
നിരന്തരം കണ്ണീരൊഴുക്കിടുന്നോ?
ഏകാകിയായ് നീ തപിച്ചിടുന്നോ?
ആഗതമായ് നിൻ സുദിനമിതാ!

## 59

പിന്നോക്കാവസ്ഥയിൽ തിബെരിയാസ്
തീരത്തു
പാർക്കുകയോ ഇന്നും സ്നേഹിതരേ?
കർത്താവാം ത്രീയേകൻ നിന്നേയും
എന്നേയും
ഉദ്ധരിക്കാനായ് വന്നിട്ടുണ്ട്.
മനുഷ്യനെ നേർവഴിക്കാക്കുന്ന ശുശ്രൂഷ
ധന്യമായ് ചെയ്തു നീ ജീവിക്കുമോ?

1. നിത്യസ്നേഹം കൊണ്ടു നമ്മേയും
സ്നേഹിച്ച
ആതിഥേയൻ ക്രിസ്തു ക്ഷണിച്ചിടുന്നു;
പിന്മാറ്റക്കാരായ് മാറിയെന്നാലും,
വാത്സല്യമോടേശു ക്ഷണിച്ചിടുന്നു.
മനുഷ്യനെ നേർവഴിക്കാക്കുന്ന ശുശ്രൂഷ
ധന്യമായ് ചെയ്തു നീ ജീവിക്കുമോ?

## 60

ഫലമുള്ള മരമായ് മാറിടാമോ?
ജീവിക്കും നാഥനായ് എന്നുമെന്നും;
നിലനിൽക്കും സദ്ഫലം നന്മകളാൽ;
ഫലമേകും വള്ളികളായിടാമോ?

1. നല്ലവരാണെന്നാർക്കും ചൊല്ലാൻ-
അർഹതയില്ലതു സത്യമല്ലോ?
ആർക്കും പ്രവർത്തിച്ചു കൂടാത്തനാൾ
ആഗമിച്ചീടുന്നൊരുങ്ങി നിൽക്കാം.

2. ധ്യാനവും ശുദ്ധ ചിന്തകളും
വിശുദ്ധി നേടാനുള്ള മാർഗ്ഗങ്ങൾ,
വിശുദ്ധികൂടാതെ ആർക്കും തന്നെ,
ദൈവപ്രസാദം ലഭിക്കയില്ല.

## 61

മകനേ എൻ കല്പന ഭാരമാണോ?
ക്ഷീണിച്ചു പോയോ? തളരുകയാണോ?
അനുസരിച്ചൊരിക്കൽ കൂടിനിയും
വലയിറക്കാമോ, നിൻ വലനിറയും.

1. എന്നെക്കൂടാതെ നിൻ
പ്രാവീണ്യമൊന്നും
അംഗീകാരത്തിനു മതിയായതല്ല;
എന്റെ വാക്കേറ്റവും വിശ്വസ്തമായ് നീ
പാലിക്കുകിൽ ഞാൻ അനുഗ്രഹിക്കും.

2. ഒച്ചപ്പാടൊന്നുമേ വേണ്ടെന്റെ കുഞ്ഞേ,
ശാന്തമായ് കാതോർത്തനുസരിക്കൂ;
നീ തന്നെ അരകെട്ടി തന്നിഷ്ടം പോൽ,
ഇനിയും മകനേ എന്റെ സ്വന്തം!

3. വേർപാടുവേണം വിശുദ്ധിയും വേണം,
അനുഗമിക്കേണം അനുസരിക്കേണം,
പകലന്തിയോളം പ്രവർത്തിച്ചു നീ
ഉത്തമ ശിഷ്യനായ് മാറീടുമോ?

4. അപമാനഭാരങ്ങൾ അവഗണിച്ചും
അനുഗമിക്കൂ പ്രിയ വിശ്വസ്തനായ്;
ദൈവജനത്തിലൊരംഗമായ് നീയും,
വിശ്വസ്ത സേവനം ചെയ്തീടുമോ?

## 62

മർത്യനെത്ര പ്രബലനാകിലും,
വിപ്രനോ ഹീനനോ ആകിലുമോർക്ക;
പ്രിയ സോദരാ, നാളെ നമ്മളേയും,
മൃത്യുവന്നു മാടിവിളിക്കും നിശ്ചയം!

1. ശങ്കവേണ്ട ഭീതിവേണ്ട പോയിടേണം നീ,
നിത്യതയ്ക്കുള്ളതാം യാത്രയല്ലയോ അത്?
ശക്തിനേടണം, മനം ശാന്തമാക്കണം,
പിൻഗമിക്കുവാൻ ശാന്തമായൊരുങ്ങണം.

2. നാളെയാകട്ടെന്നു സ്വയം മാറ്റിടാവതോ?
ജീവിതാന്ത്യമാകും വിചിത്ര സംഭവം!
തീർന്നിടാമിന്നുതന്നെയിക്ഷണത്തിലും,
നാഥനെത്തേടി സത്യവഴിയിലോടുവിൻ.

3. ദാനമായ് ലഭ്യമായ മർത്യജീവിതം,
അർത്ഥപൂർണ്ണമായ് മാറ്റുവാൻ ശ്രമിക്കണം;
അല്പകാലം മാത്രമുള്ള ജീവിതത്തെ,
ധന്യമാക്കി നിത്യശാന്തി പ്രാപിച്ചീടണം.

## 63

വേദന പേറിയനേക ദിനങ്ങൾ നാം,
ക്രൂശുവഹിക്കേണം ജീവിതത്തിൽ;
അല്ലായ്കിൽ ക്രൂരമായ് ക്രൂശതിലേറ്റിയ-
ചരിത്രമിന്നും നാം ആവർത്തിക്കും.

1. തീവ്രമാം വേദന വഹിച്ചുള്ള പ്രാർത്ഥന
യേശുനാഥൻ ഗദ്ശമനയിലർപ്പിച്ചു;
ആകയാലേവരും ആഴമായ് പ്രാർത്ഥിക്കാം;
ഉത്ഥാനം ചെയ്യും, നാമും മരണശേഷം.

2. ജീവിതസിംഹാസനങ്ങളിലാണോ നാം?
യേശു ഇന്നും ക്രൂശു വഹിക്കയല്ലേ?
ക്ഷണിച്ചിടാമേശുവെ നമ്മുടെ ജീവിത-
സിംഹാസനങ്ങളിൽ കുടിയിരുത്തുവാൻ.

3. യേശുവിൻ കർതൃത്വം സമഗ്രമതാകയാൽ
ജീവിതത്തെ തന്നെ സമഗ്രമായ് മാറ്റും;
ദൈവത്തിൻ സാദൃശ്യമല്ലയോ നാമും?
അനന്തമാം കഴിവുകളേകും ദൈവം.

## 64

ശാപങ്ങൾ മാറും, ദുഃഖങ്ങൾ മാറും,
പ്രാർത്ഥന ശക്തമാം മന്ത്രമല്ലോ;
സ്വാതന്ത്ര്യമേകും പാപത്തിൽ നിന്നും
നിത്യനാം ദൈവത്തോടർത്ഥിച്ചീടൂ.

1. ദൈവത്തെയെന്നും സ്നേഹിച്ചു നമ്മൾ
നിത്യതയ്ക്കായിട്ടൊരുങ്ങീടണം,
നല്ലപോർ പൊരുതുവാൻ നൽകുന്ന
ജീവിതം
നന്മയ്ക്കായ് മാറ്റിടാം അന്ത്യം വരെ.

2. വിശ്വാസം കാത്തുനാം ഓട്ടം
തികയ്ക്കേണം,
നീതിയിൽ മുദ്രയണിഞ്ഞീടുവാൻ;
ലാഭമായ് മരണത്തെ എണ്ണിയ ഭക്തർക്ക്-
കൂട്ടായിത്തീരാം അന്ത്യം വരെ.

## 65

ശ്രേഷ്ഠ പുരോഹിതനേശു മഹാദൈവം!
നിത്യവുമെന്നോണം ക്ഷണിച്ചിടുന്നു;
വാക്കുമാറാത്ത കാരുണ്യനാഥൻ
കാൽവരിയിൽ നിന്നു ക്ഷണിച്ചിടുന്നു.

1. അനുഗ്രഹമാരികൊണ്ടഭിഷേകം
ചെയ്‌വാൻ
ആകാംക്ഷയോടവൻ
കാത്തുനിൽക്കുന്നു;
ഇമ്പസ്വരത്തിനു കാതോർത്തിടാമോ?
നഷ്ടസ്വർഗ്ഗം വീണ്ടെടുത്തീടാം നാം.

2. ദൈവകോപം വിട്ടൊഴിഞ്ഞീടാൻ
വഴിയെന്താ?
അഭയമായരികേ പോയിടാമോ?
ആപത്തുവേളയിൽ കൈവെടിയാത്തോൻ
ദൈവപുത്രൻ യേശു മാത്രമല്ലേ?

## 66

സ്വർഗ്ഗമാണു സിംഹാസനം!
ഭൂമി തന്റെ പാദപീഠവും;
ഹാ! എത്ര ശ്രേഷ്ഠമീ ദൈവത്തിൻ
സാമീപ്യം!
എത്ര മഹോന്നതൻ എന്റെ ദൈവം!

1. സർവ്വാംഗ സുന്ദരൻ വർണ്ണനാതീതൻ,
പ്രപഞ്ചം മെനഞ്ഞവനെന്റെ രാജൻ;
ദേഹരൂപമായ് യേശുവിൽ വസിപ്പൂച
ആകയാൽ അഭയം ക്രിസ്തുമാത്രം.

2. ആനന്ദമോടെന്നും ഭൂതലേ
പാർക്കുവാൻ
ആരാധ്യനെത്തന്നെ പിൻഗമിക്കാം,
ദൈവത്തോടൊപ്പം സ്വർഗ്ഗത്തിൽ
വാഴണോ?
ആത്മനിറവേറാൻ അഭ്യസിക്കാം.

## 67

സ്വർഗ്ഗനാട്ടിലെത്തിടുന്നോർ,
ഭാഗ്യമുള്ളോർ നിശ്ചയം!
വീടൊരുക്കാൻ പ്രീയനാഥൻ,
പോയതു പോൽ വന്നീടുമേ.

1. തേജസ്സിൻ സിംഹാസനത്തിൽ
എത്തിടാനായ് ഓടിടും,
ധീരരാം, സ്വസ്നേഹികളേ—
ദൈവകൃപ തേടിടാം.

2. ആകുലം വെടിഞ്ഞു മർത്യർ
പാർത്തിടും സ്വർഗേഹത്തിൽ,
ശോഭയിൻ കിരീടധാരി-
യായി നാമും പാർക്കണം.

3. ദുഃഖവും നിരാശയുമി-
ല്ലങ്ങു തെല്ലുപോലുമേ;
ദൈവപുത്രനോടുവാസം-
ചെയ്യുവാനായ് പോയീടാം.

# 68

സ്തുതിയേകിയോർ നാം ദൈവമക്കൾ
പിറുപിറുക്കുന്നു, അതേ നാവിനാൽ
മന്നയും കാടയും ഭക്ഷിച്ചോർ തൃപ്തരായ്,
ആകിലും ദൈവജനം നന്ദികെട്ടോരായ്.

1. ശാപത്തിൽ ജീവിക്കും മർത്യരെ
രക്ഷിക്കാൻ,
പാപത്തിൽ നിന്നും കരകയറ്റാൻ,
സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പമായ് വന്നോനെ,
ഭക്ഷിക്കാൻ നമ്മെ ഒരുക്കിടാമോ?

2. ദൈവമേ തിരുനാവുരയ്ക്കുവതൊക്കേയും,
കാതോർത്തു കേൾക്കുവാൻ ദാഹമോടെ;
തിരുസവിധേയിതാ നിൻ മക്കൾ നിൽപ്പൂ,
പൂർണ്ണമാം ആശിഷം വർഷിക്കുമോ?

# 69

ഫലമേകും മുന്തിരിവള്ളിയായ് മാറാം,
ജീവിതം സഫലമായ് തീർന്നിടാനായ്;
കർത്താവു നമ്മിൽ നിന്നാശിപ്പതെന്തെന്നു-
വാസ്തവമായ് നാമറിഞ്ഞിടേണം.

1. ന്യായവിധിക്കായ് ഒരുങ്ങാം സഹജരേ,
കാണട്ടേ സൽപ്രവൃത്തികൾ നിങ്ങളിൽ;
നമ്മളോരോരുത്തർ നല്ല നടപ്പിനാൽ
സ്വന്തകുടുംബത്തെ നേടിടാമോ?

2. ജ്ഞാനത്തെക്കാൾ വലുതല്ലയോ കർമ്മം?
ഭക്തിയെക്കാളും വലുതാണു കർമ്മം!
ആരാധനയ്ക്കായ് വിശുദ്ധസ്ഥലത്തുനാം
മൗനമായ് കർത്താവിൽ ലയിച്ചിരിക്കാം.

# 70

വിശ്വാസവീരരേ, വിദ്യാസമ്പന്നരേ;
യേശുമഹേശൻ ധ്വനിപ്പിപ്പൂ കാഹളം;
വിളഞ്ഞ വയലേലകൾ തോറും
കൊയ്ത്തിൻ-
കാഹളനാദം കേൾക്കുന്നിതാ.

1. രക്ഷാകവചം ധരിച്ചിടാം വേഗം,
കൃപയിൻ കൊയ്ത്തരിവാൾ ഏന്തിടാം;
സ്വർലോകത്തിൽ നിന്നുമയയ്ക്കുന്ന
നാഥന്റെ-
കൊയ്ത്തരിവാളാൽ കൊയ്തു കൂട്ടാം.

2. രാജസ്ഥാനിൽ ഗുജറാത്തിൽ ഒറീസ,
മദ്ധ്യപ്രദേശിലുമൊക്കേയുമേ,
സ്വർണ്ണത്തേക്കാൾ വിലയേറും മനുഷ്യന്റെ-
ആത്മാക്കൾ വേഗം കൊയ്തെടുക്കാം.

3. ഭയപ്പെടേണ്ടിതു മതസ്വാതന്ത്ര്യ ഇന്ത്യ,
ഭാരതപുത്രർ നാമെല്ലാരുമേ,
നമുക്കുനാശം വിതച്ചീടുകിലൊന്നായ്,
ദൈവത്തിൽ നാം അഭയം തേടാം.

# 71

മിണ്ടാതിരുന്നു ഞാൻ ദൈവമെന്നറിയുവിൻ,
ജാതികൾ മദ്ധ്യേ ഞാൻ ഉന്നതനാകും;
ഭൂമിയിലൊക്കേയും ഉന്നതനാകും,
ആമേൻ കർത്താവേ നീ നിത്യദൈവം.

1. യേശുവേ അങ്ങേ ഞാനാരാധിക്കും സദാ,
പ്രിയാ ഞാൻ കീർത്തനങ്ങൾ പാടുമെന്നെന്നും;
തപ്പിനോടും നൃത്തത്തോടും കീർത്തനം പാടും,
യേശുവേ അങ്ങയെ ഞാനാരാധിക്കും.



2. ജാതികൾ മദ്ധ്യേ ഉന്നതനാം ദൈവത്തിൻ-
പ്രതിപുരുഷന്മാരെ വരവേല്ക്കവേ,
സമുക്തൊല* ഗ്രാമത്തിൽ കണ്ടു ഞങ്ങൾ
മഹാ-
ദൈവാത്മ പ്രവാഹം ജാതികൾ മദ്ധ്യേ.

3. പാദങ്ങൾ കഴുകിത്തുടച്ച പെൺമക്കൾ,
അഭിഷിക്തരായ് കണ്ടു ദൈവപുത്രരെ;
ആത്മീയമന്ന വിളമ്പിടുന്നേരമവർ-
ക്കാനന്ദത്താലുള്ളം ത്രസിച്ചുപോയി.

**സമുക്തൊല- ഭൂട്ടാൻ മലനിരകൾക്ക് സമീപമുള്ള ഒരു ഇന്ത്യൻ ഗ്രാമം.*

# 72

യാഹേ നീ മാത്രം ഉന്നതനാകും,
ഭൂമിയിലൊക്കേയും ഉന്നതനാകും,
സ്രഷ്ടാവാം ദേവാ നീ ഉന്നതനാകും,
ജാതികൾ മദ്ധ്യേ നീ ഉന്നതനാകും.

1. കന്യാകുമാരി തൊട്ടിന്ത്യയിലെങ്ങും
നോർത്തീസ്ററിലും അയൽ രാജ്യമാകും,
നേപ്പാൾ, ഭൂട്ടാൻ, ചൈനയിലും സർവ്വ,
ജാതികൾ മദ്ധ്യേയും ഉന്നതനാകും.

2. സകലർക്കുമാരാദ്ധ്യൻ നീയല്ലയോ?
സർവ്വാദരങ്ങളാൽ നമിച്ചിടുന്നേ;
ഉന്നതനാം മഹാ ദൈവപുത്രാ,
തവനാമമെന്നും മഹനീയമേ.

# 73

ഉത്ഥാനസന്ദേശം സത്യമായ് മാറ്റിയ-
നിത്യപ്രകാശമാണേശു നാഥൻ;
നീതിയിൻ സൂര്യനായ് പാരിതിൽ
പാർത്തവൻ-
നേർപാതതെളിച്ചവൻ ശാന്തിയേകി.

1. മഗ്ദലമറിയത്തിനാദ്യമായ് ദർശന
സൗഭാഗ്യമേകിയതുയിർത്ത നാഥൻ,
ദിവ്യമാം സത്യം ഉണർത്തിക്കാൻ
മേരിയും-
വ്യഗ്രതയോടെത്തി ശിഷ്യർക്കരികിൽ.

2. പത്രോസോ യോഹന്നാനൊപ്പമോടി,
ദിവ്യഗാത്രം തേടി കല്ലറയ്ക്കുള്ളിൽ,
ശവക്കച്ച മാത്രം വേറിട്ടുകണ്ടവർ-
ഒരു മാത്ര നിന്നുപോയ് സ്തബ്ധരായി.

# 74

അതിരാവിൽ ഇരുട്ടുള്ളപ്പോൾ തന്നേ മറിയം,
കല്ലറയ്ക്കൽ പ്രിയ നാഥനെത്തേടി;
തുറന്നിരിക്കുന്നതാം കല്ലറ കണ്ടുടൻ
ഓടിയവൾ സദ്വാർത്തയുമായ്.

1. ശിഷ്യർ ഇരുവർ വാർത്ത കേട്ടോടിയോർ,
കല്ലറയ്ക്കുള്ളിൽ കണ്ടതില്ലീശോയെ;
പിന്നിലായെത്തിയോൾ വീണ്ടും തിരഞ്ഞു,
കല്ലറയ്ക്കുള്ളിൽ ദൂതന്മാരിരുവർ !

2. “സ്ത്രീയേ നീ കരയുവതെന്തെന്നേശു;”
ഞെട്ടിത്തിരിഞ്ഞവൾ പ്രിയനെക്കണ്ടു,
എൻപ്രീയനെയങ്ങു കണ്ടുവെങ്കിൽ! ഞാൻ,
കൊണ്ടുപോയീടാമെന്നുരച്ചുഗേവം.

3. “മറിയേ” എന്നേശുവിളിച്ചനേരം
“റബ്ബൂനീ” എന്നു പ്രത്യുത്തരം ചൊൽകെ;
“പിതാവിനരികെ” ഞാൻ പോയതില്ല;
ആകയാലെന്നെ നീ തൊടേണ്ടയിപ്പോൾ.

## 75

ഞാൻ തന്നേ പുനരുത്ഥാനം ചെയ്ത യേശു,
ഞാൻ തന്നേ നിങ്ങൾക്കു ജീവൻ;
മരണത്തെ തോല്പിച്ച രാജാധിരാജൻ
ഞാൻ തന്നേ നിങ്ങൾക്കു ദൈവം.

1. മരണത്തിന്മേൽ ജയം വരിച്ചോനെ
മർത്യനെന്നോ നിങ്ങൾ കരുതിടുന്നു?
പാതാള ഗോപുരവാതിൽ തുറന്നിട്ടു
ജയാളിയായവൻ ഉയിർത്തെണീറ്റു;
ആരാധിക്കാമവൻ നിത്യദൈവം.

2. തിന്മയിന്മേൽ നന്മ വിജയിച്ചപ്പോൾ
അധികാരിവർഗ്ഗം പരിഭ്രമിച്ചു;
ആരാധകർ ക്രിസ്തുശിഷ്യരായ് മാറി,
സദ്വാർത്തഘോഷിക്കാൻ പ്രാപ്തരായി;
മാലോകരെല്ലാരും ആരാധിക്കാം.

## 76

സാഹചര്യങ്ങൾ ഭ്രമിപ്പിച്ചിടുന്നോ?
പകച്ചു നിന്നീടുകയോ മകനേ?
പ്രതികൂലമനവധിയായ് മകളേ നിന്നെ
അലട്ടിടുന്നോ നിത്യമെന്ന പോലെ?

ഭയപ്പെടേണ്ടൊട്ടും നീ പതറിടേണ്ട,
ലോകം ജയിച്ച ഞാൻ കൂടെയുണ്ട്.

1. ആഴിയിന്നാഴത്തിൽ താണുപോയാലും
ലോകക്കൊടുങ്കാറ്റിൽ പാറിപ്പോയാലും,
വീണ്ടെടുക്കാനായ് തോഴനായില്ലേ?
യേശുവെന്നത്രേ എൻ നാമമോർക്ക!

2. ക്രൂരരാം മർത്യരാൽ പീഡയേറ്റാലും
ക്രിസ്ത്യാനിയായ് നീ കഷ്ടം സഹിക്കൂ;
പ്രത്യാശ കൈവെടിഞ്ഞീടല്ലേ പൈതലേ,
സിംഹക്കൂട്ടിൽ പോലും കൈവിടില്ല.

## 77

മിസ്രയീമ്യ മാന്ത്രികർക്കാവാത്ത അത്ഭുതം
യഹോവയാൽ മോശെ ചെയ്തുകണ്ടിട്ടും,
യിസ്രായേൽ മക്കൾക്കു മോചനമേകാൻ
അർദ്ധമാനസൻ ഫറവോൻ അനുവദിച്ചില്ല.

1. കാഠിന്യചിത്തനാം ഫറവോൻ ജനങ്ങളെ
ക്രൂരതയോടെ ഭരിച്ച നാളിൽ,
സംഹാരദൂതനെ കല്പിച്ചയച്ചു;
ആദ്യജാതർക്കു വിനാശകനായ്.

2. യിസ്രായേൽ മക്കൾ അനുജ്ഞയും വാങ്ങി-
ചെങ്കടൽ തീരത്തിലെത്തി നിൽക്കേ,
അഗ്നിമേഘസ്തംഭത്തെഴുന്നള്ളുമീശൻ
കല്പിച്ചപോൽ മോശെ വർത്തിക്കയായ്.

3. മരുഭൂവിൽ മന്നയും കാടയും നൽകി,
ദൈവമഹത്വം വെളിപ്പെടുത്തി;
സീനായ് മലയിൽ പ്രത്യക്ഷനായ് "മോശേ,"
എന്നുവിളിച്ചവൻ ദൈവമല്ലോ?

## 78

കരുണയിൽ കരങ്ങളെ ഉയർത്തണമേ
കാരുണ്യവർഷത്താൽ സമൃദ്ധിയേകാൻ,
കുറവുകളഖിലം ക്ഷമിച്ചിടണേ,
കുറ്റമറ്റോരായ് ജീവിക്കുവാൻ.

1. തിന്മയെവെറുത്തെന്നും മുന്നേറുവാൻ,
ദൈവീകസ്നേഹം വേണം തമ്മിൽ തമ്മിൽ;
തിരുസ്വരമെന്നും കാതുകളിൽ
തിരുവചനത്താൽ മുഴങ്ങിടേണം.

2. ആശയാം പാശത്താൽ ബന്ധിക്കാതെന്നും
അജയ്യരായ് ജീവിതം നയിച്ചീടാൻ,
ആലംബമാം കൂട്ടാളിയായുള്ള
ആത്മനാഥൻ ചാരെ യാത്ര ചെയ്യേണം.

## 79

**കരുണ**

ക്രിസ്തീയമായ ആത്മീയത; അതു-
പ്രവൃത്തിയുടേതാം ആത്മീയത;
ക്രൈസ്തവധർമ്മം ആരായേണ്ടുന്നതാം-
പുനർവായനയ്ക്കുള്ള നേരമായി.

മനുഷ്യസ്നേഹത്തിൻ അടയാളം കരുണ;
ദൈവാരാധനയാണു യാഗം!
യാഗത്തിലല്ലല്ലോ കരുണയിലത്രേ
ദൈവം പ്രസാദിക്കുന്നോർമ്മ വേണം.

1. ബന്ധങ്ങളിൽ നിന്നുരുത്തിരിഞ്ഞീടുന്ന
കൂട്ടായ്മയിൽ നാം ആരാധിക്കാം,
കർത്താവു സ്നേഹിച്ചതു പോലെ നമ്മൾ
തമ്മിൽ തമ്മിൽ നിത്യം സ്നേഹിച്ചിടാം.

2. കരുണയും ന്യായവും വിശ്വസ്തതയും,
പാലിക്കേണം മതങ്ങൾക്കപ്പുറമായ്;
താഴ്മയും ദയയും മുഖമുദ്രയാക്കേണം
ആത്മീയ സത്യമാണോർത്തിടേണം.

## 80

മണ്ണിൽ പണിയുക നാം സ്വർഗ്ഗം നിരന്തരം
വിണ്ണിൽ നാഥൻ പണിയുകയില്ലേ?
കണ്ണിൽ കാണും സോദരരോടെന്നും
കൺകടിയില്ലാത്തോരായ് ജീവിക്കാം.

1. ആശാപാശത്താൽ മനമാകെ നീറുമ്പോൾ
വിശ്വമാകെ ഒതുക്കാൻ യത്നിക്കും;
അശുദ്ധാത്മാവിന്റെ പ്രേരണയേറുമ്പോൾ
വിശുദ്ധാത്മാവിൻ ശക്തി കൈവിട്ടീടല്ലേ.

2. കരുണ ആശിക്കുന്ന സമസൃഷ്ടങ്ങൾ
അരുണോദയമായ് കാണും നമ്മേ;
കരുണയെന്നാൽ മനസ്സലിയും സത്യം;
അരൂപിയാൽ നമ്മൾ ഭരിക്കപ്പെട്ടന്നാൽ..

## 81

ആശീർവ്വാദത്തിനായ് നിദ്രവിട്ടുണരേണം,
രാത്രിയാമങ്ങളിൽ കാത്തിരിക്കേണം.
മൽപ്പിടിത്തത്തിൽ ജയിച്ചു മുന്നേറാൻ
ദൈവത്തെയഭിമുഖം ദർശിക്കേണം.

1. ആശ്രിതവത്സല സംപൂജ്യനേ,
അനുഗ്രഹം പകരണേ ദാസരിന്മേൽ,
അനുഗ്രഹമാരിചൊരിഞ്ഞീടാതെ
അടിയങ്ങൾ നിന്നെ വിടില്ല പ്രിയാ.

2. പാപികൾ ഞങ്ങളെ കാണുന്നേരം
അസ്വസ്ഥരായ് ഓടിയൊളിച്ചുകൊള്ളില്ലേ?
സർവ്വശക്തൻ പാദേ സമ്പൂർണ്ണമായ്,
അർപ്പണം ചെയ്യുകിൽ കാത്തുകൊള്ളും.

3. നാശകൂപത്തിൽ പതിച്ചിടാനും
രക്ഷനഷ്ടപ്പെടുത്തീടുവാനും, ശത്രു-
എത്ര ശ്രമിച്ചാലും യേശു ഇല്ലേ?
നഷ്ടപ്പെടുത്തല്ലേ ആത്മശക്തി.

4. മാനസം വേട്ടയാടുന്ന കാഴ്ച,
ബലഹീനരാക്കും, വിനയായിത്തീരും,
ഓർത്തുകൊൾക പാടിയാർത്തുകൊൾക,
ക്രിസ്തുവിൻ പാദേ ശരണപ്പെടൂ.

## 82

ഭയമെന്തിനോമലേ സ്വർഗ്ഗീയതാതൻ
മരണം ജയിച്ചുന്നതനായി നിൽപ്പൂ,
രോഗമോ ശാപമോ തളർത്തി നിന്റെ-
ജീവിതം താളടിയാക്കിയെന്നോ?
ധൈര്യം വരിക്കൂ, ശക്തി പുതുക്കൂ;
കഴുകനെപ്പോൽ നീ പറന്നുയരൂ.

1\. യഹോവയെത്തന്നെ
കാത്തിരിക്കുന്നോർ
ശക്തിയെപ്പുതുക്കുമെന്നോർത്തു
കൊൾവിൻ,
ലോകത്തിലാശ്രയം വയ്ക്കുകിൽ
നിശ്ചയം!
തകർന്നുപോം ജീവിതനൗക, സത്യം!

2\. ദൈവത്തിൽ നിന്നുള്ള
ശക്തിയാർജ്ജിക്കാൻ
പ്രാപ്തരാകൂ നിങ്ങൾ അന്ത്യംവരെ,
ആത്മപ്രഭ പേറി വെളിച്ചമായീടിൽ,
തിരുസുതർ ഇടയരായ് മാറും.

## 83

ഹൃദയം തകരുന്നെൻ ദൈവമേ,
അഴലാർന്നീ മനം കേണിടുന്നേ,
അപരാധമുള്ളത്തിൽ കനലായിടുന്നേ,
വെണ്ണീറായ് മാറുന്നേ ജീവിതവും.

1\. ആശ്വാസമേകുവാൻ ആരാരുമില്ലേ?
ആലംബഹീനനായ് മാറിടുന്നേ;
തങ്കക്കരത്തിൽ വഹിക്കുമെന്നുരചെയ്ത
വല്ലഭാ അങ്ങയെ കാത്തിരിപ്പൂ.

2\. കൈകാൽ കുഴഞ്ഞിതാ പാദങ്ങളും,
നിലം പരിചായേ പ്രാണനാഥാ;
ആർക്കുമേ വേണ്ടാത്ത
നിർജ്ജീവവസ്തുപോൽ
മാറ്റുവതെന്തെന്റെ തമ്പുരാനേ.

## 84

എന്റെ പ്രാണനെ മരണത്തിൽ നിന്നുമകറ്റി
എന്റെ കാലിനെ വീഴ്ചയിൽ
നിന്നവൻ താങ്ങി,
എന്റെ തലയിൽ ശിരസ്ത്രവു
മണിയിച്ചെന്റെ
ഗമനം സ്ഥിരമാക്കുന്നോൻ;
അവൻ നിത്യനാം ദൈവം,
സത്യവാനെന്നും;
അത്ഭുതങ്ങളാൽ നിത്യം-
വഴിനടത്തുന്നു.

1\. നവജീവനേകിയോൻ പുതുവഴിയേ
സുസ്ഥിരമാം പാതയിൽ നടത്തിടുന്നു;
മന്നയും കാടയും ഭോജ്യമായേകുന്ന-
വല്ലഭത്വമാന്ന ദൈവം ജീവിക്കുന്നു.

2\. പകയും വിദ്വേഷവും നിന്ദയുമെന്നെ,
ഏകാകിയാക്കിയുപ്പൊളത്ഭുതമേകാൻ,
കാൽവാരി സ്നേഹമെന്മേൽ
ചൊരിഞ്ഞവനേ,
ജീവനുള്ളക്കാലവും സ്തുതിച്ചിടും
ഞാൻ.

## 85

ദൈവമെന്റെ അപ്പനായ് മാറീടുമ്പോൾ
ഞാനെത്ര ഭാഗ്യവാനായ് മാറുമെന്നോ?
അപ്പന്റെ സ്നേഹം അനുഭവിച്ചറിയുമ്പോൾ,
ആത്മാവിൽ ആഹ്ലാദം പങ്കിടും ഞാൻ.

1\. കരുതാനൊരപ്പൻ എനിക്കുള്ളതാൽ
കാര്യം നടത്തുമവൻ കാര്യസ്ഥനായ്;
പ്രതികൂലമെത്രമേൽ ശക്തമാകിലും,
യേശുവിൻ പൊൻമുഖം നോക്കിടും ഞാൻ.

2\. സ്നേഹിച്ചു ലാളിച്ചൊരപ്പനെൻ
നേർക്കായ്,
കോപിച്ചുവെന്നാലും വെറുത്തീടുമോ?
വാഗ്ദത്തം ചെയ്തോരെൻ
താതനെനിക്ക്,
കൂട്ടുള്ള സത്യം വിസ്മരിക്കില്ല.

## 86

ഭാരക്കുരിശും വഹിച്ചുപൊന്നേശു-
വിലാപമതിലിന്നപ്പുറം നിൽക്കേ,
വാവിട്ടലറിപ്പോയ് ഗദ്ഗദകണ്ഠനായ്,
എൻ പിതാവേ നിന്റെ പൊന്നോമന
പ്പുത്രൻ!

1\. നിസ്സഹായനായല്ലോ നിലവിളിക്കുന്നു;
വേദനയേല്പ്പതു കാണുന്നില്ലേ നിങ്ങൾ?
കാരുണ്യമില്ലാത്തോർ മുമ്പിലതാ! എന്റെ-
കരുണാമയൻ നിൽപ്പൂ കുരിശുമായി.

2\. ജറുസലേം വീഥിയിൽ ഇറ്റിറ്റു വീഴുന്ന
തിരുനിണം കാണുന്ന കനിവുള്ളവൾ,
തൂവാലയാലൊപ്പി നാഥന്റെ പൊൻമുഖം,
വെറോനിക്കായെന്ന പുണ്യമാതാവേഗം.

3\. ആർക്കും വഹിക്കുവാനാവാത്തതിവേദന-
രോദനമായന്നു ബഹിർഗമിക്കവേ;
പ്രാണപ്രിയൻ നിന്നു ദീനനായ് മൊഴിഞ്ഞു;
“കരയേണ്ട യരുശലേം പുത്രിമാരേ.”

4\. കരയുവിൻ നിങ്ങൾക്കും
മക്കൾക്കുമായെന്നു-
വീണ്ടുമോർപ്പിച്ചുകൊണ്ടേശുരാജൻ മെല്ലെ,
കുരിശും ചുമന്നതി വ്യഥയോടെത്തി,
കൊലമരമേറിയെൻ പാപവും പോക്കി.

## 87

ദൈവവുമായുള്ള കൂട്ടായ്മയല്ലയോ?
ശ്രേഷ്ഠമായുള്ള സംസർഗ്ഗമെന്നും,
യേശുവിനോടുള്ള കൂട്ടായ്മ വിട്ടാൽ
ശൂന്യതയും ഫലം തിന്മയുമേ.

1\. സർവ്വശക്തൻ നിത്യദൈവം നമുക്ക്,
കൂട്ടാളിയാവുകിൽ നന്മയല്ലോ?
ദൈവത്തോടൊപ്പം നടക്കുന്ന ജീവിതം,
സന്തുഷ്ടമായിടും അന്ത്യത്തോളം.

2\. സ്നേഹിതൻ നൽകുന്ന
നിർദ്ദേശമെപ്പൊഴും
നന്മയായീടുകിൽ വിശ്വസ്ഥൻ തന്നെ,
ദൈവവുമായുള്ള കൂട്ടായ്മ നിന്നെയും
വിശ്വസ്തമാനസനാക്കി മാറ്റും.

## 88

മുൾമുടി ചൂടിയ ദൈവപുത്രാ!
സർവ്വരും നിന്നെ ത്യജിച്ചുവെന്നോ?
അശരണനായങ്ങു തകർക്കപ്പെട്ടെന്നോ?
നീചനെപ്പോലവർ എണ്ണിയെന്നോ?

എന്തോരു ദുർഗ്ഗതി ഈശോ ഇത്?
എന്തോരധർമ്മം ചെയ്തു നീയും?
പ്രവചന നിവൃത്തിക്കായ്
അധർമ്മികളോടൊപ്പം
എണ്ണപ്പെടേണ്ടതു നീതിയെന്നോ?

1\. തലയോടിടത്തേയ്ക്കു ക്രൂശു വഹിച്ചതു
ദുഷ്പ്രവൃത്തിക്കാർക്കു തുല്യനായോ?
യരുശലേം പുത്രിമാർ അതിദുഃഖമോടപ്പോൾ
വിലപിച്ച ദൃശ്യം നീ മറന്നീടുമോ?

2. "ഏലോഹീ ഏലോഹീ ലമ്മാ
ശബക്താനീ"
ദിഗന്തങ്ങളിൽ മാറ്റൊലിക്കൊള്ളവേ.
ശ്രോതാക്കളിൽ ചിലർ അതിനെ
വ്യാഖ്യാനിച്ചു
പരിഹസിച്ചതും മമ പ്രീയനെയോ?

## 89

കർത്താവിൻ രുധിരം നുണഞ്ഞീടുവാൻ
കൊതിപൂണ്ടോർ തിരുജനമായിരുന്നില്ലേ?
അപരാധമെന്തു നീ ചെയ്തു നാഥാ?
തിരുകൃപയാൽ ഞങ്ങൾ സൗഖ്യമാകട്ടേ.

1. അധികാരിവർഗ്ഗത്തിൻ അഹന്തയെ
നാഥൻ,
നിശിതമായ് വിമർശിച്ച ശബ്ദഗാംഭീര്യം,
പൊറുക്കുവാനാവാതെ തകർക്കുവാൻ
ജൂതർ,
ഒരുമിച്ച കാലം മറക്കുവാനാമോ?

2. ദൈവത്തിൻ സുതനേശു
മർത്യാവതാരത്താൽ
പ്രവചനം സാക്ഷാത്കരിച്ച നേരം
പോലും,
ദൈവത്തിൻ വൈഭവമംഗീകരിക്കാതെ
നിർദ്ദയമായല്ലോ കുരിശിലേറ്റി.

## 90

അധർമ്മങ്ങളെന്തൊക്കെ
ചെയ്തുവെന്നാലും
ഉള്ളം കലങ്ങി നാം നമിച്ചിടുമ്പോൾ,
ഉള്ളതെല്ലാം നന്നായറിയുന്ന ദൈവം
ഉള്ളം വെടിപ്പാക്കും തിരുകൃപയാൽ.

1. മർത്യനെക്കൊണ്ടൊട്ടും കഴിയാത്ത
സൗമ്യമാം
സ്പർശമേകീട്ടവൻ ക്ഷമയേകുമ്പോൾ,
മാലിന്യമെല്ലാം അകന്നുപോയിട്ടുള്ളിൽ,
ശാന്തി കൈവന്നിടും നിമിഷാർദ്ധത്തിൽ.

2. ഉള്ളം നുറങ്ങുന്ന വേളയിലേശുവിൻ
ഹൃദയം വ്യസനത്താൽ വീർപ്പുമുട്ടും;
ആധിയാലുള്ളം വ്യാകുലമാകുമ്പോൾ
തകരാതവൻ കയ്യിൽ വഹിച്ചുകൊള്ളും.

## 91

ഉറവ തുറക്കുന്ന വല്ലഭനാം ദൈവം,
ആത്മാവിൽ തീയെ ജ്വലിപ്പിച്ചിടും,
വചനം ഭക്ഷിച്ചു വളർന്നുവന്നോരേ,
വ്യർത്ഥമായ് തീരല്ലേ ജീവിതങ്ങൾ.

1. കൃപ പെരുകീടുമ്പോൾ
പാപം ചെയ്യല്ലേ,
പാപത്തോടെന്നും വിട പറഞ്ഞീടൂ;
നിത്യനാശത്തിൽ നിന്നാത്മാവു നിന്നെ-
കരകയറ്റും, അതിൽ പെട്ടുപോകല്ലേ.

2. ദൈവത്തിൻ സാന്നിദ്ധ്യം
സജീവമായ് നമ്മെ,
നിരന്തരം നടത്തിടും നേർപാതയിൽ;
കർത്താവുണർന്നിടും, നീയുറങ്ങാതെ;
ഈശാനമൂലനും കെട്ടടങ്ങും.

3. വിശ്വാസമില്ലാതെ ഭീതിയേറുമ്പോൾ,
താങ്ങായ് തണലായ് അരികിലെത്തും;
അവിശ്വാസമെല്ലാം പോയ് മറഞ്ഞെന്നാൽ
അക്കരെയെത്തിക്കും പ്രീയതാതൻ.



## 92

എന്നിൽ നിന്നധികമായൊഴുകേണം
വെട്ടം,
അന്യർക്കു പാത ഞാൻ തെളിച്ചിടേണം;
വിദ്വേഷത്തോടെന്നെ പകച്ചിടുന്നോർ
നാഥാ
തിരുസ്വരമെന്നോടു കേട്ടീടേണം.

1. അപരാധമെന്നോടു ചെയ്യുവാനായി
കത്തിയോങ്ങീടുന്ന ശത്രുവിന്മേൽ,
പുഞ്ചിരിവർഷിച്ചു തിരുനാമം ചൊല്ലാൻ
സർവ്വേശ്വരാ കൃപയേകീടണം.

2. സംശുദ്ധമാനസം
കാത്തുകൊള്ളാനുള്ള-
നിശ്ചയദാർഢ്യം വെടിയാതിരുന്നാൽ,
തോറ്റോടുമേ ശത്രു താളടിയാകുമേ?
ഭീതി വെടിഞ്ഞീടൂ ദൈവപൈതലേ.

## 93

കരവലയത്തിൽ കാത്തുസൂക്ഷിച്ചെന്നെ,
കൺമണിപോലെ കരുതിടുന്നോൻ;
മാറോടണച്ചെന്നെ തോളിലേറ്റുന്നോൻ
അമ്മയേകുമ്പോലെ ഉമ്മയേകും.

1. ഇല്ലായ്മയാൽ നീറിത്തപിച്ചിടുമ്പോൾ,
സംതൃപ്തിയേകുന്നു എന്റെ ദൈവം,
പിറുപിറുപ്പേറുന്ന നേരത്തെൻ ചാരേ,
കൂട്ടിനായെത്തീടും പരമോന്നതൻ!

2. ആത്മാവിലാകെ വിഷാദമേറുമ്പോൾ
ആനന്ദമാകെയും പോയ്മറയും;
സർവ്വേശ്വരാ തവ സാന്നിദ്ധ്യമേകുകിൽ
അഭിഷേകം പ്രാപിച്ചു, സേവിച്ചിടും.

## 94

കർത്താവേ നീ എന്റെ സ്വന്തമായ് വേണം,
കാരുണ്യം കാട്ടുവാൻ കൂടെയുണ്ടാകേണം,
മനസ്സലിവുള്ളോനായ് എപ്പോഴും വേണം,
വഴിനടത്താനായ് നീ തന്നെ വേണം.

1. ക്ഷമയെന്ന ദിവ്യമാം ശീലമെന്നിൽ
നിത്യം,
വർദ്ധിച്ചു വളരുവാനിടയാക്കിടേണം,
ആത്മാവിനമൃതേകുമാനന്ദമെന്നും,
നിലനിന്നിടാനോയ് കൃപയേകണം.

2. തിരുസന്നിധാനത്തിലർപ്പിക്കും യാചന,
തിരുവുള്ളമായ് ചെവിക്കൊണ്ടീടണം,
ആത്മഭാരങ്ങളപ്പാടെ നീങ്ങീടുവാൻ,
ആലോചനാമൃതമേകീടണം.

## 95

കൃപയുടെ ഉറവിടമേ,
സ്നേഹത്തിൻ മധുരിമ ചൊരിയണമേ;
മനസ്സും ധനവും സർവ്വവുമേ
അവിടുന്നേകിയ ദാനമതേ.

1. കഷ്ടതനിറയും ജീവിതവീഥിയിൽ
താങ്ങും കരമായ് പ്രിയനുണ്ട്,
അടിതെറ്റീടാതാത്മപിതാവെൻ
കൂട്ടാളിയായി നടത്തുന്നു.

2. ഏകാകിയായ് മരുയാത്രയതിൽ
ദാഹജലം യാചിക്കവേ,
മരണനിഴലിൻ കീഴിൽ നിന്നും,
വീണ്ടവനെ വിസ്മരിക്കുമോ?

## 96

ജഡമതിൽ ശൂലമുണ്ടായാലേ നീ
കൃപയുടെ വാതില്ക്കൽ മുട്ടി വിളിക്കൂ,
ജഡത്തിൽ ശൂലമില്ലാത്തവർ നന്നേ-
ചുരുക്കമാണോർത്തു നീ ജീവിച്ചിടൂ.

1. നിഗളിച്ചു പോകാതിരിക്കുവാൻ ദൈവം
കാലാകാലങ്ങളിൽ ശോധനകൾ,
മർത്ത്യർക്കേകീടുന്നു നന്മയ്ക്കായ് മാത്രം,
രൂപാന്തരപ്പെട്ടു വിനയപ്പെടൂ.

2. ദൈവത്തിൻ സന്നിധേ
താണിരിക്കുന്നോർ
നിത്യമാം ആനന്ദം പ്രാപിച്ചീടും,
ഭയഭക്തിയോടെ നീ ജീവിക്കുകിൽ കൃപാ-
മാർഗ്ഗം തുറന്നിടും നിന്റെ നേർക്കായ്.

3. ദൈവം തരുന്നതാം സാഹചര്യങ്ങൾ
ഉപയോഗിച്ചാലോ നന്മ തന്നെ;
ഹൃദയം തുറന്നിടാം മനമൊരുക്കീടാം,
നന്മ ചെയ്യാനെന്നും സജ്ജരാകാം.

## 97

മൺകുടമുടയുന്നതുപോലെയെൻ
സ്വപ്നങ്ങൾ
താളടിയായതു മറന്നുവോ നാഥാ?
ചിറകറ്റപക്ഷിയെപ്പോലെ നിൻമടിയിൽ
അഭയം യാചിച്ചില്ലേ നിലം പരിചായ്?
പരിഹാസിയായ് ഞാൻ വേദനയോടെത്ര
വേർപാടിൻ ദുഃഖവും പേറിയെന്നോ?

1. സ്വർഗ്ഗീയഗാനങ്ങൾ പാടി
സ്തുതിക്കുവാൻ
സ്വർഗ്ഗത്തിലേയ്ക്കവർ
എടുക്കപ്പെടുമ്പോൾ
കർത്താവേ അങ്ങയെ പാടിപ്പുകഴ്ത്താൻ
ഏകാകിയായല്ലോ പാർപ്പിച്ചെന്നെ?

2. നാളുകളെണ്ണി ഞാൻ ഗീതങ്ങളെത്രയോ
നാഥനു കാണിക്കയർപ്പിക്കിലും,
ഏറ്റുപാടീടുവാനാരോരുമില്ലാതെ
ഏകനായ് പാടി ഞാൻ കർത്താവിനായ്.

3. തകർക്കപ്പെട്ടെങ്കിലും പ്രിയാ
നിനക്കായ്
പാടുവാൻ നാവെനിക്കേകിയല്ലോ?
ആരെതിർത്തെങ്കിലും ചിട്ടപ്പെടുത്തി ഞാൻ
കർത്താവിൻ ദാനമാം ഗാനങ്ങളെ.

## 98

മഹോന്നതനാമെന്റെ ദൈവപുത്രാ,
തവ മാനസം മമ ഹൃത്തിലേകൂ;
ക്രിസ്തുവേ അങ്ങയെപ്പോലെ ഞങ്ങളും
മാതൃകയായ് നിത്യം ജീവിക്കട്ടേ.

1. കൃപയാലല്ലാതൊന്നും നേടുന്നില്ല,
കരുണാമൃതം വർഷിച്ചനുഗ്രഹിക്കൂ,
കാപട്യമാനസം വെടിഞ്ഞുനിത്യം,
കാൽവരി നാഥനെ പ്രണമിക്കട്ടേ.

2. സന്തതസഹചാരിയായി വേണം
താതാ നിൻ സാന്നിദ്ധ്യം ഞങ്ങളിന്മേൽ,
ആത്മവർഷത്താലീ ദാസരിന്മേലും
അഭിഷേകം അണപൊട്ടിയൊഴുകിടട്ടേ.

## 99

മാറായെ മധുരമായ് മാറ്റിയോനേ,
മാറാത്തവല്ലഭാ സ്തുതി നിനക്ക്;
വ്യർത്ഥമായ് ജീവിതം പാഴാക്കിയാമോയീ-
അല്പനാം തവദാസൻ നിന്റെ സ്വന്തം.

1. അൽപായുസ്സാം എന്നെ
ദീർഘായുസ്സേകി,
ചിത്തശുദ്ധിയാലെന്നെ സുസ്ഥിരനാക്കി;
ജീവന്റെ പാതയെ കൈവെടിഞ്ഞീടാതെ
നിത്യരാജ്യത്തോളം നടത്തേണമേ.

2. വിഘ്നങ്ങളെത്രമേൽ വന്നാലും
തൃപ്പാദ
സേവയ്ക്കു ഭംഗം വരുത്തിടാതെ,
പാലകനായെന്റെ കൂട്ടായിരുന്നെന്നെ-
ശക്തീകരിക്കണേ കൃപാവരത്താൽ.

## 100

മുന്തിരിത്തോട്ടത്തിൽ
അത്തിവൃക്ഷമായുള്ള
എന്നേയും നിന്നെയും നട്ടതോർക്കുകിൽ,
കൃപയെന്നല്ലാതെന്തു ചൊല്ലിടേണ്ടൂ?
വിസ്മരിച്ചീടല്ലേ മഹാദയയെ.

1. ഒന്നിനും യോഗ്യനല്ലാത്തോനെയല്ലയോ
പുത്രത്വമേകി പ്രിയ പുത്രനാക്കി?
താന്തോന്നിയായല്ലോ ജീവിച്ചുമുന്നമേ,
ആകിലും പ്രിയാ നീ വീണ്ടെടുത്തു.

2. ജ്ഞാനത്തെക്കാളും ഭക്തിയെക്കാളും
കർമ്മമാണല്ലോ വലുതായ ദൗത്യം;
ആ ദിവ്യസത്യമെന്നുള്ളിലങ്ങേകി,
നീതീകരിക്കാൻ കൃപ തോന്നിയല്ലോ.

## 101

പകരണമേകൃപ അടിയനിൽ നാഥാ
സൗരോർജ്ജം പോൽ അനുദിനവും,
ഞാനാരാണെന്നറിയാൻ വേണ്ട-
തിരിച്ചറിവുള്ള മനമേകൂ.

1. ദൈവത്തെ മറക്കാൻ
അനുവദിക്കല്ലേ,
പ്രാർത്ഥനയർപ്പിക്കാൻ
മാത്രമാണല്ലോ
ദോഷികൾക്കൊട്ടും സമയമില്ല;
ജീവൻ നിലനിർത്താൻ കനിയുക ദൈവമേ.

2. സ്വന്തസഹോദരർ ശത്രുക്കളായാലും
മിത്രങ്ങളെല്ലാം കൈവെടിഞ്ഞെന്നാലും
അഗതിയെപ്പോൽ അലഞ്ഞകിടേണ്ട;
ജീവരക്ഷകനായ് നാഥൻ കൂട്ടിനില്ലേ?

## 102

യെരുശലേം പുത്രിമാരേ നിങ്ങളെന്തേ-
എന്നെയോർത്താധിയാൽ വിലപിക്കുന്നു?
കരയുവിൻ നിങ്ങൾ സ്വയമായും പിന്നെ-
മക്കളെയോർത്തും കരഞ്ഞീടുവിൻ!

1. അരുമനാഥൻ ചൊന്ന
വാക്കോർത്തു നിങ്ങൾ
അനുതാപപൂർവ്വം കരഞ്ഞീടുകിൽ,
മല്ലുപിടിച്ചതാം യോക്കോബിനെപ്പോലെ-
നിങ്ങൾക്കും പ്രാപിക്കാം നൽവരങ്ങൾ!

2. തന്ത്രങ്ങളെല്ലാം വെടിഞ്ഞിന്നു നീയും
താതന്റെ സവിധേ കരഞ്ഞീടുകിൽ,
അനുദിനമേകും കൃപാവരങ്ങൾക്കൊപ്പം
സമ്പത്തുമായുസും ഹൃദയപൂർവ്വം!

## 103

സ്വന്തനിണം നൽകി വീണ്ടെടുത്തോനേ?
പിന്മാറില്ലൊരിക്കലും പിന്മാറില്ല,
ആത്മാവിൻ ശക്തിയാൽ മുന്നേറും ഞാൻ,
ഉടച്ചുവാർത്തോനല്ലോ എൻ രക്ഷകൻ.

1. വിടുതലയച്ചെന്റ ജീവൻ സമൃദ്ധിയായ്,
വളരുമാറാക്കുന്നു, നീതിമാനാൽ,
കൺകളാൽ കണ്ടനിൻ ദിവ്യസഹായം,
അനുഭവിക്കാനെന്നും കൃപയേകണേ.

2. വാസ്തവമായ് മമ കൺകൾ തുറന്നാൽ
ദിവ്യാനുഭൂതിയാൽ ധന്യനാവില്ലേ?
ഹാഗാറിൻ കണ്ണുകൾ തുറന്ന നേരത്തവൾ,
കണ്ടെത്തി ഉറവ, ജലം നിറയ്ക്കാൻ.

3. ദൈവം തുറന്നതോ ഉറവയല്ല;
കൺതുറക്കാനത്രേ കൃപയുമേകി,
കരുണാമയനേ എൻ കൺ
തുറക്കേണം,
ദിവ്യമാം ദാനങ്ങൾ പ്രാപിക്കുവാൻ.

## 104

ദൈവത്തിന്നാത്മാവു ജീവനെ തന്നില്ലേ?
മരിക്കില്ലിനിയും നീ ജീവിച്ചിടും;
എപ്പോഴും ക്ഷമിക്കുന്ന
സ്നേഹമാണേശു,
തിരുകൃപ വർഷിച്ചു പാലിച്ചീടും.

1. കഷ്ടം സഹിക്കൂ ദൈവ പൈതലേ,
നിത്യതേജസ്സേകാൻ സൂക്ഷിപ്പൂ നിന്നെ;
സ്നേഹവാനാകുമെന്നേശുവിൻ
ദയയെന്നും
ചുറ്റിക്കൊള്ളും സത്യം,
ഓർത്തുകൊൾക!

2. സർവ്വകൃപാലുവാം ദൈവം നിന്നെ,
ദയയോടെ നിത്യം വഴി നടത്തും;
സങ്കടപ്പെട്ടു നീ തകരുന്നുവോ എന്നും?
സർവ്വശക്തൻ നിന്നെ മാനിച്ചിടും.

## 105

ഹൃദ്യമായ് സംസാരിക്കാം, വേണ്ടപ്പോൾ
മാത്രം;
മിണ്ടാതെ, ഉത്തരം പറയാതിരിക്കാം;
കർത്താവു നമ്മെ പഠിപ്പിച്ച പോലെ
നാം-
എപ്പോഴും ധ്യാനിച്ചനുഗമിക്കാം.

1. മനസ്സിലെ ക്ലേശങ്ങളോടേതു വ്യക്തിയും
യേശുവിൻ ചാരേ വന്നുവെങ്കിൽ,
സ്വസ്ഥതയോടവൻ മടങ്ങി വന്നീടും
ഹൃദ്യമായ് യേശുവിൻ വാക്കുകൾ
കേൾക്കും.

2. ഒറ്റപ്പെട്ടോ നീ ഹാഗാറിനെപ്പോലെ,
തിരസ്ക്കരിക്കപ്പെട്ടോ സ്നേഹിച്ചോരാൽ?
ഭയപ്പെടേണ്ടോമലേ രക്ഷകനായ് യേശു,
വിശ്വസ്തനായ് നിന്നെ പാലിക്കാനില്ലേ?

## 106

ക്രിസ്തുവിനോടൊപ്പം യാത്ര ചെയ്യുന്നോർ
പരസ്പരം സംസാരിക്കും നിശ്ചയം!
അറിവുകേടുകൾക്കന്ത്യം വരുത്തും ഭവാനാ-
സായുജ്യദായക നിമിഷങ്ങളിൽ.

1. നിരന്തരം പ്രാർത്ഥന അർപ്പിക്കും
നിമിഷമായ്-
രൂപാന്തരപ്പെടും സംഭാഷണങ്ങൾ;
ജീവിതമൂല്യങ്ങൾ സംരക്ഷിച്ചീടുവാൻ
പ്രേരണയേകുമാ സംഭാഷണം.

2. അകക്കണ്ണു തുറക്കുന്ന നിമിഷമായ് മാറും
കർത്താവിനോടൊപ്പം യാത്ര ചെയ്യുകിൽ!
കൂട്ടായ്മ ആചരിച്ചീടുകിൽ രാപാർക്കും;
ഉജ്ജ്വലസാക്ഷികളായി മേവും.

## 107

ഭൂലോകമാകെ പ്രഭതൂകി മിശിഹാ
കതിരവൻ പോലിതാ ഭൂജാതനായ്,
പാപാന്ധകാരം പാടേയകറ്റാൻ
സർവ്വേശപുത്രൻ ഭൂജാതനായ്.

1. ഹാ! ഇതെന്തത്ഭുതം ദൈവപുത്രൻ,
മാനുഷനായ് ഭൂവിൽ അവതരിച്ചു!
സർവ്വലോകർക്കുമായ് ബെത്‌ലഹേമിൽ
ഭൂലോകപാലകൻ പിറന്നുവല്ലോ?

2. മണ്ണിനും വിണ്ണിനും അധിപനാം
ഈശോ
മനുഷ്യാവതാരം സ്വയം വരിച്ചു!



ഔസേഫും മറിയയും വഴിയമ്പലം കിട്ടാ-
തേശുവുമായ് പാർത്തു ഗോശാലയിൽ.

3. കണ്ണിനെ കണ്ണീരിൽ നിന്നും നമ്മുടെ,
കാലിനെ വീഴ്ചയിൽ നിന്നുമെന്നെന്നും,
ജീവനെ മരണത്തിൽ നിന്നും
വിടുവിക്കാൻ
കാരുണ്യവാനേശു ഭൂജാതനായ്.

## 108

പാരിന്റെ പാപം വഹിക്കാൻ,
മർത്യന്റെ ശാപം ചുമക്കാൻ
ബെത്‌ലഹേം കുളിരണിഞ്ഞപ്പോൾ
രക്ഷകനേശു, ഭൂജാതനായ്.

1. ഹാ! എന്തൊരത്ഭുതവാർത്ത! കേൾപ്പൂ
മാലാഖമാർ ചൊന്ന വാർത്ത!
അത്യുന്നതത്തിൽ മഹത്വം ത്രിയേകാ,
അവിടുത്തെയപദാനം അവർണ്ണനീയം!

2. രാജകുമാരനെ വന്ദിക്കുവാൻ
അജപാലകർ നിരന്നു;
മൂരും പൊന്നും കുന്തുരുക്കവുമായി
നമിക്കുവാനതിവേഗം ശാസ്ത്രിമാരെത്തി.

## 109

കിഴക്കുദിച്ചോരു ദിവ്യതാരകം,
പാശ്ചാത്യർക്കതു തികഞ്ഞോരത്ഭുതം!
പൗരസ്ത്യർ, തിരിച്ചറിഞ്ഞവർ മൂവരായ്,
അത്ഭുതരാജനെ നമിക്കുവാൻ
യാത്രയായ്.

1. അറിവുള്ളോരവർ മൂവരും ഒന്നായ്,
മൂരും പൊന്നും കുന്തുരുക്കവും
കരുതിപ്പോയവർ കാഴ്ചകളേകി
മടങ്ങിയെത്തി, സന്തുഷ്ടരായി.

2. രാജകുമാരൻ പിറന്നതെവിടെ?
അറിയില്ലാർക്കുമേ ആ സത്യം!
വഴിയമ്പലമതിലിടമില്ലാ;
ഗോശാലയതിൽ അഭയം തേടി.

3. ഓർമ്മകൾ നിലനിർത്തീടാനവിടെ,.
പണിയപ്പെടൂ ദൈവാലയം;
യേശുപിറന്നതിനടയാളത്തിൽ
മുട്ടുമടക്കി, വണങ്ങിടാമോ?

## 110

നീതി സൂര്യൻ ഉദിച്ചു...
കാൽവരിക്കുന്നിൽ അസ്തമിക്കാനായ്;
ഉദിച്ചുയർന്ന സൂര്യപ്രഭയിനി-
അസ്തമിക്കില്ലൊരുനാളും;
അവൻ യേശു..
പാപവിമോചക ദൈവം.

1. ദൈവം മനുഷ്യനായീ ഭൂവിൽ
അവതരിച്ചത്ഭുത രാജാവായ്,
രാജകുമാരൻ ജനിച്ച വസ്തുത-
ജ്യോതിശാസ്ത്രമറിഞ്ഞോർ കണ്ടു;
വാനമതിൽ പൊൻതാരകമായ്,
അതത്ഭുതതാരകമായ് മിന്നി.

2. വിദ്വാന്മാരവർ മൂവരുമായ്
രാജോചിതമാം കാഴ്ചയൊടെത്തി,
ബേദലഹേം ഗോശാലയ്ക്കരികിലായ്,
ശാസ്ത്രിമാരുടെ നയനങ്ങൾ,
വാൽനക്ഷത്രം നിരീക്ഷിക്കെ,
സംശയമെല്ലാം അസ്ഥാനത്തായി.

## 111

കുളിരേകും മാസ്മര ലഹരി
നുകർന്നുറങ്ങുന്നോരുകൂട്ടം
അത്യുന്നതന്നേകും മഹത്വത്തിൻ
ധ്വനികേട്ട-
അജപാലകർ തൻ ശിബിരം;
ആഹ്ലാദത്തിമിർപ്പോടുണർന്നു.

1. ദൂതസമൂഹം ബേദലേം
ഗോശാലതന്നിൽ,
ഭൂമിയിൽ ദൈവപ്രസാദമുള്ളോർക്കേകി,
ശാന്തിസമാധാനമെന്നിവയെല്ലാം;
അജപാലകർ കോരിത്തരിച്ചു നിൽക്കേ.

2. ദിവ്യതാരകമന്നു ദർശിച്ചമാത്രയിൽ
രാജാധിരാജനെ നമിക്കുവാനായി,
പൗരസ്ത്യദേശേ നിന്നാഗതർ മൂവർ
അതിവേഗം ബേദലഹേമിൽ വന്നെത്തി.

## 112

ഗോശാലതന്നിലെ മയക്കം മറന്നു,
കാട്ടുകുയിലിന്റെ നാദം ശ്രവിച്ചു;
നിദ്രാവിഹീനരായ് അജപാലവൃന്ദം
സ്വർഗ്ഗീയഗീതികൾ കേട്ടുണർന്നു.

1. സ്നേഹത്തിന്നൂഷ്മള ഭാവമാമേശു
ഹീനനായ് കാലിത്തൊഴുത്തിൽ ശയിച്ചു;
വഴിയമ്പലങ്ങളിലിടമില്ലാതേഴയായ്,
അശരണനാമീശോ ദരിദ്രനെപ്പോൽ.

2. ഹേരോദാരാജനെ പേടിച്ചുദൈവത്തിൻ
ശബ്ദം ശ്രവിച്ചതാൽ മറിയയുമായ്,
കാതങ്ങൾ പിന്നിട്ടു യാത്രയായ് ജോസേഫ്;
യാതനാതീരങ്ങൾ താണ്ടിവേഗം.

## 113

ക്രിസ്തുപിറന്നൊരു നാള്,
ഇതു മാലോകർക്കാഹ്ലാദനാള്;
പാപവും ശാപവും മാനവരിൽ നിന്നു
നീക്കുവാൻ വന്നോരു നാള്.

ഹാ എന്തൊരാനന്ദനാള്!
ലോകർക്കായ് ദൈവം പിറന്നനാള്;
ഹിന്ദുമുസൽമാനും ബുദ്ധനുമെല്ലാം
ഏകദൈവം വന്ന നാള്.

1. ചേരിതിരിവൊന്നും വേണ്ടെന്റെ
യീശോയ്ക്ക്
ഭൂവിൽ ഭരണവും വേണ്ട;
ആകയാലേവരും സാഹോദര്യത്തോടെ-
നിത്യം വസിച്ചിടാം ഭൂവിൽ.

## 114

രക്ഷകനാമെന്റെ ഉണ്ണിപിറന്നപ്പോൾ
നൈവേദ്യമായൊന്നുമർപ്പിക്കാനില്ലാതെ
കോരിത്തരിപ്പോടെ അവനരികിൽ
നൽമനം മാത്രമായ് യാത്രയായി.

1. ലോകത്തിൻ രക്ഷകൻ
ജാതനായോരിടം
ദർശിച്ചവൻ പാദേ ചുംബിക്കുവാൻ,
തത്രപ്പെട്ടെത്രനാൾ കാത്തിരുന്നെൻ
പ്രിയ-
രക്ഷകൻ തൻ ജന്മഗേഹം പൂകാൻ.

2. ആശിച്ചപോലൊരു നാളതിൽ
സർവ്വവും-
സർവ്വേശപുത്രന്റെ പുണ്യപാദേ,
അർപ്പിക്കുവനതി സംത്രാസമോടെന്റെ-
ഹൃത്തടം തേങ്ങുകയായിരുന്നു.

## 115

നിശബ്ദമായൊരു പുണ്യരാത്രി,
പുൽത്തൊട്ടിലിൽ കണ്ട ഉണ്ണിയീശോയെ,
വരവേൽക്കാൻ മൂന്നു രാജാക്കന്മാർ
സുഗന്ധദ്രവ്യങ്ങളുമായി വന്നു.

1. മാലാഖമാരന്നു സ്തുതിപാടവേ,
കൈമാറിയന്നുശുഭാശംസകൾ വാനതിൽ
സാധുജനമിന്നൊരുക്കിടുന്നു;
ദീപാലങ്കാരങ്ങൾ മഹോന്നതന്.

2. വിശിഷ്ടവിഭവങ്ങൾ നിറയുന്നു,
വിശപ്പുള്ളവനന്നം സമൃദ്ധമായ് നൽകും
പ്രത്യാശയുടെ വരദാനമാം
ക്രിസ്മസിന്നാഘോഷമായിടുന്നു.

3. നിറവിന്റെയും പ്രതീക്ഷയുടേയും
വിളംബരമായ് ക്രിസ്തുമസ് മാറിടുമ്പോഴും,
യുദ്ധം നിലയ്ക്കുന്നൊരുനാൾമാത്രം;
ശാന്തിയെക്കാലവും ആശംസിക്കാം.

## 116

സർവ്വജനത്തിനുമാശംസകൾ,

ക്രിസ്തുമസ് ആശംസകൾ!
ആശംസിക്കുന്നിതാ നവവത്സരം കൂടെ,
ആശിഷമാകട്ടെന്നാശംസിപ്പൂ.!

## 117

യേശുവിൻ രക്തത്താൽ മുദ്രയിടപ്പെട്ട
വിശുദ്ധരായ് നാമും ജീവിക്കാമോ?
അധികാരമേവനും സുകൃതമായ് തോന്നാം
യേശുവിൻ മക്കൾക്കോ ഭീതിവേണ്ട.

1. വചനം ഹൃദയത്തിൽ ക്രിയ
ചെയ്തീടുകിൽ
വചനപ്രകാരം ജീവിച്ചിടും,
ആർക്കുമേ കേവലരായ് നമ്മെ കരുതിടാം,
വചനത്തിൽ വളർന്നോർ നിർഭയരാം.

2. കർത്താവിൻ നാമത്തിൻ മഹത്വം വെളി
വാകാൻ
കാത്തിരിക്കാം വീണ്ടും ക്ഷമയോടെ നാം,
താമസിച്ചെന്നാലും ഉത്തരം നിശ്ചയം!
നന്മകൾ നാഥൻ നൽകിടുന്നു.

ഹൃദയത്തിൽ അകൃത്യം കരുതി വച്ചില്ല
ഞാൻ
ആകയാൽ പ്രാർത്ഥന ചെവിക്കൊണ്ടവൻ;
ശത്രുക്കൾ നാണിച്ചു തലതാഴ്ത്തുവാനുള്ള
അത്ഭുതകാര്യങ്ങൾ ചെയ്തു പ്രീയൻ.

## 118

ജയാളിയാമെന്റെ യേശുവുള്ളപ്പോൾ
ജയം നമുക്കെന്നും സുനിശ്ചിതമേ;
യഹോവയെത്തന്നെ ഭജിച്ചവൻ വഴികളിൽ
നടക്കുന്നവർക്കെന്നും ഭാഗ്യമല്ലോ.

1. ദൈവമേ അവിടുത്തെ സത്യത്തിൻ
പാതയിൽ
സഞ്ചരിപ്പോർ തെല്ലും കുലുങ്ങയില്ല,
രാവിന്റെ ഭയവും ഇരുളിൻ പ്രവൃത്തിയും
അലട്ടുകയില്ലൊട്ടും നിശ്ചയമേ.

2. ദൈവം വസിക്കുന്ന കുടുംബങ്ങ
ളൊക്കേയും,
അനുഗ്രഹസമ്പൂർണ്ണമല്ലയോ ചൊൽ?
യെരുശലേമിന്റേതാം നന്മകൾ നിന്നേയും
പിന്തുടരും സദാ തലമുറയായ്.

## 119

താലന്തുകൾ ദൈവം കൈമാറുമ്പോൾ,
വർദ്ധിപ്പിക്കാം നാം തിടുക്കമോടെ;
അഞ്ചുതാലന്താകിൽ പത്താക്കിടാം,
രണ്ടെങ്കിലതിനെയും നാലാക്കിടാം.

1. നല്ലവനേ നീ വിശ്വസ്തനായീടേണം,
ചെറു കാര്യങ്ങൾ താതനേല്പിക്കിലും;
പ്രാപ്തിയെന്തുണ്ടെന്നറിയുന്ന നാഥൻ-
പ്രാപ്തി പോലല്ലയോ നൽകിടുന്നു?

2. യജമാനൻ നൽകുന്ന താലന്തുകൾ,
കുഴിച്ചിടുന്നോർക്കേശു കഠിനനായ് തോന്നും,
ദുഷ്ടനാം ദാസനേ, എന്നവൻ വിളിക്കില്ലേ?
ക്രയവിക്രയം ചെയ്യൂ, താലന്തുകൾ.

3. ദൈവനാമത്തിന്റെ മഹത്വത്തിനായി,
നൽകപ്പെടുന്നതാം താലന്തെല്ലാം,
ഉപയുക്തമാക്കാം പകർന്നു നൽകാം,
സമ്പൂർണ്ണ സമർപ്പണത്തോടെയെന്നും.

## 120

സ്നേഹനാഥൻ കേണുയാചിക്കുന്നു
ക്രൂശിൽ
ദാഹം ശമിപ്പിക്കാനാർത്തിയോടെ
ഭൗതികദാഹം ശമിപ്പിക്കുവാനും
ആത്മാക്കൾ നേടുവാൻ ദാഹമോടും.

1. കർത്താവിനാത്മാവു കാംക്ഷിച്ചീടുന്നു
ദൈവത്തോടൊപ്പം ചേർന്നീടുവാൻ,
തീവ്രമാം ദാഹം ശമിപ്പിക്കുവാൻ നമ്മൾ
കൈയ്പുള്ള കാടികൊടുക്കയല്ലേ?

2. കർത്താവേ അങ്ങയിൽ വിശ്വാസമർപ്പിച്ചു
ജീവജലത്തിന്റെ ഉറവ,
അന്യർക്കായേകുന്ന സുമനസ്സായീടാൻ
ദാഹിപ്പൂ ഞങ്ങളും നാഥാ നിത്യം.

## 121

സങ്കേതപട്ടണം തേടിയലഞ്ഞു ഞാൻ
ജീവൻ നിലനിർത്താൻ കൊതിച്ച നാളിൽ,
നിശ്ചയമുണ്ടായിരുന്നെന്റെ പ്രീയനെൻ
സങ്കേതമാണെന്നുറച്ചിരുന്നു.

1. കലഹക്കാരെല്ലാരും ഒന്നുചേർന്നപ്പോൾ
ഏകാകിയായ് ഞാൻ നെട്ടോട്ടമായി;
ശത്രുവിൻ ദൃഷ്ടിയിൽ നിന്നുമെന്നെ
കാത്തു
ചിറകതിൽ മറച്ചവൻ എന്റെ ദൈവം.

2. മനസ്സില്ലാമനമോടെ മാന്യതയ്ക്കായ്
ഏറെ കൊതിച്ചുവോ മൽമാനസം?
കൊള്ളപോലല്ലോ എൻ ജീവനെ തൻകയ്യിൽ
കാത്തുസൂക്ഷിച്ചേശു ഇത്രയും നാൾകളായ്!

3. അഭിഷേകമേകി ആത്മം വിശുദ്ധിക്കായ്-
വചനത്തിൻ വെളിച്ചവും നൽകി;
നിരന്തരമുള്ളിലെ അന്ധത മാറ്റി,
രൂപാന്തരമേകി മഹൽ സ്നേഹമേശു!

## 122

സ്നേഹത്താലെൻ മനം നിറഞ്ഞിടുമ്പോൾ,
ആനന്ദത്താലുള്ളം തുള്ളീടുമേ;
ക്രിസ്തുവിൻ നിത്യസമാധാനത്താൽ,
ദീർഘക്ഷമയ്ക്കുള്ളമൊരുക്കിടുന്നേ.

1. ദയയോടെയെന്നും പെരുമാറിയാൽ
പരോപകാരിയായ് മാറീടുമേ,
വിശ്വസ്ത മാനസം തുറന്നുവെന്നാൽ,
സൗമ്യതയോടെ നാം ജയം വരിക്കും.

2. ഇന്ദ്രിയങ്ങൾ നമ്മെ ഭരിക്കുമെങ്കിൽ
വിജയം വരിക്കില്ലീ ജീവിതത്തിൽ;
അടിമകളാക്കേണമവയെ നമ്മൾ,
ആത്മാവിൻ ശക്തിയാൽ ജയം വരിക്കാം.



## 123

കയ്യും കണക്കുമില്ലാതെയല്ലോ മർത്യർ-
വേദന തീറ്റുന്നു പുണ്യവാനേ,
ആവോളമാതങ്കഭാരം ചുമക്കുമീ-
സാധുവെ കൈവെടിഞ്ഞീടുമോ നീ?

1. പ്രതികാരം ചെയ്യാൻ ഇടയാക്കല്ലേ
നാഥാ,
പ്രതികാരചിന്തയ്ക്കു വളമേകല്ലേ;
എന്നോടെതിർക്കുന്ന ശത്രുക്കളോടുള്ള
പ്രതികാരമവിടുത്തേയ്ക്കുള്ളതല്ലോ.

2. കർത്താവേ തിരുനാമം
പൂജിതമാക്കുവാൻ
അവിവേകിയാമെന്നെ
തെരഞ്ഞെടുത്തില്ലേ?
ഹാ! എത്ര മഹത്തരം അവിടുത്തെ നാമം!
ശത്രുക്കളുരുകുന്ന സ്നേഹനാമം.

## 124

സുഖമൊരു സത്യമായ്
അനുഭവിക്കുന്നോരേ,
ദുഃഖവുമതു പോലെ നമുക്കേകിടുന്നു;
സ്മരണകളേകുന്ന മുറിപ്പാടുകൾക്കായ്,
ദുഃഖത്തിൻ തീവ്രതയേകിടുന്നു.

1. ആർത്തിരമ്പും തിരമാലപോലെത്തുന്ന
ആനന്ദമെല്ലാം പോയ് മറയാൻ,
കണ്ണിമയ്ക്കുന്നത്ര നേരം പോരേ,
നിങ്ങൾ-
ദൈവത്തെ ഓർത്തെന്നും ജീവിക്കുവിൻ.

2. കാരുണ്യവാനാകും താതന്റെ
കൈകളിൽ
സുരക്ഷിതരായ് നാം നടന്നിടാനായ്,
ദുഃഖങ്ങളും നമ്മളനുഭവിച്ചീടണം,
അല്ലായ്കിൽ ദൈവത്തെ മറന്നുപോകും.

## 125

അമിതബലത്താൽ ശക്തിപ്പെട്ടെന്നും,
ബന്ധനമെല്ലാം തകർന്നു വീഴട്ടേ;
ബന്ധങ്ങൾ യേശുവിനായി മാത്രം നാം
ഊട്ടിയുറപ്പിക്കുകിലനുഗ്രഹമേ.

1. ദൈവഹിതം നാം തിരിച്ചറിഞ്ഞെന്നാൽ
ആത്മാവാൽ വിനീതരായീടുമെന്നും,
ചിന്തകൾ പോലും മാറീടുമപ്പോൾ,
പുതിയോരു മനുഷ്യനായീടുമാരും.

2. ആത്മാവിൽ ബലപ്പെടുന്നേരം നമ്മൾ
ദൗത്യങ്ങൾ വേഗത്തിൽ നിറവേറ്റിടും;
രേഖയിൽ നിന്നും മാറ്റപ്പെടാതെ,
സംപൂജ്യരായെന്നും നിലനിർത്തും നാഥൻ.

## 126

ദൈവത്തിൻ ഹിതമെന്തെന്നാരായുവാൻ
മനമൊരുക്കീടാം നിരന്തരമായ്,
ബിലെയാമിനുണ്ടായ അന്ത്യം ഭവിക്കാതെ
ദൈവശബ്ദം കേട്ടു മുന്നേറിടാം.

1. ഇമ്പശബ്ദം കേൾക്കാൻ കാതോർത്തിടുന്ന-
ശമുവേൽ ബാലനെപ്പോലെയാകാം,
ദൈവത്തിനായിട്ടർപ്പിക്കും മർത്യനെ-
വാലല്ല തലയാക്കും നിശ്ചയമായ്.

2. ക്രിസ്തീയസഭയെ തകർത്തുമുടിക്കുവാൻ
അധികാരപത്രം ലഭിച്ചവരേ,
സാരഥിയാകാൻ കോപ്പുകൂട്ടീടുന്നോ?
ശക്തമായ് പ്രാർത്ഥിക്കാം നിരന്തരമായ്.

## 127

ക്രൂരനായ ശൗലിന്റെ ബുദ്ധിയും
പ്രാപ്തിയും
സൂര്യപ്രകാശത്തെ കവിയുന്ന തേജസാൽ
നിർവ്വീര്യമായപ്പോൾ അന്ധനായ് മാറി;
ഒരു നാൾ;
തിരുസേവയ്ക്കായവൻ മാറ്റപ്പെട്ടു.

1. ദൈവഹിതത്തിനായ്
കീഴ്പ്പെടുന്നോരെല്ലാം
കാതോർക്കും ദൈവത്തിൻ ഇമ്പ
ശബ്ദങ്ങൾ,
തെറ്റുകളേറെ വന്നെന്നാലും ദാവീദോ-
ദൈവത്തിൽ ഹൃദയപൂർവ്വം വസിച്ചു.

2. രണ്ടുരാജാക്കന്മാർ ശമുവേലിൻ
കൈയാൽ
വാഴിച്ചതോർത്തു നാം വിനയപ്പെടാം,
ദൈവം നമുക്കനുകൂലമായുണ്ടെങ്കിൽ
പ്രതികൂലമാരുള്ളൂ സോദരരേ?

3. കീഴ്പ്പെട്ടു ദൈവീക ശുശ്രൂഷ
ചെയ്യാമോ?
ദൈവീകശബ്ദം തിരിച്ചറിയേണം;
ചൂരച്ചെടിക്കീഴിൽ വിശ്രമിക്കുന്നോ നാം?
ഏലിയാവേപ്പോലെ ഓട്ടം തികയ്ക്കാം.

## 128

അഗ്നിമേഘസ്തംഭത്തെഴുന്നെള്ളും
ദൈവം,
പ്രഭാതയാമത്തിൽ സൈന്യത്തെത്തേടി;
ദൈവം പ്രവർത്തിച്ച ഉടൻ തന്നെ
ശത്രുവിൻ-
രഥചക്രങ്ങൾ തെറ്റി ഓടുമാറായ്.

1. കല്പനപോൽ മോശെ തൻ
കരം നീട്ടി,
ചെങ്കടൽ രണ്ടായ് പിരിഞ്ഞുമാറി;
ദൈവജനം വേഗമോടി മറുകര-
താണ്ടിയനേരം കരമുയർത്തി.

2. ശത്രുസൈന്യത്തെ വിഴുങ്ങിയ
ചെങ്കടൽ,
പൂർവ്വസ്ഥിതിയിലായ് കണ്ടു പുലർച്ചെ;
മിസ്രയീമ്യരിൽ ചെയ്ത
ദൈവപ്രവൃത്തികൾ
അത്ഭുതത്താൽ ജനം വിശ്വസിച്ചു.

## 129

സന്തുഷ്ടഹൃദയം പാടിയാർക്കുമ്പോൾ
സന്താപഹൃദയം കണ്ണീർവാർക്കും,
സങ്കേതമായുള്ള നാഥന്റെ ചാരേ,
സർവ്വദുഃഖങ്ങളും പങ്കുവയ്ക്കാം.

1. നീതിബോധം നമ്മെ വേട്ടയാടട്ടേ,
സത്യധർമ്മങ്ങൾ നിലനിന്നിടാൻ;
ദൈവപ്രസാദം തേടുന്ന മർത്യാ നിന്നെ,
ന്യായം പ്രവർത്തിക്കാൻ ഒരുക്കീടുമോ?

2. ദൈവത്തിൻ സന്നിധിയിൽ താഴ്മയോടും
ദയയോടും കാണപ്പെട്ടീടാതെ,
ആയിരമായിരം ആട്ടുകൊറ്റനിലും
തൈലനദിയിലും പ്രസാദിക്കുമോ?

## 130

ദൈവരാജ്യം നമുക്കൊന്നായ്
പണിഞ്ഞിടാം,
സാത്താന്റെ കോട്ടകൾ
തകർത്തെറിയാം;
വാണിടാം ഭൂവിലജയ്യരായെന്നും
ശുദ്ധരാകാം സ്വർഗ്ഗരാജ്യത്തെത്താൻ.

1. വിശുദ്ധനാം ദൈവത്തെ ആരാധിക്കാം,
ആരാധ്യനാമവൻ വിശുദ്ധനല്ലോ;
ഏകനാം പരിശുദ്ധദൈവത്തെ മാത്രം
അനുഗമിച്ചവനെ നാം ആരാധിക്കാം.

2. സാക്ഷ്യമില്ലാത്തതാം ജീവിതമേ,
നിന്നേയും എന്നേയും കാണുന്നവൻ,
കദനഭാരത്തോടെ ചോദിപ്പൂ കുഞ്ഞേ,
നിനക്കായല്ലയോ ഞാൻ മരിച്ചു?

## 131

നിധിമറഞ്ഞിരിക്കുന്ന വയലുകാണാൻ
ക്രിസ്തുവോടൊപ്പം യാത്ര ചെയ്യാം,
ക്രിസ്തുവിൽ ജീവിക്കാം വചനം
ഗ്രഹിക്കാം,
സ്വർഗ്ഗരാജ്യത്തിൽ കടന്നുകൂടാം.

1. ക്രിസ്തുവസിക്കുന്ന ആലയമായ് നമ്മെ
രൂപാന്തരപ്പെടുത്താം, നിരന്തരമായ്;
സ്വർഗ്ഗരാജ്യം നമ്മിൽ മുളയെടുക്കേണം,
നിത്യതയിൽ ഒന്നായ് വസിച്ചിടാനായ്.

2. കൃപപെരുകേണം യേശുവെപ്പോലെ
കൃപപകരേണം നാം നിർമ്മലരായി;
സ്നേഹത്തിൻ മാസ്മര ലഹരിനുകർന്നാൽ
ദൈവരാജ്യം ഭൂവിൽ സ്ഥാപിതമാകും.

## 132

ആശ്വസിപ്പിക്കെന്നെ നാഥാ,
ആത്മവിലാപം നീ കേട്ടില്ലയോ?
ആരും തുണയ്ക്കുവാനില്ലല്ലോ ദൈവമേ
ആർത്തനാദത്തിനിന്നന്ത്യമേകൂ.

1. ഭയപ്പെടേണ്ടൊട്ടും നീ ലജ്ജിക്കില്ല,
ഭ്രമിക്കേണ്ട, നാണിച്ചുപോകയില്ല;
യൗവ്വനനാളിലെ ലജ്ജ മറക്കും നിൻ-
വൈധവ്യനിന്ദയും ഓർക്കയില്ല.

2. തിരസ്ക്കരിക്കപ്പെട്ട വ്യസനത്തിലാണോ?
യഹോവനിന്നെ വിളിച്ചിടുന്നു;
പരിത്യജിക്കപ്പെട്ട ഭാര്യയെപ്പോൽ നിന്നെ-
സ്നേഹമായ് വീണ്ടും വിളിച്ചിടുന്നു.

3. അല്പനേരത്തേയ്ക്കു
മാത്രമുപേക്ഷിച്ചോൻ
മഹാകരുണയാൽ ചേർത്തുകൊള്ളും;
ക്രോധാധിക്യത്താൽ
ക്ഷണനേരത്തേയ്ക്കവൻ,
മുഖം മറച്ചെന്നാലും തകർന്നിടേണ്ട.

4. നോഹയിൻ നാളിലെ പ്രളയം
പോലിനിയും
മുക്കിക്കളയില്ല സത്യമായും;
നിത്യദയയാൽ ഞാൻ കരുണ കാട്ടുന്നോൻ;
ഭർത്സിക്കയില്ലിനി കോപിക്കില്ല.

## 133

ഉള്ളിൽ തട്ടി പ്രാർത്ഥിച്ചാലവൻ
ഉള്ളമലിഞ്ഞു വിടുവിക്കും;
കള്ളമശേഷമില്ലാത്തോരെ;
ഉള്ളത്തിൽ പ്രതിഷ്ഠിക്കും.

1. ചതിയും വഞ്ചനയൊക്കേയും,
വെറുത്തിടുന്നൊരു ദൈവത്തെ.
ഭയപ്പെടാതവനരികിൽ വാ,
അനുതാപത്തിൻ കണ്ണീരാൽ -
ദൈവം വിടുവിക്കും;
അനന്തസ്നേഹം പകർന്നിടും.

2. അമ്മയുമപ്പനുമുറ്റോനും
സമ്മേളിക്കും എന്റെ ദൈവത്തെ,
അടുത്തറിഞ്ഞവനരികിൽ വാ,
വിശുദ്ധസൗഹൃദമേകും.
ദൈവം വിടുവിക്കും;
അനന്തസ്നേഹം പകർന്നിടും.

## 134

ഒരു ദിവ്യശക്തിയെന്നകതാരിൽവന്നെങ്കിൽ!
അമലാ നിൻ ശബ്ദമെൻ കാതിൽ
കേട്ടെങ്കിൽ!
വിനയാന്വിതൻ തവ ദാസൻ സമർപ്പിക്കാം,
മനസ്സും ശരീരവും സമ്പൂർണ്ണമായ്.

1. ആഴങ്ങളിൽ വീണു ചേറ്റിൽ
പുതഞ്ഞൊരീ-
നിർഭാഗ്യവാനെ നീ കരകയറ്റി;
അരുണോദയത്തിന്റെ പ്രഭ
കാണില്ലെന്നത്രേ
ദുർബുദ്ധികൾ വിധി എഴുതിയപ്പോൾ,
തവസ്നേഹമാണെന്നെ ജീവനിലെത്തിച്ചു;
ആ ദിവ്യനാമത്തെ വാഴ്ത്തിടും ഞാൻ.

2. ദാഹാർത്തനായ് നാവു വരണ്ടു
വലഞ്ഞപ്പോൾ,
സ്നേഹനീർ നൽകിയ മഹൽസ്നേഹമേ,
വഴിതെറ്റിപ്പോകാനിടയുള്ള നേരത്തെൻ,
കരം പിടിച്ചെന്നെ വഴി നടത്തി;
തകരുന്ന തോണിയിൽ കാവൽ
മാലാഖയായ്,
കൂട്ടായിരുന്നോനെ വണങ്ങിടുന്നേൻ.

## 135

കരയുവാൻ കൺകളിൽ കണ്ണീരില്ല,
കദനത്തിൻ തേങ്ങലിന്നൊച്ചമാത്രം,
കരുതുവാൻ നല്ലൊരു സ്നേഹിതനായ്

കാരുണ്യവാനായ യേശു മാത്രം.

ഹാലേലൂയ്യാ നന്ദി നാഥാ,
വല്ലഭാ സ്തുതി നിനക്ക്;
കരയുന്ന കാക്കയ്ക്ക് ഭോജനമേകുന്ന
വല്ലഭാ നിത്യം സ്തുതി നിനക്ക്.

1. ലോകത്തിലാരുമേ സ്നേഹമേകാനായ്
ഇല്ലാതെ ദുഃഖത്താൽ വാടുന്നുവോ?
അന്യനായെണ്ണപ്പെട്ടാധി പേറുന്നോ?
ഇനിയൊട്ടും വൈകേണ്ട, കരയേണ്ട നീ.

2. സ്നേഹത്തിന്നതിർ ഞാൻ വിശാലമാക്കും,
രോഗത്തിൻ വേരുകൾ അറുത്തെറിയും,
ദേഹത്തിലാകെ പടരുന്നുവോ വ്യാധി?
ആരോഗ്യമൊക്കെയും നശിച്ചുവെന്നോ?

3. മരണവും മുന്നിലായ് കാണുന്നുവോ?
ഭീതിയൊട്ടും വേണ്ട ഉണർന്നെണീൽക്കൂ;
എൻവേല തികയ്ക്കുവാൻ ഇനിയുമില്ലേ?
സമയം വൃഥാ പാഴിലാക്കിടല്ലേ.

## 136

യേശുവേ നീ മാത്രമെന്നോടിരിക്കുകിൽ
അനർത്ഥങ്ങളനവധി കടന്നുവന്നാലും,
പതറുകില്ലരൂപി കരവലയത്തിൽ-
സുരക്ഷിതനായ് എന്നെ നടത്തുമല്ലോ?

1. ഏകാന്തവേളയിൽ കൂട്ടാളിയാകുന്ന
ആത്മമിത്രം ഭവാൻ നീ മാത്രമേ,
വാതിലടച്ചു കരഞ്ഞു കിടന്നപ്പോൾ
ദുഃഖാർത്തനാമെന്നെ തേടി വന്നു.

2. ഹാ! മഹൽസ്നേഹമേ ത്രീയേക
ദൈവമേ,
ആശ്വാസദായകാ നമിക്കുന്നു;
ഹൃദയഭാരങ്ങൾ വഹിച്ചു മൽ പ്രാണൻ
അത്യഗാധത്തിൽ നിന്നുദ്ധരിച്ചു.



## 137

മറക്കരുതേ ഈ മർത്യജന്മത്തിൽ
ദൈവം നൽകിയ നന്മകളെ;
ദൈവം താൻ സ്നേഹിക്കും
മക്കളെപോറ്റുന്നു,
തിന്മകളിൽ നിന്നു രക്ഷിക്കുന്നു.

1. ദൈവത്തിനായ് നമ്മെ
സമർപ്പിച്ചിടുമ്പോൾ,
ഭൂരിപക്ഷമായ് ദൈവം നമ്മോടെങ്കിൽ ;
ചിന്തയ്ക്കതീതമായ് ഉപയോഗിക്കും സത്യം,
ദൈവീക ശക്തി നമ്മിൽ വെളിപ്പെടുത്തും.

2. ദൗത്യനിർവ്വാഹകരായ് വീണ്ടും
നിൽക്കാതെ
സ്വയമായ് മാറിനിന്ന അനന്യാസെപ്പോൽ,
ഇരുളിൽ പ്രഭ തൂകാൻ
പൗലൂസെപ്പോലെ നാം
കാതോർത്തു കേട്ടിടാമോ ദൈവീകനാദം.

## 138

കഷ്ടങ്ങളെൻപേരിൽ സഹിക്ക കുഞ്ഞേ,
ഇഷ്ടപുത്രനായ് നിന്നെ മാനിച്ചിടാം;
സ്നേഹവാനാമേശു എന്നേയും നിന്നേയും
അനുസ്മരിപ്പിക്കുന്നീ നഗ്നസത്യം.

1. ക്രൂശുവഹിക്ക, നീ ജീവകിരീടം-
സ്വായത്തമാക്കും നിശ്ചയമല്ലോ?
നിന്നെത്തൊടുന്നവരെൻ കൺമണിയെ,
തൊടുന്നുവെന്നോർത്തു നീ ധൈര്യപ്പെടൂ.

2. വേർപാടു ശൂന്യത വരുത്തുകിലും
യേശുവും കരഞ്ഞു വേർപാടിനാൽ;
മനുഷ്യന്റെ ദുഃഖത്തിൽ പങ്കാളിയായ്
മരണത്തിൽപോലും പ്രത്യാശയേകി.

## 139

നാഥാ നിൻ വേലയിൽ ഏഴയാം ദാസനും,
പങ്കുതന്നതിനാൽ നന്ദി സർവ്വേശ്വരാ,
പ്രതികൂലമെന്തെല്ലാം പിന്തുടർന്നാലും
സ്തോത്രം നാഥാ ഞാൻ പിന്മാറില്ല.

1. നീ മാത്രമെന്നോടിരിക്കുകിൽ വല്ലഭാ,
നീതിയിൻ പാതയിൽ ഞാൻ നടക്കും;
നീയെന്നെ കൈവിട്ടാൽ ആരു സഹായിക്കും?
നിത്യസഹായകൻ നീ മാത്രമേ.

2. ആത്മപ്രിയാ തവ സ്നേഹമെന്നെത്തേടി
അത്യഗാധത്തോളം ഇറങ്ങിവന്നില്ലേ?
ആ ദിവ്യ സ്നേഹത്തിൻ
മാധുര്യമോർത്തുഞാൻ
ആജീവനാന്തം പിൻഗമിക്കും.

3. ആരെല്ലാമൊന്നിച്ചെതിർത്തുനിന്നാലും,
അൻപിൻസ്വരം കേട്ടു ശക്തനാകും;
ആലോചനാമൃതധാരയാലുന്നതൻ-
ആമയം നീക്കി നൽ പാതകാട്ടും.

## 140

നിന്നെപ്പിരിഞ്ഞൊരു നന്മയും വേണ്ടെനി-
ക്കേശുവേ നീയെന്റെ പക്ഷം മതി;
നിന്ദിതനായി ഞാൻ ജീവിച്ചനാളുകൾ
പാടേയകറ്റി നീ രക്ഷയേകി.

1. അവിവേകിയായെണ്ണി എന്നെ
ത്യജിച്ചെല്ലാ-
ബന്ധുക്കളുറ്റോരും സ്നേഹിതരും,
അന്നേരമാലംബമായെത്തി നീ മാത്രം,
ആകുലമൊക്കെയും മാറ്റിടാനായ്.

2. പരദേശിയായ് മരുഭൂവിതിൽ ഞാനെന്നും,
പരിഭവിച്ചീടാതെ പിൻഗമിക്കേ,
പുത്രനെപ്പോലെന്നെ സ്വീകരിച്ചേകി നിൻ-
സ്നേഹവാത്സല്യവും പുത്രത്വവും.

## 141

പ്രശ്നസങ്കീർണ്ണമാം ജീവിതയാത്രയിൽ
നമ്മുടെ പ്രശ്നങ്ങൾ യേശുകാണും;
ദൈവത്തിൻ കണ്ണുകൾ
ആവശ്യങ്ങൾക്കെല്ലാം
പരിഹാരം വരുത്തിടും, നന്ദിയേകാം.

1. നിന്റെ മേൽ ദൃഷ്ടിവച്ചാലോചന
യേകാൻ
യേശുവല്ലാതാരു സ്നേഹിതനായി?
പ്രശ്നങ്ങൾ കാണുന്നോൻ
പരിഹാരമേകില്ലേ
ഭീതിവേണ്ടോമലേ ധൈര്യമാകൂ.

2. പർവ്വതതുല്യം നീ കാണുന്ന
പ്രശ്നങ്ങൾ
മെഴുകുപോൽ ഉരുകും ദൈവമുമ്പിൽ;
വിശ്വസിച്ചീടുകിൽ പ്രാപിക്കും
നിശ്ചയമായ്
നന്മ തന്നെ നിനക്കെന്നുമെന്നും.

## 142

ഭയപ്പെടാതേശുവിൽ മാത്രം
ആശ്രയം വെയ്ക്കുകിൽ ഭാഗ്യം!
നിത്യസഹായകനേശു നിന്നെ
നിത്യജീവങ്കലേയ്ക്കാനയിക്കും.

1. എത്ര ഭയങ്കരശോധനയാൽ നീ
വ്യാകുലനായീടിലും
ആകുലനായിടല്ലേ ഭവാൻ നിന്നെ
മാറോടു ചേർത്തണയ്ക്കും.

2. സാത്താന്യബന്ധനമേറി വന്നാലും,
പോരിനായ് വന്നീടിലും,
ഭയന്നിടാതെ, യേശു ഭവാൻ നിന്നെ
കൈകളിൽ താങ്ങിക്കൊള്ളും.

## 143

അറിവുകേടുകൾ ക്ഷമിക്ക പാവനാത്മനേ,
ആകുലങ്ങളാകവേ മാറ്റിടേണമേ;
ആത്മരക്ഷകാ കൃപ നിത്യമേകിടൂ,
ആത്മാവിലമൃതേത്തു നടന്നിടട്ടേ.

1. നന്നിലങ്ങളായ് ഞങ്ങൾ മനമൊരുക്കുവാൻ,
നന്മ ഞങ്ങളിൽ നിത്യം കൈവരിക്കുവാൻ,
നാശയോഗ്യരായിരുന്ന കാലമോർത്തിതാ,
നന്ദിയിൻ മലരുകൾ അർപ്പിക്കുന്നിതാ.

2. അന്തരിന്ദ്രിയങ്ങൾ സർവ്വം നിർമ്മിച്ച
ദേവാ
ആത്മമാരി വർഷിച്ചുള്ളം ശക്തമാക്കുമോ?
ആശകൾ സഫലമായിടട്ടെ ഞങ്ങളിൽ,
ആത്മനാഥനേകിടാം സ്തോത്രയാഗങ്ങൾ.

## 144

ഇടയച്ചെറുക്കനെൻ പ്രാണനെ രക്ഷിച്ച-
സത്യം മറക്കുവാനാവില്ല രാജാ!
ബാലസിംഹത്തിന്റെ വായിൽ നിന്നേഴയെ-
വിടുവിച്ചതെങ്ങനെ മറന്നിടും ഞാൻ?

1. ഇടയനാം ക്രിസ്തുവിൻ നാമം
പുകഴ്ത്തിയാൽ
നിശ്ചയമായവൻ നമ്മേ ഉയർത്തും;
കരുണയാൽ പ്രീയരെ തോളിലേറ്റീടുന്ന-
ദിവ്യനാം ദൈവമാണെന്റെ രാജൻ!

2. ശുദ്ധീകരിക്കുന്ന തൈലമാം രക്തം
ആനന്ദ തൈലമാണഭിഷേകതൈലം!
ജീവനിലാനന്ദമേകിടും ദൈവം
വാക്കുമാറാത്തവനെന്റെ ദൈവം!

## 145

എത്ര സ്തുതിച്ചാലും മതിവരാത്തതാം
നന്മകളോർത്തെന്നും സ്തുതിയേകാമോ?
അദൃശ്യകരവുമായ് അനുദിനം നമ്മെ,
നടത്തുന്ന വിധങ്ങൾ വിസ്മരിക്കല്ലേ?

1. നന്ദിയേകാനുള്ള മനമുണ്ടായെന്നാൽ
വിനയത്തിനുടമയായ് മാറും നീയും!
പരീശനെപ്പോലെ നീതികരിക്കയോ?
തന്നെത്താൻ താഴ്ത്തി നീ ഉയർത്തപ്പെടൂ

2. തെറ്റുകൾ മാത്രം നിറഞ്ഞവനല്ലേ,
എന്നെപ്പോലുള്ളതാം ചുങ്കക്കാരൻ!
താളടിയാകും അഹങ്കാരികൾ നാഥാ
അടിയനെയെത്ര മേൽ സ്നേഹിച്ചു നീ.

## 146

എത്രയോ മാനുഷരീ ലോകത്തിൽ നിന്നും
ക്ഷിപ്രമെടുക്കപ്പെട്ടോർക്കേണമേ;
ആകിലുമെന്നെയീ ഭൂമിയിൽ ദൈവത്തോ-
ടൊപ്പം നടക്കാൻ ക്ഷണിച്ചൂ മഹൽഭാഗ്യമേ.

1. നാവുമുറിച്ചുകളഞ്ഞതാം മർത്യനു
സംഭാഷണത്തിനുകഴിഞ്ഞിടാതെ,
കാൻസറാൽ ഊമനായ് മാറിടുമ്പോൾ,
സ്നേഹവാനാമെൻ യേശുവിൻ
കൃപയാൽ ഞാൻ
പാടുന്നു നാഥനായ് റേഡിയോയിൽ.

2. നന്ദി നാഥാ എന്റെ ജീവനും ദേഹിയും
അത്യന്തംപരമായങ്ങനുഗ്രഹിച്ചില്ലേ?
നിത്യവുമെന്നെ പുലർത്തുന്നതോർത്തെൻ,
ഹൃദയം നന്ദിയാൽ തുടികൊട്ടിടുന്നേ;,
സമർപ്പിക്കുന്നേശുവിൽ ദിനവും.

## 147

എന്തുകൊണ്ടേശുവേ രക്ഷകനായി നീ
പാപിയായിരുന്നോനെ ചേർത്തുകൊണ്ടു?
പ്രശ്നസങ്കീർണ്ണമാം ജീവിതയാത്രയിൽ
പാപരോഗം മാറ്റാൻ കടന്നുവന്നു?
നീയെന്നെ സ്നേഹിച്ചില്ലായിരുന്നെങ്കിലെൻ
ജീവിതം ശൂന്യമായ് മാറിയേനേ;
ആകയാലുള്ളം നിറഞ്ഞർപ്പിച്ചീടുന്നേ,
നന്ദി ഒരായിരം നന്ദി നാഥാ.

1. ആനന്ദസാഗരേ തോണി തുഞ്ഞെന്നെ
സങ്കേതപട്ടണത്തെത്തിക്കുവാൻ,
കാതോർത്തിരുന്നെന്റെ യാചനാശബ്ദങ്ങൾ
കേൾക്കേണ്ട മാത്രയ്ക്കായ് കാത്തിരുന്നില്ലേ?
ആ നല്ല നാഥനെൻ ഹൃദയാർപ്പണം!

2. സൽഗുണപൂർത്തിവരുത്തിടാനായി,
ചെത്തിവെടിപ്പാക്കി യേശുനാഥൻ;
വേദനിപ്പിച്ചെന്റെ നൊമ്പരം കൂട്ടിയോർ
മുന്നിൽ വല്ലഭത്വം വെളിപ്പെടുത്തി
നടത്തിടുന്നുതാ തൻ വിശ്വാസത്തിൽ.

3. തിരസ്കരിക്കാതെന്റെ പ്രാണപ്രിയാ,
പിരിയാതെന്നും വസിച്ചീടട്ടേ;
അഹന്തയൊട്ടില്ലാതെ വിനയത്തോടെ
തിരുസേവയ്ക്കർഹമായ് ജീവിച്ചീടാൻ
സർവ്വേശ്വരാ എന്നെ തുണച്ചീടുമോ?

## 148

എന്റെ ദൈവം സർവ്വശക്തനായെന്നോടു
കൂട്ടിനായുള്ളതാൽ ധന്യനാണു ഞാൻ;
പാപശീലത്തിൽ നിന്നെന്നെ കരേറ്റാൻ
ശക്തനായ് പിന്തുടർന്നെന്തു ഭാഗ്യം!

1. അകക്കണ്ണുതുറന്നെന്നെ
അനുഗ്രമാക്കിയോൻ
അകമേ വസിക്കയാൽ നന്ദിയേകാം,
ആകാശഗോളങ്ങൾ ഒക്കെയും
സൃഷ്ടിച്ചോൻ
അധിപതിയായ് നമ്മെ വാഴിച്ചതാൽ,
നന്ദിയേകാം അവൻ മഹത്വവാനല്ലോ.

2. ഉള്ളിലെ പാപത്തിൻ കളകൾ
പറിച്ചിട്ടു
വിശുദ്ധിയിന്നാത്മാവു സ്ഥിരവാസം
ചെയ്യാൻ,
വഴിയൊരുക്കുന്നോരു സ്നേഹത്തിൻ
വല്ലഭൻ,
അകലാതെയെന്നെന്നും കൂടെയുണ്ട്;
മഹത്വവാനാമവനു നന്ദിയേകാം.

## 149

ഞാനെന്നും പാടി സ്തുതിക്കുമെന്നേശുവേ,
ആത്മാവിലാരാധിക്കും,
എന്തെന്തു ക്ലേശങ്ങൾ നേരിട്ടെന്നാലും
പിന്മാറില്ലന്ത്യത്തോളം.

1. എൻ പ്രീയനെത്രയോ സ്നേഹം
പകർന്നെന്നെ
വീഴ്ചകളിൽ നിന്നു കരകയറ്റി;
സർവ്വരുമെന്നെ ത്യജിച്ച നേരത്തുമാ
സ്നേഹപ്രഭാവൻ തോഴനായ് വന്നു.

2. കാരുണ്യമാർന്നതാം നയനങ്ങളെൻമേൽ
ഇടവിടാതെപ്പോഴും കാവലായി;
ശത്രുവെൻ ജീവിതം തകർത്തെറിയാതെ
ഉറ്റവനായെന്നെ പോറ്റിയില്ലേ.

## 150

ദൈവത്തിൻനാമത്തിൽ കൂടിവന്നീടുമീ
ദൈവമക്കൾ തവദർശനത്താൽ,
സായൂജ്യം പ്രാപിക്കാനാശയോടെത്തി;
ദൈവമേ കരം പിടിച്ചുയർത്തേണമേ.

1. ആരാധിക്കുന്നേ ഭയഭക്തിയോടെ,
ആരാധ്യദേവാ സ്നേഹദാതാ;
ആബാലവൃദ്ധമീ തിരുസുതർ മോദാൽ
വന്ദിക്കുന്നേ തവ പാദങ്ങളിൽ.

2. ദീനദയാലുവാം സംപൂജ്യനേ അങ്ങു
ദാനമായ് അന്നവസ്ത്രാദികൾ തന്നു;
സമ്പൽസമൃദ്ധിയും വിദ്യാധനങ്ങളും
കൈവരിച്ചീടുവാൻ പ്രാപ്തിയേകി.

3. ദൈവമേ നിൻ കൃപയിന്നോളം മക്കൾ
സ്വീകരിച്ചന്വർത്ഥമാക്കിയീ ജീവിതം!
നന്ദിയേകുന്നിതാ വൻകൃപയ്ക്കർഹത-
തീരെ ഇല്ലാത്തവർ നിന്റെ മക്കൾ.

## 151

നാഥൻ നടത്തുന്ന വഴികളോർത്താൽ
നന്ദി ചൊല്ലിത്തീർക്കാൻ കഴിഞ്ഞീടുമോ?
യേശുവേ മഹൽസ്നേഹമേ നന്ദി നാഥാ,
നന്ദി നിത്യം അങ്ങേയ്ക്കർപ്പിക്കുന്നു.

1. ശാശ്വത സ്നേഹത്തിന്നുറവയാം
ദൈവം
ശാപങ്ങളൊക്കേയും അകറ്റിടുമ്പോൾ,
അനുഗ്രഹമേകേണ്ട ദൈവജനം നമ്മെ-
ആശീർവ്വദിക്കാതെ അകലുന്നുവോ?

2. നിത്യവാസത്തിനായ് ഒരുക്കപ്പെടും നമ്മെ,
നിത്യനാം ദൈവം നാൾതോറുമേ,
യാത്രയിന്നന്ത്യം കാണുവോളം പ്രിയൻ
ഇടവേളയില്ലാതെ സംരക്ഷിക്കും.

## 152

നന്ദിയർപ്പിക്കുന്നു നാഥാ,
നന്മകൾക്കൊക്കേയും നന്ദി!
വ്യസനത്തിൻ തീഷ്ണമാം നാളുകളിൽ
തകരാതെ കാത്തതാൽ നന്ദി!

1. പ്രതികൂല കാലങ്ങൾ അതിജീവിക്കാൻ,
കൃപയേകി വഴികാട്ടി നാഥൻ;
കരുണയും ദീർഘക്ഷമയുമായെൻ-
ജീവിതം ധന്യമായ് മാറ്റിയല്ലോ?

2. ആപത്തുവേളയിൽ ഇടറിടാതെന്നെ
ആത്മസുഹൃത്തായ് കരുതിയല്ലോ?
രക്ഷയിൻ സങ്കേതമായ് നാഥനെന്റെ
കാവലായ് ദൂതരെ തന്നുവല്ലോ?

3. ദുരിതത്തിൻ കരിനിഴൽപ്പാടുകളെ,
എത്രയോ വേഗമകറ്റി വീണ്ടും;
സുരനാഥനോടൊത്തുയാത്ര ചെയ്യാൻ
അനുമതിയേകിയോൻ സത്യദൈവം.

4. നിത്യമാം നിന്ദയ്ക്കിട വരുത്തീടാതെ,
സൗഭാഗ്യജീവിതമേകി വീണ്ടും;
പുതുതായ് നൽകിയ കൃപകളോർത്തെന്നെ-
വിനയത്തോടർപ്പണം ചെയ്യുന്നിതാ.

## 153

യേശു എന്നെ ദൈവപൈതലായ്
കരുതലോടെ കാത്തുകൊള്ളുന്നു;
ദുരിതസഞ്ചയങ്ങളാൽ വലഞ്ഞ
നേരമൊക്കെയും
ദൂതസൈന്യമെന്റെ ചുറ്റും കാവലായ്;
അത്ഭുതം! മഹാസ്നേഹമെന്റെ
പ്രിയനെൻ
ശത്രുവിന്റെ മേൽ തീയമ്പു വർഷിച്ചു.

1. സൗഹൃദസന്ദേശത്താൽ, മനം
തിരിയാഞ്ഞാൽ
ബാധകളാൽ സന്ദർശിക്കും
പ്രാണനായകൻ;
ശത്രുവിന്റെ പാതകൾ അടച്ചിടുന്നവൻ
മൃത്യുവിന്റെ പാശമാകെ പൊട്ടിച്ചീടുന്നു.

2. പൂർവ്വപിതാക്കളെ വിടുവിച്ച
മഹൽസ്നേഹം
അനുസ്മരിക്കാൻ നാം തിടുക്കമോടെ
ക്രൂശിന്റെ പാതയിൽ ലക്ഷ്യം
വച്ചോടേണം
ദൈവത്തിൻ മഹൽസ്നേഹം
ആർജ്ജിക്കേണം.

## 154

അന്യനു നന്മയുണ്ടാകുവാൻ എന്നാൽ
എന്തുചെയ്തീടുവാനാകും?
അന്യന്റെ ദോഷം ചികഞ്ഞുനോക്കീട്ടെന്റെ,
മാനസം ദീപ്തമായീടുമോ ചൊൽ?

1. തെറ്റുകൾ ചെയ്യാനോങ്ങുന്ന കൈകൾ
പിൻവലിപ്പിക്കേണം നമ്മൾ;
തെറ്റിപ്പിരിയാതെ സൗഹൃദം കാത്തിട്ടു
നന്മയിലേയ്ക്കു നയിക്ക വേണം.

2. അന്യനുവെട്ടം പകരാനല്ലയോ?
മർത്യജന്മം നമുക്കേകി;
നേർവഴികാട്ടി കുരുടനെയും കൂടെ
അക്കരെ എത്തിച്ചാൽ ധർമ്മമല്ലോ?

3. യാഗങ്ങളർപ്പിച്ചു ദൈവപ്രസാദം-
പ്രാപിക്കുവാനല്ല ദൈവം;
നാരിയിൽ ജന്മം ധരിച്ചു വിശുദ്ധാത്മ-
ശക്തിസ്വരൂപൻ അവതരിച്ചു.

## 155

കഷ്ടതകാണുന്ന കാൽവരി നാഥൻ
നിലവിളികേൾക്കുന്നു ഹൃദയപൂർവ്വം!
സങ്കടമെല്ലാം അറിയുന്ന താതൻ
ശത്രുവിൽ നിന്നും വിടുവിക്കുന്നു.

1. കത്തുന്ന മുൾപ്പടർപ്പിൽ പുതുകാഴ്ച!
നശിച്ചുപോകുന്നില്ലാ മുൾപ്പടർപ്പ്,
വീണ്ടെടുക്കുന്നവൻ മുൾപ്പടർപ്പിൽ നി-
ന്നാനന്ദതീരത്തിൽ എത്തിക്കുന്നു.

2. ഹീനരായ് ഗണിച്ചോരെ സമൂഹമദ്ധ്യേ
ഉദ്ധരിക്കാനായ് അവതരിച്ചോൻ,
സമൃദ്ധിയേകീടുന്നു, ശാന്തി
കൈവരുത്തുന്നു;
നന്മകളനുസ്യൂതം പകർന്നിടുന്നു.

## 156

തീയാൽ ചിലതൊക്കെ ശോഭയേറുമ്പോൾ
ചിലതെല്ലാം അഗ്നി കരിച്ചിടുന്നു;
തീക്കുണ്ഡമായുള്ള അഗ്നിയാം
ദൈവത്തിൻ
പുത്രനായ് ജനിച്ചതാൽ ഭാഗ്യവാൻ
ഞാൻ.

1. അത്ഭുതമായും അതിശയകരമായും
സാധുവാമെന്നെ മെനഞ്ഞവൻ ദൈവം!
കുശവന്റെ കരമതിൽ
കളിമണ്ണുപോലെന്നെ-
പതംവരുത്തീടും തന്നാശപോലെ.

2. എന്റെ ദൈവം എന്നെ
കരുണയാലല്ലയോ
ഇന്നെയോളം കാത്തുപരിപാലിച്ചു?
കരഞ്ഞുകൊണ്ടീ ലോകേ
കടന്നുവന്നോനല്ലോ ഞാൻ;
കരയിച്ചു കൊണ്ടേ കടന്നുപോകൂ.

3. അത്രയ്ക്കുമാത്രമീ ജീവിതം മുഴുവനും-
നന്മയല്ലാതെയൊന്നും ചെയ്തിട്ടില്ല!
തിന്മയ്ക്കു മൗനമായ്
പ്രതികരിച്ചതിനാലേശു
നിർദയമായല്ലോ ക്രൂശിക്കപ്പെട്ടു?

## 157

ദൈവകൃപയാലെന്നെ വഴിനടത്തുന്നു,
ദൈവമെന്നെ വീഴാതെ വഹിച്ചിടുന്നു;
ദൈവമെന്റെ സങ്കേതം കോട്ടയുമായ്,
പാലിക്കുന്നനുദിനം തിരുകൃപയാൽ.

1. നന്ദിയെത്ര ചൊല്ലിയാലും മതിയാകുമോ?
ദൈവം പോറ്റീടുന്നു അല്ലലില്ലാതെന്റെ,
ക്ഷിപ്രമകറ്റേണം നമ്മൾ, കൺകടിയെല്ലാം;
അന്യന്റെ നന്മ നന്നായ് ആസ്വദിക്കേണം.

2. സത്യം ധർമ്മം ഇവ ചെയ്ക, ന്യായം
നീതിയും;
കൈമുതലായ് സൂക്ഷിക്കേണം
അന്ത്യത്തോളവും;
കൈവിടില്ല, നീതി സൂര്യൻ
രക്ഷകൻ യേശു
അന്ത്യത്തോളം കൂട്ടായി കൂടെയുണ്ടാകും.

## 158

നന്മകളനവധി ഒരുക്കുന്നവൻ,
പ്രിയമക്കൾ നമുക്കായ് അനുയോജ്യമാം
പദവികൾ നിത്യം നൽകിടുന്നു.

1. പിശാചിൻ തന്ത്രത്താൽ
വലഞ്ഞിടുമ്പോൾ,
മരുഭൂവിലേയ്ക്കവൻ നയിച്ചിടുമ്പോൾ,
ദാഹജലം കേണുയാചിക്കുന്നേരം
ഉറവ തുറന്നേശു പോഷിപ്പിക്കും.

2. ആത്മമിത്രങ്ങൾ നിന്ദിച്ചനേരത്തും,
ആത്മാവിലെരിവോടെ പ്രാർത്ഥിച്ചതോർക്ക!



ശാന്തിയേകുന്നവൻ തേടിവന്നില്ലേ?
തൃക്കരത്തിൻ താങ്ങി ആശ്ലേഷിച്ചില്ലേ?

## 159

വിശ്വാസമുണ്ടെങ്കിൽ ഒന്നിച്ചു നിൽക്കും,
ആലയമുയരും കർത്താവിനായ്;
പ്രതികൂലമെത്രമേൽ ആഞ്ഞടിച്ചാലും
വിശ്വാസികൾ ഒന്നായ് പണിതുയർത്തും.

1. ഛത്തിസ്ഗഢിലും ഗുജറാത്തിലും
മഹാരാഷ്ട്രാ ഹിമാചൽ പ്രദേശിലും
ആരൊക്കെ എതിരായ് നിന്നീടിലും
യേശുവിൻ ദൗത്യം നാം നിറവേറ്റിടും.

2. ആയുസും ആരോഗ്യം സമ്പത്തുമേ
ദൈവത്തിൻ ഔദാര്യദാനമല്ലയോ?
ദാനമായ് കിട്ടിയ നന്മയെല്ലാം തന്നെ-
അർപ്പിക്കാം കർത്താവിൻ
മഹത്വത്തിനായ്.

## 160

ശൂന്യമാം ഭവനത്തിൽ പൈശാചികൻ
കയറി
ആധിപത്യം നന്നേ പുലർത്തുകില്ലേ?
നയനങ്ങളേശുവിൽ ഉടക്കി
നിർത്തീടുകിൽ
സാത്താന്യബന്ധനം അഴിഞ്ഞുപോകും.

1. നന്മയിൻ അംശങ്ങൾ നിലനിന്നിടാനായ്
തിന്മയാം സാത്താനെ പുറത്താക്ക നാം;
പരിശുദ്ധാത്മാവാൽ നിറയേണം മനസ്സുകൾ
ദിവ്യമാം ജീവിതം കൈവരിക്കാൻ.

2. പാതാള ഗോപുരവാസിയാകും സാത്താൻ
നന്മകളേറെയും തകർത്തെറിയും;
ആ ദിവ്യസത്യത്തെയറിയാത്ത
ലോകരെല്ലാം
വരവേറ്റിടും നിത്യ ശത്രുവെ.

## 161

കോപം ജനിപ്പിക്കാനായുധമാക്കുന്ന-
നാവിനെ നിത്യം കടിഞ്ഞാണിടാം,
നീരസമുണ്ടാക്കാനുത്തമമാണല്ലോ?
നാവിനെ നിത്യം കടിഞ്ഞാണിടാം.

1. നീതിക്കു വേണ്ടി പോരാടാനുള്ളതാം
ദിവ്യമാം ദാനം നാവല്ലയോ?
ക്രോധം ശമിപ്പിക്കാനുപയുക്തമാക്കുകിൽ
സഹിഷ്ണുത കൈവരും സമാധാനവും.

2. ദൈവത്തിൻ സന്നിധേ പാപം ചെയ്യാതെ
നിത്യനാശത്തിൽ പതിക്കാതെ,
നാവിനെ കടിഞ്ഞാണിട്ടനുദിനാഭ്യാസം
ചെയ്യുകിൽ ദൈവം പ്രസാദിക്കുകയില്ലയോ?

3. നാവിന്റെ ദുരുപയോഗം മരണം;
നിത്യനാശത്തിനും വഴിതെളിക്കും,
ഓർക്കണേ സാമൂഹ്യതിന്മയെ വളർത്താതെ-
നാവിനെയനുദിനം നിയന്ത്രിച്ചിടാം.

## 162

എണ്ണിയാൽ തീരാത്ത നന്മകൾ നൽകി,
ഇന്നെയോളം നീ വഴി നടത്തി;
സഭയുടെ ശിരസാകും യേശുവേ നയിക്ക;
നിത്യമാം തുറമുഖത്തെത്തുവോളം.

1. തകരുന്ന ബന്ധങ്ങൾ അനുദിനം സഭയിൽ
വർദ്ധിച്ചിടുന്നേ പരിശുദ്ധനേ,
കൂട്ടായ്മയാലെല്ലാ തിന്മകളും ദേവാ
നീക്കേണമേ, ഞങ്ങൾ ശുദ്ധരാകട്ടേ.

2. സഭയാം കുടുംബത്തിൽ സ്നേഹം
തഴയ്ക്കാൻ
സംശുദ്ധ മാനസം നൽകേണമേ;
സ്നേഹപ്രവാഹമേ സദയം തുണയ്ക്കൂ നിൻ-
ആത്മാവാൽ ബന്ധങ്ങൾ ശക്തമാകാൻ.

## 163

ദൈവത്തിൽ ആശ്രയം വയ്ക്കാം,
മുറുകെ പിടിക്കാം യേശുദേവനെ;
കാലിടറാതവൻ വഴിനടത്തും;
നിത്യത തന്നിൽ കൊണ്ടെത്തിച്ചീടും.

1. ലക്ഷ്യബോധത്തോടെ ജീവിക്കുകിൽ
വഴികാട്ടിയാം ദൈവം കൂട്ടിനെത്തും,
പതറാതെ ഇടറാതെ മുന്നേറുകിൽ,
ലക്ഷ്യത്തിലെത്തിക്കും നല്ലിടയൻ.

3. ശോധനയാൽ മനം നീറുന്നേരം,
പാരിന്റെ നായകൻ ആശ്വാസമേകും;
ജീവിതസൗഭാഗ്യം നേടുന്നോരെല്ലാരും
നിത്യജീവൻ കൂടെ പ്രാപിച്ചെങ്കിൽ!

## 164

നന്മകളാൽ നാം ജീവിതം ധന്യമാക്കാം,
നിത്യതയ്ക്കായെന്നും പ്രയത്നിച്ചിടാം,
അരുതാത്തചിന്തകൾ വലിച്ചെറിയാം,
മനസ്സിന്റെ കരുത്തിനെ പോഷിപ്പിക്കാം.

1. നിന്ദിച്ചോർ മുമ്പാകെ ദൈവമക്കൾ-
അഭിഷിക്തരായ് വേല ചെയ്തിടുമ്പോൾ,
തിരുജനം ഘോഷിക്കും ദൈവ പ്രവൃത്തി-
വെളിപ്പെട്ടുവന്നിടും, ദൈവനീതിയാൽ.

2. പ്രാർത്ഥനയ്ക്കായ് നാം ജാഗരിക്കിൽ
പ്രതിഫലം കിട്ടാതെ പോകയില്ല;
വിശ്വസ്തനാം ദൈവം കണ്ണീരു മാനിക്കും,
ഭാഗ്യകനാനിൽ കൊണ്ടെത്തിക്കും
കൃപയാൽ.

## 165

നാലുവൻകരകളും നാനാ ജാതിക്കാരും
നാഥനാമേശുവെ സ്തുതിച്ചു പാടുമ്പോൾ,
നമ്മെ ഏൽപ്പിക്കുന്ന സുവിശേഷദൗത്യം,
വിസ്മരിച്ചീടാതെ നിറവേറ്റിടാം.

1. ഏകദൈവത്തെ നാം
അറിയുന്നെന്നാലും-
മാനവജാതിയെ പാപത്തിൽ നിന്നും,
കരകയറ്റേണ്ടതിനായല്ലോ നാഥൻ
കാരിരുമ്പാണിയാൽ തറയ്ക്കപ്പെട്ടു.

2. ദുരിതക്കയത്തിൽ നാം
താണുപോകാതെ,
സുസ്ഥിരപാറമേൽ നിർത്തുന്ന നാഥൻ,
കരങ്ങളിലേന്തും ഭുജത്തിൽ വഹിക്കും,
നിത്യതയോളം താൻ വഴി നടത്തും.

## 166

നിന്ദയേൽക്കാനായ് മനമൊരുക്കാമോ?
നിർമ്മലരായ് നാം ഒന്നുചേരാമോ?
പാരിലെ മോഹം നിവർത്തിക്കയില്ലെങ്കിൽ
പാപാന്ധകാരത്തിൽ ദീപമാകാം.

1. കരുവേലകത്തിൻ കൊമ്പിൽ
കുരുങ്ങി നാം
നാശത്തിൻ പാത്രമായ് തീരാതിരുന്നാൽ,
ദൈവം തൻ മക്കൾക്കായേകുന്ന രാജ്യം
താതനോടൊപ്പം നാം വാണീടുമേ.

2. അനുസരിക്കുന്നോർക്കു നന്മ നേടാം,
മക്കൾക്കുള്ളവകാശം അപ്പന്റേതല്ലേ?
നിന്ദാപാത്രമായ് മാറീടിലും നാം,
നിത്യമാം രാജ്യത്തിന്നോഹരിക്കാർ.



## 167

വിശ്വാസത്താൽ, മരണം കാണാതെ-
എടുക്കപ്പെട്ടോനാം ഹാനോക്കിന്റേയും,
പോറലേല്ക്കാതെ ഏകജാതനാകും-
ഇസഹാക്കിനേയും ലഭിച്ച വാർത്ത,
വിസ്മരിച്ചീടല്ലേ നിത്യതയോളം,
വിശ്വാസവീരരായ് യാത്ര ചെയ്യാം.

1. വാഗ്ദത്ത നാട്ടിലേയ്ക്കോടുവിൻ
പ്രീയരേ,
മടുത്തിടാതേശുവെ പിന്തുടരീൻ!
വീഴാതെ തങ്കക്കരമതിലേന്തിടാൻ
ആർദ്രവാനാം പ്രിയൻ കൂടെയുണ്ട്.

2. ഓട്ടക്കളത്തിലേക്കിറങ്ങിടുന്നോരേ
ഓടിത്തികയ്ക്കുവാൻ മറന്നിടല്ലേ,
ലക്ഷ്യത്തിലെത്താൻ തടസ്സങ്ങളനവധി
പ്രതിബന്ധം സൃഷ്ടിക്കാം, പിന്മാറല്ലേ.

3. ഭാരങ്ങളിറക്കിവച്ചാശ്വാസം പ്രാപിക്കാൻ
അത്താണിയാമേശു കൂട്ടിനില്ലേ?
ക്ഷീണമകറ്റിയിട്ടാത്മബലത്തോടെ
ഓട്ടം തികയ്ക്കാം സ്ഥിരതയോടെ.

## 168

ശക്തമായ് കരയാൻ ആഹ്വാനം ചെയ്യുന്നു,
വിങ്ങിപ്പൊട്ടീടുമീ ഹൃദയത്തിൽ നിന്നും;
നിഷ്കരുണം പ്രിയമക്കൾ കർത്താവേ,
വിശ്വാസത്തിൻ പേരിൽ കൊല്ലപ്പെട്ടു.

1. ഏതുകുറ്റം ചെയ്താ വിശുദ്ധമക്കൾ
താതാ!
നിന്നെ പ്രതിയല്ലല്ലോ ചോര ചിന്തി?
എങ്കിലുമെന്തേ തവ, ഭുജബലത്താലങ്ങു
സംരക്ഷിക്കുന്നില്ല തിരുസുതരെ?

2. സ്വർഗ്ഗത്തിൽ ചെന്നിട്ടു പ്രതിഫലം
പ്രാപിക്കാൻ
ബദ്ധപ്പെട്ടല്ലോ ചാകുന്നിവർ?
ആ ദിവ്യസത്യത്തെ അറിയുവോർക്കവിടെ,
സിംഹാസനങ്ങൾ ലഭ്യമല്ലോ?

## 169

ഹൃദയാന്തരാളത്തിൽ തുടികൊട്ടും സംഗീതം
നാഥനായ് പാടാം നാൾകളെല്ലാം,
ആത്മാവിൻ ചിറകടിയൊച്ചയിൻ ഗദ്ഗദം,
ഹൃദ്യമായർപ്പിക്കാം തിരുസന്നിധേ.

1. താളം പിഴയ്ക്കാതെ ചാപല്യം കാട്ടാതെ
താളനിബദ്ധമായ് പാടിയാർക്കാം,
കർത്താവു ഗംഭീരനാദമോടെത്തുമ്പോൾ
വരവേൽക്കാനൊരുക്കമായ് പാട്ടുപാടാം.

2. നിത്യതയ്ക്കായിട്ടൊരുങ്ങിടും മർത്യന്റെ-
നിശ്ചയദാർഢ്യത്തിൽ പങ്കുചേരാം,
രാജസദസിൽ നാം നാണിച്ചുപോകാതെ
നീതിസ്വരൂപനായ് പാട്ടുപാടാം.

## 170

അനീതി തൻ ചെങ്കോലെന്റെമേൽ
വാഴുവാൻ
അനുവാദമേകാതെ സംരക്ഷയേകൂ;
കഷ്ടത നിന്ദകൾ, പരിഹാസ
മേൽക്കുമ്പോൾ
തളരാതെ ക്രൂശിനെ സഹിച്ചിടുന്നേ.

1. പ്രത്യുത്തരം ചൊല്ലാതേതു ദുർഭാഷണം-
കാതുകളിൽ വന്നലയടിച്ചാലും,
ശാന്തനാം യേശുവിൻ തേജസിൻ ദർശനം-
ഹൃദയാന്തരാളത്തിൽ തെളിഞ്ഞുകാണും.

2. ആത്മാഭിമാനം കെടുത്തുന്ന ഹീനമാം
സാത്താന്യ ശക്തിയിൻ തന്ത്രങ്ങളാൽ,
മാനസേയാധി കടന്നാക്രമിക്കിലും,
ശാന്തനായ് യേശുവിലഭയം ഞാൻ തേടും.

## 171

ആശ്വാസമേകുവാനാരുമില്ലീശനേ,
ദേഹിയും ദേഹവും വീർപ്പുമുട്ടുന്നേ;
ക്രിസ്തീയ ജീവിത സൗഭാഗ്യമോർത്തിതാ,
അഭയം പ്രാപിക്കുന്നേ തിരുസന്നിധേ.

1. ഔദാര്യമൊന്നും കൊതിച്ചതില്ലേ തവ-
ഭക്തർക്കങ്ങാലംബമേകിടുന്നു;
അന്നവസ്ത്രാദികളന്നന്നേയ്ക്കുള്ളവ,
ഹൃദയങ്ങൾ കാണുന്നോൻ നൽകിടുന്നു.

2. സൗഭാഗ്യമേറെ ലഭിക്കുവാനായിട്ടു-
നീതിനിഷേധിയായ് തീർന്നിടാതെ,
മാന്യമിത്രങ്ങൾക്കു മാതൃകയാകുവാൻ
വചനത്തിൽ വേരൂന്നി വളർന്നിടാം.

## 172

ഉള്ളത്തിലെപ്പോഴും നീറ്റലാണബ്ബാ,
ശാന്തിയേകാനായ് നീ വരില്ലേ?
താഴ്മയെന്നുള്ളത്തിലെപ്പോഴുമില്ലേ?
അവിവേകമുണ്ടെങ്കിൽ ക്ഷമയേകണേ.

1. യാഹേ അങ്ങുള്ളത്തിൽ വന്നനാൾ
തൊട്ടെൻ-
ജ്ഞാനം വളർന്നിടുന്നത്ഭുതമായ്,
ഒന്നുമേ അറിയില്ലാത്തേഴയിൻ പാദങ്ങൾ
എത്രയോ സോപാനമേറ്റി നിർത്തി?

2. തൃപ്തനാവില്ലയീ ദാസൻ ഒരിക്കലും
അവഗണനയ്ക്കന്ത്യം വരുത്തുവോളം;
വിശ്രമമില്ലാതെ പടവുകൾ കയറി ഞാൻ
സ്നേഹത്തിൻ ചങ്ങല നിർമ്മിച്ചിടാം.

3. ദുരിതക്കയത്തിൽ മുങ്ങിടുന്നേ നാഥാ,
കരം പിടിച്ചുയർത്തണേ താണിടാതെ;
ദയ തോന്നിടേണം മഹാപ്രഭുവേ എന്റെ-
അത്യുന്നതാ സ്നേഹസാഗരമേ.

## 173

ദൈവമേ നീ എന്നെ കേൾക്കാഞ്ഞതെന്തേ?
പ്രാർത്ഥനയ്ക്കുത്തരം നൽകാത്തതെന്തേ?
നിന്നിൽ വസിച്ചു ഞാനെത്രയോ നാൾകളായ്?
വചനവും ഹൃദയത്തിൽ ക്രിയ ചെയ്തില്ലേ?

1. വറ്റാത്ത കണ്ണീരോടെത്രയോ നാൾകളായ്,
തൃപ്പാദപീഠത്തിൽ കാത്തിരുന്നു?
ആരോരുമാശ്വാസമേകുവാനില്ലാത്ത-
ദുർഗ്ഗതിക്കർഹനായ് മാറി ഞാനും!

2. ഹൃദയം തകർന്നു മൽ കണ്ണീരൊഴുകവേ,
കൂടെക്കരഞ്ഞതുമോർക്കുന്നു ഞാൻ;
ആകിലും താതാ എന്നന്തരംഗത്തിലെ
തീ കെടുത്താനെന്തേ വൈകിടുന്നു?

## 174

വേദനയേറുന്നേ ശോധനയ്ക്കൊപ്പമീ-
മാനസവും മർത്യ ശരീരവും;
മാറ്റുമോ സാധുവാം എന്നേയും
വേണ്ടപോൽ?
വ്യാധി വഹിച്ചോനാം പൗലൂസെപ്പോൽ?

1. മറ്റുള്ളോർക്കാർക്കുമേ ഇല്ലാത്ത വേദന,
ദുഃഖവുമെന്റെ മേൽ പെയ്തിറങ്ങാൻ,
എന്തുള്ളൂ ചെയ്തു ഞാൻ, ദൈവമേ
ദോഷമായ്?
നിൻ ദയയ്ക്കർഹത പോയ് മറഞ്ഞോ?

2. കാർന്നു തിന്നീടുന്ന വേദന നിത്യവും
വിട്ടുമാറാതെന്നെ പിൻഗമിക്കേ,
ദൈവമേ എന്തു ഞാൻ ചെയ്തിടേണ്ടൂ,
മഹാ-
സാധുവാം നിൻ പൈതൽ ശാന്തിനേടാൻ.



3. പൗലൂസിനേകിയ ശൂലത്തിലൊന്നുമൽ-
മാറുപിളർക്കാനായേകിയെന്നോ?
സാത്താനതാഹ്ലാദമാകയാലെന്റെ മെയ്,
കുത്തിമുറിപ്പെടുത്തീടുകയോ?

## 175

സർവ്വരുമാഹ്ലാദത്തിമിർപ്പിലിരിക്കവേ,
ഏകാകിയാം ഞാൻ ദൈവത്തെ നോക്കി-
കണ്ണീരൊഴുക്കുകയായിരുന്നു, എന്നും-
കണ്ണീരൊഴുക്കുകയായിരുന്നു.

1. സംഗീതസാന്ദ്രമാം അന്തരീക്ഷത്തിലെ-
സായൂജ്യമെത്രയവർണ്ണനീയം!
ആകിലും ദൈവമേ എന്നുള്ളു ശാന്തമായ്-
മാറുന്നതേയില്ല തെല്ലുപോലും.

2. അജ്ഞാതമായുള്ളനന്തമാം വേദന-
കാർന്നുതിന്നീടുന്ന വേളയതിൽ,
ഗാനം ശ്രവിച്ചുള്ളു തരളിതമായ് ജനം
ആനന്ദസാഗരേയൊഴുകിടുന്നു.

3. വേദനിച്ചീടുന്ന ഉള്ളത്തിന്നാധിയെ-
ശാന്തമാക്കീടുവാനാരുമില്ലേ?
ഏകാന്തനൊമ്പരമെത്രയോ നിർദയം!
ആർക്കുമേയാവില്ലതകറ്റീടുവാൻ.

## 176

വിളിച്ചാൽ കേൾക്കാത്ത ദൈവമുണ്ട്,
ചെവിയുണ്ടെങ്കിലും കേൾക്കാൻ വയ്യ;
ഉത്തരമരുളാൻ നാവുണ്ടെന്നാലോ-
സംസാരിപ്പാനൊട്ടു കഴിയുന്നില്ല!

1. വേണ്ടെനിക്കൊരു നാളും
നിർജ്ജീവദൈവത്തെ,
ആരാധിക്കില്ലൊട്ടു മാനിക്കില്ല;
മർത്യരാൽ നിർമ്മിക്കും ദൈവങ്ങളേ
നിങ്ങൾ-
മനനം ചെയ്യാത്തോർക്കു കൂട്ടാളികൾ!

2. പ്രത്യുത്തരം നൽകി ആദരിക്കുന്നോൻ
നീതിമാനാണെന്റെ സ്നേഹനാഥൻ,
കഷ്ടങ്ങളിൽ തുണയേകുന്ന ദൈവം
കാലിടറാതെന്നെ നടത്തുന്നവൻ.

3. അവനെന്നും നീതിമാൻ; സത്യദൈവം,
ജീവിക്കും നിത്യനാം എന്റെ ദൈവം,
മാറായെ മധുരമായ് മാറ്റുന്നവൻ
പാറ പിളർന്നേകും ദാഹജലം!

4. ആഴിയെ വിഭജിക്കും അത്ഭുതദൈവം,
ശത്രു സംഹാരത്തിനൊപ്പമുള്ളോൻ,
മരുഭൂപ്രയാണത്തിൽ മന്നയേകുന്നവൻ,
ഭോജ്യമായേകും കാടപ്പക്ഷി.

## 177

അനുതാപത്താലും വചനധ്യാനത്താലും
ആത്മശോധനയ്ക്കിടം കണ്ടെത്തും നാൾ!
ക്രൂശിന്റെ പാതയിൽ യാത്ര ചെയ്യാൻ നമ്മെ-
സജ്ജരാക്കീടും നാൾ നോമ്പുകാലം!

1. ദൈവത്തിൻ കൃപയില്ലാതാർക്കു
കഴിഞ്ഞീടും?
അനുതപിച്ചുള്ളത്തിൻ തെറ്റുകണ്ടെത്താൻ?
നാഥാൻ പ്രവാചകനോർപ്പിച്ച നേരത്തു-
ദാവീദിനുണരുവാൻ ഉൾക്കണ്ണ് തുറന്നു.

2. ദൈവത്തെ അറിയുവാൻ
ചെയ്യേണ്ടതെന്തെന്നു-
തിരിച്ചറിവേകുന്ന വിശുദ്ധകാലം,
ഈ നല്ല നാൾകളെ ദൈവത്തോടൊപ്പം
ചെലഴിച്ചീടുവാൻ പ്രാപ്തരാകാം.

## 178

മരുഭൂവിനിരയായ ദൈവമക്കൾ-
വാഗ്ദത്തദേശത്തിലെത്തിപ്പെടാതെ,
ഓർമ്മയായിന്നോളം നിലകൊള്ളുന്നോർക്ക!
ദൈവത്തെയാരും ധിക്കരിക്കല്ലേ.

1. മന്നയും കാടയും ഭക്ഷിച്ചു തൃപ്തരായ്-
മാറിയ ദൈവജനമതിവേഗത്തിൽ,
നന്ദികെട്ടോരായി ദൈവപ്രവൃത്തിയെ-
ഹീനമായെണ്ണി, വരിച്ചു മൃത്യു.

2. അനുസരണക്കേടു കാട്ടിയ മോശെയും
വാഗ്ദത്ത ഭൂമിയിൽ കാൽചവിട്ടാൻ,
അനുമതിയില്ലാതെയകലെയായ് കണ്ടിട്ടു-
കണ്ണടയ്ക്കേണ്ടുന്ന ദുര്യോഗമായ്.

## 179

ഒരുനാളിലിവിടം വിട്ടെല്ലാരും പോകേണം,
അന്യനാടതിലല്ല, സ്വന്തവീട്ടിൽ;
ദുഃഖം പരിഭ്രമമെന്തിനു പ്രീയരേ?
സത്വരമൊരുങ്ങേണം, നേരമായി;
സാത്താനു കൂട്ടായി നിന്നിടല്ലേ.

1. തിളക്കം വർദ്ധിച്ചീടും പ്രിയരേ നമ്മുടെ
ശോധനാദിനമതിൽ അഗ്നിയാലേ;
കണ്ണീരൊഴുക്കി കരഞ്ഞു തൃപ്പാദത്തിൽ
ജീവിതം സമർപ്പിച്ചതോർക്കും പ്രിയൻ!

2. തിന്മ പ്രവർത്തിക്കാൻ ഉത്സുകരായവർ
ചാമ്പലായീടുമന്നാ നിമിഷം!
മരണത്തിന്നധിപതി ന്യായവിധിക്കായി
എഴുന്നള്ളുമേ അതു നിശ്ചയമേ.

## 180

ജറുസലേമിൽ നിന്നും,
യാത്രപോയൊരുവൻ;
ജെറിഹോവിലേയ്ക്കുള്ള കാട്ടുപാതയിൽ;
പാവമയാൾ ആക്രമിക്കപ്പെട്ട ശേഷം,
അർദ്ധപ്രാണനായ് ഉപേക്ഷിച്ചക്രമിസംഘം.

1. ആ വഴി വന്നോരാം, ലേവ്യനും
പുരോഹിതനും-
ശീഘ്രമാലയത്തേയ്ക്കു യാത്രയായി;
ആരാധനയ്ക്കു മുൻപെത്തായ്കി
ലെന്താകും?
വിശ്വാസികൾ തൻ സ്ഥിതിയോർക്കണ്ടേ?

2. ദുഃഖാർത്തനായ് നിണം
വാർന്നൊഴുകി തീവ്ര-
വേദനയോടവൻ ഞരങ്ങീടവേ,
പിന്നിലായെത്തിയോൻ മുറിവുകൾ കെട്ടി,
രക്ഷയേകി നൽ ശമര്യനായി.

## 181

ആത്മാവേ വന്നുള്ളിൽ ആവസിക്കൂ,
ആത്മബലം നൽകി വഴിനടത്തൂ;
വൻതിരമാലയിൽ തകർന്നിടാതെ,
കാവൽ മാലാഖയായ് കൂട്ടിനെത്തൂ.

1. ആത്മാവിൽ വേണ്ടുന്ന ധൈര്യമേകൂ,
ആത്മാവിൻ വാളോങ്ങാൻ പ്രാപ്തിയേകൂ;
തിരുസഭയ്ക്കേറ്റം വിശുദ്ധിയുണ്ടാകാൻ,
കാര്യസ്ഥനായ് വേണം പ്രീയ നാഥാ.

2. സത്യത്തിൻ മാർഗ്ഗം ത്യജിച്ചിടാതെ,
തിരുജനം നേർപാതേ നടന്നീടുവാൻ,
നിരന്തരമേകണേ നിർദ്ദേശമുള്ളത്തിൽ,
ലോകത്തിലെങ്ങും നിൻ സാക്ഷിയാകാൻ.

## 182

ആത്മവരം നൽകൂ പരമപിതാവേ,
നന്നിലമായ് ഞങ്ങൾ വിളവേകിടാം!
വയലേലകളിൽ കൊയ്ത്തിനു പോകാം
ആത്മാക്കൾ നേടാൻ അണി അണിയായ്.

1. ഉയരത്തിൽ നിന്നും ശക്തി താ നാഥാ,
കാത്തിരിപ്പൂ തവ ദാസർ നിത്യം;
പരിശുദ്ധാത്മാവിന്റെ സഹവാസമില്ലാതെ-
സ്വയമായിട്ടൊന്നും കഴിയില്ല പ്രീയാ.

2. ആദിമസഭയിലെ പൂർവ്വികരിൽ,
ദാനമായേകി നീ നവ്യ ശക്തി;
ദിവ്യമാമത്ഭുത സിദ്ധിയിന്നും വേണം പ്രിയാ
അളവില്ലാതേകണേ തിരുകൃപയാൽ.

3. സഹനത്താൽ മനസ്സിന്റെ
നൈർമ്മല്യമെല്ലാം
വികസ്വരമാക്കുകീ ദാസരിന്മേൽ;
പരിശുദ്ധാത്മാവിന്റെ കൃപയാ വരങ്ങൾ
പ്രകാശിക്കാനായ് തുണയേകിടൂ.

## 183

എന്നുള്ളിൽ വന്ന വിചിത്രമാം പ്രാവേ,
ഞാനും പറക്കട്ടേ നിന്റെയൊപ്പം;
രാജ്യങ്ങൾ തോറും സുവാർത്ത പരത്താൻ
തങ്കച്ചിറകേറി പറന്നിടട്ടേ.

1. ശുഭ്രവസ്ത്രം ധരിച്ചാത്മപിതാവിൻ ചാരേ,
നവ്യമാം ഗാനങ്ങൾ പാടി നിൽക്കാനായ്
ഭൂമിയിൽ നിന്നും വിലയ്ക്കു വാങ്ങീട്ടെന്റെ-
നാമവും ചേർക്കൂ നിൻ പുസ്തകത്തിൽ.

2. യെരിഹോവിൻ മതിലുകൾ
പണിയപ്പെടാൻ
താതന്റെ സാമ്രാജ്യം സ്ഥിരമാക്കിടാൻ,
സാത്താന്റെ തന്ത്രങ്ങൾ
തകർത്തെറിയാനായ്
നാഥന്റെ സർവ്വായുധവുമേന്താം.

## 184

ഒരു നാളുമില്ലാത്തൊരാത്മാവിനാവേശം
അനുഭവിച്ചറിയുന്ന ഈ ദിനത്തിൽ,
സകലവും സൃഷ്ടിച്ചു നന്മയ്ക്കായേകിയ-
വല്ലഭനാം ദൈവം കൂടെയുണ്ടല്ലോ?

1. മഹത്വവാനാം പ്രിയ സർവ്വേശ്വരാ തവ-
ദാനമാമാത്മാവിൻ ശക്തിയേകൂ;
വാഗ്ദത്തസന്തതി ജന്മമെടുക്കുവാൻ
ആത്മാവിൽ നിത്യം ഞാൻ പ്രാർത്ഥിക്കുന്നു

2. ഒരിക്കലുമുയരില്ലെന്നെന്റെ നേർക്കെത്രയോ
സ്വാർത്ഥരാം സ്നേഹിതർ വീമ്പിളക്കി!
ദൈവത്തെ മാത്രം സ്നേഹിച്ചു പ്രാർത്ഥിച്ചു
ദിവ്യമാം ദാനങ്ങൾ പ്രാപിച്ചു ഞാൻ.

3. മാനിച്ചിടുന്നെന്റെ വ്യക്തിത്വം തമ്പുരാൻ
ശത്രുക്കൾമുമ്പേയും നീതിപൂർവ്വം!
ആകിലും വിശ്വാസമാകെ തകർന്നപ്പോൾ
മനമാകെ കൂരിരുൾ മൂടിപ്പോയി.

## 185

കുഞ്ഞിളം കാറ്റുള്ളിൽ വീശെണമേ,
ഉള്ളം നിറഞ്ഞു കൊടുങ്കാറ്റാക റ ഒ;
തിന്മയ്ക്കെതിരായിട്ടാഞ്ഞു വീശാൻ,
പരിശുദ്ധനേ കൃപയേകേണമേ.

1. വീശേണമേ കാറ്റായ്, പരിശുദ്ധമനേ
ആത്മഭാരം മാറി ശക്തിയാർജ്ജിപ്പാൻ;
പാരിടമാകെ സേവകരാകാൻ,
പകരേണമേ സർവ്വ ദാനങ്ങളും.

2. അഭിഷേകം നിറയേണം ദാസരിൽ
അകതാരിൽ ആനന്ദം തിങ്ങീടെണം;
കവിഞ്ഞൊഴുകീടും ദൈവീക സ്നേഹം
പകരാം പരസ്പരം എന്നുമെന്നും.

## 186

ദൈവത്തിന്നാത്മാവു വാദിക്കും
കാര്യങ്ങൾ
കാതോർത്തു കേൾക്കുമോ സോദരരേ?
സാത്താന്റെ തന്ത്രങ്ങൾ തിരിച്ചറിഞ്ഞേ
തീരൂ;
ആത്മാവിലാനന്ദം പ്രാപിക്കുവാൻ.

1. മനുഷ്യന്റെ ദൗർബ്ബല്യമറിയുന്ന ദൈവം
മർത്ത്യനേകീടുന്നു നന്മയെല്ലാം;
നന്മകൾ തിരിച്ചറിഞ്ഞീടാത്തവർ
തിന്മകൾ തേടി പുറപ്പെടുന്നു.

2. ആത്മാവു നേർവഴികാട്ടിയെന്നാലും,
നെട്ടോട്ടമോടുന്നു സ്വാർത്ഥരായി;
ആരെതിർത്താലും, ആത്മാവെ പിൻപറ്റി-
യാത്ര ചെയ്വോർ നിത്യരാജ്യം പൂകും.

## 187

വീണ്ടും ജ്വലിപ്പിക്ക സംപൂജ്യനേ എന്നെ,
ചാരമാകും മുമ്പേ ഊതുകെന്മേൽ,
ആളിപ്പടർന്നിടാൻ, സാഹചര്യങ്ങളെ
സൃഷ്ടിക്ക ദൈവമേ ദൈനംദിനേ.

1. നോഹയ്ക്ക് പെട്ടകം
തീർക്കുവാനായിട്ട്
നിർദേശമേകിയ ദൈവമേ നീ,
രൂത്തിനുബോവാസിൻ വയലേല തന്നിൽ
വീണ്ടെടുപ്പേകിയതോർക്കുന്നു ഞാൻ.

2. കാക്കയ്ക്കു കല്പനയേകീട്ടു ദൈവം-
ഭക്ഷണമേകുന്നു ചിട്ടയോടെ,
എന്നെ സുരക്ഷിതമാക്കുന്ന വഴികളും
ഏലിയാവിൻ ദൈവം കണ്ടിട്ടുണ്ട്.

## 188

കർത്താവിൻ സഭയെ കെട്ടീടുവാൻ;
സാത്താനൊരിക്കലും കഴിയത്തില്ല;
ഇടയൻ തന്നാടിനെ പാലിക്കുമ്പോലെ
യേശുതൻ സഭയെ പരിപാലിക്കും.

എനിക്കായ് ക്രൂശിൽ ജീവൻ വെടിഞ്ഞവൻ
ജീവനോടിന്നും നടത്തിടുന്നു,
സ്വർല്ലോകവാസം ചെയ്യുന്ന നാഥൻ
കഷ്ടങ്ങളിൽ തുണയേകീടുന്നു.

1. ശ്രേഷ്ഠരായ് നമ്മെ ഒരാട്ടിൻ കൂട്ടം പോലെ
ദൈവപുത്രൻ പരിപാലിച്ചീടും;
മാറാത്ത സ്നേഹിതനായ് ക്രൂശു വഹിക്കാൻ.
അഭ്യസിപ്പിക്കും നാഥൻ കൂട്ടാളിയായ്.

2. തിരസ്കൃതനോ നീ ജീവിതയാത്രയിൽ?
നിത്യസഹായകനേശു എന്നും;
നന്മയും കരുണയും ദാനമായേകാൻ
ഉണ്ടെന്ന സത്യം നീ മറന്നിടേണ്ട.

## 189

ഞാൻ നിന്റെ ഭവനത്തിൽ വന്നിട്ടു നീ
കാലിനുവെള്ളം, തന്നതില്ല ?
ശിമോനേ നീ ഈ സ്ത്രീയെക്കണ്ടോയിവൾ
കണ്ണു നീരാലെന്റെ കാൽനനച്ചും,
തലമുടിയാലതു തുടച്ചുമില്ലേ?

1. ചുംബനം നീയെനിക്കേകിയില്ലല്ലോ ?
ഇടവിടാതിവളോ എൻ പാദം ചുംബിച്ചു;
നീയെന്റെ തലയിൽ പൂശിയോ തൈലം?
പരിമളതൈലമിവൾ കാലിൽ പൂശി.

2. ആകയാൽ എണ്ണമില്ലാതുള്ള പാപങ്ങൾ -
മോചിച്ചിരിക്കുന്നു ഹൃദയപൂർവ്വം!
അല്പമായ് മോചിച്ചുകിട്ടിയോർ സ്നേഹം,
ഇവളെപ്പോൽ പ്രകടമാക്കീടുമോ ചൊൽ?



## 190

യേശുവേ അവിടുത്തെ സാന്നിധ്യമില്ലെങ്കിൽ
ആത്മീയജീവിതം നിഷ്ഫലമല്ലോ;
ആകയാലങ്ങയോടടുത്തു ജീവിക്കാൻ-
സൗഭാഗ്യമേകണേ കരുണാനിധേ.

1. ജീവിതമമ്പേ പരാജയപ്പെട്ടുപോയ്,
കർത്താവിൻ വാക്കിനു വലയിറക്കാതെ;
വ്യർത്ഥമാണപ്പാ ഞങ്ങൾ തന്നദ്ധ്വാനം
ജീവിതയാത്രയും അർത്ഥശൂന്യം!

2. ശത്രുക്കൾ മുമ്പാകെ മേശയൊരുക്കയാ-
ണനുസരിക്കുന്നവർക്കേകുന്ന നന്മ;
സന്തോഷസൗഭാഗ്യ സമൃദ്ധിയോടെന്നും
വിശ്വൈകനാഥാ നടത്തിടേണം.

3. നവീനമായുള്ള യേശുവിൻ ചിന്തയാൽ!
സോദരർ തമ്മിൽ നിസ്സാരരായ് തീരുമോ?
ആകയാൽ പിന്മാറ്റമെല്ലാമുപേക്ഷിച്ചു-
വചനപ്രകാരം ജീവിച്ചിടാം.

## 191

എത്ര മഹാ അത്ഭുതമേ, യേശു
മഹോന്നതനേ,
അവിടുത്തെ ദിവ്യമാം കരുതലുകൾ
ധന്യം!
മറുവിലയായ് തീർന്ന ദൈവമേ നീ
മഹൽ സ്നേഹത്താലല്ലോജീവൻ തന്നു.

1. ആത്മാവിനേറ്റതാം മുറിപ്പാടുകൾ,
ദൈവീക ദൂതരാൽ ശമിക്കുവോളം,
പരിശുദ്ധറൂഹായെ കാവലാക്കേണമേ,
കരുണാമയനാമെൻ തമ്പുരാനേ.

2. കുരിശു വഹിക്കുന്ന ജീവിതമേ
ദുഷ്കരമെന്നോ തവ ദാസർക്കെന്നും?
ഉയിർത്തെഴുന്നേല്പിന്റെ ശക്തി ധരിപ്പിക്കൂ!
കാത്തിരിപ്പൂ ഞങ്ങൾ ശക്തിയാർജ്ജിക്കാൻ.

## 192

എൻ പ്രിയകാന്തനെ എന്നു കണ്ടീടും?
പൊൻമുഖകാന്തി കണ്ടാനന്ദിക്കും?
ദിവ്യമാമാനനം പുൽകുവാൻ, ചുംബിക്കാൻ
എത്ര നാളായ് പ്രിയാ കാത്തിരിപ്പൂ?

1. ആനന്ദമേ പ്രാണപ്രീയനുമായ് ഞാൻ,
നിത്യമായ് വാസം ചെയ്യുന്ന നാളുകൾ!
ആ നല്ല നാട്ടിലെ ഇൻപവീട്ടിൽ ഞാൻ
എന്നു ചെന്നെത്തീടും പാട്ടുപാടാൻ?

2. തുൻപങ്ങളില്ലാത്ത സ്വർഗ്ഗീയവീട്ടിൽ
കർത്താവോടൊപ്പം യുഗാന്ത്യം വരെ,
ദൂതർ കണക്കെ ഞാനുത്സാഹമോടെ,
തേജസ്സിലാറാടി ആനന്ദിക്കും.

## 193

കണ്ണിമയ്ക്കുനേരം മർത്യന്റെ ജീവിതം
ലോകത്തിൽ നിന്നും എടുക്കപ്പെടും;
ആർക്കുമേ ഒഴിയുവാനാവില്ല മരണത്തെ,
ഒന്നൊഴിയാതെത്തും സർവ്വരിലും.

1. വാഹനയാത്രയിലാകാം വെറും നഗ്ന-
പാദരായ് പോകയിലും മൃത്യുവിൻ,
സംഹാരതാണ്ഡവ ശക്തിവിശേഷം നാം,
കൺമുമ്പിൽ കണ്ടിടാം ഒരുങ്ങിയോ നീ?

2. ഏതുനേരം നമ്മൾ പോകേണമെങ്കിലും
ഒരുക്കമുള്ളോരായ് ജീവിക്കുകിൽ,
ദൈവത്തിൽ ദൂതഗണങ്ങളെ കാവലായ്
നിശ്ചയമായ് നാഥൻ അയച്ചുതരും.

3. ആത്മാവൊരുക്കമുള്ളോർക്കെത്ര
സന്തോഷം!
കർത്താവിൻ വക്ഷസിൽ ചേർന്നീടുവാൻ,
ആ നല്ല നാളിനായി കാത്തിരിക്കാമോ?
നിത്യത തന്നിൽ നാം കണ്ടുമുട്ടും.

## 194

ദൈവം നമുക്കായ് കരുതുന്നില്ലേ?
ആകയാൽ ചിന്താകുലങ്ങളെല്ലാം,
കർത്താവിലർപ്പിക്കാം ശാന്തിനേടാം,
ഹാ! എത്ര ആശ്വാസമാശ്വാസമേ.

1. വിശ്വാസികൾക്കു പിതാവായവൻ,
കല്പന പാലിച്ചു സമ്പൂർണ്ണമായ്,
പുത്രനെ തിരികെ പ്രാപിച്ചതോ,
പ്രവൃത്തിയാലത്രേ; ഓർത്തിടാം നാം.

2. വിശ്വസിക്കുന്നോർക്കിന്നും വിശ്വസ്തൻ,
പ്രാപിക്കാമെന്തുമവങ്കൽ നിന്നും;
കാപട്യമില്ലാതെ വിശ്വസിക്കാം?
ആനന്ദസാഗരേ യാത്ര ചെയ്യാം.

3. ഭാരങ്ങളെന്തെല്ലാമുണ്ടെന്നാലും,
ഏല്പിച്ചിടാമതു തൃക്കരത്തിൽ;
സ്നേഹവാനാകും ദൈവം പുലർത്തും,
പറവകൾപോൽ പറന്നുയരാം.

## 195

പ്രതിസന്ധിയാൽ പരീക്ഷീണരായാൽ,
സാദ്ധ്യതയായ് അവ മാറ്റീടുവിൻ,
ജീവിതവിജയം കൈവരിച്ചീടാൻ,
നിരാശയാകെ നാം മാറ്റീടേണം.

1. ദൈവഹിതം നാം തിരിച്ചറിഞ്ഞെന്നാൽ
കഷ്ടതകൾ നമ്മെ ഞെരുക്കിയാലും,
പ്രത്യാശ കൈവെടിഞ്ഞീടാതെ നിത്യവും
നേർപാതേ തന്നെ നാം യാത്ര ചെയ്യും.

2. ദൈവത്തിൽ നിന്നും അകന്നു
പോയെന്നാൽ
സുരക്ഷിതത്വം നഷ്ടമായീടുമേ,
യാഹെന്ന ദൈവത്തെ
അനുസ്മരിച്ചെന്നാൽ
സംരക്ഷയേകിടും നിശ്ചയമായ്.

## 196

നമ്മുടെ സ്വന്തപിതാവു നമ്മോ-
ടനുദിനയാത്രയതിൽ,
ധൈര്യം പകരാൻ മോചനമേകാൻ
ദിവ്യസമാധാനമേകീടുന്നു;
ആകിലുമടിമകളായിവീണ്ടും
ജീവിക്കാനോ ശീലിച്ചീടുന്നു.

1. പിള്ളത്തൊട്ടിലതിലുപേക്ഷിക്കുന്നൊരു
തള്ളയല്ലെൻ പ്രീയനാഥൻ;
മുറിവേറ്റു നിണമൊഴുകീടുന്നേരം
കരുണാമയനാ് നാഥനെത്തും.

2. തോളതിലേന്തിനടത്തീടുമിടയൻ,
മാറോടണച്ചു പുൽകീടും;
കുഞ്ഞാടായ് നാഥൻ തോളിലേറ്റീട്ടവനെ
അക്കരെയോളം നടത്തീടുമേ.

## 197

ശാന്തിയിൻ തുറമുഖം ലക്ഷ്യമാക്കീടാം,
ശാപാന്ധകാരങ്ങൾ അതിജീവിക്കാം;
നിത്യാനന്ദം പ്രാപിച്ചാത്മനിയോഗത്താൽ
കർത്താവിൻവയലതിൽ വിത്തെറിയാം.

1. ഒരു ദിനം വിത്തുകൾ മുളച്ചുപൊങ്ങും,
തഴച്ചു വളർന്നവ പുഷ്പിച്ചീടും;
കളകൾ നിരന്തരം ശല്യം ചെയ്താലും
ഉടയവനാമേശു നശിപ്പിച്ചീടും.

2. വേലക്കാരെല്ലാം കൂലിക്കുയോഗ്യരല്ലോ;
അദ്ധ്വാനിക്കാം നന്മകൾ പ്രാപിച്ചീടാം,
ആത്മാവിൽ വളരാം കൊയ്ത്തിനിറങ്ങീടാം
വയലേലകൾ തോറും കൊയ്തുകൂട്ടീടാം.

## 198

അപ്പാ എന്നോടു കരുണകാട്ടേണമേ,
നിൻ പ്രിയ പുത്രനായ് സ്വീകരിക്കേണമേ,
അകൃത്യങ്ങളെന്നിൽ വന്നു പോയെങ്കിലോ,
ദയവായി ക്ഷമയേകി ആശ്ലേഷിക്കൂ.

1. നീചകൃത്യങ്ങൾക്കൊരിക്കലുമെന്നെ നീ,
അനുവദിച്ചീടാതെ പാലിക്കണേ;
സന്മനസ്സുള്ളോർക്കു കൂട്ടാളിയാകാൻ
തെരഞ്ഞെടുക്കേണം എന്നേയുമേ.

2. അവിടുന്നു ദാനമായേകുന്ന നന്മകൾ
പങ്കുവച്ചീടുന്ന മനമേകണം;
ആകുലചിത്തരാം നിൻ മക്കളോടെന്നും
അനുകമ്പ കാട്ടാൻ കൃപയേകണേ.

3. ഇല്ലായ്മയാലെന്റെ മനം തളർന്നീടാൻ
ഇടയായിടാതെന്നെ കാത്തിടേണം,
അന്നന്നേയ്ക്കുള്ളതാം ഭോജ്യങ്ങളും സദാ-
സാന്നിദ്ധ്യവും വേണം പ്രിയ രക്ഷകാ.

## 199

അപ്പാ കേഴുന്നിതാ,
തിരുസുതർ പാദാന്തികേ,
തിരുസ്വരം ശ്രവിച്ചീടുവാൻ,
അഭയം തേടുന്നിതാ.

1. അകലങ്ങളിൽ, വചനങ്ങളെന്നെന്നും-
തവദാസർ വിളമ്പാൻ പോകേണമോ?
അവ്യക്തമായുള്ള നിർദേശം പോരാ മൽ-
പ്രീയന്റെ വാക്കുകൾ അനുസരിക്കാം.

2. തിരുസേവയാൽ നിത്യം വിശപ്പടക്കാൻ
അഭിഷേകജ്വാലയിൽ നിർത്തീടുമോ?
അരുതാത്ത പാതയിൽ പാദം വയ്ക്കാതെ,
നേർപാതേ ദാസരെ നടത്തേണമേ.

## 200

അനന്യാസായ് രൂപാന്തരപ്പെട്ടു
പ്രാർത്ഥിക്കാൻ
സ്നേഹമോടേശു ക്ഷണിച്ചിടുമ്പോൾ,
ഉപദ്രവിക്കുന്നോർക്കുവേണ്ടി നീ
പ്രാർത്ഥിച്ചാൽ
ദൈവത്തിൻ മനസ്സായ് മാറിടും നീ.

1. ക്രിസ്തുസഭയ്ക്ക് നിരന്തരശല്യമായ്-
ശൗലിന്റെ ജീവിതം മാറിയപ്പോൾ,
ശൗലിനുവേണ്ടി പ്രാർത്ഥിക്കുവാനായ്,
ദൈവം നിയോഗിച്ചനന്യാസിനെ.

2. ശ്രേഷ്ഠ ദാസന്മാരെ വാർത്തെടുക്കാനായ്-
ഒന്നിച്ചു പ്രാർത്ഥിക്കാൻ, അണിചേരാം,
ദൈവരാജ്യത്തിന്റെ വിസ്തൃതിക്കായ്
അനന്യാസിനെപ്പോലെ ജീവിക്കാം.

## 201

ആത്മാവിലെരിവോടെ പ്രാർത്ഥിക്കാമോ?
ആലംബഹീനരെ കൈതാങ്ങാമോ?
ആകുലാത്മാവിനു ധൈര്യമേകാമോ?
ആത്മനാഥൻ നമ്മെ കരുതിക്കൊള്ളും.

1. വ്യാകുലചിത്തം പേറുന്നോരേ,
വ്യർത്ഥമാം ചിന്തകൾ കൈവെടിയാം,
വ്യക്തമാം ലക്ഷ്യം കൈവരിക്കാൻ,
വ്യക്തിബന്ധം വേണം യേശുവുമായ്.

2. നന്മകൾ മാത്രം ചെയ്യുവാനായ്,
നൽവരങ്ങൾ തേടാം നിത്യവും നാം;
നാളുകൾ മുന്നിൽ ചുരുക്കമോർക്കാം
നാഥൻ വരവും സമാഗതമായ്.

## 202

ആലയങ്ങൾമുറ്റും സ്വർഗ്ഗമാകട്ടേ,
ദൈവത്തിൻ സാന്നിദ്ധ്യം നിറഞ്ഞിടട്ടേ,
ദൈവം വസിക്കുന്ന ആലയങ്ങൾ
സ്വർഗ്ഗസമാനമായ് മാറുമല്ലോ?

1. തിരുസന്നിധാനത്തിൽ പകരുന്ന
പ്രാർത്ഥന-
ദിവ്യമാം യാഗമായ് മാറിടട്ടേ,
പരിദേവനങ്ങൾക്കുപരിഹാരമേകി,
പരിശുദ്ധനേയങ്ങനുഗ്രഹിക്കൂ.

2. ആത്മാവിൽ തിരതല്ലും ആനന്ദമേകൂ,
ആവസിക്കെന്നിൽ പരമാത്മനേ,
ദൈവമേ അവിടുത്തെ ഹിതം
നിറവേറ്റാൻ
ഞങ്ങളേയും നീ വേർതിരിക്കൂ.

## 203

ആത്മാവിലെരിയുന്ന കനൽ കെടുത്താൻ
യേശുവേ നീയല്ലാതാരുമില്ല!
കദനഭാരത്താൽ തേങ്ങുന്ന ഹൃത്തുമായ്
തിരുസവിധേയിതാ നമിച്ചിടുന്നേ.

1. തിരുസ്വരം കാതുകൾക്കിമ്പമല്ലോ?
ഹൃദയത്തിനാനന്ദ പീയൂഷമേ;
ശാന്തഗംഭീരമാം നാദം ശ്രവിക്കാനായ്,
കാതോർത്തിടുന്നിതാ വാഞ്ഛയോടെ.

2. നേർപാതവിട്ടു ചരിച്ചതിനാൽ;
ദുർവ്വിധിയെന്നുമേ പിന്തുടർന്നില്ലേ?
അരുമനാഥൻ പേർക്കു ചെയ്തതൊക്കേയും
വിസ്മൃതകൂപത്തിലാഴ്ന്നുവെന്നോ?

3. അനുഗ്രഹമാരി ചൊരിഞ്ഞീടണേ,
അനുഗ്രഹമാക്കണേ ഞങ്ങളേയും;
തിരുനാമമെന്നും മഹത്വീകരിക്കാൻ
ഉപയോഗിണേമേ ദാസരെ.

## 204

ആശ്വാസമേകുവാനേശു മാത്രം,
ആലംബഹീനർക്കെന്നേശു മാത്രം;
ആകുല ഭാരത്താൽ ക്ഷീണിതരാകുമ്പോൾ
ആമയം നീക്കുന്നു ദൈവപുത്രൻ.

1. ആത്മാവിലെരിയുന്ന ചൂളകത്തുമ്പോൾ,
ആശ നിരാശയായ് പരിണമിക്കുമ്പോൾ,
ആരുള്ളൂ തുണയേകി താങ്ങി നിർത്തീടുവാൻ
ആശ്വാസദായകാ മറ്റാരുമില്ല?

2. ആകാശ ഗോളങ്ങളൊക്കെയും
നിർമ്മിച്ച-
ആദിപരാശക്തി നീ തന്നെയല്ലയോ?
ആത്മനാഥാ വരൂ തവ മക്കളിൻ ചാരേ,
ആമോദമേകുവാൻ മനസ്സായിടൂ.

## 205

ഇൻപങ്ങൾ പങ്കിടാൻ ബന്ധങ്ങൾ
ശക്തമായ്,
ജീവിതനാളെല്ലാം കാത്തുസൂക്ഷിക്കാൻ;
ദൈവമേ എനിക്കൊരു പിൻബലം
നൽകണേ,
കാരുണ്യം കാട്ടി നീ വഴിനടത്തേണം.

1. ദുസ്സഹമാകുമീ ജീവിതയാത്രയിൽ,
സോദരരെല്ലാരും കൈവെടിയുമ്പോൾ,
സത്യങ്ങളാരുമേ ഉൾക്കൊണ്ടിടാതല്ലോ
കോപിഷ്ഠരാകുന്നു, ബന്ധുക്കളും!

2. സ്നേഹസമ്പന്നനാം ദൈവമേ
തൃക്കരം
മക്കളിന്മേൽ നിത്യം കൂട്ടിനുണ്ടല്ലോ?
ആകയാലേഴയ്ക്കു ഭീതിയൊട്ടില്ലിഹേ;
സർവ്വേശ്വരാ ഞാൻ നിന്റെ സ്വന്തം!

## 206

എന്റെ ജീവിതം നിനക്കു
യോഗ്യമായിടാൻ
എന്തു ഞാൻ ചെയ്യേണ്ടൂ യേശുപരാ?
ആരിലും അധികമായ് സ്നേഹിപ്പൂ
നിന്നെ ഞാൻ,
ആത്മമാരിയാലുള്ളം നിറയ്ക്കേണമേ.

1. ദൈവത്തിൻ സ്നേഹം
പങ്കുവയ്ക്കുമ്പോൾ
ശത്രുവാം സാത്താൻ വിരണ്ടോടിടും,
സാത്താന്യബന്ധനത്തിലുഴലു
ന്നോരെങ്കിൽ
ദൈവമക്കളാകിലും സ്വാർത്ഥരല്ലയോ?

2. കർത്താവേ നീയെന്റെ പക്ഷമെന്നും
നായകനായ് വേണമത്യാശയേ;
നൽവരങ്ങൾ നൽകി
നിത്യതയോളമെന്നെ-
വഴിനടത്തീടണേ കരുണാനിധേ.

## 207

ഏകാന്തരാവുകൾ ഭീതി വിതച്ചപ്പോൾ
ആശ്വാസമായ് വന്ന തമ്പുരാനേ,
ആരോരുമില്ലാത്ത ശൂന്യതയിൽ വന്നു-
മാറോടണച്ച മൽ സ്നേഹം നീയേ.

1. നിന്നെപ്പിരിഞ്ഞൊരു മാത്രപോലും
നാഥാ,
ജീവിക്കുവാനിടയാക്കരുതേ;
ആപത്തുവേളകൾ ഭീതിവിതയ്ക്കാതെ-
ആത്മബലം നൽകി പാലിക്കണേ.

2. തിരുനാമകീർത്തി മുഴക്കുവാനെന്നാളും
തവദാസനേകൂ അഭിഷേകവും,
വരദാനപ്രാപ്തനായ് തിരുസേവചെയ്യാൻ,
പരിശുദ്ധാത്മാവെന്നിൽ നിറയ്ക്കേണമേ.

## 208

എത്ര മേലാശിച്ചു തേടിയലഞ്ഞു ഞാൻ,
പൊൻമുഖം ദർശിച്ചു ശാന്തിപൂകാൻ;
കാരുണ്യമർഹിക്കാൻ യോഗ്യനല്ലെന്നോ?
ഒരു നോക്കു കണ്ടെങ്കിൽ നന്ദിയർപ്പിക്കാം.

1. അപരാധമെന്തെന്നിൽ? ശാന്തി കെട്ടീടാൻ!
സദയം ക്ഷമയേകി വീണ്ടെടുക്കൂ;
തിരുമാർവ്വിറപ ചാരിടാൻ സേവകനായിടാൻ
തിരു രാജ്യവർദ്ധനയ്ക്കർഹനാകൂ.

2. കൊടിയതാം വ്യഥയാണെന്നകതാരിൽ,
ശോധനയാലീ മനവും നീറുന്നേ;
ദയ തോന്നാനാരാനുമുണ്ടായെങ്കിൽആ മമ-
പ്രിയാ എൻ ഉൾക്കാമ്പിലാശയേറുന്നേ.

## 209

കരുണയാൽ വഴിനടത്തൂ,
ആരാധ്യദേവാ നമിക്കുന്നിതാ;
അന്തരാത്മാവിന്റെ വേദന നീക്കൂ,
ഹൃദ്യമായാരാധിക്കാം.

1. മാനുഷരെല്ലാം സ്വാർത്ഥരാകുമ്പോൾ-
നിസ്വാർത്ഥ സ്നേഹം ത്യജിച്ചിടുന്നു,
ആത്മാവിൻ നിർവ്യാജസ്നേഹം
ത്യജിക്കുവോർ-
ലോകത്തിൻ പിൻപേ പോയിടുന്നു.

2. ഇൻപസ്വരത്തിനായ്
കാതോർത്തിടുമ്പോൾ,
ക്ഷുഭിതരായ് ശബ്ദമുയർത്തിടുന്നോർ,
സത്യസ്വരൂപന്റെ ഹൃദയാഭിലാഷം-
പാടേ മറക്കുന്നു സാത്താന്യരായ്.

## 210

കണ്ണീർ കാണണമേ സ്വർഗ്ഗപിതാവേ
കണ്ണീർ കാണണമേ;
ഹൃദയം തകർന്നു പ്രവഹിക്കും മമ-
കണ്ണീർ കാണണമേ.

1. വചനം കാലിനു ദീപമായ്
പാതയ്ക്ക് പ്രകാശമായ്,
സ്വർഗ്ഗീയാഗ്നി നടത്തിയ വഴികൾ
ഓർത്താൽ ഹൃദയംനിറയുന്നേ,
സന്തോഷത്തിര തള്ളുന്നേ.

2. സൗഖ്യമേകീടും പ്രിയ ദൈവം
കണ്ണീർ മാറ്റിത്തരും;
ആയുസുമാരോഗ്യം സമ്പത്തുകളും
അത്ഭുതജീവനുമേകീടും;
സായൂജ്യത്താൽ വാണിടുമേ.

## 211

കർത്താവേ എന്നെ കരങ്ങളിൽ
വഹിക്കേണമേ,
നശിച്ചുപോകാതെന്നെ കാക്കേണമേ;
അപരാധമൊന്നും കണക്കിടാതടിയാനെ,
തിരുമാർവ്വിൽ സ്വീകരിച്ചാശ്വാസമേകൂ.

1. തവ സ്നേഹമെത്രനാൾ
നുകർന്നൊരീയേഴ,
കാരുണ്യമെത്രയോ പ്രാപിച്ച ദാസൻ!
ആകിലും ദൈവമേ വഴിതെറ്റി ഓടിയീ-
അവിവേകിയാം പുത്രൻ നിന്നിൽ നിന്നും!

2. ലംഘനമൊക്കേയും ക്ഷമിക്കണേ
താതാ,
പാപിയായ് പാരിതിൽ ജീവിക്കാൻ വയ്യേ;
ആത്മാർപ്പണം ചെയ്യും ഉള്ളം നീ കാൺക;
നേർവഴി തന്നിൽ നടത്തീടുക.

## 212

കണ്ണീർകണങ്ങൾ നന്ദിയായർപ്പിക്കാം,
എണ്ണിയാൽ തീരാത്ത നന്മ തന്നോനേ;
തിരുസന്നിധാനത്തിൽ അർപ്പിക്കും കാഴ്ചകൾ
ഹൃദ്യമായ് കൈക്കൊൾക നീതിമാനേ,

1. കരുണയിൻ കരമൊന്നു നീട്ടണേ താതാ,
കാരുണ്യം ഞങ്ങളിൽ പകരേണമേ,
തിരുമാർവ്വിൽ അഭയം പ്രാപിക്കും ഞങ്ങൾ,
സായൂജ്യം പ്രാപിക്കാൻ കൃപ തോന്നണേ,

2. തിരുസുതരായ് മഹാകാര്യങ്ങളേയ്ക്കായ്
നിവർത്തിക്കുവാനെന്നും ശക്തിയേകൂ,
ലഭ്യമായീടുമീ ക്ഷണനേരമതിനുള്ളിൽ
സാക്ഷ്യമുള്ളോരായി മാറ്റണേ പ്രീയാ.

## 213

കർണ്ണപുടങ്ങൾക്കു പീയൂഷമായുള്ള-
ദൈവീക സംഗീതമേകൂ,
കോരിത്തരിപ്പിക്കും സ്നേഹത്തിന്നൂഷ്മള-
സ്വർഗ്ഗീയ നാദം പകർന്നു നൽകൂ.

1. ദൈവജനത്തിനു രോഗസൗഖ്യം
നൽകാൻ
പ്രാപ്തമായുള്ളതാം ഗാനമേകൂ,
ലോക സഭയ്ക്കാത്മദാഹം തീർക്കാൻ
ആത്മവചസുകൾ നിറയ്ക്കുകെന്നിൽ.

2. ആത്മമാരിയാലുള്ള ഹർഷ പ്രമോദം
സർവ്വ ജനത്തിലും അലയടിക്കാൻ,
സർവ്വേശ്വരാ തവ കാരുണ്യ വർഷം
കൃപയോടെ എന്നിൽ പകരേണമേ.



## 214

കർത്താവേ ഞങ്ങൾക്കു തുണയാരുള്ളൂ?
നീയല്ലാതാരുമേ സ്നേഹിപ്പാനില്ലേ;
അനർത്ഥങ്ങളാൽ ഞങ്ങൾ
വിഷണ്ണരായീടുന്നേ,
ആശ്വാസമേകുവാൻ പാർക്കണേ ഒപ്പം.

1. നന്മകളെല്ലാം കൈവിട്ടു പോകുമ്പോൾ
ഹൃദയത്തിനാഹ്ലാദം സോദരർക്കല്ലോ?
സോദരർ തൻ നന്മ കാണുവാനാശയാൽ
കർത്താവിൻ വാക്കുകൾ പാലിക്കും
ഞങ്ങൾ

2. വചനത്തിൻ ആഴം ഗ്രഹിക്കാത്ത
മൂഢരായ്,
നാശം വിതക്കുന്ന ഹൃത്തുമായ് നിത്യം,
കർത്താവിൻ നാമത്തിൽ
പ്രാർത്ഥിക്കും ഞങ്ങളെ
സാക്ഷ്യമില്ലാത്തവരായ് മാറ്റിടല്ലേ?

## 215

കേൾക്കുന്നു ഞാൻ ദൈവമേ,
തിരുസ്വരമെന്നുള്ളത്തിൽ;
മൃദുരവമെന്നെന്നും കാതുകൾക്കിമ്പം!
നാഥാ കനിവായ് കേൾപ്പിക്കുകേ.

1. അരുളപ്പാടേകണേ തവ ദാസർ
കേൾക്കട്ടേ,
വിനയമോടെന്നും ജീവിച്ചിടാം;
അവിടുത്തേയ്ക്കേകുവാനുള്ളതെന്തും
തന്നെ,
സമർപ്പിക്കുവാൻ കൃപയേകേണമേ.

2. തവദാനമെന്നെന്നും അനുഭവിപ്പോർ
ഞങ്ങൾ,
താവക സ്നേഹമെൻ ഭാഗ്യമല്ലോ?
നാൾതോറും ഞങ്ങൾ തൻ പാപങ്ങളെല്ലാം
ശുദ്ധീകരിക്കണേ തിരുനിണത്താൽ.

## 216

തിരുജനമുണരുന്നു, മഹോന്നത ദേവാ
തൃപ്പാദേ, ആഗതരാകുന്നു;
തവസാന്നിദ്ധ്യം തേടിവരുന്നോർ
അഭയം തേടുന്നൂ, നാഥനിലഭയം തേടുന്നൂ

1. നീയെന്റെ വീട്ടിൽ വന്നീടുവാൻ
യോഗ്യതയില്ലാത്ത ദാസനല്ലോ?
ഒരു വാക്കു കല്പിച്ചെന്നുടെ മനവും
ജീവിതമാകെയും മാറ്റീടണേ.

2. ആത്മാവിലാകെയൊളിഞ്ഞിരിക്കും-
ജഢീകചിന്തകളാൽ നിൻദാസൻ,
തിരുസന്നിധിവിട്ടെങ്ങും പോയിടുവാൻ
ഇടയാക്കരുതേ പ്രിയനാഥാ.

## 217

തിരുമുഖ ദർശനം പ്രാപിക്കുവാൻ
അളവില്ലാതടിയങ്ങൾ ആശിക്കുന്നേ,
അവിടുത്തെ വരവിനായ്
കാത്തിരിക്കുന്നേ,
അജഗണങ്ങളെയങ്ങു നയിക്കേണമേ.

1. ഇതുസുപ്രസാദ കാലമാകയാൽ
തൃക്കരത്താൽ ഞങ്ങൾ നയിക്കപ്പെടാൻ,
കനിവേകണേ മമ പരമോന്നതാ,
നവജീവനവിടുന്നേകേണമേ.

2. ഭാരതമക്കൾ തൻ യാത്രയിൽ പ്രിയാ
തിരുസുതരായ് നിന്നെ പിൻഗമിക്കാൻ,
വരമേകണേ നൽ രക്ഷിതാവേ തവ-
ദാസർക്കു നേർവഴി കാട്ടീടണേ.

3. പാഴ്മുളം തണ്ടാം ദാസരിൽ തീർക്കണേ,
സ്വരരാഗസുധയൊഴുകും ഓടക്കുഴൽ;
ഈ മുളം തണ്ടങ്ങേ ഏല്പിച്ചു വേഗം
സായൂജ്യമടയാൻ കൃപയേകിടൂ.

# 218

തോട്ടത്തിൽ നിന്നെന്നെ പുറത്താക്കിടല്ലേ
അന്യനായെണ്ണി തിരസ്കരിക്കല്ലേ?
അനുസരണക്കേടെൻ ജീവിതയാത്രയിൽ
കടന്നുവന്നീടാതെ കാത്തുകൊള്ളണേ.

1. ദൈവമേ അവിടുത്തെ കൃപയെന്നിൽ
പകർന്നതാൽ
പ്രിയപുത്രനായ് വീണ്ടും തെരഞ്ഞെടുത്തു?
കുരിശിന്റെ മാർഗ്ഗം ജീവിതമാകെയും
മാറ്റിമറിച്ചതെൻ ഭാഗ്യമല്ലയോ?
ആകയാൽ നിത്യം സ്തുതിക്കുമെന്നും!

2. സമൃദ്ധിയും ഐശ്വര്യജീവിതവും
നിറഞ്ഞൊരെൻ -
മാനസം ധാർഷ്ട്യത്താൽ
അഹന്തകൂടാതെ,
ദൈവത്തിൽ നിന്നു ഞാൻ
അന്യപ്പെട്ടീടാതെ,
സോദരർക്കൊപ്പം വിശുദ്ധിയാർജ്ജിക്കാൻ,
കരുണയാലെന്നെ സഹായിക്കൂ.

# 219

ദാവീദുപുത്രാ രക്ഷിതാവേ
കരുണ തോന്നീടെണമേ;
അന്ധരാമടിയങ്ങൾ തപ്പിത്തടയുന്നേ,
ഭൂലോകമാകെയും അന്ധകാരം!

1. നീതിയിൽ സൂര്യനാമേശുവേ തിരുമുഖം
ദർശിച്ചു ഞങ്ങൾ യാത്ര ചെയ്യട്ടേ,
കനിവേകണമേ തവ കാരുണ്യം വേണം;
നയനങ്ങൾ നിത്യം പ്രകാശിക്കുവാൻ.

2. പാദങ്ങളിടറാതെ തൃക്കരം ഞങ്ങളെ
ചേർത്തുപിടിച്ചു വഴി നടത്തൂ
നിലയില്ലാക്കയമതിൽ മുങ്ങി താണീടാൻ
ഇട വന്നിടാതെ കരം ഗ്രസിക്കൂ..

# 220

ദുഷ്ടശക്തിയോടെതിർത്തു വിജയം
പ്രാപിക്കാൻ,
മെയ്ക്കരുത്തുമാത്മശക്തിയും തരേണമേ,
സ്നേഹിനിധിയാമേശുവിന്റെ പ്രവൃത്തി
തികയ്ക്കുവാൻ,
ആത്മമന്നയാലെന്നെ പോഷിപ്പിക്കണേ.

1. എന്തൊരാത്മ ദുഃഖമീ
ജീവിതത്തിലെന്നുമേ,
അനുഭവിച്ചു തീർപ്പതെന്നതാരറിയുന്നു?
ഒന്നുമേയെനിക്കു കുറവു വന്നിടാതെ
കാത്തുപാലിക്കുന്നു നിത്യം
കൺമണിപോലെ!

2. തിരിതെളിക്കയെന്നിൽ നീ
തിരുകൃപയാലേ,
വെളിച്ചമേകിയേഴയെ
നിലനിറുത്തിടൂ;
അന്ധകാരലോകത്തിലൊരിത്തിരിവെട്ടം
തൂകുവാനെനിക്കുമോഹം
തുണചെയ്തിടൂ.

# 221

ദൈവത്തിൻ സാന്നിദ്ധ്യം പ്രാപിക്കേണം,
ജീവിതശൈലിയും വ്യത്യസ്തമാകണം;
മൂല്യങ്ങളെല്ലാം കാത്തുസൂക്ഷിക്കേണം,
പ്രാർത്ഥനയ്ക്കവസരം കണ്ടിടേണം.

1. വിശ്വസ്തതയോടെ പ്രാർത്ഥിക്കേണം,
ആത്മാർത്ഥമായ് നമ്മെയർപ്പിക്കേണം;
ശ്രദ്ധയോടെപ്പോഴും പ്രാർത്ഥിച്ചീടേണം,
ഗദ്ശമന പ്രാർത്ഥനപോലായിടേണം.

2.എസ്ഥേറിൻ ദർശന വേളയിൽ രാജൻ,
ചെങ്കോൽ നീട്ടി അവൾക്കു നേരെ;
പ്രാർത്ഥിക്ക നാമും രാജാധിരാജൻ തൻ-
ദർശനസൗഭാഗ്യം ലഭ്യമാകാൻ.



# 222

ദൈവം തരുന്നതാം നന്മകളോർത്തെന്നും
സ്തുതി സ്തോത്രമർപ്പിക്കാം നിരന്തരമായ്,
അനുഗ്രഹമാരിയാൽ അഭിഷേകം ചെയ്യും;
പ്രാർത്ഥനയ്ക്കുത്തരമേകും ദൈവം.

1. ദാനിയേലിൻ ദൈവം ജീവിക്കുന്നിന്നും,
ദൈവത്തിനായ് നാമും ജീവിക്കാമോ?
പ്രാർത്ഥന ശീലിച്ചാൽ ദൈവമക്കൾ സദാ-
ദൈവകരങ്ങളിൽ സുരക്ഷിതരാകും.

2. സഭയുടെ പ്രാർത്ഥന ഫലവത്തായീടും,
ഒരു മനമോടെന്നും പ്രാർത്ഥിക്കുകിൽ;
കൂട്ടായ്മ നൽകുന്ന സന്തോഷമുൾ
ക്കൊള്ളാം,
ദൈവീകസന്ദേശം പ്രചരിപ്പിക്കാം.

# 223

ദൈവമേ തിരുസവിധേ ഭയഭക്തിയോടെ,
തവദാസരായ് ചിന്തിച്ചുറച്ചു നിത്യം;
കരചരണങ്ങൾ വിനയപ്പെടുത്തി,
താണിരിപ്പാൻ നാഥാ കൃപയേകണേ.

1. ബഹുമാനമങ്ങേയ്ക്ക് യോഗ്യമല്ലോ
പ്രിയാ,
തവപാദപീഠത്തിലർപ്പിക്കുന്നേ;
അവിവേകമടിയങ്ങൾക്കോർമ്മ
യിലെത്താൻ
ദയതോന്നണേ തവ കൃപയാലെന്നും.

2. തിരുസന്നിധാനത്തിലഭയം പ്രാപിപ്പൂ,
തവദാസർക്കാത്മീയ മന്നയേകൂ;
പൊടിയോളം താഴുവാൻ വിനയത്തിന്നാത്മം
നിറയ്ക്കേണമേ നാഥാ തിരുകൃപയാൽ.

3. സഹനത്തിൻ മനമേകൂ താതാ
നിൻ മക്കൾ,
ശത്രുവെ താളടിയാക്കാം ക്ഷമയാൽ;
അരുണോദയം പോലീ അടിയങ്ങൾ നിത്യം
പ്രഭചൊരിഞ്ഞീടുവാൻ കൃപയേകണേ.

# 224

ദൈവമേ അവിടുത്തെ വഴി എന്നെ നിത്യവും
അറിയിച്ചീടേണമേ,
നിന്നെ ഞാൻ അറിയുമാറാകുവാൻ നാഥാ
കൃപയുണ്ടായീടേണമേ.

1. ശത്രുക്കൾ ചുറ്റും ഭീതി വിതയ്ക്കുന്നേ,
ശാശ്വത പാറമേൽ നിർത്തേണമേ,
യേശുകർത്താവേ വഴി അങ്ങുമാത്രം;
അനുഗമിച്ചീടട്ടേ അങ്ങയെ ഞാൻ.

2. വഴിമാറിപ്പോയാൽ സാത്താൻ നയിക്കും,
നാശങ്ങളിൽ ഞാൻ പതിച്ചുപോമേ;
ആകുലമില്ലാത്ത സ്വർഗ്ഗീയവീട്ടിൽ
ചെന്നുചേരാനായ് നാം ഒരുങ്ങിടാമോ.

# 225

ദൈവമക്കൾക്കെന്നും ശോധനയാലുള്ള-
പീഡകളേറുന്നു ദൈവപുത്രാ,
ജീവിക്കും നാളെല്ലാം വിശ്വസ്ത
സാക്ഷിയായ്,
നിലനിന്നിടാനായ് കൃപയേകണേ.

1. ആശ്രയം വയ്ക്കുന്നേ പാറയാം
ക്രിസ്തുവിൽ
സത്യവിശ്വാസം ത്യജിച്ചിടാതെ;
നിത്യസഹായകനാമെൻ പിതാവേ,
ആലംബമായ് വരൂ രക്ഷിതാവേ.

2. അകലാത്ത സ്നേഹപ്രവാഹമാം
താതാ,
അവിവേകത്താൽ ഞങ്ങൾ നശിച്ചിടാതെ,
നാവിനു കാവലായ് വേണം നിൻ
ദൂതരിൻ-
സംരക്ഷയെന്നും സംപൂജ്യനേ.

## 226

**പ്രാർത്ഥിച്ചാൽ സുഖം നേടാം**
**എന്ന ഗാനത്തിന്റെ തെലുങ്കു പരിഭാഷ**

പ്രാർത്ഥിസ്സ്റ്റേ സുഖം നീദേ,
ദൂരമായ് പോവുനീ ദുഃഖം,
നീ സത്യമേ നിക്കു മഹിമാ
ദേവുനീനെമ്മദെ നീദേ;
യഹോവാ യിരേ...
യഹോവാ ശമ്മാ...
യഹോവാ നിസ്സി ...(2)

1. ശത്രുലു നിനുജയിൻഞ്ചെലരൂ,
ദേവുഡു നീയൺഡൈയുണ്ടാ,
നെനുയേശു തോനുൺഡാ,
നായേശുനാ തോനുൺഡാ. (പ്രാർത്ഥി)

2. പ്രഭുവണ്ടലി വിശ്വാസം വലനാ,
ഗൊപ്പകാര്യമുലെന്നോജെരിഗേനോ;
ലെക്കിംപാ ജാലാ നന്നീ..
ജീവെനെലു നാകു കലിക്ഗെ.

3. വിശ്വാസം അഭിവൃദ്ധിച്ചോ,
രോഗാലു മായാ മൊവ്വുനൂ;
വാക്യമുലൊ സ്ഥിരമായിയുൺടേ,
ദീവനലു നീ വഷമഗുനൂ. (പ്രാർത്ഥി)

## 227

നന്മ ലഭിക്കുവാൻ കാംക്ഷിക്കുന്നേ,
യാഹേ ഞങ്ങളിൽ പ്രസാദിക്കില്ലേ?
വിശ്വാസ ഓട്ടം സ്ഥിരതയാലെന്നും,
പൂർത്തീകരിക്കാൻ തുണയേകണേ.

1. അബ്ബാ നീ അറിയാത്ത കാര്യമുണ്ടോ?
പ്രിയമക്കൾ ഞങ്ങൾ തൻ ജീവിതത്തിൽ?
എല്ലാമറിയുന്ന തമ്പുരാനേ,
പ്രാർത്ഥനയ്ക്കുത്തരം നൽകേണമേ.

2. സഫലമാകേണ്ടുന്ന പ്രാർത്ഥനകൾ
തിരുരാജ്യവർദ്ധനയ്ക്കുതകീടണം,
രൂപാന്തരങ്ങൾക്കാവശ്യമുണ്ടെങ്കിൽ,
മനമൊരുക്കം നൽകാൻ കൃപയേകിടൂ.

## 228

പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ചോൻ
മനുഷ്യാതീതൻ, അവനെന്റെ താതൻ;
മർത്യനായ് ഭൂമിയിലവതാരം ചെയ്തോൻ,
രക്ഷകനേശുവെന്നറിഞ്ഞിടേണം.

1. ആഴമായുള്ളതാം പ്രാർത്ഥന തന്നുടെ-
രഹസ്യങ്ങളറിയുന്ന ശിഷ്യരാകാം,
നിങ്ങളെത്തന്നെ സ്വയം ത്യജിക്കാനുള്ള-
പക്വതയാർജ്ജിക്കാം, കുരിശെടുക്കാം.

2. രക്ഷകനെന്നതിലുപരിയായ് നാഥൻ,
കർത്താധികർത്താവാം ദൈവമല്ലോ?
പ്രതിസന്ധിയേറുമ്പോൾ,
പീഡകളേറുമ്പോൾ,
സഭയതിൻ ശിരസല്ലോ യേശുനാഥൻ.

3. പതിനാറു പടയാളികൾ തൻ
നടുവിലായ്,
ചങ്ങലധാരിയായ് പത്രോസുറങ്ങവേ,
തടവറയ്ക്കുള്ളിൽനിന്നത്ഭുതപൂർവ്വം,
വിടുതലേകി ഭവാൻ, പ്രാർത്ഥനയാൽ.

## 229

പരിഹാസിയായെന്നെ ത്യജിച്ചിടാതെ,
പരമോന്നതാ എന്നെ കാത്തിടേണം,
അപരാധമുണ്ടെങ്കിൽ ക്ഷമയേകണം;
ആനന്ദ സാഗരേ നയിച്ചിടേണം.

1. അശ്രുകണങ്ങൾക്കറുതി വരുത്തുവാൻ
സർവ്വേശ്വരാ കൃപ കാട്ടിടേണം,
സായൂജ്യമേകി നീ കാത്തു പാലിച്ചെൻ-
സങ്കടമൊക്കെയും നീക്കിടേണം.

2. ആത്മ ബലം കൈവെടിഞ്ഞീടാതെപ്പൊഴും,
ശക്തി ധരിക്കാൻ പ്രാപ്തിയേകണം,
വിശ്വാസത്താൽ തവ ശുശ്രൂഷ ചെയ്വാൻ
സർവ്വേശ്വരാ നീ തുണയേകണേ.

## 230

പാപികൾക്കെല്ലാം സ്നേഹിതനേ,
പാപം ചെയ്യാത്തവനേ;
ഞങ്ങൾക്കു നേർവഴി കാട്ടുവാനീ ഭൂവിൽ
ഹീനവേഷം ധരിച്ചെത്തിയോ നീ?

1. നന്ദിയാലുള്ളം തരളിതമാകുന്നേ,
പാപങ്ങൾ സർവ്വവും ക്ഷമിച്ചതിനാൽ;
അനുതാപക്കണ്ണീരാൽ പാദപ്രക്ഷാളനം
നിത്യവും ചെയ്തിടാം രക്ഷിതാവേ.

2. തിരുനിണമെൻ പേർക്കായ്
ചൊരിഞ്ഞവനേ,
തിരുനാമം പുകഴ്ത്തുവാൻ എന്നേയുമേ;
ശക്തനാക്കേണമേ ബലം നൽകിടേണമേ,
തിരുസുതനായെന്നെ ചേർക്കേണമേ.

3. തമസ്ക്കരിച്ചീടുന്ന ലോകരിൻ
മുമ്പിൽ നീ
സൂര്യസ്തംഭം പോലങ്ങെഴുന്നള്ളണേ;
ആത്മാവിൻ ശക്തിയിൻ
പ്രവൃത്തിയെന്നിൽ നാഥാ
നിറഞ്ഞുകണ്ടീടുവാൻ കൃപതോന്നണേ.

## 231

പ്രാർത്ഥനയാലുള്ള ശക്തിയറിഞ്ഞീടാൻ
കൃപയേകിയല്ലോ തിരുസഭയ്ക്ക്;
പ്രാർത്ഥനയിൽ നിന്നു പിന്നോക്കം
പോകാൻ
അനുവദിച്ചീടല്ലേ സർവ്വേശ്വര!

1. ദൈവവുമായുള്ള കൂട്ടായ്മയല്ലേ?
സംശുദ്ധമാം എല്ലാ പ്രാർത്ഥനയും?
പിതാവിനേയും പരിശുദ്ധാത്മാവേയും,
കണ്ടുമുട്ടാമീ പ്രാർത്ഥനയിൽ.

2. പ്രാർത്ഥനയിൻ വൻ രഹസ്യം പഠിച്ചാൽ
ദൈവത്തിൻ സത്യം തിരിച്ചറിയാം;
ആകയാലന്യോന്യം പ്രാർത്ഥിക്കുവിൻ
നാമും;
അനുഗ്രഹങ്ങൾ പ്രാപിച്ചീടാം.

3. ദൈവത്തിന്നാത്മാവാൽ വാതിലുകൾ-
തുറന്നുതന്നീടും പ്രാർത്ഥനയാൽ;
വ്യക്തിത്വം നേടി അസാമാന്യരാകാനായ്
സാധാരണക്കാരേ പ്രാർത്ഥിപ്പിൻ.

4. കാത്തിരിപ്പിന്റെ അനുഭവം പ്രാപ്യം,
ദൈവത്തിൽ പ്രത്യാശവയ്ക്കുകിൽ നാം;
രൂപാന്തരം നൽകി ശക്തിധരിപ്പിക്കിൽ,
കർത്താവിനായ് നൽ വേല ചെയ്യാം.

5. അസുഖങ്ങൾക്കേകാം നാം സൗഖ്യമിന്നും;
ദൈവത്തിൽ നിന്നതു വന്നിടുന്നു;
ചാലകമാകാം, സൗഖ്യദായകനാകും-
യഹോവാ റാഫായിൽ അഭയം!

## 232

പ്രവാചക രാജാചാര്യ സ്വരൂപനേ,
ഞങ്ങൾക്കു ജീവനും ചൈതന്യവും
നൽകി-
നിത്യതയ്ക്കവകാശിയാക്കണേ ദിനവും;
വെളിച്ചമായ് ഹൃദയേ വസിക്കേണമേ.

1. പരിവർത്തനത്തിന്റെ ആത്മാവേ ഞങ്ങൾ,
ആത്മദാഹത്തോടെ നമിച്ചിടുന്നു;
സമ്പൂർണ്ണമാറ്റമീ ജീവിതയാത്രയിൽ-
ഞങ്ങൾക്കേകീടണേ തിരുകൃപയാൽ.

2. സംതൃപ്തരായ് ഞങ്ങൾ അങ്ങയെ പിൻപറ്റാൻ
സർവ്വേശ്വരാ നിത്യം തുണയ്ക്കേണമേ,
സത്യത്തിൻ ആത്മാവാം കാര്യസ്ഥനെ തന്നു-
സായൂജ്യമേകണേ സർവ്വേശ്വരാ.

## 233

പ്രാർത്ഥനയ്ക്കുത്തരം നൽകുന്നതാതാ,
കാതടച്ചെന്തേയിരുന്നിടുന്നു?
കാതോർത്തു കേൾക്കണേ യാചനാശബ്ദം!
പ്രത്യുത്തരം നൽകിയനുഗ്രഹിക്കൂ.

1. കരുണയ്ക്കായ് കേഴും നിൻ മക്കളെ
കരുണയോടെന്നും പാലിക്കണേ,
പ്രത്യാശയെന്നും നിലനിന്നിടാനായ്
യേശുവേ തവസ്നേഹം വെളിപ്പെടുത്തൂ.

2. നിന്നോടുചേരാൻ നിന്നിൽ ലയിക്കാൻ
നിത്യവും അങ്ങയെ പിൻപറ്റുവാൻ,
നിത്യസഹായകനാകും പിതാവേ,
പരിശുദ്ധാത്മാവെന്നിൽ വെളിപ്പെടട്ടേ.

## 234

ഭാരങ്ങളെല്ലാം ഇറക്കി വച്ചീടുന്ന
അത്താണിക്കല്ലാണു പ്രാർത്ഥന;
വിശ്വാസമേതെന്ന കാര്യം മറന്നിട്ടു-
പ്രാർത്ഥിപ്പൂ മർത്ത്യർ നിരന്തരമായ്.

1. കാതോർത്തുകേൾക്കുന്ന ദൈവമേകൻ;
കാലാകാലങ്ങളായ് യഹോവ തന്നെ;
മാസ്മരശക്തിപ്രവാഹമയച്ചുള്ളിൽ
ശാന്തിയേകീടുവാൻ പ്രാപ്തനവൻ.

2. വിവേകമെല്ലാം നിഷ്പ്രഭമാകും,
പ്രാർത്ഥനയ്ക്കന്ത്യം വരുത്തീടുകിൽ,
സാത്താന്റെ തന്ത്രമതൊന്നുമാത്രം മർത്ത്യാ
ജീവിതനിഷേധം കൈവന്നിടും.

3. പിൻഗമിച്ചീടുവോർ ദൈവ മക്കൾ
അകലം വച്ചനുഗമിക്കുന്നു;
പ്രാർത്ഥന തകർച്ചയിൻ വക്കിലോ ഓർക്ക!
തള്ളിപ്പറഞ്ഞിടും ദൈവത്തേയും.

## 235

നവദർശനമേഴയിൻ ഹൃദയേ നൽകൂ
പുതിയൊരു ഹൃദയവുമെന്നിൽ തരൂ
ദൈവം നൽകീടുന്ന ദാനമായുള്ളവ
സദയം തരികെൻ പരമോന്നതാ.

1. കരുണകാട്ടാനുള്ള മനമേകിടേണമേ,
കരമണച്ചഗതിക്കു സാന്ത്വനമേകൂ;
വിശുദ്ധിയെ കാത്തുസൂക്ഷിക്കുവാൻ ഹൃദയേ,
ശക്തമാം പ്രേരണ നൽകീടുമോ?

കനിവേകും കരമേകി അനുഗൃഹമാക്കൂ,
കാരുണ്യവർഷമേകിയെന്നെ ധന്യനാക്കൂ;
അഗതികൾക്കാശ്വാസമേകുന്ന മനസ്സാൽ
അനുഗ്രഹമേകൂ ദൈവപുത്രാ.

## 236

നന്മ ചെയ്‌വാനെന്നും മനസ്സുള്ളോരാകാം
നന്മയിന്നുറവയെ പാനം ചെയ്യാം;
വചനത്തിൻ ശക്തിയെ ആത്മാവിൽ നിത്യവും
പകരണേ നാഥാ തിരുകൃപയാൽ.

1. തിരുസ്വരം കാതുകൾക്കിമ്പമാണേശുവേ,
സദയം ഞങ്ങളെ കേൾപ്പിക്കണേ;
അരുതായ്കയൊന്നും ചെയ്തിടാതടിയാരെ,
നേരിന്റെ പാതയിൽ നടത്തേണമേ.

2. തിന്മയാം ബിലെയാമിൻ കൂട്ടാളിയാകാതെ
അനുഗ്രഹവർഷം ചൊരിഞ്ഞീടുവാൻ,
മനമൊരുക്കേണമീ ദാസരെ നിത്യം,
അനുഗ്രഹവാക്കുകളാൽ നിറയ്ക്കൂ.



## 237

നിഴലുകൾ തേടി ഞാനലഞ്ഞനേരം,
തണലായ് മേഘത്തിലിറങ്ങിയവൻ;
ആശ്വാസമേകിയനന്തമാം സാന്ത്വനം-
ജീവനിലേകി മഹൽസ്നേഹമായ്.

1. അത്യുന്നതന്റെ മറവിൽ വസിക്കാൻ
സൗഭാഗ്യമേകിയ ദൈവപുത്രാ,
ചിറകിന്റെ മറവിലൊളിപ്പിച്ചു നിത്യം
ശത്രുക്കളിൽ നിന്നു രക്ഷിക്കണേ.

2. ശാശ്വതനിഴലാകും ദൈവമേ, എന്നെ
നിത്യതയോളം നടത്തീടണേ,
തിരുനാമം പേറുമ്പോൾ ഉയർത്തും വല്ലഭാ.
തിരുസേവയ്ക്കായ് നിലനിർത്തണേ.

## 238

നീയെന്റെ മാനസം കണ്ടുവോ നാഥാ?
കണ്ണീർ വാർന്നതു കണ്ടുവോ നീ?
അപരാധമെന്തു ഞാൻ
ചെയ്തുവെന്നോർക്കുകിൽ
തെളിവായിട്ടൊന്നുമേ കാണ്മതില്ല.

1. അരൂപിയേ മമ കാര്യസ്ഥനേ തവ-
നിർദ്ദേശമൊക്കെയും പാലിക്കുവാൻ,
വ്യഗ്രതയോടിതാ മനമൊരുക്കീടുന്നേ,
മാർഗ്ഗം പിഴയ്ക്കുവാനിടയാക്കല്ലേ.

2. ആത്മാവിലെപ്പോഴുമാനന്ദമോടെ നിൻ-
ദാസനീ ഭൂവിതിൽ ജീവിക്കുവാൻ,
കാംക്ഷിക്കുന്നേ നിത്യചൈതന്യദായകാ,
മാർവ്വോടു ചേർത്തെന്നെയാശ്ലേഷിക്കൂ.

## 239

യേശുവേ ദുഃഖം സഹിക്കവയ്യേ പ്രിയാ,
ഹൃദയത്തിന്നാധികൾക്കറുതിയേകൂ;
തകരുന്ന മാനസവീണയിൻ തന്ത്രികൾ
മീട്ടുവാൻ വേഗം നീ വന്നീടണേ.

1. തിരുസ്നേഹം നുകർന്നു നിൻ
വേലചെയ്തീ,
ദുരിതക്കയങ്ങൾ ഞാൻ താണ്ടിയെത്തി;
വീണ്ടും പരിക്ഷീണനാകാതെ നിന്നെ ഞാൻ
പാടിപ്പുകഴ്ത്താൻ വരമേകിടൂ.

2. തകരുന്ന വഞ്ചിയായ് മാറിടുന്നേ,
താണുപോകാനിടയാക്കിടല്ലേ;
കുറ്റങ്ങൾ ചെയ്യാതെ ശിക്ഷയ്ക്കു പാത്രമായ്-
വേദനയേറ്റു പിടഞ്ഞിടുന്നേ.

## 240

യേശുവേ ഞങ്ങൾക്കങ്ങയെ കാണേണം,
നിത്യവും പാർക്കേണം അങ്ങയോടൊപ്പം;
ആശങ്കയാകവേ നീക്കിയീ മാനസം
ശക്തമാക്കൂ നിന്റെ സ്വന്തമാക്കൂ.

1. ആത്മാവിൻ ശക്തിയെ പകർന്നുള്ളമാകെ,
ജ്വാലയാലഭിഷേകം പൂർണ്ണമാക്കൂ;
പുതുഭാഷയാൽ നന്നേ സ്തുതിച്ചീടുവാൻ,
കൃപയേകണേ മനം നിറഞ്ഞിടട്ടേ.

2. മഹത്വം മാമഹത്വം സർവ്വമഹത്വം,
ബഹുമാനവും അങ്ങേയ്ക്കേകിടുന്നു;
വചനമയച്ചുള്ളിൽ പുത്രത്വം നൽകി
പവിത്രമായ് പാലിക്ക ഞങ്ങളേയും.

## 241

ലോകത്തിൻ ചതിയാകും
കാർമേഘം മൂടുമ്പോൾ
കൺകൾ കൊതിക്കുന്നേ പ്രിയനെ
കാണാൻ,
ആനന്ദത്താലീ ജീവിതങ്ങൾ ധന്യ-
തുറമുഖത്തെത്താൻ വാഞ്ഛയേറുന്നേ,

1. ശോഭന നാടൊരുക്കാനെൻ
പിതാവിന്റെ-
രാജ്യത്തിലേയ്ക്കു പോയ്, ഉത്ഥാനം
ചെയ്തോൻ,
വീണ്ടും വരുന്നോരു നൽദിനം കാത്തിതാ-
ദൈവമക്കൾ വാഞ്ഛയോടിരിപ്പൂ.

2. ജീവജല നദീതീരത്തു ഞങ്ങളും-
താതന്റെയൊപ്പം വസിച്ചീടുവാൻ,
പാട്ടുകൾ പാടിപ്പഠിച്ചാർത്തു ഘോഷിച്ചു-
വരവേൽക്കുവാൻ ഒരുങ്ങിടുന്നേ.

3. അന്ധകാരം തീരെയില്ലാത്ത സ്വർല്ലോക-
വാസമെന്താനന്ദമാനന്ദമേ!
ആദിവ്യ സൗഭാഗ്യമീ ദൈവരാജ്യത്തിൽ-
നേടുവാൻ ഞങ്ങളെ പ്രാപ്തരാക്കൂ.

## 242

വചനം ഹൃദയത്തിൽ സ്വീകരിച്ചപ്പോൾ
വചനം ജഡമായവതരിച്ചു,
ആകയാൽ എന്നോടുകൂടെയീ ഭവനത്തിൽ-
സ്ഥിരവാസം ചെയ്യാൻ കൃപ തോന്നണേ.

1. സ്തോത്രം ചെയ്യാം, സ്തുതിമുഴക്കാം;
ദൈവത്തിൻ പരമമാം വിളിയെയോർത്ത്,
ആരുമേ നിന്നോടീ രക്ഷണ്യ സന്ദേശം
പങ്കുവച്ചില്ലെന്നു ചൊന്നിടാതേ.

2. തെറ്റായ വഴികളിൽ സഞ്ചരിച്ചീടാതെ
നിത്യവും പ്രാർത്ഥിക്കൂ പിൻഗമിക്കൂ;
സംസാരിച്ചീടുമോ ശാന്തമായ്, ദൈവത്തിൻ
പ്രത്യുത്തരം കാത്തിരുന്നീടുമോ?

3. അർത്ഥവത്താകണം ജീവിതമെങ്കിൽ
ലക്ഷ്യബോധം കൈവരിച്ചീടെണം,
യേശുവിൻ ചാരത്തു വന്നെങ്കിൽ മാത്രമേ
നിത്യമാം രാജ്യത്തിലെത്തിച്ചേരൂ.

## 243

വഴിയൊരുക്കുക ദൈവമേ തവ-
ദാസർക്കേറ്റം യോഗ്യമായ്,
ആദിയന്തമറിഞ്ഞു വേണ്ടതു
നൽകിടൂ ദയാപരനേ.

1. അജ്ഞരാമടിയങ്ങൾ സതതം
പാഴിലാക്കിയനുഗ്രഹം!
സ്നേഹപൂർവ്വമി ദോഷികൾക്കായ്,
കൃപചൊരിഞ്ഞിടുകീശനേ.

2. തിന്മകൾക്കു വശംവദർ, തിരു-
സേവയിൽ ബഹുപിന്നിലും,
ആകിലും തവ സ്നേഹമാർജ്ജി-
ച്ചനുദിനം വളരും പ്രിയാ.

## 244

വന്നുപോയ പിഴകൾ ക്ഷമിച്ചിടേണമേ,
കാത്തിടേണമെ തകർന്നിടാതെ
വൻപരീക്ഷയിൽ;
ജീവനറ്റ ദേഹിയിൽ ചലിക്കുമാത്മനെ,
കുടിയിരുത്തി ജീവനുള്ളതാക്കിടേണമേ.

1. ചപലമാനസങ്ങൾ നീക്കി ശക്തരാക്കണേ,
ചഞ്ചലങ്ങളാകെ മാറ്റിപ്പുതുമയേകണേ;
കുരിശതിൽ ചൊരിഞ്ഞ രക്തമേകി നീ -
ജീവപാതയിലൂടെ നിത്യം വഴി നടത്തണേ.

2. യേശുവിന്റെ നാമമതെത്ര
ശ്രേഷ്ഠമാണതാൽ
ലോകമാകെ നിറഞ്ഞു നില്ക്കും
നാമമല്ലയോ?
പൂജിതമാം നാമം, ചുമലിലേറ്റിടാൻ,
മനമുഴലുന്നേ സദാ കാംക്ഷിച്ചീടുന്നശയാൽ.

## 245

വല്ലഭാ നൽവരം തന്നീടുക,
കാത്തീടുകടിയനെ കൺമണിപോൽ,
തീയ്യതെല്ലാം മാറ്റി പുതുജീവനേകുന്ന
പാതയെൻ മനസ്സിൽ കാട്ടീടുക.

1. സംശുദ്ധജീവിതമെന്നുമെന്നും മമ-
ജീവനിൽ കണ്ടീടുവാൻ,
സാഫല്യമാർന്നതാം മാനസേ ശാന്തി,
തിങ്ങിനിറഞ്ഞിടാൻ വരമേകിടൂ.

2. ജീവവൃക്ഷത്തിൽനിന്നാത്മഫലം സദാ
അന്യർക്കും നൽകീടുവാൻ,
നൽവരത്താലെന്നും കൃപയേകണേ,
നല്ലപോൽ അടിയാനെ കാത്തീടണേ.

3. വചനത്തിൻ ശക്തിയാണായുധം,
പോരിൽ-
വിജയത്തെ നൽകിടുന്നു;
സാത്താന്യശക്തിയെ ജയിച്ചീടുവാൻ,
സർവ്വശക്താ കൃപ ചെയ്കയെന്നെന്നും.

## 246

വാനോളം വാഴ്ത്തിപ്പുകഴ്ത്തി
കർത്താവിനെ,
ഹോശാന്നാ ഹോശാന്നായെന്നാർത്തവർ;
രാജാധിരാജാവായ് എഴുന്നള്ളുമീശനെ
കോപിഷ്ഠരായ് നോക്കി അധികാരിവർഗ്ഗം

1. ദൈവാലയത്തിലെ വാണിഭകാര്യസ്ഥർ
ഭയവിഹ്വലരായ് ഓടിയപ്പോൾ,
അനുഗമിക്കുന്നോരു പുരുഷാരമേശുവിന്
ആഘോഷപൂർവ്വം മഹത്വമേകി;

2. ജറുസലേം പടിവാതിൽക്കുള്ളിൽ
നിന്നോർ
ക്രൂദ്ധരായ് ശാസ്ത്രി പുരോഹിതരും,
മഹത്വപ്രവേശനമനിവാര്യമാകയാൽ
രാജാധിരാജൻ ധീരനായ് കണ്ടു.

## 247

വീഞ്ഞും മദ്യവും കുടിക്കാതെ ഹന്നാ
മനോവ്യസനത്താൽ പ്രാർത്ഥിച്ച നേരം
ഹൃദയം ശൂന്യമായ്; ദൈവത്തിൻ
ഹൃദയത്തിൽ
പകർന്നതാം യാചന ഫലവത്തായി.

1. അധരങ്ങൾ മാത്രം ചലിച്ചതാമെന്നുടെ
പ്രാർത്ഥനയ്ക്കും നാഥൻ ഉത്തരമേകി;
സങ്കേതമായുള്ള ദൈവത്തിൽ മാത്രം
ആശ്രയിക്കുന്നോർക്കനുഗ്രഹമേ.

2. ആനന്ദിച്ചീടും യഹോവയിൽ ഞാനും,
സമർപ്പിച്ച കാര്യങ്ങൾ ലഭിച്ചതിനാൽ;
കൊമ്പുയർത്തീടാൻ ശക്തിയേകീടുന്ന-
ദൈവത്തിൻ ദാസൻ ഞാൻ ശ്രേഷ്ഠനാകും.

3. ശത്രുക്കൾ മേലെന്റെ വായ വിശാലം!
അനുഗൃഹമാക്കി നീ രക്ഷയുമേകിച
പരിശുദ്ധനാം ദൈവം നീയല്ലാതെ-
ആശ്രയിപ്പാനായ് മറ്റാരുമില്ലേ?

## 248

ശില്പിയായ് ദൈവമേ നീ പണിത,
യാഹേ നിന്നാലയം എത്ര സുന്ദരം!
മാനം മഹത്വവും തവനാമത്തിനു മാത്രം
അർഹതപ്പെട്ടതാണറിവൂ ഞങ്ങൾ.

1. മർത്ത്യരാം മക്കൾ നിന്നാലയത്തിൽ
നമ്രശിരസ്കരായ് മേവിടുമ്പോൾ,
സ്വർഗ്ഗത്തിൽ നിന്നുമിറങ്ങിവന്നീടണേ,
ആശിഷമേകാൻ കനിവുതോന്നണേ.

2. തവദാസർക്കാത്മീയ മന്നയേകും,
തിരുനിവാസം ഹാ! കമനീയമേ;
സേവകർക്കാത്മീയ ശക്തിയാർജ്ജിക്കുവാൻ
വർഷിക്കണേ ആത്മമന്നയെന്നും.

## 249

സൂക്ഷിപ്പിൻ അന്യോന്യം സോദരരേ,
ഉണർന്നിരിപ്പിൻ ജാഗ്രതയോടെ;
പ്രാർത്ഥിച്ചുകൊണ്ടേയിരുന്നീടുകിൽ
ദൈവം-
കാവൽ മാലാഖയായ് കൂട്ടിനെത്തും.

സൂക്ഷ്മതയോടെന്നും
കാത്തുകൊള്ളേണം,
ക്രിസ്തീയജീവിതം ധന്യമാകാൻ;
പ്രതിയോഗിയായ പിശാചുനിത്യം-
ചുറ്റിത്തിരിയുന്നു തകർത്തീടുവാൻ.

1. ഊടാടിയല്ലോ നടന്നിടുന്നെന്നും-
തന്ത്രം മെനയുന്ന ദുഷ്ടസാത്താൻ,
ഉണർന്നിരുന്നീടുകിൽ;
പ്രാർത്ഥിക്കുമെങ്കിൽ,
ശത്രുവെ തകർക്കാം അന്ത്യം വരേയും.

2. പ്രാർത്ഥനയ്ക്കുത്തരം നൽകുന്ന ദൈവം
വചനത്താൽ പാലിക്കും വിശ്വസ്തനായ്,
പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുവിൻ പ്രിയരേ,
സ്വർഗ്ഗസ്ഥനാം ദൈവം കരുതിക്കൊള്ളും.

## 250

വാഗ്ദത്തം ചെയ്തവൻ വിശ്വസ്ഥനല്ലോ
കാര്യസ്ഥനായി നാം കാത്തിരിക്കാം;
പ്രത്യാശയോടെ തൻ അദൃശ്യതയ്ക്കായി
കാത്തിരുന്നാത്മാവിൽ നിറയാം വേഗം.

1. കർത്താവിൻ പ്രത്യക്ഷതയോളം നമ്മെ,
ഒരുക്കിടേണം, ശക്തിയാർജ്ജിക്കേണം;
പെന്തെക്കോസ്തനുഭവം പ്രാപിച്ചു നാമും
ചിറകടിച്ചുയരുവാൻ പ്രാപ്തരാകാം.

2. സ്വർഗ്ഗാരോഹണം ചെയ്ത കാഴ്ചകണ്ടോർ
ലോകത്തിലൊക്കേയും സാക്ഷ്യമായ് പോയി;
നഗ്നനേത്രങ്ങളാൽ കണ്ടോരെപ്പോലെന്നും
ശിഷ്യരായ് നാമും മാറിടാമോ പ്രിയരേ.

## 251

ദൈവമക്കൾ നാം സ്തുതിയേകിയോർ
പിറുപിറുക്കുന്നു, അതേ നാവിനാൽ;
മന്നയും കാടയും ഭക്ഷിച്ചു തൃപ്തരായ്;
എന്നാലും തൻജനം നന്ദികെട്ടവർ.

പാപത്തിൽ ജീവിക്കും മർത്ത്യരെ രക്ഷിപ്പാൻ
പാപാന്ധകാരത്തിൽ വെളിച്ചമായോൻ,
സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പമായ് വന്നു;
ഒരുങ്ങിടാം നാം ഭുജിച്ചിടാനായ്.

ദൈവമേ തിരുനാവുരയ്ക്കുവതൊക്കേയും
കാതോർത്തുകേൾക്കുവാൻ ദാഹമോടെ;
തിരുസവിധേയിതാ തവസുതർ നിൽപ്പൂ
ആശിഷമാരിയെ വർഷിക്കുമോ?

## 252

ക്രിസ്തുവിൻ ശിഷ്യരെന്നവകാശപ്പെട്ട്
എത്രയോ പേരെ നാം കണ്ടിടുന്നു?
ദൈവമേ മാതൃകയില്ലായ്മയല്ലയോ?
കഠിനമായവരിൽ ചേക്കേറുന്നു?

1. പൂർണ്ണമനസ്സോടും പൂർണ്ണാത്മാവോടും
പൂർണ്ണമാം ശക്തിയോടുമാരാധിക്കിൽ,
ഉള്ളങ്ങളിൽ നിത്യം ക്രിസ്തു വസിക്കും;
മാറിടും നാം അവന്നാലയമായ്.

2. മതേതരത്വം നടമാടുന്നില്ലേ?
പുണ്യമാം ഭാരത ഭൂമിയിലിന്നും,
ഭാരതമക്കൾക്ക് കാണേണമേശുവെ,
മർത്ത്യർ തൻ ജീവിത ചര്യകളിൽ.

3. ജ്ഞാനത്തിന്നുറവിടം ഭക്തിയല്ലേ,
എപ്പോഴുമുള്ളത്തിൽ കരുതീടേണം;
ദൈവഭയം നമ്മിലുണ്ടെങ്കിൽ നാമും
വിശുദ്ധരായ് മേവും നിശ്ചയമായ്.

## 253

വിസ്മരിച്ചീടല്ലേ യഹോവാ ഭക്തിയെ;
താഴ്മയ്ക്കു പ്രതിഫലം നൽകിടുന്നു;
ധനവും മാനവും ജീവനും നേടുവാൻ
മറ്റെന്തുവേണ്ടൂ സോദരരേ?

1. അനുഭവിക്കാൻ വേണം ദൈവകൃപ!
ആനന്ദിക്കാൻ വേണം ദൈവസ്നേഹം!
വിനയായിത്തീരുവാനിടയുള്ള ധനമോഹം-
വിട്ടൊഴിഞ്ഞീടുകിൽ നന്മ തന്നെ.

2. ന്യായമല്ലാതുള്ള പണം സ്വരൂപിക്കാൻ
അടയിരിക്കുമ്പോലായിടല്ലേ;
ദൈവം താനെല്ലാ നന്മകളും തൻ-
മക്കൾക്കേകീടുന്നു വേണ്ടപോലെ.

## 254

എന്നെ നയിക്കേണമേ, നാഥാ;
എന്നെന്നും കരുതുന്നോനേ,
ദുരിതങ്ങളെല്ലാമകറ്റീടണേ പ്രിയാ-
കരകയറ്റീടണേ എന്നേയുമേ.

1. കരകാണാത്താഴിയിലുഴലുന്നിതാ,
ആലംബഹീനൻ പടകിലിതാ,
ആരുമേ തുണയില്ല, അഭയം നൽകീടാൻ
വിലപിച്ചിടുന്നിതാ ഭീതിയോടെ.

2. കാറും കോളും കൊണ്ടു ഭീകരമായിതാ!
ഈശാനമൂലനും വീശിടുന്നേ;
തുഴയുവാനടിയനു കെല്പില്ലേ പ്രിയാ,
രക്ഷിക്കൂ സദയമീ ഏഴയേയും.

3. മനസ്സും ശരീരവും ക്ഷയിക്കുന്നു നാഥാ,
കാലുകളിടറിപ്പോയിടുന്നേ.
മൂടുന്നിതാ അന്ധതമസുമെന്നെ ചുറ്റും
ആശ നശിക്കുന്നേ, കരകയറ്റൂ.

## 255

ദൈവത്തെ തിരിച്ചറിയാതിരുന്നാൽ
നിരന്തരം ഭയം നമ്മെ വേട്ടയാടും;
തിരുസവിധേ നമ്മൾ എത്തുമെങ്കിൽ
നിർഭയരായ് കാക്കും സ്നേഹനാഥൻ

1. ധൈര്യപ്പെടാനുള്ള സ്നേഹത്തിനാഹ്വാനം,
ദൈവത്തിൽ നിന്നെന്നും ലഭിച്ചീടിലും,
സംശയിക്കേണ്ടെന്ന ഉറപ്പുള്ള വാഗ്ദാനം
വിസ്മരിക്കുന്നു നാം കേവലരായ്.

2. താണുപോകാതെയും വീണുപോകാതെയും
സമുദ്രത്തിന്മേൽ നീ നടന്നിടുമ്പോൾ,
കാറ്റുകണ്ടന്ധാളിച്ചാഴത്തിലാഴ്ന്നിടാൻ,
കാരണം ഭയമാണെന്നോർത്തുകൊൾക.

## 256

പ്രാണഭയത്തോടെ യാക്കോബിനെ
പ്പോലെ
നെട്ടോട്ടമോടുകയോ ദിനവും?
ദൈവത്തിൻപദ്ധതി പൂർത്തീകരിക്കുവാൻ
സമർപ്പണത്തോടവൻ ചാരെയെത്തു.

1. ദൈവം നമ്മിൽ നിന്നകലെയല്ല;
ബന്ധിപ്പിക്കുന്നവൻ യേശുവല്ലേ?
നിർഭയമവനിൽ നാം ആശ്രയിക്കിൽ
സാങ്കേതമായവൻ വിടുവിച്ചിടും.

2. ദൈവം തരുന്നതാം നന്മകളെ
നന്ദിയോടെന്നും നാം സ്വീകരിച്ചാൽ
നന്മയിന്നുറവയാം ദൈവപുത്രൻ
നിശ്ചയമായ് നമ്മിൽ പ്രസാദിച്ചിടും.

## 257

അഭിഷിക്തന്മാരേ, ഭക്തന്മാരേ;
നിങ്ങൾക്കും തമ്മിൽ വൈരമുണ്ടോ?
സ്നേഹത്തിൻ കൈത്തിരിയേന്തി നിങ്ങൾ
മാതൃകാജീവിതം കാഴ്ച വയ്ക്കൂ.

1. ദൈവീക ദർശനം പ്രാപിച്ചോരേ,
ദൈവത്തെ സ്തുതിക്കുവോരേ,
നീതിയും സത്യവും പിന്തുടരാതെയോ?
നീചരായ് മാറുന്നനുദിനവും.

2. സ്വർഗ്ഗീയ സൗഭാഗ്യമാകും കുടുംബങ്ങൾ
സ്വാർത്ഥതയാൽ നിങ്ങൾ തകർത്തിടല്ലേ?
ദുർന്നടപ്പേകുന്ന സുഖം തേടി നിങ്ങൾ
ഭൂവിലെ സ്വർഗ്ഗം ത്യജിച്ചിടല്ലേ?

## 258

രോഗങ്ങളാൽ നീ വലഞ്ഞിടുന്നോ?
ആത്മീയരോഗത്താൽ ബാധിതനോ?
രോഗത്തിനേറ്റതാം മരുന്നുകൾ സുലഭം!
ആത്മരോഗത്തിനോ ദൈവസ്നേഹം!

1. അറിവുകളേറെയും പ്രാപിച്ചേയ്ക്കാം,
സമ്പന്നനായ് നീ ജീവിക്കയാവാം,
ആത്മാവിൻ സൗഖ്യം പ്രാപിക്കുവാനായ്,
അനിവാര്യമേ മാനസാന്തരം.

2. ഇരുപടകുകളിൽ നിൽക്കയോ നീ?
നിനയാനേരം വീണുപോകില്ലേ?
അത്യഗാധത്തിൽ താണുപോയെന്നാൽ,
അർത്ഥമെന്തായ് തീരും ഓർക്കണം നീ.

3. ബെഥെസ്ദാ കുളത്തിൽ ഇറങ്ങിടേണം
എത്രയോ നാളായ് കരയിലല്ലേ?
മനസ്സുവേണം നിനക്കുൺമയായ്,
കർത്താവിൻ കുഞ്ഞായി മാറീടുവാൻ.

## 259

സഭയുടെ പിന്തുണയേകുന്ന നിമിഷങ്ങൾ,
കുടുംബങ്ങൾ സന്തുഷ്ടരാകും;
മംഗല്യമാല്യം ചാർത്തുമീസുദിനം!
ഹൃദ്യമാം അനുഭൂതി നൽകിടുന്നു.

ഓർക്കുക; മിഥുനങ്ങളേ നിങ്ങളിരുവരും,
ഉറ്റവർപോലും കൈവെടിയാം;
സഭയും സമൂഹവും ത്യജിച്ചുവെന്നാലും,
കൈവെടിയാതെന്നും യേശു കാണും.

1. മംഗളം നേരുന്നീ ഹൃദ്യമാം നിമിഷത്തിൽ
ഹൃദയാന്തരാളത്തിൽ നിന്നു ഞങ്ങൾ,
കർത്തൃസഭയ്ക്കാത്മ ചൈതന്യം പകരുവിൻ!
സഭയുടെ മണവാളൻമഹത്വപ്പെടും.



2. ക്രൈസ്തവ കുടുംബമേ ശാശ്വതമാ
യെന്നും
അനുഗൃഹീതർ, നിങ്ങളാത്മീകരായ്;
ഭൗതീക നന്മയിന്നുറവയായ് എന്നെന്നും-
പരിലസിക്കട്ടേയെന്നാശംസിപ്പൂ.

## 260

അങ്കം പൊരുതുവാൻ പ്രാപ്തനല്ലാത്തൊരു
ബാലനായ് സർവ്വരും കരുതിടുമ്പോൾ,
ദാവീദിൻ തീവ്രമാം മനക്കരുത്താൽ
ഫെലിസ്ത്യനെ നേരിട്ടു, ജയം വരിച്ചു.

1. ശത്രുവേ നീ എത്ര ശക്തനായാലും,
യഹോവ നിന്നെ കയ്യിൽ ഏല്പിക്കും;
ദൈവാശ്രയം നമ്മെ വിജയത്തിലെത്താൻ
പ്രാപ്തരാക്കീടുന്നു ശക്തമെങ്കിൽ!

2. നമ്മുടെ ദൈവം രക്ഷിച്ചീടുന്നതു -
കുന്തത്താലല്ല, വാൾ കൊണ്ടുമല്ല;
ആശ്രയിക്കുന്നില്ല, വാളിലും വില്ലിലും,
പ്രത്യാശ സതതം ഈശോ മാത്രം.

## 261

വിശ്രമമില്ലാതെ ഓട്ടക്കളത്തിൽ
ഓടുന്നു ദൈവമേ ഞാൻ നിനക്കായ്,
വിശ്വം ജയിക്കാനാശയോടെന്നും
ലക്ഷ്യത്തിലേയ്ക്കിതാ ഓടിടുന്നു.

1. ലക്ഷക്കണക്കായി മർത്യൻ നശിപ്പൂ,
രക്ഷകനാം നിന്നെയറിഞ്ഞിടാതെ;
ശാന്തിയിൻ തീരത്തിലെത്തുവാനായി
ലക്ഷ്യബോധത്തോടെ യാത്ര ചെയ്വൂ.

2. അന്ധനായ് ഞാനും കാണുവാനാ
കാതെ
ലക്ഷ്യം പിഴച്ചുപോയ്, ഓടിടുമ്പോൾ,
ആത്മാവിൽ ശക്തി പകരണേ താതാ,
ലക്ഷ്യം വരിക്കുവാൻ പ്രാപ്തിയേകൂ.

## 262

അണപൊട്ടി ഒഴുകും പോൽ ശത്രുവന്നാലും
അതിക്രമത്താൽ ദൈവനിഷേധികൾ,
ആക്രമിക്കാനായ് അടുത്തുവന്നാലും
ആത്മനാഥൻ കൈവെടിയുമോ ചൊൽ?

1. തന്ത്രങ്ങളാലും ഉപായങ്ങളാലും
വഞ്ചകരാം മർത്യർ ദൈവജനത്തെ;
പ്രളയം പോൽ നശിപ്പിക്കാൻ വന്നാലും
തകർന്നുപോം തൃക്കരത്തിൽ ജോസഫ്.

2. മഹത്വം തകർക്കുവാനെന്തെളുപ്പം!
അതുകെട്ടിപ്പടുക്കാൻ ത്യാഗം വേണം;
ഒരുങ്ങിടാമോ, സന്നദ്ധരായിടാമോ?
ദൈവത്തിൻ വചനം ദിവ്യായുധം!

## 263

ക്രിസ്തുവിൻ ധീരയുവാക്കളേ നിങ്ങൾ
ദേശത്തെ ചലിപ്പിക്കാൻ ഇറങ്ങീടുമോ?
ഭാരതം നമ്മുടെ ജന്മദേശം;
നാമിന്നും ഭീതിയാൽ അലസരെന്നോ?
ശക്തിധരിക്കുവിൻ! യേശുവിൻ വചനം
ശാന്തരായ് നിത്യം പഠിപ്പിക്കുവിൻ.

1. ആത്മധൈര്യം നേടി അനുദിനം വളരുവിൻ!
ആത്മാവിൽ ശക്തിയെ ധരിച്ചുകൊൾവിൻ;
ദൈവവചനമാം വാളോങ്ങി മുന്നേറൂ,
ശത്രു വിരണ്ടോടും നിശ്ചയമേ.

2. ശത്രുവെ മിത്രമാക്കീടുന്ന വചനം
ഹൃദയത്തിൽ സംഗ്രഹിച്ചിടുമെങ്കിൽ,
സർവ്വശക്തൻ തന്റെ ദൂതഗണങ്ങളാൽ
സംരക്ഷയേകും നീ തലയായിടും.

## 264

ദൈവത്തിൻ വചനം,
അതു ഹൃദയം ചലിപ്പിക്കും,
താളാത്മകമാം വചനതരംഗം,
രൂപാന്തരം വരുത്തും.

1. ഇച്ഛപോലൊക്കേയും സംഭവിച്ചു
കല്പിച്ചതെല്ലാം വചനമായി;
ശ്വാസത്തിൽ നിന്നും ജീവനേകി;
സഖിയായ് നിർമ്മിച്ച തോഴനേകി.

2. മർത്യരെ ദൈവം നിർമ്മിക്കയാൽ
അനുതാപചിത്തനായ് മാറിയത്രേ;
വിശുദ്ധരാകേണ്ടുന്ന മക്കൾ
തന്നിഷ്ടക്കാരായകന്നു പോയി.

## 265

ദൈവത്തിൻ വചനം
അനുപമ വചനം!
ആത്മാവിനുള്ളിൽ
മാറ്റം വരുത്തും (2)

1. കഷ്ടങ്ങളേൽക്കാതെ ലഭ്യമാണോ ചൊല്ലൂ
വാഗ്ദത്തമായുള്ള നിത്യകിരീടം!
മുത്തുകൾ വർദ്ധിക്കും ഭാഗ്യകിരീടത്തിൽ,
പ്രാപിക്കാം വചനത്തിൻ സൗഭാഗ്യത്താൽ!

2.അപ്രാപ്യമല്ലൊന്നും വചനം ഗ്രഹിച്ചാൽ
കർത്താവിൻ മുമ്പിൽ നീ നമിച്ചീടുമോ?
ജയജീവിതം നയിച്ചാനന്ദതീരേ
യാത്ര ചെയ്തെത്താം വചനത്താലേ.

## 266

ദൈവത്തിൻ വചനത്തിലൂടെയല്ലോ
ദൈവത്തെയറിയുന്നു സത്യമായ് നാം,
ദൈവത്തിൻ വെളിപ്പാടുകൾ ദിനം തോറും
സ്വീകരിക്കേണം, അതനുസരിക്കേണം.

1. നവോത്ഥാനത്തിന്റെ പ്രക്രിയയാലിന്ന്-
അന്ധകാരത്തിലായ് ഭാരതം യൂറോപ്പും,
മറ്റനേകം ഭൂഖണ്ഡങ്ങളും ക്രിസ്തു -
ഭക്തർ പോലും നിത്യം നശിച്ചിടുന്നു.

2. സ്നേഹം വളരുന്നു, ബന്ധങ്ങളിൽ കൂടെ,
കല്പനകൾ നാം അനുസരിക്കിൽ;
ദീർഘായുസ്സും രോഗസൗഖ്യവും നൽകും
സ്നേഹവാനാം യേശു ശക്തനല്ലോ.

3. യഹോവ റാഫാ നിശ്ചയമായ് അവൻ-
സൗഖ്യദായകനെന്നും വിശ്വസ്തനും;
വിശ്വസ്തതയ്ക്കൊപ്പം
നിരന്തരം സ്നേഹവും
വളർന്നുവെന്നാലേ നാം ഉയരൂ.

## 267

ദൈവത്തെ അറിയുവാനാശയോടടിയൻ
തിരുവചനമനുദിനമഭ്യസിച്ചു;
അവ്യക്തമായുള്ള ചിന്തകൾക്കെല്ലാം
അർത്ഥം ഗ്രഹിപ്പിച്ചു കാര്യസ്ഥനാൽ.

1. ഉള്ളം നുറുങ്ങുന്ന വേദനയാൽ തവ-
ദാസനെ നിത്യവും കളിമണ്ണുപോൽ,
മർദ്ദിച്ചുപതം വരുത്തീട്ടെന്റെ നാഥൻ
തന്നിച്ഛപോലീ രൂപത്തിലാക്കി.

2. ആർത്തനായ് ആലംബഹീനനായിന്നും
തിരുസ്വരം കാതോർത്തു ശ്രവിച്ചിടുന്നു,
ആത്മാവു ശക്തമായ് തൃപ്പാദേയിന്നും
പിറുപിറുപ്പില്ലാതെ പ്രാർത്ഥിക്കുന്നു.



## 268

മനുഷ്യാ, പരസ്പര സ്നേഹം നമ്മൾ,
പങ്കുവയ്ക്കാനെന്നു പഠിക്കുന്നുവോ,
അന്നു തൊട്ടീ ഭൂവിലാശിഷം വർഷിക്കും!
സ്നേഹിക്കുമോ, പ്രീയ സോദരരേ?

1. ഊതിക്കഴിച്ചതാം തികവുള്ള വചനം-
കവചമായ് മാറും പരിശുദ്ധിയാൽ,
ദൈവപ്രവൃത്തികൾ വെളിപ്പെടട്ടേ നീ-
ശരണം പ്രാപിക്കു വചനമതിൽ.

2. ആഴിയിന്നാഴത്തിലെറിയപ്പെട്ടാലും,
പാതാളപാശത്താൽ ബന്ധിച്ചീടിലും,
മരണത്തിൻ കെണികൾ പിന്തുടർന്നാലും,
സ്വർഗ്ഗഗേഹേ കേൾക്കും പ്രാർത്ഥനകൾ.

3. ഒരിക്കലും കരകയറീടുവാനാകാത്ത-
പ്രതിസന്ധികൾ നീ തരണംചെയ്യും;
അത്ഭുതമാകും വിശാലമാം പാതകൾ-
നിനക്കായൊരുക്കുമെൻ പ്രീയനേശു.

## 269

വചനം കേൾക്കുക നിർമ്മലരായ്,
മനസ്സുവച്ചതു മനനം ചെയ്യാം;
വചനം ദിവ്യാമൃതമല്ലോ?
ഉൾക്കൊള്ളാമത് ജീവനിലായ്.

1. നിർമ്മലതയ്ക്കായ് മനസ്സൊരുക്കാം,
നിർമ്മലഹൃദയം പേറീടാം;
വചനം ഭക്ഷിച്ചനുദിനവും
കൃപയിൽ വളരാം നിർമ്മലരായ്.
2. ദൈവം നമ്മെ നടത്തുന്നനുദിന-
നന്മകളപരനുമേകീടാൻ,
ദൈവത്തിന്റെ നിയന്ത്രണമേകാൻ
ശ്രദ്ധാപൂർവ്വം പ്രാർത്ഥിക്കാം.

## 270

വചനത്തിൻ ആഴം ഗ്രഹിക്കാൻ
പരിശുദ്ധാത്മാവേ തുണയേകണേ;
ഒളിഞ്ഞിരിക്കുന്നതാം വയലിലെ നിധിയെ
കരഗതമാക്കുവാൻ കൃപയേകണേ.

1. നേട്ടങ്ങളെന്തൊക്കെ ലഭിച്ചുവെന്നാലും
കോട്ടങ്ങൾ തീർക്കുവാൻ ബാക്കിയാണേ;
നിത്യതയ്ക്കായുള്ള ഓട്ടം തികയ്ക്കുവാൻ
സത്യസഹായകാ തുണയേകണേ.

2. കാര്യസ്ഥനാമെന്റെ തമ്പുരാനേ എന്നെ
വഴിനടത്തൂ നിൻ ആത്മാവിനാൽ;
കാലിടറീടാതെ പാദം തളരാതെ,
വചനം നിറയ്ക്കണേ ഉള്ളിൽ നാഥാ.

## 271

യേശുവിൽ ആശ്രയം വച്ചുകൊണ്ടവനായി
ശുശ്രൂഷ ചെയ്യാൻ പത്രോസിറങ്ങി,
ഭയമെന്നും കൂടപ്പിറപ്പായിരുന്നവനിൽ,
ആകിലും കർത്താവിൻ സഭ പണിതു.

1. കഷ്ടതയനവധിയുണ്ടെന്നാലും നിങ്ങൾ
ധൈര്യപ്പെടുവിനെന്നാജ്ഞപിച്ചേശു;
വിശ്വസ്തതയോടെ തൻ വാക്കുകേട്ടോർ
നിർഭയരായ് തീർന്നു ധന്യരായി.

2. മനുഷ്യരെ ആകർഷിക്കുന്ന
പ്രവൃത്തിക്കായ്
വേർതിരിക്കപ്പെട്ട പത്രോസിനേയും,

മാതൃകയാക്കാൻ കഴിയില്ലെന്നോ?
പിൻചെല്ലാം യേശുവെ അന്ത്യം വരെ.

3. ആരെല്ലാം ഇടറിയാലും പിൻഗമിക്കും ഞാൻ
എന്നുറച്ചോനാം പത്രോസിൻ വാക്കുകൾ,
ബാല്യക്കാരിയുടെ വാക്കുകേൾക്കെ.
മാറ്റിപ്പറഞ്ഞുപോയ് ഭീരുവായോൻ.

# 272

സൗജന്യമാണ് കൃപയെന്നാലും
വിലയുണ്ടെന്നറിഞ്ഞിടേണം;
ദൈവത്തിന്നിഷ്ടം പ്രവർത്തിച്ചിടുന്നോരെ
പ്രിയപുത്രരായവൻ സ്നേഹിച്ചീടും.

1. യേശു പറഞ്ഞതു വിസ്മരിച്ചീടല്ലേ,
സ്നേഹിക്കുന്നോരെല്ലാം വചനം പ്രമാണിക്കും;
എന്റെ പിതാവവരെ സ്നേഹിക്കും പിന്നെ-
വാസം ചെയ്യും ഞങ്ങൾ അവരോടൊപ്പം.

2. ദൈവത്തിൻ കല്പന പാലിക്കുന്നെങ്കിൽ,
അവനെ നാം അറിഞ്ഞിരിക്കുന്നു വെന്നറിയാം;
അറിഞ്ഞിരിക്കുന്നെന്നു പറഞ്ഞിട്ടു താതന്റെ-
കല്പന നിരസിച്ചാൽ കള്ളനത്രേ.

3. യേശുവിൻ വചനത്തിൽ നിലനില്ക്കുമെങ്കിൽ
വാസ്തവമായ് നാം ശിഷ്യരാകും;
സത്യമറിഞ്ഞവൻ ചാരത്തുവന്നാൽ
സ്വതന്ത്രരാക്കും ആ സത്യം നമ്മെ.

# 273

റബ്ബീ വന്ദനം! ചൊന്നിട്ടേശുവിനെ
ചുംബിച്ച യൂദയോടേശു ചോദിക്കുന്നു;
സ്നേഹിതാ നീ വന്ന കാര്യമെന്ത്?
തൽക്ഷണം കൈവച്ചവന്റെ മേലായ്.

1. യേശുവിൻ കൂടെയുണ്ടായിരുന്നോരൊരാൾ
വാളൂരി വെട്ടി പുരോഹിത ദാസനെ,
വാളുറയിൽ തിരുകാൻ പറഞ്ഞിട്ടേശു
കാതറ്റ ദാസനു സൗഖ്യം നൽകി.

2. വാളെടുക്കുന്നോരേ നശിച്ചുപോകും നിങ്ങൾ,
വാളുകളാൽ തന്നെന്നോർത്തുകൊള്ളേണം.
പന്ത്രണ്ടുലെഗ്യോൻ ദൂതന്മാരെനിക്കായ്
സംരക്ഷയേകില്ലേ ഞാൻ ചോദിക്കിൽ?

3. തിരുവെഴുത്തെല്ലാം നിവൃത്തിയാകേണ്ടതു-
ദൈവനിയോഗമായ് വെളിപ്പെട്ടിടട്ടേ;
പ്രവാചകലിഖിതനിവർത്തകരായ് നിങ്ങൾ-
കള്ളന്റെ പേർക്കെന്ന പോലെയോ വന്നു?

# 274

നിത്യസ്നേഹത്താലെന്നെ വീണ്ടെടുത്തു,
നിത്യരാജ്യത്തേയ്ക്കുള്ള വഴിയൊരുക്കി;
പ്രാപിക്കാം നന്മകൾ അവങ്കൽനിന്നും,
സമ്പൂർണ്ണമായ് നമ്മെ സമർപ്പിച്ചിടാം.

1. സ്വർഗ്ഗീയവഴികൾ തുറന്നുതരും,
അടഞ്ഞതാം വാതിലിൽ മുട്ടീടുമ്പോൾ
നേരായ മാർഗ്ഗങ്ങളടയ്ക്കുന്ന ശത്രുവെ-
നിരാശനാക്കുമെൻ യേശുനാഥൻ.



2. അർഹിക്കുന്നോർക്കെല്ലാം സന്മനസ്സോടെ,
സ്വാതന്ത്ര്യമേകാം നിർഭയരായ്,
ആശയേകീടാം, ബന്ധനം മാറ്റാം,
യേശുവിനായ് വഴി തുറന്നു കാട്ടാം.

# 275

അനർത്ഥങ്ങളിൽ നിന്നു വിടുവിക്കും ദൈവം
ഹൃദയം കലങ്ങീടാതേ;
ജീവൻ വെടിയേണ്ടി വന്നാലും നീ,
കർത്താവിൽ മാത്രം അഭയം തേടൂ.

1. ആദരിക്കേണം നീ എളിയോരെയെന്നും
നീതിമാനായൊപ്പം ജീവിക്കേണം;
നിലംപരിചാകാതെ താങ്ങിടും നിന്നെ,
സ്നേഹവാനല്ലേ എൻ യേശു എന്നും.

2. രോഗശയ്യയിൽ നിന്നെ താങ്ങുന്ന ദൈവം
മരണത്തിൽ നിന്നും വിടുവിച്ചിടും;
വ്യസനപാത്രമായ് ജീവിക്കയോ നീ?
രക്ഷകനാമേശു കൈവിടില്ല.

3. സർവ്വരാലും നീ വെറുക്കപ്പെട്ടോ?
നിന്ദിച്ചു നിന്നെ പുറത്താക്കിയോ?
ഹാഗറെപ്പോലെ മരണത്തിൻ ദൃശ്യം
കൺമുന്നിൽ കണ്ടു നീ പരിഭ്രമിച്ചോ?

# 276

അത്ഭുതങ്ങളാൽ, അടയാളങ്ങളാൽ
ദൈവത്തിൻ ചൈതന്യം അനുഭവിക്കവേ,
നന്ദികെട്ടോരാൽ, നിന്ദിതനായപ്പോൾ
കൈവെടിയാത്തവൻ കൂട്ടിനെത്തി.

1. എത്ര മഹത്തരമെന്നോ ഈ സ്നേഹം!
നന്ദിനിറഞ്ഞീ ഹൃദയം തിങ്ങുന്നേ;
അനുദിനം സ്തുതി സ്തോത്രം ബഹുമാനവും
അർപ്പിച്ചീടുന്നേ തിരു നാമത്തിനായ്.

2. അനുഗമിക്കാം പ്രീയാ അന്ത്യത്തോളം,
ക്രൂശിൻ ദൂതുമായ് അണിയണിയായി;
തിന്മകൾക്കെതിരായിട്ടുത്സുകരാകാമോ?
ഉന്നതദൈവം താൻ നൽ വഴികാട്ടും.

3. ആത്മദാഹത്തോടെ അരികിൽ വന്നാൽ
അഭിഷേകം ചെയ്തു, നൽസുതരാക്കും;
ആധികളാകെയും മാറിടുമന്നേരം നാം,
അജഗണമായ് ആനന്ദാശ്രു തൂകും.

# 277

അന്ധകാരം പോയി മദ്ധ്യാഹ്നം പോൽ സദാ-
ശോഭിതമാകുവാൻ യത്നിക്കുകിൽ;
നനവുള്ള തോട്ടം പോലായിടും നമ്മൾ
ആനന്ദഘോഷം അനുഭവിക്കും.

1. സ്വർഗ്ഗപിതാവിൽ നിന്നംഗീകാരം സ്വന്ത-
പുത്രനു വേണമെന്നോർത്തുകൊൾവിൻ!
കർത്താവിനായ് നാം എന്തൊക്കെ ചെയ്താലും
അനുമതി വാങ്ങി നാം ആരംഭിക്കാം.

2. വിജയം വരിക്കുവാൻ വേണ്ടുന്നതെല്ലാം
സമ്പന്നനാം ദൈവം നൽകിടുന്നു.
ആകിലും വിസ്മരിച്ചീടുകയല്ലേ?
തലമറന്നെണ്ണ നാം തേയ്ക്കരുതേ.

3. മരുഭൂമിയിൽ നമ്മെ കൊണ്ടുപോയാലും
ഹൃദ്യമായ് ദൈവം സംസാരിക്കില്ലേ,
ഹാഗറേ നീയൊട്ടും ഭയപ്പെടേണ്ട;
ശക്തനാം ഞാൻ നിന്റെ കൂട്ടിനായില്ലേ?

4. ഏകാന്തമായിരുന്നപ്പനോടുത്തരം-
യാചിച്ചുവാങ്ങാം, മരുഭൂമിയിൽ;
സാത്താൻ പരീക്ഷകനായി വന്നാലും
തീരുമാനങ്ങൾ നാം കൈക്കൊണ്ടിടില്ലേ?

# 278

ഉയിർത്തെഴുന്നേറ്റ  യേശു വീണ്ടും
മരിച്ചില്ല, ഇനിയും മരിക്കയില്ല.
വാഗ്ദത്തം നൽകിയോൻ സ്വർഗ്ഗത്തിൽ
നിന്നും
പരിശുദ്ധാത്മാവുമായ് ഭൂവിൽ വന്നു.

1. പരിശുദ്ധരക്തം മാനുഷർക്കായവൻ-
കാൽവരിമേട്ടിൽ ചൊരിഞ്ഞതിനാൽ,
ദൈവത്തിൻ നീതിയെ വെളിപ്പെടുത്തിത്തന്ന
ഏകജാതൻ ക്രിസ്തു മഹോന്നതൻ.

2. സത്യവചനം വിശ്വസിക്കുന്നവർ
നിത്യരാജ്യത്തിൽ പ്രവേശിക്കുവാൻ,
കർത്താവൊരുക്കുന്ന ഭാഗ്യമാംപദവിക്കായ്
ജാഗ്രതയോടെന്നും യാത്ര ചെയ്വിൻ.

# 279

ദൈവം നിന്നെ മാനിച്ചെന്നാലും,
ഉറ്റവർ പോലും പരിഹസിച്ചിടാം;
ദൈവം തന്റെ ശുശ്രൂഷയ്ക്കായ്
വേർതിരിക്കുമ്പോൾ,
അസൂയ  പൂണ്ടാധിയോടെ
സാത്താൻ കയർക്കും.

1. ഭയപ്പെടേണ്ടോമലേ ആകുലം വേണ്ട,
ആധികളെല്ലാം പ്രീയൻ മാറ്റിടും;
ദൈവത്തിൻ കരങ്ങളിൽ മാനപാത്രമായ്
തോളിലേറ്റി ലാളിച്ചീടും ആത്മരക്ഷകൻ.

2. ആത്മദാഹത്തോടെ നീ സേവനത്തിനായ്,
താതൻ സവിധേ അർപ്പിക്കുന്നേരം,
ശത്രുസൈന്യം ചുറ്റിലും വീമ്പിളക്കിലും
ദൂതഗണം കാവലുണ്ടെന്നോർക്ക ധൈര്യമായ്.

3. പീഡയാൽ ഇന്നും നീ വലയുകയാണോ>?
നിൻ മനവും പിടയുകയെന്നോ?
ആത്മപ്രീയനോടൊപ്പം യാത്ര ചെയ്യുക;
കൈവിടാത്ത സ്നേഹമേയ്പൻ
കാത്തുസൂക്ഷിക്കും.

# 280

പാപാന്ധകാരത്തിൽ ആഴ്ന്നു പോയോരേ,
സ്വാതന്ത്ര്യം നൽകുന്നു ദൈവപുത്രൻ,
സത്യത്തിൻ സാക്ഷിയായ്
ലോകത്തിൽ വന്നവൻ
വാരിപ്പുണർന്നേകും നിത്യരക്ഷ!

1. സ്നേഹാത്മാവേ വന്നു വീശേണമുള്ളിൽ,
ആശിഷമാരിപോൽ ഞങ്ങളിന്മേൽ;
പരസ്പരസ്നേഹത്താൽ മാനിക്കുവാനായ്,
ദൈവമേ സൽബുദ്ധി നൽകേണമെന്നും.

2. ആർക്കുമെൻ ചാരത്തണഞ്ഞിടാം മക്കളേ,
നിമിഷേന പാർക്കാം നിങ്ങളിൽ ഞാൻ;
സ്വീകരിച്ചുള്ളിൽ വസിപ്പിക്കുകിൽ നിങ്ങൾ,
പ്രിയമക്കളെപ്പോലെ  ശോഭിച്ചിടും!

3. ആനന്ദസാഗര തീരം നിങ്ങൾക്കു ഞാൻ
നിത്യാവകാശമായ് നൽകിയില്ലേ?
ചാപല്യമെല്ലാം വെടിഞ്ഞിടേണം നിങ്ങൾ
സാത്താനെ തകർക്കേണമന്ത്യംവരെ.



# 281

തീരാത്ത ദുഃഖം വിതച്ചെന്റെ ഹൃത്തിൽ
തീയാളിപ്പടർന്നിടാനിടയാക്കിയോർ,
അന്യരായിരുന്നെങ്കിൽ അവിവേകമെ
ന്നെണ്ണി,
അവഗണിക്കാനെത്ര എളുപ്പമെന്നോ?

1. ബന്ധുക്കൾ നിന്ദിച്ചു തള്ളിടുമ്പോൾ,
സ്വന്തസഹോദരർ വെറുത്തിടുമ്പോൾ,
ആശ്വാസമേകുവാൻ പ്രാർത്ഥന
കേൾക്കുവാൻ
വിശ്വസ്തനായവൻ കൂടെയുണ്ട്.

2. ആത്മാവിൽ തിരതല്ലുമാനന്ദത്താൽ
നയനങ്ങളാകെ നിറഞ്ഞീടുവാൻ,
ദൈവമേ നീ തന്നെ വാഗ്ദത്ത വചസ്സുകൾ
അളവില്ലാതെന്റെ മേൽ പകർന്നുവല്ലോ?

# 282

ഭക്തരോടുള്ളതാം ദൈവത്തിൻ വാത്സല്യം,
വിശ്വസ്ത സൗഹൃദം എന്നിവയ്ക്കായ്,
കേണപേക്ഷിക്കുമീ ദാസനുമേകേണം,
വാഗ്ദത്തം മാരിപോൽ, സർവ്വേശ്വരാ.

1. “ഒറ്റയ്ക്കല്ലൊരിക്കലും നീ മകനേ,
ദൂതഗണങ്ങൾ തന്നകമ്പടിയുണ്ട്”,
കണ്ണുതുറന്നു നീ കണ്ടിടേണം,
ആത്മാവിൻ തേരോട്ടം നിത്യവുമേ.

2. സകലർക്കും രക്ഷയ്ക്ക് കാരണമാകും-
ദൈവകൃപയ്ക്കായൊരുങ്ങിനിൽക്കാം,
ദൈവാത്മാവോടൊപ്പം  യാത്രയ്ക്കായി-
നിത്യവും അഭ്യാസം ചെയ്തിടാം നാം.

# 283

കുഞ്ഞുമനസ്സിൻ നൊമ്പരങ്ങൾ
ഈശനറിയുന്നു;
മാറിലേറ്റി ഉമ്മയേകി
ശാന്തിയേകുന്നു

1. കണ്ണുനീരും കദനവുമെല്ലാം
അകറ്റിടുന്നേശു,
നന്മയേകാൻ കൂട്ടുകൂടും,
കൂടെ നടന്നീടും.

# 284

പാട്ടുപാടുവാൻ കൂട്ടുകൂടുവാൻ
മോഹമേറെയുണ്ടു പ്രീയനേ,
കൂട്ടുകാരനായ് കൂടെ പോരുമോ?
പാടി വാഴ്ത്തിടാം ജീവദായകാ.

സത്യസാക്ഷിയായ് ജീവിച്ചീടുവാൻ,
എന്നെയും പേർവിളിക്ക നല്ല നാഥനേ;
അന്ത്യത്തോളം പൊരുതിടാം,
ജയം പ്രാപിക്കാൻ,
നിത്യവും നിനക്കുമാത്രം
സേവ ചെയ്തിടാം.

# 285

ജീവിതവിജയം  കൈവരിക്കാനായ്
അനുനിമിഷം പരിശ്രമിക്കാമോ?
പൗരോഹിത്യത്തിൻ ശുശ്രൂഷ ചെയ്യുവാൻ
ദൈവം വിളിച്ചു വേർതിരിച്ചില്ലേ?

1. സൃഷ്ടിച്ചോൻ
പരിപാലിക്കുന്നെന്നുടയോൻ,
വിഗ്രഹസേവയെ വെറുത്തിടുന്നു;
സ്രഷ്ടാവെക്കാളേറെ ആത്മാർത്ഥമായ്
മറ്റെന്തുണ്ടായാലും വിഗ്രഹമേ.

2. മനുഷ്യനെ ആരു പ്രസാദിപ്പിക്കാൻ
പരിശ്രമിച്ചാലും വിരുതുണ്ടാമോ?
ദൈവത്തെ പ്രസാദിപ്പിച്ചീടുകിൽ
വിശ്വസ്തദാസന്മാരായി മാറും.

# 286

യഹോവയോടു ഞാൻ അപേക്ഷിച്ചപ്പോൾ
അവനെന്റെ യാചന കേട്ടു;
സകലഭയങ്ങളിൽ നിന്നും വിടുവിച്ചു,
അവനെനിക്കുത്തരം അരുളി.

1. എളിയവനാമെന്റെ നിലവിളി കേട്ടവൻ
കഷ്ടതയ്ക്കന്ത്യം വരുത്തി.
ഭക്തന്മാർ ചുറ്റിലും ദൈവദൂതന്മാർ
സന്നാഹമോടെത്തി വിടുവിക്കുന്നു.

2. രുചിച്ചറിവിൻ ദൈവം വിശ്വസ്തനല്ലോ?
ദൈവത്തിൽ ശരണപ്പെട്ടാൽ ഭാഗ്യവാൻ;
ഭയപ്പെടുവിൻ! തന്റെ വിശുദ്ധരേ നിത്യം,
മുട്ടില്ല, ഒന്നിനും തൻ ഭക്തർക്ക്.

# 287

കർത്താവാം ദൈവമേ എന്നേയുമേ,
ഇത്രത്തോളം നന്നായ് അനുഗ്രഹിച്ചീടാൻ,
ഞാനാരാണങ്ങേയ്ക്കു പ്രിയാ?
എന്തുള്ളൂ മമ ഗേഹം തിരുമുമ്പിൽ!

1. അടിയനു നൽകിയ നന്മകളെല്ലാം
എണ്ണിത്തീർക്കാൻ കഴിയില്ലല്ലോ?
പോരാഞ്ഞിട്ടോ തിരു വാഗ്ദത്തത്താൽ
തലമുറകൾക്കും നീ അനുഗ്രഹമായ്.

2. തിരുവചനം നീ നൽകിയതാലതു-
പ്രസാദകാരണമായി മാറി;
അടിയനു നന്മ വരുത്തിയ നാഥാ,
വൻകാര്യമായതു മാറ്റിയെന്മേൽ!

3. കർത്താവാം യാഹേ അങ്ങെന്നുമെന്നും,
വലിയവനാണീ ഏഴയ്ക്കു സ്വന്തം!
നിന്നെപ്പോൽ മറ്റാരുമേയില്ല ഉലകിൽ,
നീയല്ലാതാരുള്ളൂ ദേവാധിദേവൻ?

# 288

മത്സരഭാവം കാണിക്കും മക്കളേ,
യോനയെപ്പോൽ നീ യാത്ര ചെയ്യും;
ദൈവകല്പനയേറെ ഹൃദ്യമെന്നെണ്ണി
അനുസരിച്ചീടുകിൽ ധന്യനാകും.

1. ദൈവമക്കൾ നടക്കേണ്ടുന്ന വഴിയും
വിനയത്തിൻ മനസ്സും ആർജ്ജിക്കേണം,
മത്സരഭാവത്തിനന്ത്യം വരുത്തുകിൽ
ദൈവത്തിൻ കൃപകൾ പ്രാപിച്ചീടാം.

2. അനുസരിച്ചീടുകിൽ അനുഗ്രഹമാണ്,
സ്രഷ്ടാവു നമ്മെയും ഓർമ്മിപ്പിക്കുന്നു,
ദൈവത്തെ അനുസരിക്കാത്ത മക്കളെ-
ദുഃഖത്തോടേയവൻ നോക്കീടുന്നു.

# 289

വിശുദ്ധമാനസമുണരും;
വചനം മനനം ചെയ്താൽ,
വിശുദ്ധജീവിത സംസ്കാരത്താൽ
വിനയം നിറയും ഹൃദയേ.

1. കരചരണങ്ങൾ ഭഗവൽപാദേ
വിനയാന്വിതമായ് കാണുമ്പോൾ,
തരളിതമാകും താതൻതൻമനസ്സും,
അനുഗ്രഹമാരി ചൊരിഞ്ഞീടും.

2. പ്രിയമക്കൾക്കായേകും താതൻ
അനുദിനവും പുതുനന്മകളെ;
ശത്രുവിനാശകൾ കെടുത്തുമെൻ പ്രീയൻ;
നന്മകളേകും അവൻ! ദൈവം;



# 290

അഭിഷിക്തന്മാർ കടന്നുപോയപ്പോൾ
വഴികളിലെല്ലാം പുതുമഴ പെയ്തു;
അഭിഷേകത്തിൻ ശക്തിയതല്ലോ നാമും!
വരവേല്ക്കാം, പുതുമാരിയെ.

1. ഉണരാം നന്ദികരേറ്റാം നാഥന്,
വിശ്വാസത്താൽ വളർന്നുയർന്നീടാം ;
നായകനേശുവിൻ കൃപയിൻ മാഹാത്മ്യം!
വാഴ്ത്തിപ്പാടാം പിൻഗമിച്ചീടാം.

2. ഭാരതീമക്കൾക്കാത്മ വിശുദ്ധി,
അഭിഷേകത്തിൻ വരദാനവും,
ദാസർക്കേകി നയിക്കുകിൽ തിരുനാമം
ഘോഷിച്ചീടും മഹത്വമേകും !

# 291

കണ്ണീരൊഴുക്കി പ്രാർത്ഥിക്കുകിൽ
പ്രതിഫലം നിശ്ചയം ലഭ്യം;
ഉത്തരം നൽകും,
വിശ്വാസം വർദ്ധിപ്പിച്ചീടുകിൽ,
സാദ്ധ്യമെല്ലാം.

1. മാനുഷചിന്തയ്ക്കസാദ്ധ്യമാം കാര്യങ്ങൾ
പ്രാപിച്ചിടും, വിശ്വസിച്ചീടുമെങ്കിൽ,
പരിശ്രമിച്ചീടുക, മുന്നോട്ടോടി നീ-
ലക്ഷ്യത്തിലെത്തിയർപ്പിക്ക നന്ദി.

2. ചിന്താഭാരത്താൽ പരിക്ഷീണനാകാതെ
സാത്താന്റെ തന്ത്രത്തോടെതിർത്തുനിന്നാൽ,
വിരണ്ടോടും ശത്രു, ജയം നിനക്കല്ലോ?
സദയം സമർപ്പിച്ചു പ്രാർത്ഥിക്കൂ.

3. അവിശ്വാസം നിറയ്ക്കുന്ന
സാത്താന്റെ തന്ത്രം,
വാഗ്ദത്തനിവൃത്തി തകർക്കുമെങ്കിൽ
ഓർത്തുകൊള്ളേണമാ ദുഷ്ടനെ ശാസിച്ചും-
സ്തോത്രാർപ്പണത്തോടും പ്രാർത്ഥിക്കുക.

# 292

ജാതികൾ മദ്ധ്യേ ഉന്നതനാകാൻ
ദൈവത്തിൻ വചനം പ്രമാണിക്കുമോ?
പട്ടണമദ്ധ്യേ അനുഗ്രഹത്തിൻ
നിറകുടമാകാൻ നീ യത്നിക്കുമോ?

1. ശത്രുവിൻ മുമ്പിൽ വിജയമേകുന്നവൻ
വല്ലഭനാകയാൽ ചിതറിക്കുകില്ല;
വിശുദ്ധിയെന്നുള്ള മേലാടയെ
അണിയിച്ചും
എതിരാളികൾ മുന്നിൽ മാനിച്ചീടും.

2. ദൈവീക വാഗ്ദത്തം തലമുറയായെന്നും
നിലനിൽക്കാൻ ത്രിത്വത്തെ അനുസരിക്കൂ;
മർത്യനല്ലവൻ നിത്യദൈ
വമെന്നോർത്തിടേണം
വാക്കുമാറുമോ സ്വർഗ്ഗപിതാവവൻ.

# 293

ദൈവപ്രസാദം നേടേണമെങ്കിൽ
വിശ്വാസമനിവാര്യം നിശ്ചയമേ;
വിശ്വാസജീവിതം ശൈശവനില വിട്ടു
പക്വമായീടുകിൽ അനുഗ്രഹമേ.

1 വാഗ്ദത്തമേകുന്ന ദൈവത്തിൻ
വാക്കുകൾ
അനുസരിച്ചോരെല്ലാം ഭാഗ്യവാന്മാർ;
വെള്ളത്തിന്മീതെ നടക്കുവാൻ ആഹ്വാനം
ചെയ്യുന്ന കർത്താവിൽ വിശ്വസിക്കിൽ,
നിർഭയരായിടാമെന്നാലും, സംശയം-
വെള്ളത്തിലാഴ്ന്നിടാനിടയാക്കിടും.

2. വിശ്വാസം കൂടാതെ എത്രമേൽ
പ്രാർത്ഥിച്ചു
നെടുവീർപ്പിട്ടാലും നിഷ്ഫലമേ,
ക്ലേശങ്ങളെത്രമേൽ വന്നാലും ജീവിതം-

ക്രൂരമായ് പീഡിതമായീടിലും,
നിശ്ചയദാർഢ്യത്തോടേശുവിൽ മാത്രം നീ,
അഭയം തേടീടുകിൽ നിത്യാനന്ദം!

## 294

നീതിമാനായവൻ ഭൂമിയിലുണ്ടോ എ-
ന്നാരായുന്നോനെ തിരിച്ചറിയുമ്പോൾ,
ദൈവത്തിന്നിമ്പ നാദം കാതോർത്തു നാം
വിശ്വസിച്ചനുസരിക്കേണ്ടതല്ലോ.

1. വിശ്വസ്തനായുള്ള ദൈവത്തെ
അറിയുന്ന
നൽമനമാർജ്ജിക്കാം നിത്യവും നാം;
ജീവരക്ഷയ്ക്കുള്ള മാർഗ്ഗം തെളിച്ചോനെ
പിന്തുടർന്നീടാം സുസ്ഥിരമായ്.

2. വേർപാടു പാലിച്ചു ലൗകീക മാർഗ്ഗം
ത്യജിക്കേണം അബ്രാം പിതാവിനെപ്പോൽ;
വിശ്വാസമാർഗ്ഗം മുറുകെപ്പിടിച്ചന്ത്യ-
നാളുകളോളം മുന്നേറിടാം.

3. വാഗ്ദത്തനാട്ടിൽ പ്രവേശിച്ചിടാനായ്
മിസ്രയീം വിട്ടുനാം മുന്നേറണം,
ഫറവോന്റെ പീഡകളേറിയെന്നാലും
ചെങ്കടൽ കടത്തിടും എന്റെ താതൻ.

## 295

പ്രാർത്ഥനയ്ക്കുത്തരം നൽകിയ
ദൈവത്തിൻ-
അത്ഭുതം കണ്ടതാം മർത്യരെല്ലാം,
പ്രാർത്ഥനയ്ക്കൊത്തു കൂടീടുന്നു വീണ്ടും,
വിശ്വാസം തിങ്ങുന്ന ഹൃദയമോടെ.

1. കുടുംബങ്ങളെല്ലാം വിടുവിക്കപ്പെട്ടിടാൻ
ജീവിതസിംഹാസനത്തിലേശു,
നിരന്തരം വന്നിരുന്നാശ്വാസമേകാൻ-
നിത്യവും പ്രാർത്ഥിക്കാം, വിശ്വാസപൂർവ്വം!

2. ദൈവത്തിൻ കൃപയുടെ സ്പർശം
കൊതിക്കുമ്പോൾ
ഏറ്റുപറഞ്ഞീടും; പാപം ക്ഷമിക്കും;
തിരുമുമ്പിൽ കടന്നുവന്നീടുമോ ദിനവും?
നിത്യ സഹായമേകീടുമീശൻ.

## 296

പ്രാർത്ഥനയ്ക്കുത്തരം നിശ്ചയമേ;
അതുലഭ്യമായീടുവാൻ കാത്തിരിക്കാം.
നിനയാത്ത നേരത്തുത്തരമേകുന്ന
വല്ലഭനാം യേശു ജീവിക്കുന്നിന്നും.

1. വിശ്വാസത്താൽ എന്റെ ജീവിതത്തിൽ
പ്രാപിച്ചതൊക്കെയും അത്യത്ഭുതമേ,
ലോകരിൻ കൺകളിൽ നിന്ദ്യനായീടിലും
പഴിദുഷിയാൽ കലങ്ങുമോ ഞാൻ?

2. ദൈവം നടത്തുന്ന വഴികളെല്ലാം
മഹത്തരമേ അതവർണ്ണനീയം!
ആർക്കുമേ വിശ്വസിച്ചീടുവാനാവാത്ത
വൻകാര്യങ്ങൾ താതൻ ചെയ്തിടുന്നു.

3. പ്രശ്നങ്ങൾ അനവധി അനുഭവിച്ചും
ക്ലേശങ്ങളേറെ സഹിച്ചുകൊണ്ടാലും,
വെല്ലുവിളിക്കാർക്കു ചെവി കൊടുക്കാതെ
ദൈവരാജ്യത്തിൻ പടതെളിക്കാം.

4. അനുതാപഹൃദയം കർത്താവിന്റെ-
പാദാരവിന്ദത്തിൽ തുറന്നുകാട്ടാം,
സമാധാനസന്ദേശം വഹിച്ചു നമ്മൾ
ശാന്തഗംഭീരരായ് പ്രവർത്തിച്ചിടാം.



## 297

വിശുദ്ധിപ്രാപിക്കാൻ മനസ്സൊരുക്കേണം;
വിനയമാർജ്ജിക്കാൻ തിരുകൃപ വേണം,
കാഴ്ചകളെല്ലാം വിശുദ്ധമാകേണം,
ദൈവം പ്രസാദിക്കാനിടവരേണം.

1. പ്രീയനൊരുക്കുന്ന രക്ഷ കാണാനായ്-
പരിജ്ഞാനമാർജ്ജിക്കാം വചനത്തിനാൽ,
മനനം ചെയ്തീടാം വാഗ്ദാനമൊക്കേയും,
ആർജ്ജിച്ചിടാം ധ്യാനിച്ചവങ്കൽനിന്നും.

2. മനമൊരുക്കത്തോടുള്ളർപ്പണങ്ങൾ,
സന്തോഷമോടവൻ സ്വീകരിക്കും,
ജീവനിലേകിടും അനുഗ്രഹങ്ങൾ,
മാരിപോൽ പ്രീയൻ തൻ മക്കളിന്മേൽ.

3. യാഗത്തിനന്ത്യം വരുത്തി നാഥൻ,
കാൽവരി ക്രൂശതിൽ യാഗമായി,
തിരുനിണം ലോകർക്കായ് ചിന്തിയതാൽ-
പാപവിമോചിതരായി നമ്മൾ.

## 298

വിശുദ്ധനാം ദൈവത്തെ ആരാധിക്കുന്നോർ
വിശുദ്ധരായ് മാറും, ദൈവകൃപയാൽ;
ജഡമോഹം ക്രൂശിക്കിൽ
അശുദ്ധിയിൽ വാഴില്ല;
ലോകമോഹം വിട്ടു പിൻചെന്നിടാം.

1. സൗമ്യതയേറിടും ആത്മാവാൽ നമ്മുടെ
പ്രവൃത്തികൾ വിശുദ്ധമായ് സൂക്ഷിക്കാമോ?
കൊട്ടാരവാസിയോ, കുടിൽവാസിയോ നീ?
പുണ്യാഹരക്തത്താൽ കഴുകൽനേടാം.

2. ജീവന്റെ പുസ്തകമെന്നൊരെണ്ണം മമ-
പ്രീയന്റെ സന്നിധിയിലിരിപ്പുണ്ടതിൽ;
നമ്മുടെ പേർ കൂടെ ചേർത്തുകണ്ടീടുവാൻ
എത്രയോ കഷ്ടം നാം സഹിച്ചിടേണം.

3. എട്ടുപേർ രക്ഷപ്പെട്ടില്ലേ പെട്ടകത്തിൽ?
നീയും ഞാനും കൂടെ കയറിടേണ്ടയോ?
നിർവ്യാജഭക്തിയോടീശനോടൊപ്പം നാം,
ദൈവത്തിൻ പ്രിയപുത്രരായി മേവാം.

## 299

മൺപാത്രങ്ങളാം മർത്യരിൽ നാഥൻ
പകർന്നേകിയോരു നിക്ഷേപത്തെ,
ദൈവത്തിൻ ശക്തിയാം നിക്ഷേപത്തെ,
ബലഹീന മർത്യരിൽ കണ്ടിടുന്നു.

1. തെരിഞ്ഞെടുക്കപ്പെട്ട പാത്രങ്ങളല്ലോ
നിങ്ങൾ,
ഹൃദയത്തിൽ വിശുദ്ധി നിറച്ചുകൊൾവിൻ;
സ്വർഗ്ഗ വാസത്തിനായ് ഒരുക്കമുള്ളോരായ്
നീതിയിൻ കവചം ധരിച്ചുകൊൾവിൻ.

2. കുലമഹിമകളോ ബലഹീനതകളോ
പരിഗണിക്കാത്തവനല്ലയോ യേശു?
അരൂപിയകമേ വാസം ചെയ്തീടുകിൽ,
വഴിതെറ്റിടാതവൻ നയിക്കുമെന്നും.

## 300

ദൈവത്തിന്നാഹ്ലാദം പങ്കുവച്ചീടുവാൻ
ദൈവം തരുന്നു നൽ നിമിഷങ്ങളെ;
കൂട്ടായ്മകളിൽ കൈവരിച്ചീടുന്ന-
ഹൃദയാഹ്ലാദം കൈമാറിടാം.

1. ആത്മാവിൻ തരംഗങ്ങളുയർത്തുന്ന
ദിവ്യമാം
പരിശുദ്ധാത്മാവിന്റെ വേലിയേറ്റം,

വിശുദ്ധിയിൻ മാർഗ്ഗത്തിൽ യാത്ര
ചെയ്തീടുവാൻ
കരുത്തേകിടുന്നതാൽ നന്ദിയേകാം.

2. ദൈവീകസ്നേഹത്തിൻ
നിറവോടെ നിത്യം
ഹൃദയം നിറഞ്ഞുള്ളിൽ നന്ദിയോടെ,
വേർപാടും വചനത്താൽ
വിശുദ്ധിയും കാക്കാം,
ആത്മീക മനുഷ്യൻ വളർന്നിടട്ടേ.

## 301

ദൈവരാജ്യത്തിന്റെ സന്ദേശമുള്ളിൽ
സംഗ്രഹിച്ചെന്നും ജീവിച്ചിടാം,
ധനവാന്റെ മേശയ്ക്കു കീഴിലെ അപ്പം,
വിധിക്കപ്പെട്ടോർക്കെന്നും സ്വർഗ്ഗരാജ്യം.

1. മരണത്തിനപ്പുറം ജീവിതമുണ്ടേ-
വെളിപ്പെടുത്തീടുന്നു തിരുവചനം;
ധനവാനെ ഓർത്തില്ലയോ ശുശ്രൂഷയിൽ;
ലാസറെ അവർ വിസ്മരിച്ചു.

2. അപ്പനുറുക്കുകൾ ഭക്ഷിക്കും ലാസറോ,
താഴത്തിരുന്നതാം നാളുകളിൽ, തന്നെ-
കീഴേക്കു നോക്കി കണ്ടോരവരെല്ലാം
മരണശേഷം കണ്ടൂ മുകളിൽ.

3. ആലംബഹീനർക്കു തുണയേകും ദൈവം,
പാപികൾക്കൊക്കെയും
വിശുദ്ധിയേകുമ്പോൾ
കരുതുന്ന ദൈവം കരുണാമയൻ;
ഉൾക്കൊള്ളുമാരേയും സ്നേഹപൂർവ്വം!

## 302

നിന്നുള്ളിൽ വാസം ചെയ്യുന്ന ദൈവം,
വിശുദ്ധനല്ലേ നിന്റെ സ്വന്തമല്ലേ?
ആകയാൽ നീയും വിശുദ്ധിയെ കാക്കൂ;
ദൈവപ്രസാദം നേടീടുക.

1.അടിമവീടാകും മിസ്രയീമിൽ നിന്നും
അടിമനുകത്തെ തകർത്ത ദൈവം,
വിക്കനാം മോശെയെ ഫറവോനു ദൈവമായ്
ഉയർത്തിയ ദൈവമാണെന്റെ ദൈവം.

2. ഫറവോന്റെ കാഠിന്യചിത്തം തകർന്നു
വിഭ്രാന്തി പൂണ്ടതാം ശത്രുസൈന്യം,
പിന്തുടർന്നെത്തിപോൽ
ചെങ്കടൽക്കരയോളം
യിസ്രായേൽ മക്കളെ കീഴടക്കുവാൻ.

3. ശത്രുസംഹാരം നടത്തുവാനായ് മോശെ-
കല്പനപോൽ കരമുയർത്തിയപ്പോൾ;
ദൈവജനം കടൽ താണ്ടിയനിമിഷത്തിൽ
കടൽ വീണ്ടുമൊന്നായി ചേർന്നുവല്ലോ.

## 303

പേരുകൾ ചൊല്ലി വിളിക്കുന്ന ദൈവം
പേരും പെരുമയും നൽകിടുന്നു,
അന്ധകാരത്തിൽ നിന്നത്ഭുതജ്യോതിസ്സായ്,
സൽഗുണവാൻ നമ്മെയെത്തിക്കുന്നു.

1. ആത്മീകനെന്നുള്ള പേർ നഷ്ടമായാൽ
പാർപ്പിടം കല്ലറത്തോട്ടത്തിലാകും;
അകമേയുള്ളശുദ്ധിയും പുറമേ വിശുദ്ധിയും,
തിരിച്ചറിയും ദൈവപുത്രൻ യേശു.

2. ചങ്ങലകൾ കൊണ്ടു ബന്ധിച്ചാൽ പോലും,
ഉരുമിടിക്കും പേർ നഷ്ടപ്പെട്ടാൽ,
ആരുമേ പോകുവാൻ അറയ്ക്കു
ന്നിടങ്ങളിൽ പോലും,
എത്തിപ്പെട്ടേയ്ക്കുകിൽ
സൂക്ഷിക്കേണം നാം.

## 304

സുബോധമുള്ളവരായ് മാറുമ്പോൾ നിങ്ങൾ
യേശുവിനോടൊപ്പം യാത്ര ചെയ്യും;
ത്യാഗത്തിൻ മാർഗ്ഗമാണീശോയിൻ മാർഗ്ഗം,
കഷ്ടതകൾ സ്വയം ഏറ്റെടുക്കും.

1. കുരിശിന്റെ വഴിയിലൂടോട്ടം തികയ്ക്കാൻ
നഷ്ടങ്ങളേറെ നാം സഹിച്ചിടേണം,
സമ്പത്തും മാനവും കീർത്തിയുമെല്ലാം
ത്യജിക്കുവാൻ സജ്ജരായ് മാറിടേണം.

2. ലോകത്തിൽ നിന്നുള്ളതൊക്കേയും
നശ്വരം
ചപ്പും ചവറും മാത്രമല്ലോ?
ഇട്ടെറിഞ്ഞീടുവാൻ മനമൊരുക്കീടുകിൽ
മണ്ണും മണ്ണാങ്കട്ടയായവ കരുതും.

3. ദൈവാനുരൂപരായ് മാറുമ്പോൾ നിങ്ങൾ
പകയും വിദ്വേഷവും വിട്ടൊഴിയും;
ആത്മീകമായുള്ള വിശുദ്ധീകരിക്കലാൽ
ദൈവത്തിൻ മക്കളായ് അറിയപ്പെടും.

## 305

ഉള്ളംനുറുങ്ങുന്നേ വേദനിക്കുന്നേ
ആരോടിതൊക്കേയും മൊഴിഞ്ഞിടും
ഞാൻ?
ഏകാകിയായെന്നെക്കാണുവോരാരും
തുണയേകുവാനായ് കാണ്മതില്ല!

1. എന്തോരു ദുസ്സഹം
സ്നേഹരാഹിത്യം,
എന്തോരു സങ്കടം അനുഭവിപ്പൂ,
നിരന്തരമെന്നുടെ ജീവനുവ ഭീഷണി-
വർദ്ധിപ്പിച്ചീടുന്നീ ലോകരെല്ലാം.

2. ആനന്ദമെന്നേ പോയ് മറഞ്ഞു;
ആത്മാവു ദിനവും വിഷാദിക്കുന്നേ,
ഉറ്റവരുടയവരാരുമേ കരുതാൻ-
ഇല്ലാത്ത ദുഃഖമെന്തത്യഗാധം?

## 306

കലഹത്തിന്റെയാത്മാവേ
തകരട്ടടിമുടിയായ്,
വിദ്വേഷത്തിൻ ദുഷ്ടാത്മാവേ
,കടന്നുപോയിടുക;
പരിശുദ്ധാത്മാവുള്ളവരാലെന്നും,
ദൈവാലയങ്ങൾ നിറഞ്ഞു കവിയട്ടേ.

1. ന്യായത്തെ നഞ്ചായും നീതിഫലങ്ങളെ,
കാഞ്ഞിരമായും മാറ്റിയോരേ,
മിഥ്യാ വസ്തുക്കളിൽ നിങ്ങൾക്കു
സന്തോഷം!
സ്വാർത്ഥതയാൽ നിങ്ങൾ പ്രബലരല്ലോ.

2. ദുരന്തം വിതയ്ക്കും സുനാമി
പോലല്ലോ
ദുഃഖം വന്നലട്ടുന്നീ ജീവിതത്തിൽ,
അധികാരസോപാനമേറിയ ഹൃദയത്തിൽ
വിഷാദമെന്തേ കുടികൊള്ളുന്നു?

# 307

ആശ്വാസത്തിൽ ഉറവിടമേശു,
സ്നേഹത്തിൻ സാന്ത്വന സംഗീതവുമേ,
ആ മഹൽസ്നേഹം കീർത്തിക്കാൻ
ഏഴകൾക്കനുമതി നൽകിടുമോ?

1. അധരം തുറക്കട്ടെ ആത്മദാഹത്തോടെ,
ആത്മാവിൻ കൃപകൾ വർണ്ണിക്കട്ടേ,
ഹൃദയം കൊതിക്കുന്നേ പരിശുദ്ധനേ,
ആത്മാവിനാൽ ഞങ്ങൾ നിറഞ്ഞിടട്ടേ.

2. രുധിരം ചൊരിഞ്ഞവിടുന്നു
വീണ്ടെടുത്തു?
അമലാ നിൻമക്കൾ മോചിതരായ്;
സ്നേഹപ്രവാഹമേ കാരുണ്യവാനോ നീ,
ഉള്ളിൽ വസിച്ചെന്നും വഴിനടത്തൂ.

# 308

കുറ്റമൊന്നും നിന്നിൽ കണ്ടെത്താനാകാതെ
കുറ്റം വിധിച്ചുവോ ദൈവപുത്രാ?
കുറേനക്കാരനാം ശീമോനെക്കൊണ്ടവർ
കുരിശു ചുമപ്പിച്ചതാർക്കു ഭാഗ്യം?

1. പാപമില്ലാത്തതാം ദൈവപുത്രൻ നമ്മെ-
പാപത്തിൽ നിന്നും മോചിപ്പിക്കാൻ,
ബലിയാടായ് ക്രൂശിൽ പാപം വഹിച്ചല്ലേ-
പാപികളാം നമ്മെ വീണ്ടെടുത്തു?

2. നന്മ മാത്രം ചെയ്ത ദൈവപുത്രൻ നമ്മെ-
നല്ലപോർ പൊരുതുവാൻ ക്ഷണിച്ചിടുമ്പോൾ;
നാളെയാകട്ടെയെന്നഗണ്യമായ് കരുതാതെ,
നാശത്തിൽ നിന്നും കര കയറൂ.

# 309

നീ കരഞ്ഞാൽ എന്റെ മനം തകരും,
നിലവിളിച്ചെന്നാൽ ഞാൻ തരിച്ചു നിൽക്കും;
നിനക്കെതിരായ് ആഞ്ഞടിക്കുന്നോനെ
ഭുജബലത്താൽ ഞാൻ കാൽക്കീഴാക്കും.

1. ഭീതിവേണ്ടോമലേ ധൈര്യപ്പെടൂ,
വീണ്ടെടുപ്പിൻ നിണം വിശുദ്ധമല്ലോ?
നിന്നെ ഞാൻ പാലിക്കും നിരന്തരമായ്,
കോട്ടയായ് രക്ഷിച്ചു കാത്തുകൊള്ളും.

2. യെരിഹോവിൻ കോട്ടയെ
തകർത്തപോലെ,
വിശ്വാസത്തോടെ നീ യാത്ര ചെയ്യൂ;
വൻവിനകൾ നിന്റെ നേർക്കു വന്നാലും
മുന്നേറൂ പൈതലേ നിർഭയനായ്.

3. ആത്മാവിൻ ശക്തിയാൽ ബന്ധനങ്ങൾ-
തകർക്കുവാൻ അഭ്യാസം തികച്ചിടേണം,
ശീതോഷ്ണവാനായി മാറിടല്ലേ നീ,
വചനമാം വാളേന്തി ധീരനാകൂ.

# 310

ലംഘനമാകെ ക്ഷമിച്ചുകിട്ടുകിൽ
അനുഗ്രഹസമ്പൂർണ്ണൻ!
ആത്മം സുതാര്യമാവുകിൽ നീ-
ഭാഗ്യവാനല്ലോ?

1. അനുദിനമേശുവിൽ വളർന്നിടുന്നോരേ,
അവികലകുസുമമായ് മാറും നിശ്ചയം!
അനുപമസ്നേഹത്തികവിൽ വളർന്നാൽ,
അനുഗ്രഹമാകും കുടുംബജീവിതം!



2. ശ്രേഷ്ഠ പാപിയാകുമെന്നെ
വീണ്ടെടുത്തതിനാൽ
പാപത്തിൻ അടിമയായി ജീവിക്കാൻ വയ്യേ
ക്രൂശുകൾ പേറിയെൻ നാഥൻ എനിക്കായി
വീണ്ടെടുപ്പിൻ രക്ഷയെ, നിലനിർത്തിടാൻ.

# 311

അസാധ്യങ്ങൾ സാധ്യമാക്കും,
നിന്നേയും അത്ഭുത വിഷയമാക്കും,
ജാതികൾ മദ്ധ്യേ നീ ഉന്നതനാകും,
യേശുമാത്രം നിന്റെ കർത്താവാകും.

1. യേശു വരുമ്പോൾ നാം
ഉയിർത്തെഴുന്നേൽക്കും;
ആ നല്ല നാളിനായ് കാത്തിരിക്കാം,
കർത്താവിൽ മരിക്കുന്നോർ
ഭാഗ്യവാന്മാരത്രേ,
കർത്താവുതൻ ദൗത്യം നിറവേറ്റിടും.

2. ഈ ലോകവാസത്തിൽ കഷ്ടമനവധി
വേട്ടയാടുമ്പോൾ തകർന്നിടല്ലേ;
അത്ഭുതത്താലും അടയാളത്താലും
നന്നായ്
പണികയാവാം നിന്നെ നല്ലിടയൻ.

# 312

വേർപാടു വേണം ദൈവമക്കൾക്ക്,
വിശ്വാസികൾക്കവൻ സ്വന്തമല്ലോ?
വിളിച്ചവൻ വിശ്വസ്തനെന്നുറച്ചു;
അബ്രഹാം ദൈവത്തെ അനുസരിച്ചു.

1. ദൈവാശ്രയത്തിൽ നടക്കുന്നോരേ,
കഷ്ടനഷ്ടങ്ങളിൽ ശോധനയിൽ,
മറുതലിക്കാതെ സ്തുതി കരേറ്റാൻ
പ്രാപ്തരായീടുവിൻ നിരന്തരമായ്.

2. ശത്രുത്വം പോക്കാൻ
മുൻകൈയെടുക്കും,
ദൈവത്തെ സ്നേഹിക്കും മക്കളാദ്യം;
ശത്രുക്കൾ ബന്ധുക്കളായി മാറുമ്പോൾ
ഭവനത്തിൽ സ്വർഗ്ഗീയ രാജനെത്തും.

3. ആത്മാവീ ദിനത്തിൽ ശുദ്ധമാക്കാം
അനുസരിക്കാനായ് മനമൊരുക്കാം;
വേർപെട്ടു ദൈവത്തോടടുത്തിടുമ്പോൾ,
നഷ്ടപ്പെടുന്നവ മടങ്ങിയെത്തും.

# 313

അധരം തുറന്നു മൽനാഥനെ വാഴ്ത്താൻ
കഴിയാതിരുന്നാൽ ദുര്യോഗമേ;
നാവിനെ കെട്ടിക്കളഞ്ഞതാം ദുഷ്ട-
പിശാചിനെ ബന്ധിക്കാൻ ശക്തിനേടാം.

1. ശക്തി; അജയ്യനാം രക്ഷകൻ നൽകുന്ന-
നിത്യസഹായകശക്തി വേണം,
ആത്മഫലത്തിന്നുണ്മയെ കാക്കുന്ന-
സത്യസനാതന ശക്തിവേണം

2. നീതിമാനായിട്ടു ജീവിക്കുകിൽ നന്മ-
കൈവരുത്തീടണ്ടേ കാലമെല്ലാം,
നീതി നൽകുന്ന ശാന്തി സമാധാനം
അന്യർക്കു നൽകേണം അന്ത്യം വരെ.

3. ദുരിതക്കയത്തിൽ നിന്നുയരാം നമുക്ക്
ദുർഗ്ഗതിക്കന്ത്യം വരുത്താമോ ചൊൽ?
ആത്മാവിൻ വാളോങ്ങി വെട്ടാം ശത്രുവെ,
സ്തുതി പാടാൻ അധരം തുറക്കാം.

## 314

കർത്താവിലുള്ളതു ദിവ്യമാം ശക്തി,
ക്രൂശുവഹിക്കുമ്പോൾ പ്രവഹിക്കും ശക്തി;
സാത്താന്റെ മുമ്പിൽ വെളിപ്പെടുത്തണ്ടേ?
താതനാം ദൈവത്തിൻ മഹത്വശക്തി.

1. നിസ്സാരമായുള്ള കാര്യങ്ങൾക്കായി നാം
ദൈവമഹത്ത്വത്തെ ഉപയോഗിച്ചാൽ,
സ്വാർത്ഥതയെന്നല്ലാതെന്തു പേർ
നൽകും?
അർഹിക്കയില്ല മറ്റൊരു നാമവും!

2. സാഹചര്യങ്ങളെ അനുകൂലമാക്കി നാം
സ്രഷ്ടാവിനെത്തന്നെ മറന്നീടുകിൽ,
സാഹസം കാട്ടുവോർക്കിമ്പം നിലയ്ക്കും;
ദിവ്യ കാര്യങ്ങൾക്കർപ്പിക്കാം ഹൃദയം.

## 315

അനുഗ്രഹമാക്കുമോ നാഥാ എന്നേയും,
മർത്ത്യർക്കനുഗ്രഹമാക്കീടുമോ?
സർവ്വ നന്മയ്ക്കും ഉടയവനായോനേ,
എന്നെയും മാറ്റുമോ അനുഗ്രഹമായ്?

1. യേശുവേ എന്നാത്മനാഥാ ഏഴ ഞാൻ,
തിരുകൃപയില്ലാതെ എന്തു ചെയ്യേണ്ടു?
നിൻമഹാ സ്നേഹം ത്യജിച്ചു ഞാനെവിടെ-
പോയീടും ജീവന്റെ നായകനേ.

2. യേശുവിൻ വാഗ്ദത്തം പാലിക്കാൻ
വൈകുകിൽ,
ഭൃത്യരാം നിൻ ശിഷ്യർ എന്തുചെയ്യും?
ജീവിതം കൊണ്ടല്ലോ
ക്രിസ്തുവെ സാക്ഷിപ്പൂ,
വാഗ്ദത്തം പാലിക്കൂ, പരിപൂർണ്ണനേ.

## 316

മുന്തിരി വള്ളിയും കൊമ്പുമായ് ജീവിക്കാൻ
കർത്താവുനമ്മേയും ക്ഷണിച്ചിടുന്നു;
അധികഫലം കായ്ച്ചു ശിഷ്യഗണങ്ങളായ്,
ഭൂവിതിൽ മേവാൻ ക്ഷണിച്ചിടുന്നു.

1. നീതിയാം കവചം ധരിച്ചു മുന്നേറാം,
സത്യം അരയ്ക്കു നാം കെട്ടി നടക്കാം,
അനീതിക്കെതിരായ് പോരാടിടാമോ?
സമാധാനസുവിശേഷം നട്ടുനനയ്ക്കാം.

2. വിശ്വാസമാകുന്ന പരിചയാൽ നിത്യം,
സംരക്ഷണം നേടാം സംപൂജ്യരായ്;
രക്ഷയാം ശിരസ്ത്രം ധരിച്ചുമുന്നേറാം,
ആത്മാവിൻ വാളേന്താം ജാഗ്രതയായ്.

## 317

പാപാന്ധകാരത്തിലാണ്ടുപോയോരെ,
ദുരിതക്കയത്തിൽ പതിച്ചവരേ;
പരമാർത്ഥ ഹൃദയം പേറി നാമെന്നും
സത്യത്തിൻ പാതയെ പിൻപറ്റിടാം.

1. ദൈവജനത്തിന്റെ രക്ഷയ്ക്കായ് ദൈവം
തെരഞ്ഞെടുത്തവനാം ദാവീദിനെ,
താഴ്മയുള്ളോനായ് കാണുന്നെല്ലാരും;
അഭിഷിക്തനായവൻ വ്യത്യസ്തനല്ലോ?

2. ദൈവപ്രസാദമുള്ളോനായ് ജനിച്ചു,
മഹത്വമേകാനവൻ ഉത്സുകനായ്;
ജീവിതനാളെല്ലാം ദൈവമുമ്പിൽ
വിനയത്തോടവനെന്നും കാണപ്പെട്ടു.

## 318

യഹോവയിൻ മുഖമന്വേഷിക്കാം,
യഹോവയെ തന്നെ ശരണമാക്കാം,
യഹോവയെ നിത്യം ധ്യാനിച്ചിടാം,
യാഹിന്റെ വഴികളിൽ യാത്ര ചെയ്യാം.

1. സ്തുതികൾക്കു യോഗ്യൻ യഹോവയല്ലോ?
അവനല്ലാതേതൊരു ദൈവമുള്ളൂ?
യഹോവയെ തന്നെ പിൻചെല്ലുകിൽ,
വഴിനടത്തും അനശ്വരരായ്.

2. നിനയാത്ത നേരം അഭിഷേകത്തെ,
ദാനമായ് നൽകുന്നു സർവ്വേശ്വരൻ;
ഹൃദയങ്ങൾ കാണും പരമോന്നതൻ
സാക്ഷാത്കരിക്കും അഭിലാഷങ്ങൾ.

3. സത്യത്തെ അറിയേണം പിൻചെല്ലണം,
സത്യത്തിൽ മാത്രം ചരിച്ചിടേണം,
സത്യം നിങ്ങളെ സ്വതന്ത്രരാക്കും,
മാന്യതയോടീ ലോകേ നടത്തും.

## 319

സഭയ്ക്കുനാഥനായ് ശിരസാം ക്രിസ്തു,
നിയന്ത്രിച്ചിടുന്നെന്നും തൻശരീരം;
കാലുകൾ പോകേണ്ട വഴിയറിയേണം,
കരങ്ങളോ ശിരസിൻ
ആജ്ഞാനുവർത്തികൾ;
പോകാം ഒരുമയായ് പോകാം
കർത്താവിൻ ദൗത്യം നിറവേറ്റാം.

1. ഭാഷകൾ വ്യത്യസ്തം സംസ്കാരം
പോലും.
കാതങ്ങൾ താണ്ടുകിൽ മുഖശ്രീതന്നെ-
വൈവിദ്ധ്യമാർന്നതായ് കാണപ്പെട്ടേയ്ക്കാം,
ആകിലും തിരുനിണം ഏവർക്കുമായല്ലോ-
കാൽവരി തന്നിൽ ചൊരിഞ്ഞു മൽപ്രീയൻ.

2. രക്ഷയിൽ സന്തോഷം
ഏവർക്കും സ്വന്തം;
ക്രൂശിലെനിണത്താൽ പാപമോചനം;
സ്നേഹത്തിൻ കൊടിക്കീഴിൽ
യേശുഭവാൻ
ജാതിവർണ്ണങ്ങളല്ലാതണിനിരത്തുന്നു;
ആ ദിവ്യനാമത്തെ
വാഴ്ത്തിടാമൊന്നായ്.

## 320

അതിശയമായ് നടത്തുന്നവൻ,
ആലംബമായ് പോറ്റിടുന്നു,
തീരാത്ത വ്യാധിയാലുഴലുന്ന നേരം
ആശ്വാസമായേശു അരികിലെത്തും.

1. ആത്മാർപ്പണം ചെയ്തു നാഥന്റെ സവിധേ,
അശ്രുഅർപ്പിക്കാൻ കടന്നു വന്നാൽ,
അവഗണിക്കാത്തവൻ മാറോടണയ്ക്കും;
സ്നേഹസ്വരൂപനാണെന്റെ ദൈവം.

2. മാതൃകയാകേണ്ട പ്രവൃത്തി ചെയ്തെന്നും
സമ്പൂർണ്ണരാകേണം ദൈവമക്കൾ;
നന്മയാം യാഗത്തിൽ ദൈവം പ്രസാദിക്കും,
നിത്യവുമവനിൽ അർപ്പിച്ചിടാം.

## 321

അപ്പാ നിൻ വാത്സല്യപുത്രനായെന്നെ,
തിരുസവിധേയെന്നും നില നിർത്തണേ;
അവിടുത്തെ രാജ്യം സ്ഥാപിതമാകാൻ
സാത്താന്യ ബന്ധനം തകർത്തിടേണം.

1.അനുവദിച്ചീടുകിൽ അന്ധകാരത്തിന്റെ
ശക്തിയും കോട്ടയും പൊളിക്കുവാനും,
മനസ്സൊരുക്കത്തോടെ
പ്രയത്നിക്കുവാനും;
കർത്താവിനായിതാ സമർപ്പിക്കുന്നേ.

2. ലംഘനത്താൽ മമ ജീവിതം
തിരുമുമ്പിൽ
വിലയിടിഞ്ഞീടാതിരിക്കുവാനായ്,
കൃപയേകി മാർവ്വോടണച്ചാത്മശക്തിയീ-
മൺകുടം തന്നിൽ നീ നിറച്ചീടണേ.

# 322

എന്നെത്തേടി വന്ന സ്നേഹമേ,
എന്തു ഞാൻ പകരം നൽകും?
പാപിയായ് പിറന്നു, പാപിയായി വളർന്നു;
പാപികളിൽ ഒന്നാമനായി മാറി.

1. യേശുവിനായ് നിത്യം യാത്ര ചെയ്യും;
ജീവിതാന്ത്യം വരേയും;
രക്ഷകനാമേശു വീണ്ടെടുത്തതിനാൽ,
സാക്ഷിയായ് തുടർരും അന്ത്യത്തോളം.

2. യേശുവിനായ് പാടും, നൃത്തം ചെയ്യും,
ജീവിതാന്ത്യം വരെയും;
രക്ഷകനാമേശു വീണ്ടെടുത്തതിനാൽ
യേശുവിനായ് പാടും അന്ത്യത്തോളം.

# 323

എന്തുമഹൽ സ്നേഹമീശോ എന്മേൽ
സന്തതം ചൊരിഞ്ഞങ്ങു മെച്ചമായ്
നടത്തുന്നു;
നന്ദിയേറുന്നേ മനം തുള്ളിയാർക്കുന്നേ,
ഇത്രമേൽ സ്നേഹമോ എൻദൈവമേ?

1. ഇത്രമേൽമെച്ചമായ് നടത്തുന്നോനേ
എന്തുമാത്രം ക്ഷമയ്ക്കെന്നെയൊരുക്കി;
ഇത്രത്തോളം സ്നേഹം എന്നിൽ
പകരാൻ
എന്തുകണ്ടു നന്മയെന്നിൽ പ്രിയാ.

2. ഹാ! മഹാസ്നേഹമേ നന്ദിയോടെന്നും
തിരുഹിതത്തിനടിമ ജീവിക്കും;
അപ്രമേയമാം സ്നേഹത്തിൻ മഹത്വം
വർണ്ണിപ്പാനെനിക്കു നാവില്ല, ശക്തിയും.

3. ഓർത്തിടുമ്പോൾ സ്നേഹമേന്നേ
എന്നിൽ!
നന്ദിയാൽ ഹൃദയം തരളിതമാ/റച
ആ ദിവ്യസ്നേഹം എത്ര മഹൽസ്നേഹം!
നന്ദി അർപ്പിച്ചാൽ മതിവരുമോ പ്രിയാ?

4. ഹാ! മഹൽസ്നേഹമേ നിത്യനാം
താതാ,
നിൻ മനസ്സിന്നാഴം വർണ്ണനാതീതം!
അർപ്പിച്ചിടുന്നേ, യേശുവേ നിനക്കായ്
നന്ദിയാൽ ഹൃദയം മനസ്സും പൂർണ്ണമായ്.



# 324

കോട്ടകൾ കെട്ടുന്നു മർത്യൻ, തൻ സോദരൻ
വേർപെട്ടുകിട്ടാൻ പണിപ്പെടുന്നു;
ക്രിസ്തീയ ദൗത്യം വിസ്മരിക്കുന്നവർ
ക്രിസ്തുവെ നിത്യവും ക്രൂശിക്കുന്നു.

1. വേർപാടിൻ നടുച്ചുവർ ഇടിച്ചവൻ നമ്മെ-
ഒരുമയായ് നടത്താൻ യത്നിക്കുമ്പോൾ,
പൈശാചികന്റെ വൻ കെണിയതിൽ
പെട്ടു നാം-
നിത്യനാശത്തിൽ പതിച്ചിടുന്നു.

2. ആത്മാവനശ്വര ഭവനത്തിൽ ചേരുവാൻ
ആത്മാവിന്നുടയവൻ കാംക്ഷിക്കുമ്പോൾ,
സ്വാർത്ഥരായ് സോദരർ വൈരം വളർത്തുന്നു
സമർപ്പിച്ചിടാം തിരു സവിധേ.

# 325

ജീവിതമുല്യങ്ങൾ കാത്തുസൂക്ഷിക്കാൻ
സ്നേഹിക്കാൻ, ലാളിക്കാൻ,
വിശ്വസ്തരാകാൻ;
വാക്കുമാറാത്തോനേ പഠിപ്പിച്ചുവല്ലോ നീ.
ഒരുനാളും പിരിയാത്ത മഹൽ സ്നേഹമേ,

1. സേവനതല്പരരാകാമോ ദൈവത്തിൻ-
ഹൃദയം കവരാമോ നിർമ്മലരായ്;
സോദരരേ നമ്മൾ ഐക്യത്തോടെന്നും
കർത്താവിൻ വാക്കുകൾ പാലിച്ചീടാം.

2. വറ്റാത്ത ഉറവയാം സ്നേഹപ്രവാഹം
ജീവിതവീഥിയിൽ നുരഞ്ഞുപൊങ്ങാൻ,
സദയം സമർപ്പണചിത്തമോടെന്നും
ആത്മാവിൻ ചിന്തയെ അനുസരിക്കാം.

# 326

തിരുഹിതം ഞങ്ങളിൽ നിറവേറുവാൻ
തിരുഹിതമാകണേ പ്രാണനാഥാ,
തിരുഹിതം വെളിപ്പെട്ടുകിട്ടീടുവാൻ
തിരുസുതർ തവപാദേ വന്നിടുന്നേ.

1. സകല ഭൂവാസികളും യഹോവയ്ക്കായി-
ആർപ്പിടാൻ പ്രീയരേ ഒരുങ്ങീടുമോ?
മാറാത്തവൻ വാക്കു മാറാത്തവൻ;
ജീവിക്കും ദൈവം യഹോവ മാത്രം.

2. വാദ്യഘോഷങ്ങളോടുച്ചത്തിൽ നാഥനെ-
ആർത്തുഘോഷിക്കാൻ ഒരുക്കമാണോ?
ദേവാധിദേവന്റെ കാരുണ്യഹസ്തങ്ങൾ
കൂട്ടിനായെന്നാളും കൂടെയുണ്ട്.

# 327

നിലവറയാം നിന്റെ ഹൃദയത്തിലെന്നും
യേശുവസിച്ചിടേണം,
ആത്മീയ മനുഷ്യർ തമ്മിൽക്കാണുമ്പോൾ
കർത്തനെ സ്തുതിച്ചിടേണം.

1. ദുർമുഖത്തോടല്ല സോദരർ തമ്മിൽ-
കാണേണ്ടതോർക്ക നിൻ ഉള്ളിലേശു,
സ്ഥിരവാസം ചെയ്യുകിൽ
ലജ്ജയെന്യേനിന-
ക്കപരനോടലിവോടിടപെട്ടിടാം.

2. നിക്ഷേപപാത്രങ്ങൾ സൂക്ഷിച്ചിടുന്നോരു
സ്ഥലമാണുനിലവറ, മറന്നിടല്ലേ?
ഹൃദയത്തിൽ സൂക്ഷിക്കും
രഹസ്യകാര്യങ്ങൾ നീ
നാഥനാം യേശുവിൽ സമർപ്പിക്കുമോ?

# 328

മൺമയമായുള്ള മർത്യശരീരം
മണ്ണോടു ചേരും നീ മൺമറയും,
മാറാത്ത നാഥനോടൊന്നിച്ചു നിത്യം
വാഴുന്ന ഭാഗ്യം അനശ്വരമേ.

1. കുശവന്റെ കയ്യിൽ കളിമണ്ണായ് നിന്നെ,
ഏല്പിക്കുമോ നീ വിനയമോടെ;
ദൈവം തനിക്കേറ്റം പ്രിയങ്കരമായുള്ള
മാനപാത്രം തന്നെയാക്കി മാറ്റും.

2. സമർപ്പണമൊന്നേ വേണ്ടൂ മൽ സോദരാ,
സർവ്വേശ്വരൻ നിന്നെ കാത്തുകൊള്ളും;
ആയുരാരോഗ്യം സുഖം ബലമെന്നിവ-
ദാനമായേകും നിത്യദൈവം.

# 329

വലിയവനേ നിന്റെ സ്വന്തമാണേ;
ഏഴയാണേ, തവദാസനെന്നും;
കാലത്തിൻ ഗതിയെന്നെ
ശ്രേഷ്ഠനാക്കീടുവാൻ
ഹിതമാവുകിൽ ധന്യൻ, യേശുവേ ഞാൻ.

1. അശ്രുപൂജയ്ക്കായ് തൃപ്പാദേ സർവ്വവും
സമർപ്പിച്ചിടുന്നേ വിനയമോടെ,
കൽമഷമൊക്കേയും കഴുകി മൽചിത്തം
വെടിപ്പായ് കാക്കണേ നിന്നിൽ നിത്യം.

2. ഗിരിശൃംഗമെത്രമേൽ കയറിയെന്നാലും
തവസന്നിധേയെത്താനാവതില്ലേ;
മണിയൊച്ചയും ധൂപകലശങ്ങളും കൊണ്ടു-
പ്രസാദിപ്പിക്കാനാവുമോ നാഥാ ?

3. സത്യമായ് സമ്പൂർണ്ണ
സമർപ്പണത്താൽ മനം-
വിനയപ്പെട്ടല്ലയോ തിരുസന്നിധേ,
നിലവിളിച്ചഭയം പ്രാപിക്കുന്നേഴ!
മിഴിനീർ തുടച്ചെന്നെ സ്വീകരിക്കൂ.

# 330

എത്ര വർണ്ണിച്ചാലും ആസ്വദിച്ചാലും
മതിവരാത്തതാം കൂട്ടായ്മയാൽ,
സ്വാർത്ഥത വെടിയാനും പങ്കുവയ്ക്കാനും
കഴിയേണം ദൈവത്തിൻ പ്രിയമക്കളേ.

1. കൂട്ടായ്മയേകുന്ന സായൂജ്യമെന്നും
നിലനിന്നിടാനായ് യത്നിച്ചിടാം,
സാത്താന്റെ തന്ത്രങ്ങൾ
തകർത്തെറിയാനായ്,
നിരന്തരം പ്രാർത്ഥിച്ചു വിജയം നേടാം.

2. ആത്മനിലങ്ങൾ വിളയേണമറുപതും
നൂറും മേനിയായ് ക്രിസ്ത്യാനിയിൽ,
വിളവുകൾ പങ്കുവച്ചീടുന്ന സന്തോഷം
പകർന്നിടാം അന്യർക്കും നന്മയ്ക്കായി.

# 331

എപ്പോഴും സന്തോഷിപ്പിൻ,
സന്തോഷിപ്പിൻ ... സന്തോഷിപ്പിൻ;
സന്തോഷിപ്പിൻ നിങ്ങളെപ്പോഴുമെന്ന്,
പിന്നേയും ചൊല്ലുന്നു, സന്തോഷിപ്പിൻ.

1. എല്ലാറ്റിനായും സ്തോത്രം ചെയ്യുവിൻ?
ദൈവീക വിളിയോർത്തു
സ്തോത്രം ചെയ്വിൻ!
നിസ്സാരമായുള്ള കാര്യങ്ങൾ പോലും,
വിസ്മരിച്ചീടല്ലേ; സ്തോത്രം ചെയ്വിൻ!

2. പൂർണ്ണമനസ്സോടെ ആശ്രയിപ്പിൻ ,
വിശ്വസ്തനാണല്ലോ നിത്യനാം ദൈവം;
ഇടവിടാതെപ്പോഴും പ്രാർത്ഥിക്കുവിൻ,
നല്ലതല്ലേ വരൂ സംസർഗ്ഗത്താൽ.

3. ദൈവത്തിൻ സന്തോഷം പ്രാപിക്കുവിൻ,
നിലവിളിച്ചാർജ്ജിപ്പിൻ ഭക്തിപൂർവ്വം;
നിത്യമാമാനന്ദം നിലനിർത്തിടാൻ,
ദാനമാം ദൈവ കൃപയാർജ്ജിപ്പിൻ.

# 332

അഗ്നിജ്വലിക്കിൽ അതു പ്രഭ
പരത്തുമ്പോലെ
സഭയുടെ പ്രേക്ഷിതദൗത്യത്താലേ
അനുദിനം നാമും പ്രകാശം പരത്തുകിൽ,
വെളിച്ചത്തിൽ നയിച്ചിടാം അജഗണത്തെ.

1. യജമാനന്റെ, മനസ്സറിയാത്തോരും-
അനുസരിക്കും യജമാനനെ?
ക്രിസ്തുവെ ലോകത്തിനേകുന്ന ദൗത്യമീ-
ദാസരാം നമ്മളും നിർവ്വഹിക്കാം.

2. യേശുവിൻ മാതൃകകൾ സ്വീകരിച്ചെന്നും,
സമൂഹമദ്ധ്യേ പ്രവർത്തിച്ചിടാം;
അനീതി ചെയ്യാതെ അവയ്ക്കെതിരായി
പടപൊരുതാമോ ധൈര്യപൂർവ്വം!

3. ബദ്ധന്മാർക്കേകാം വിടുതൽ നിരന്തരം,
രോഗികൾ സൗഖ്യവും പ്രാപിക്കേണം;
ദൗത്യങ്ങളെല്ലാമേ സ്തുത്യർഹമായി നാം,
നിർവ്വഹിക്കേണമീ ജീവകാലം.

# 333

പരമപിതാവു കനിഞ്ഞു നൽകിയ മണ്ണിൽ
ഹിമവാൻ തന്നുടെയടിവാരത്തൊരു
സാധുജനം,
സ്രഷ്ടാവിനെയറിയാതെയഹോ! കഷ്ടം;
പാർക്കുകയല്ലോ ഹിമാചൽ പ്രദേശിലായ്.

1. അന്ധവിശ്വാസം കുരുടായ് മാറ്റിയ
ഹൃദയങ്ങൾക്കുള്ളിൽ,
സാധുജനത്തിൻ വികല വിശ്വാസം
വളർന്നു പെരുകുന്നു;
അട്ടിമറിക്കാമതിവേഗം നാം
ക്രൈസ്തവ സ്നേഹത്താൽ,
ക്രൂശിൻ സ്നേഹം പകർന്നു ജനതയെ
നേർ പാതയിലാക്കാം.

2. സ്വന്തം ചോരയിൽ ജനിച്ച മക്കളെ
ദുർദ്ദേവതകൾക്കായ്,
അർപ്പിക്കാനായ് മനസ്സൊരുക്കും -
ഹീനവിശ്വാസത്താൽ,
ആത്മാവിൽ പിടയുന്ന വേദന
വീർപ്പു മുട്ടിച്ചെന്നാൽ,
അടങ്ങിയെങ്ങനെയിരുന്നിടും നാം,
സുവിശേഷവുമായ്പോകാം.

# 334

യേശുവിൻ സ്പർശം ആശ്വാസദായകം,
ആത്മാവിൽ സാന്ത്വനം നൽകുമാ
സ്പർശം!
സർവ്വശക്തൻ തൻ കരമൊന്നു തൊട്ടാൽ
ദൈവത്തിൻ വേലയ്ക്കായ് നമ്മേ
നിയോഗിക്കും;
രോഗങ്ങൾ മാറുന്ന, ശുദ്ധനായ് തീരുന്ന,
കരതലസ്പർശം പ്രാപിക്കാം നാമും.

1. ദൈവരാജ്യത്തിൻ വിസ്തൃതിക്കായ് നമ്മെ
ഒരുക്കുവാൻ ഐക്യത്തിൻ ആത്മാവു നേടാം,
വിജയശ്രീ ലാളിതരാകുവാൻ ദൈവത്തിൻ
കരസ്പർശനം വേണം പ്രാർത്ഥിച്ചീടാം.

2. ദൈവസ്നേഹത്തിൻ കൊടി യേന്തിയെന്നും
യാത്ര ചെയ്യുകിൽ നിത്യം നന്മ നേടാം,
സമൃദ്ധിയിൻ ദൈവശാസ്ത്രം നമ്മെ നയിക്കിൽ,
ആത്മാവു ശാന്തി കൈവരിച്ചീടുമോ?

# 335

ലോകത്തിൻ ഇൻപങ്ങൾ നശ്വരമല്ലയോ?
ശാപം ചുമക്കാൻ അതെളുപ്പമല്ലേ?
നേർവീഥി തന്നിൽ ലക്ഷ്യം തെറ്റാതെ
യേശുവിൻ സന്നിധേ എത്തിച്ചേരാം.

1. കർത്താവിൻ പൈതങ്ങൾക്കാഹ്ലാദ മേകാൻ
അമ്മയെപ്പോലങ്ങു കൂട്ടിനില്ലേ?
നിലവിളിച്ചഭയം യാചിക്കുന്നേരം
കരുണാർദ്രഹൃദയത്തോടെത്തുകില്ലേ?

2. കാലത്തെവെല്ലാൻ വചനം ധ്യാനിച്ചു-
മൗനമായിരിക്കാതെ സുവിശേഷത്തിൻ,
വിത്തുമായ് വയലേലകൾതോറും പോകാൻ,
ഹൃദയത്തെ ഒരുക്കുമോ സോദരരേ?

# 336

വൈവിദ്ധ്യത്തിൻ നാടാമിൻഡ്യയിലെങ്ങും പോയിടാം,
ഭൂ സീമാവാസികൾക്കെല്ലാമരികിൽ എത്തീടാം;
സാർവ്വലൗകിക രക്ഷകനേശു സ്വയം വരിച്ചൂ.....,
കുരിശതിൽ മരണം ! നീചരെപ്പോൽ മാനവരക്ഷയ്ക്കായ്.
എല്ലാനാവും ഏറ്റുപാടും ഈശോ രക്ഷകനെന്ന്;
എല്ലാമുട്ടും മടങ്ങുമേശു-നാഥൻ മുമ്പിലായ്-

1. ആര് നമുക്കായ് പോകും പ്രിയരേ, ആരെ അയയ്ക്കേണ്ടൂ ?
ആരുണ്ടീ ഭാരതമെങ്ങും
കൊയ്ത്തിനിറങ്ങീടാൻ?
കുരിശിൻ ദൗത്യം നിറവേറ്റാനായ്
ക്ഷണിച്ചിടുന്നേശു;
അടിയനിതാ എന്നർപ്പണബോധത്തോടെ
സമർപ്പിക്കാം.

2. വിശുദ്ധ തോമസ് വില്യം കേരി, റിങ്കൾ ടോബെയും
കടൽ കടന്നീ ഭാരതമണ്ണിൽ,
സുവിശേഷവുമായി
നൂറ്റാണ്ടുകളായ് ജനതയറിഞ്ഞ
സത്യത്തിൻ ദീപം,
ഭാരതമാകെ തെളിച്ചിടാം നാം
പാരിടമാകെയുമേ.

3. പരിശുദ്ധാത്മാവുള്ളിൽ വന്നു നിറഞ്ഞിടുന്നേരം,
ശക്തിധരിക്കും പറവകളെപ്പോൽ പറന്നുയർന്നീടും;



ഭൂമിയിലെങ്ങും സാക്ഷികളാകാൻ ഹൃദയം പിടയുമ്പോൾ
അടങ്ങി നിൽക്കാനാവില്ലല്ലോ ക്രൈസ്തവ സ്നേഹിതരേ.

# 337

ശമര്യരോടത്ഭുതസുവിശേഷം ചൊല്ലാൻ,
വഴിതെറ്റിപ്പോയോരെ ഒരുക്കീടുവാൻ,
ദാഹനീർ കേണേശു ചെന്നില്ലെങ്കിൽ!
ഹാ! കഷ്ടമവൾ നാശയോഗ്യയായേനെ.

1. ജീവജലത്തിനായ് കേണുയാചിക്കുന്ന-
നിന്നെ നന്നായ്, അറിയുന്ന ദൈവം;
യാക്കോബിനെക്കാൾ വലിയവനായവൻ
ദാഹം ശമിപ്പിക്കും ഓർത്തുകൊൾക.

2. യൂദയാ ഗോത്രത്തിൻ സിംഹമാണേശു;
യാക്കോബും യെശുരൂനും ഒന്നല്ലയോ?
കണ്ടെത്തിടേണം നാം മിശിഹായെ വേഗം,
സുവിശേഷദൗത്യം നിർവ്വഹിക്കാൻ.

# 338

അപ്പാ എന്നോടിഷ്ടം തോന്നണമേ,
പ്രിയപുത്രാ എന്നെന്നെ വിളിക്കണമേ,
സ്നേഹത്തികവായ് നിത്യം വളരാൻ
തിരുസാന്നിദ്ധ്യം ചുറ്റിക്കൊള്ളണമേ.

1. ആത്മാവുള്ളിൽ ദുഃഖിച്ചീടുവതെന്തേ?
ആദരവില്ലാതടിയനിതാ നിൽപ്പൂ;
ഒന്നിനുമെന്നെ കൊള്ളില്ലെന്നുണ്ടോ?
അപ്പാ എന്നോടിഷ്ടം തോന്നണമേ.

2. ആത്മബലത്താൽ ജീവൻ പ്രാപിച്ചീടാൻ
തവസാന്നിദ്ധ്യം നൽകീടേണമെന്നെന്നും
അടിമനുകം പൊട്ടിച്ചീടുവാൻ
അപ്പാ എന്നോടിഷ്ടം തോന്നണമേ.

# 339

ആത്മഫലം തിങ്ങി നിറഞ്ഞുള്ള ജീവിതം
ജാതികൾ കാണട്ടേ, മാതൃകയാക്കിടട്ടേ,
ചോരയൊഴുക്കുന്ന ജീവിതചര്യകൾ
സമ്പൂർണ്ണമായും നിരോധിക്കട്ടേ.

സ്നേഹം ! സ്നേഹമതൊന്നു മാത്രം,
ശാന്തിയിന്നുറവയതല്ലോ,
സ്നേഹം പകരാം, സ്നേഹം നുകരാം,
സ്നേഹം മാത്രം ശാശ്വതമേ.

1. മലകളെ മാറ്റുന്ന വിശ്വാസമാർജ്ജിക്കാം,
ശാന്തിയേകീടുന്ന ശുശ്രൂഷ ചെയ്യാം;
രോഗികൾക്കാശ്വാസമേകുന്ന സൗഖ്യം
വരദാനപ്രാപ്തരായ് നൽകിടാം നാം.

2. ആശയോടാത്മാക്കൾ നേടുന്ന ശുശ്രൂഷകൾ
സ്നേഹം പകുത്തേകി നിർവ്വഹിച്ചീടാം,
ജാതികൾ സൗഖ്യമുള്ളോരായി മേവാൻ
ആനന്ദം പങ്കിട്ടു ജീവിച്ചിടാമോ?

# 340

എക്കാലവും നിലനിൽക്കുന്ന സ്നേഹം!
സാന്ത്വനമേകുന്ന സ്നേഹം!
അതിരാവിലെയുണർന്നാരാധിക്കുമ്പോൾ
കാതോർത്തുചാരേ വന്നിടുന്നോൻ,
ആ ദിവ്യസ്നേഹമാണേശു.

1. അപരാധമൊക്കേയും ഹൃദയം തുറന്നു തൻ
പാദാരവിന്ദത്തിലർപ്പിക്കുമ്പോൾ,
അകൃത്യഭാരം സ്വയം ചുമലതിലേറ്റി
പാപത്തിൻ മോചനം നൽകിടുന്നു.

2. സഹനത്തിന്നാത്മാവു നൽകുന്ന ദൈവം
ശാന്തിയേകീടുമീ ജീവിതത്തിൽ,
വഹിക്കുവാൻ കഴിയാത്ത ശാപങ്ങൾ പോലും
ചുമലതിൽ വഹിച്ചവൻ മുക്തിയേകി.

# 341

എനിക്കുനിന്നോടേറെ സ്നേഹമുണ്ടപ്പാ,
നിനക്കതേക്കാളെന്നോടേറെ സ്നേഹം!
തിരിച്ചറിഞ്ഞീടുന്നാ,സ്നേഹവർഷാമൃതം;
നുകർന്നിടാനേറെനാൾ അനുവദിക്കൂ.

1. പാപം വെടിഞ്ഞുള്ള പാവനജീവിതം
ആനന്ദദായകം, ദൈവദത്തം;
പാരിനു ദീപമായ് വെട്ടം വിതറുവാൻ
ജീവിതം മുറ്റുമായ് സമർപ്പിക്കുന്നേ.

2. രോഗങ്ങളെല്ലാം സൗഖ്യമാക്കീടുന്ന
വല്ലഭാ എന്നിൽ നീ ജീവിക്കുമോ?
നിന്നെപ്പിരിഞ്ഞൊരു ജീവിതമേ വേണ്ട;
ധന്യമാം ജീവിതം നിന്റെ ദാനം.

# 342

എത്ര അതിശയമതിശയമേ
എന്റെ യേശുവിൻ സ്നേഹമെന്തതിശയമേ
ശത്രുവെപ്പോലും വെറുത്തിടാത്തോൻ-
എത്ര നല്ല സ്നേഹിതൻ, യേശു-
എത്ര നല്ല സ്നേഹിതൻ.

1. ഒരിററു സ്നേഹം, കൊതിച്ചുപോയി
മാനുഷരിൽ, നിന്നെൻ ദേവാ;
മാനുഷവംശം നിലനിന്നീടാൻ
ആശയോടടിയൻ സ്നേഹിച്ചുപോയ്,

2. ദരിദ്രനായ്, പാർത്തലെ എന്നെ,
അലഞ്ഞിടാൻ ഇടയാക്കല്ലേ;
ദൈവമേ നിന്റെ മാർവ്വോടുചാരി
നിത്യതയോളം ജീവിക്കട്ടേ.

3. സ്നേഹത്തിൻ, നിറവായ് കുരിശിൽ,
തിരുരുധിരം നീ, യാഗമായർപ്പിച്ചു;
അർഹതയില്ലാത്തോർക്കേകിയ സ്നേഹം,
അനശ്വരസ്നേഹം അളവില്ലാദാനം.

# 343

എത്ര ദിവ്യമാണേശുവിൻ സ്നേഹം!
പാപികൾക്കുരക്ഷയേകും ക്രൂശിതരൂപം!
ത്യാഗമാണാമഹൽ സ്നേഹത്തെ
വാഴ്ത്തും ഞാൻ
അന്ത്യശ്വാസം നില നിൽക്കുവോളം.

1. അധർമ്മങ്ങളനവധി ചെയ്തുപോയോ?
ആത്മനാഥൻ നമ്മെ കൈവെടിഞ്ഞോ?
സാത്താന്റെ ക്രൂരകരങ്ങളിൽ നിന്നെന്നും
വീണ്ടെടുത്തീടുന്നു; സ്വർഗ്ഗീയസ്നേഹം!

2. സർവ്വരാലും പരിത്യക്തരായീടുമ്പോൾ
മാറോടണയ്ക്കും മാതാവിൻ സ്നേഹം;
നിത്യത നഷ്ടമായീടാതെ വാത്സല്യ-
ഹസ്തമതിലേന്തി നടത്തും സ്നേഹം.

3. ലോകത്തിൻ സ്നേഹം നശ്വരമെ
ന്നോർത്തു
ദൈവീകപാതയിൽ നടന്നീടാൻ
നിത്യസ്നേഹത്താൽ വഴി നടത്തീടുന്ന
വത്സലതാതനാണെന്നുമെൻ ദൈവം.

# 344

കണ്ണുനീരോടന്റെ താതന്റെ ചാരേ
ഇടതടവില്ലാതെ പ്രാർത്ഥിച്ചപ്പോൾ
സാന്ത്വനമേകിയെൻ ജീവനിൽ കുളിരേകി
മാറോടണച്ചവൻ സ്നേഹവായ്പാൽ.

1. തിരതല്ലുമാഹ്ലാദം പകർന്ന താതൻ
കാതോർത്തിരുന്നെന്റെ യാചനകൾ
പരിക്ഷീണനാകുമെൻ ജീവിതമാകെ
പരീക്ഷകൾക്കു വിധേയമാക്കി.



2. ആകിലും ദൈവമെൻ കൂട്ടായിരിക്കയാൽ,
ശോധനയാലെന്നെ തകർത്തിടാതെ;
കളിമൺ മെനയുന്ന കുശവനെപ്പോൽ;
ചേലൊത്ത പാത്രമായ് മാറ്റി വേഗം.

3. അത്ഭുതം കൂറുന്ന മിഴികളെൻ ചുറ്റും
കാണുന്നീ ദോഷിയെ ഭാഗ്യവാനായ്,
തീ തിന്നുമേകാന്ത യാമങ്ങൾ നീക്കിയോൻ
ജീവിതയാത്ര സഫലമാക്കി.

# 345

ക്രൂശിലാണെന്റെ പ്രശംസ!
ക്രൂശാണെനിക്കെന്നുമാശ്വാസം!
തിന്മയിൽ നിന്നും വിജയം വരിക്കാൻ,
കൃപയേകി സ്നേഹം പകർന്നു ക്രൂശിൽ.

1. വേദനിപ്പിക്കുന്ന സത്യങ്ങളെ,
മിഥ്യയായ് മാറുന്നു ക്രൂശിലൂടെ;
സങ്കല്പമല്ലതു നിത്യമാം സത്യം;
ക്രൂശു വഹിക്കുകിൽ രക്ഷ തന്നെ.

2. രക്ഷകനാമേശു എത്രമാത്രം,
സ്നേഹിക്കുന്നിന്നും നിർവ്യാജമായി;
ആത്മാർപ്പണം കൊണ്ടു പകരമേകാം,
തിരുരുധിരം നൽകി രക്ഷിച്ചോന്.

# 346

ചേതോഹരങ്ങളാം ജീവിതനാളുകൾ
ഒന്നൊന്നായ് കടന്നുപോകും,
ബെർശേബയിൽ നിന്നുയാക്കോബിനെ
പ്പോലെ
ഒരുനാളിൽ നാമും നടന്നകലും;
വഞ്ചനകുത്തിമുറിവേല്പിക്കും
കുറ്റബോധം നമ്മെ വേട്ടയാടും.

1. എന്റെ ദൈവം മഹാസ്നേഹവാനാ
യെന്നും,
കൈവെടിയാത്തവനായ് കൂടെയുണ്ട്
യേശുവാം ഗോവണി ദൈവത്തോടെന്നും
സംവദിച്ചീടുവാൻ പ്രാപ്തനാക്കും.

2. തകർന്നമനസ്സോടെ നിലവിളിച്ചാൽ
സ്വർഗ്ഗത്തോടടുപ്പിക്കും ഗോവണി
ഞാനുമെൻ ദൈവത്തോടൊപ്പം വസിക്കും
അനുഭവം ഹൃദ്യമായ് മാറീടും.

# 347

ദൈവമേ നിന്നെ തള്ളിപ്പറഞ്ഞതാം
പത്രോസിനോടു ഞാൻ തുല്യൻ!
ആകിലും നാഥാ നീ എന്നെ സ്നേഹിച്ചു,
ക്രൂശു വഹിക്കാനും ഭാഗ്യമേകി.

1. സ്നേഹം അനശ്വര സ്നേഹം പ്രഭോ;
ആർക്കും പ്രതികൂലമല്ലാത്ത സ്നേഹം!
ആ ദിവ്യസ്നേഹം രുചിച്ചറിയുന്നോർ
ആരുമേ ഒരു നാളും ലജ്ജിക്കില്ല.

2. മഹൽ സ്നേഹമേ, മമ പ്രാണനാഥാ!
മനസ്സലിവുള്ളോനാം തമ്പുരാനേ;
മാതാവിനെപ്പോലെ സ്നേഹം പകർന്നീടും
മാമഹാ വല്ലഭൻ യേശുനാഥൻ!

3. തിന്മയെ വെല്ലാൻ നന്മ മാത്രം ചെയ്ത-
തമ്പുരാനേ അങ്ങേ നമിച്ചിടുന്നേ,
തങ്കക്കരം നീട്ടി താലോലിച്ചീടുവാൻ
താവക മാനസം തുറക്കേണമേ.

## 348

നല്ല ശമര്യക്കാരന്റെ സ്നേഹം പോലെ
ആർദ്രതയാർന്ന സ്നേഹം പകരാൻ,
ഹൃദയവിശാലത ദാനമായേകണേ,
സൗഹൃദമെന്നെന്നും നിലനിന്നിടാൻ.

1. യേശുവിൻ സ്നേഹം പോൽ കലവറയില്ലാത്ത–
പരിപൂർണ്ണസ്നേഹം അന്യർക്കേകാൻ,
ആ ദിവ്യസ്നേഹത്താൽ ശുശ്രൂഷയേകേണം;
പരമോന്നതൻ കാട്ടിയ സ്നേഹമേകൂ.

2. കരുതുന്ന സ്നേഹം കൈതാങ്ങും സ്നേഹം,
തലമുറകൾ കൈമാറിയ ദിവ്യദാനം;
പാളയത്തിൻ പുറത്തായിരുന്നോർ നമ്മൾ!
ശുദ്ധരായ് മാറിയതോ യേശുവിൻ സ്നേഹം!

3. സ്നേഹമർഹിക്കാത്ത നീചരെപ്പോലും,
ക്ഷമയോടെ വീക്ഷിക്കും ദിവ്യസ്നേഹം,
പകയ്ക്കുന്നവർക്കേകാം കാരുണ്യവർഷം;
മഹത്തരമാണാ ദൈവീക സ്നേഹം.

## 349

നീയെന്നെ സ്നേഹിക്കും ദൈവം,
നീയെന്നെ മാനിക്കും ദൈവം,
ആപത്തിൽ ആകുല വേളകളിൽ തന്റെ -
മാറോടണയ്ക്കുന്ന ദൈവം.

1. കൊട്ടിയടയ്ക്കുന്ന വാതിലുകൾ താനേ,
ദൈവനിയോഗത്താൽ തുറന്നിടുമ്പോൾ,
ഭാരം വഹിക്കുന്നോർക്കത്താണിയാകാൻ
എന്നെയും ദൈവം അയച്ചിടുന്നു.

2. അതിരുകളില്ലാത്ത ദിവ്യമാം സ്നേഹം,
ആവോളം നുകർന്നു ഞാൻ പിൻഗമിക്കും;
ആരും കരുതാത്തിടങ്ങളിലെന്നേയും
നിയോഗിച്ചയച്ചിന്നും മാനിക്കുന്നു.

## 350

പാടിസ്തുതിക്കുമെൻ പ്രിയനാം യേശുവെ,
ജീവനുള്ളെന്നും ഹൃദയപൂർവ്വം;
ആ നല്ല സ്നേഹിതൻ യേശുവല്ലാതില്ല,
ആശ്രയിക്കാൻ വേറെ സ്നേഹവാനായ്.

1. സ്വന്തസഹോദരർ മരിച്ചവനായെന്നെ–
തള്ളിക്കളഞ്ഞപ്പോൾ ആശ്വാസമേകി;
ആർദ്രവാനായെന്റെ ചാരെ വന്നാശ്വാസം
പകർന്ന മഹൽസ്നേഹം എത്രധന്യം!

2. നാശം വിതയ്ക്കുന്ന കൊടുങ്കാറ്റു കണ്ടപ്പോൾ
ഭയമേറെ ഹൃദയത്തിൽ കടന്നു;
വെള്ളത്തിന്നാഴത്തിൽ താണുപോകുന്നേരം
തങ്കക്കരം നീട്ടി വലിച്ചെടുത്തു.

## 351

മണ്ണിലേയ്ക്കല്ലയോ മടക്കയാത്ര,
മർത്യാ നിന്നഹന്തയെ കൈവെടിയൂ,
ദൈവം തരുന്നൊരീ നല്ലനാളിൽ
പരസ്പരം സ്നേഹം പങ്കുവയ്ക്കാം.

1. ഹൃദയം തുറന്നൊന്നു പുഞ്ചിരിക്കാം,
ഹൃദ്യമായ് സംസാരിച്ചാശ്വസിക്കാം;
കാപട്യലോകത്തിൻ മൂടുപടങ്ങൾ
മറനീക്കി ജീവിക്കാം സാക്ഷ്യമോടെ.

2. പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ
നിഷ്പ്രഭമാക്കല്ലേ ത്യജിക്കല്ലേ;
സ്നേഹസന്തോഷസമാധാനങ്ങൾ
സദ്ഫലമല്ലയോ എന്നുമെന്നും?

3. സ്വാർത്ഥതയ്ക്കന്ത്യം വരുത്തിടാമോ?
ക്ഷമയേകാൻ മനസ്സായിടുമോ?
രക്ഷകൻ പാതേ നടകൊള്ളാമോ?
ക്രൂശുവരിക്കാനൊരുക്കമാണോ?

## 352

ഭാരം പ്രയാസങ്ങൾ വന്നീടുമ്പോൾ,
താഴ്ചകൾ വീഴ്ചകൾ വന്നിടുമ്പോൾ;
യേശുവല്ലാതേതു ബന്ധു നിന്നെ,
താങ്ങിനടത്തുവാൻ ശക്തനുള്ളൂ.

1. കടഭാരത്താൽ തകർന്നിടുമ്പോൾ,
അത്താണിക്കാരുമേ ഇല്ലാതാകുമ്പോൾ,
ഭിക്ഷക്കാരെപ്പോലെ ഗതിമുട്ടീടുമ്പോൾ
ബന്ധുജനങ്ങൾ പരിഹസിക്കും.

2. ക്രിസ്തുവിൻ സ്നേഹം മാറാത്ത സ്നേഹം,
വഴിയരികിൽപോലും ഇടപെടും,
വാക്കുമാറാത്തവൻ ഉത്തമ സ്നേഹിതൻ!
വിശ്വസ്തമാണവന്നന്തരംഗം.

## 353

എൻ പേർക്കായ് തകരുന്ന മനമേ നിന്റെ–
സ്നേഹമതെത്രയോ ആശ്ചര്യമേ!
എൻപേർക്കായ് യാഗമായ് തീർന്നവനേ,
തവനാമം പൂജിതം ഹാലേലൂയ്യാ!

1. അശുദ്ധികളാലീ ആലയവും തിരു–
മാനസത്തിൽ നിന്നും അകന്നുപോയേ;
കരുണാർദ്രസ്നേഹം വീണ്ടും നിറച്ചീ–
ആലയത്തിൽ നാഥാ വസിച്ചീടണേ.

2. അകൃത്യങ്ങളാർക്കു ക്ഷമിക്കുവാനാകും?
പരിശുദ്ധനേ മനമെത്ര കാമ്യം?
ശത്രുക്കളെപ്പോലും സ്നേഹിക്കും നാഥാ,
ഹൃദ്യമാണങ്ങയിൽ കാണുന്ന സ്നേഹം!

## 354

ലോകം ത്യജിച്ചോരെ മാറോടണയ്ക്കുന്ന
ദിവ്യമാം സ്നേഹമാണേശു;
മാതൃകകാട്ടിയ പ്രാണാധിനാഥനെ
പിൻഗമിക്കാം, തന്റെ സാക്ഷിയാകാം.

1. ബലഹീനരെ കൈതാങ്ങിടാമോ?
ആലംബഹീനർക്കഭയമേകാമോ?
കൊട്ടിയടയ്ക്കുന്ന വാതിൽ തുറക്കാമോ?
ആത്മാവിൽ അഭിഷേകം പകരും നാഥൻ.

2. ജീവിതം വഴിമുട്ടി ഉഴറിടുന്നോർ
പ്രാണഭയത്തിലായ് വിലപിക്കുമ്പോൾ,
യേശുവിൻ സ്നേഹം പകർന്നവർക്കേകാം,
കരം കൊടുത്തവരെ നാം കരകയറ്റാം.

3. നിത്യമാം വാസസ്ഥലം നിനക്കേകും;
മരണമില്ലാത്തതാം ജീവിതം നൽകും;
കലങ്ങിടല്ലേ ഒട്ടും തളർന്നിടല്ലേ,
നിത്യമാം ആനന്ദം നിനക്കു സ്വന്തം.

## 355

ശത്രുവെ സ്നേഹിക്കാൻ കല്പിച്ച നാഥാ
കല്പന പാലിക്കാം വിനീതനായ്;
തിരുസവിധേയിതാ അർപ്പിപ്പൂ ഹൃദയം
ആത്മാവിൻ പ്രവൃത്തികൾ വെളിപ്പെടട്ടേ.

1. തിരു രുധിരത്താൽ കഴുകേണമെന്നും
തവമാനസം എന്നിൽ നിലനിന്നിടാൻ,
ശത്രുക്കൾ സ്നേഹത്തിൻ ജ്വാലയാലുരുകി
ഒരു മനമാകട്ടേ സർവ്വേശ്വരാ.

2. ദൈവമേ അങ്ങയെ സ്നേഹിക്കുവോർ
നിത്യം
ശത്രുത്വമെല്ലാം വെടിഞ്ഞീടുവാൻ
പകരേണമേ എന്നിലാത്മാവിൻ ശക്തി.
നിത്യതയോളം വസിക്കുകെന്നിൽ.

## 356

സ്നേഹം ചാലിച്ചു മക്കൾക്കേകീടുന്ന
മാതാപിതാക്കളേ ഓർത്തീടേണം,
സ്വർഗ്ഗസ്ഥനാകും പിതാവും നമുക്കായ്
സ്നേഹം ചുരത്തും വേണ്ടനേരം.

1. ശിക്ഷണം ലഭ്യമായീടുന്ന കുഞ്ഞുങ്ങൾ
ശിക്ഷയിൽ നിന്നും ഒഴിഞ്ഞുപോകും,
നൊമ്പരമേകുന്ന ശിക്ഷണത്താലല്ലോ
ബാലകർ നൽവഴി ശീലിക്കുന്നു.

2. ദൈവത്തെക്കാളേറെ മക്കളെ മാനി
പ്പോൾ
മർത്യനു ഭൂഷണമായീടുമോ?
കുഞ്ഞുങ്ങൾ ദൈവത്തിൻ ദാനമാണോ
ർക്കണം
ദൈവം തന്നിഷ്ടപോൽ വാർത്തെടുക്കും.

## 357

ആത്മീയജീവിതം ആനന്ദദായകം
ആലോചനാമൃതം അവർണ്ണനീയം;
നിത്യത വാഗ്ദാനം ചെയ്യുന്നു വചനം;
ആകയാലനുദിനം മനനം ചെയ്യാം.

1. ദൈവമേ അങ്ങേയ്ക്കായ് എന്തുള്ളൂ
ചെയ്തു?
സാക്ഷ്യമുള്ളോനായ് തീർന്നുവോ ഞാൻ?
നിരന്തരം ചോദിക്കാം മനസ്സൊരുക്കാം
പ്രിയപുത്രനായെന്നും ജീവിച്ചിടാം.

2. ആകാശത്തിൻ കീഴിൽ മേറില്ല വേറേ
നാമങ്ങൾ താതാ അങ്ങേയ്ക്കൊപ്പം;
ആ ദിവ്യനാമത്തെ പാടിപുകഴ്ത്തിടാൻ
മക്കളാം ഞങ്ങൾക്കവകാശമേകൂ.

## 358

ഈ ലോകേ ബന്ധുക്കൾ മരിച്ചുവീണ
പ്പോൾ,
അലറിക്കരഞ്ഞു പോയ് ഞങ്ങൾ;
ആശ്വാസമേകുവാനാരോരുമില്ലെന്ന
സത്യം നന്നായന്നറിഞ്ഞ നേരം,
ശാന്തിയേകീടുവാൻ കെല്പുള്ള ദൈവമാ-
ണേശുവെന്നുള്ളത്തിലറിഞ്ഞു ഞങ്ങൾ.

1. ഭയപ്പെടുത്തീടുന്ന ദൈവമല്ലെങ്കിലും
ശത്രുക്കളെ അവൻ തകർത്തിടുന്നു,
ദൈവത്തോടടുത്തു വന്നീടുകിൽ താതനും
സാന്ത്വനമേകാൻ അടുത്തുവരും.

2. ആരാധിച്ചീടുവിൻ നിത്യനാം
ദൈവത്തെ,
ആകുലമെല്ലാം തീർന്നുപോകും,
വിശ്വാസത്തോടെന്നും പ്രാർത്ഥിച്ചീടുകിൽ
ദിവ്യമാം കാരുണ്യം താണിറങ്ങും.

## 359

എന്റെ കൃപ നിന്നെ നടത്തിടും അതിശയ
മായ്,
നിന്നെ സകലരും അറിയും അത്ഭുതവാ
നായ്;
സഹിഷ്ണുതയോടെ നീ മുന്നേറുകിൽ
നിന്റെ ജീവിതം സഫലമായ് മാറിടുമേ.

1. ക്രിസ്ത്യാനിയേ നീ തളർന്നിടല്ലേ ഒട്ടും,
കുരിശു ചുമക്കാൻ മടിച്ചിടല്ലേ;
കഷ്ടത സഹിച്ചു നീ മനം തളരാതെ
ആത്മാവിൽ ബലപ്പെട്ടു യാത്ര ചെയ്യൂ.

2. ജഡത്തിലെ ശൂലങ്ങൾ സഹിച്ചിടുവാൻ
മനസ്സിലെ ഭാരം കുടഞ്ഞെറിയൂ;
മറക്കരുതേ യേശു നിനക്കായ് തകർന്നു,
നീതിക്കായ് പോരാടൂ, അന്ത്യം വരെയും.

## 360

കണക്കു ബോധിപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്
നാം,
കണക്കുചോദിക്കുന്ന നാൾ വരും നിശ്ചയം;
ഇത്ര മഹൽസ്നേഹം നമ്മോടു,കാട്ടുവാൻ
എന്തു യോഗ്യതയുള്ളൂ? നിർമ്മലരായിനാം
മാറാം.

1. ദൈവത്തിൻ കല്പന മാനിക്കുവാൻ
തോട്ടത്തിൽ വേലയും ചെയ്തീടേണം.
ദൈവം തൻ മക്കളെ വേർതിരിച്ചേല്പിച്ച-
ദൗത്യങ്ങൾ നിറവേറ്റാൻ യത്നിച്ചിടാം.

2. വിസ്തൃതമായുള്ള ഭൂപ്രദേശം
ഏല്പിച്ച ദൈവം വിശ്വസ്തനായി
നോക്കിയിരിക്കയാണല്പത്തിൽ
വിശ്വസ്ത-
സേവകർക്കധികമായ് നന്മയേകാൻ.

## 361

കാളയ്ക്കറിയാം തന്റെ യജമാനനെ;
നരാധമർക്കോ അതറിയുന്നില്ല;
മൺകട്ട കെട്ടിയ വീടുപോയിട്ടും,
ചാണകം മെഴുകിയ തറമാറിയിട്ടും,
ജീവിക്കും ദൈവത്തെ പാടേ മറക്കുന്നോർ
സ്വർഗ്ഗീയ നാഥനെ അറിയുന്നേയില്ല.

1. സമ്പത്തും ആയുരാരോഗ്യവും
കൈവന്നാൽ
താനെന്ന ഭാവം മുഴക്കുന്ന മർത്യർ
സ്രഷ്ടാവാം ത്രീയേക ദൈവത്തിൻ
വൈഭവം
പഴങ്കഥയായ് കരുതിടുന്നു.

2. മാനുഷനിർമ്മിതദൈവങ്ങളേറുന്നു
മാനുഷരധർമ്മികളായിടുന്നു;
സത്യം ത്യജിച്ചാത്മവഞ്ചകരാകുവോർ
സോദരരെപ്പോലും കൊന്നൊടുക്കും.

## 362

മാറത്തു പൊൻകച്ച ധരിച്ച എൻ യേശുവെ-
കാണും ഞാൻ കഷ്ടതയില്ലാത്ത വീട്ടിൽ;
നിത്യവസന്തമാണാ നല്ല നാട്ടിൽ,
വഴി നടത്തും അവിടേയ്ക്കതിശയമായ്.

1. കാവൽ ചെയ്തീടുന്നു കെടുതികളിൽ
പെട്ടു-
താളടിയാകാതെ!
യേശുവെപ്പോലൊരുവൻ മറ്റാരുമില്ലേ;
സാന്ത്വനമേകി വഴി നടത്താൻ.

2. എല്ലാം നന്മയ്ക്കായി നൽകീടും അവ
നെന്റെ-
അക്ഷയനിക്ഷേപം!
കണ്ണുനീരില്ലാത്ത നിത്യ വീട്ടിൽ ഞാൻ
ചെന്നുചേരുമ്പോളെന്താനന്ദമേ!

3. സ്നേഹപ്പൂമാരിയെൻ തലമേൽ വർഷിച്ചെന്നെ,
ആശീർവ്വദിച്ചേശു!
ശിരസ്സതിലേറ്റി എനിക്കായ് മുൾമുടി,
നിത്യത തന്നിൽ എത്തിച്ചീടാൻ.

## 363

ഞാൻ എന്നെന്നും ദൈവം
ഞാൻ തന്നെ യഹോവ;
വിട്ടുകൊടുക്കയില്ലാ എന്റെ സ്തുതി,
മറ്റൊരു വിഗ്രഹങ്ങൾക്കും,
യഹോവ എന്നല്ലോ, എന്റെ നാമം.

1. യാക്കോബിൽ നിന്നൊരു താരമുദിക്കും,
യിസ്രായേലിൽ നിന്നുയരും ചെങ്കോൽ;
യാക്കോബിൽ നിന്നുള്ളോൻ, രാജ്യം ഭരിക്കും,
യിസ്രയലൊ വീര്യപ്രവൃത്തി തുടരും.
യഹോവ നിസ്സി എന്റെ കൊടി
യഹോവ ശമ്മ അവിടുണ്ട്,
യഹോവയിരേ നോക്കിക്കൊള്ളും,
യഹോവ സിദെക്കനി നമ്മുടെ നീതി.

2. പുതിയൊരു താരം ഉദിച്ചുയർന്നു;
നഭസിൽ നിലാവായ് പെയ്തിറങ്ങി;
മാലാഖമാരൊന്നായ് വാനമേഘേ,
അത്യുന്നതനേകി മാമഹത്വം യഹോവനിസ്സി

3. കഴുതയെ വാഹനമാക്കി യേശു,
യെരുശലെം അതിലായ് പോകവേ,
ചാട്ടവാറാൽ വാണിഭക്കാരെ
പുറത്തിറക്കി കന്യാസുതൻ.
അരുതേ, കൊള്ളക്കാരാകരുതേ
ഇതെന്റെ ആലയം...
ഇതെന്റെ ആലയം;
ഇതെന്റെ പിതാവിന്റെ ആലയം.

## 364

യെരുശലേമിൽ നിന്നും എമ്മൗസ് ഗ്രാമത്തേയ്-
ക്കിരുവർ സംസാരിച്ചു തർക്കിച്ചുപോകവേ,
യേശുതാനവരോടു ചേർന്നു നടക്കയായ്.

1. ദൈവം നടത്തുന്ന വിധങ്ങൾ അറിയാതെ
യേശുവിൻ സാന്നിദ്ധ്യം വിസ്മരിപ്പോർ
ക്ലേയോപ്പാവെപ്പോലെ ദൈവപുത്രർക്കിന്നും
വിശദീകരണങ്ങൾ നൽകിടുന്നു.

2. ദൈവവചനത്തെ വേണ്ടും പോലറിയാതെ
അന്ധതപേറിനാം ജീവിക്കയല്ലോ?
കർത്താവു നമ്മേയും മന്ദബുദ്ധികളേ എന്നു-
വിളിക്കുകിൽ പോലും താൻ കൈവിടില്ല.

## 365

സ്വർഗ്ഗീയ അപ്പമാണേശു
തൃപ്തിയേകീടുന്ന ജീവന്റെ അപ്പം!
യേശുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ
പ്രാപിച്ചോർ തൃപ്തരായ് തീരും.

1. ഒരു തുള്ളി ദാഹനീർ ഉള്ളിലിറക്കുവാൻ
കഴിയാതുള്ളെത്ര നിരപരാധികൾ
അങ്ങിങ്ങായ് കണ്ടിടുന്നോർക്കുമോ പ്രിയരേ?
നന്ദികരേറ്റിയാൽ മതിവരുമോ?
തീരാത്ത നന്മകൾ തന്നവനേശു.

2. തൃപ്തിയുള്ളോർക്കവൻ അനുഗ്രഹമേകുന്നു,
യേശുവിൽ നിന്നും പ്രാപിച്ചിടാം നമുക്കും;



കൊടുക്കുന്നവർക്കതിലിരട്ടിയേകും;
വല്ലഭനാം ദൈവം നല്ലവനോ?
സ്തുതിമുഴക്കാമവനന്ത്യം വരെ.

## 366

ആനന്ദത്തിൻ സംഗീതമുള്ളത്തിൽ
ചിറകടിച്ചുയരുന്നു തമ്പുരാനേ,
സ്തുതികൾക്കു യോഗ്യനാം പരിശുദ്ധനേ ഞങ്ങൾ,
യാഗമായർപ്പിപ്പൂ സ്തോത്രവർഷം!

1. ആത്മാവിൽ എരിയും വിഷാദമോടെ
ആത്മനാഥൻ ചാരേ കണ്ണീർ വാർക്കുന്നേ;
ആശ്വാസമേകുവാൻ കാതോർത്തു ശാന്തനായ്
ചാരെയെത്തീടണേ സ്നേഹനാഥാ.

2. കാഹളം ധ്വനിക്കുമ്പോൾ വാനമേഘേ-
ശുദ്ധരെ പേർ ചൊല്ലി വിളിച്ചീടുമേ;
പുതു സൃഷ്ടിയാക്കും സോദരരേ നമ്മെ-
നിത്യഭവനത്തിലെന്നും ശാന്തി.

## 367

സേനകളിൻ ദൈവമേ,
പരിശുദ്ധനാം ത്രിത്വമേ,
നിത്യം സ്തുതിക്കും ഞങ്ങൾ
ആരാധ്യനാം നാഥനേ.

1. തോട്ടം കാപ്പാനും പാലിക്കാനും
പൂർവ്വപിതാക്കളെ നിയമിച്ചോനേ,
സ്വർഗ്ഗ തുല്യം ഞങ്ങൾ വസിച്ചിടുമ്പോൾ
ദൂതരെപ്പോലിതാ സ്തുതിച്ചിടുന്നേ.

2. ദൈവത്തിൻ മക്കളാം ഞങ്ങൾക്കല്ലോ
ഭൂവിലെ മർത്യരിൻ നന്മയെല്ലാം;
സ്വായത്തമാക്കി നീണാൾ വാഴുവാൻ
സർവ്വേശ്വരാ തുണ ഏകേണമേ.

## 368

ഹേ മനുഷ്യാ, നീ സ്രഷ്ടാവിനെ സ്തുതിക്ക,
ഹേ മനുഷ്യാ, നീ സ്രഷ്ടാവിനെ സ്തുതിക്ക;
നിനന്തരംഗം ഭവാന്റെ മുമ്പിൽ, വണക്കിടുമോ?
പ്രാണപ്രിയൻ നിന്നെ പാലിച്ചീടും എന്നുമേ.

1. കരുണയും നീതിയും നയിക്കും നിന്നെ,
ദയയാലവനെന്നും നടത്തുകില്ലേ?
സ്നേഹിപ്പൂ മകനേ മകളേ ഞാനെന്നും,
പാപിയെ സ്നേഹിക്കും ഞാൻ രക്ഷകൻ.

2. ദൈവത്തെ നീയേറെ അനുസരിക്കുകിൽ
ദൈവീകപ്രവൃത്തികൾ വെളിപ്പെടില്ലേ?
വരങ്ങളും ദാനങ്ങളൊന്നും നോക്കാതെ
ആത്മഫലങ്ങളിൽ ശ്രദ്ധിക്കുവിൻ!

3. പരിശുദ്ധനെ നീ അനുവദിച്ചീടുകിൽ
പ്രവർത്തിക്കുന്നോർക്കേശു ഫലമേകിടും;
വിശ്വസ്തർ നാമൊന്നായ് വേലയ്ക്കായ് പോകേണം ,
ദൈവമയയ്ക്കും വയലുകളിൽ.

## 369

സ്നേഹത്താലെൻ മനം നിറഞ്ഞിടുമ്പോൾ,
ആനന്ദത്താലുള്ളം തുള്ളീടുമേ;
ക്രിസ്തുവിൻ നിത്യ സമാധാനത്താൽ,
ദീർഘക്ഷമയ്ക്കുള്ളമൊരുക്കിടുന്നേ.

1. ദയയോടെയെന്നും പെരുമാറിയാൽ,
പരോപകാരിയായ് മാറീടുകില്ലേ?
വിശ്വസ്തമാനസം തുറന്നുവെന്നാൽ
സൗമ്യതയോടെ നാം ജയം വരിക്കും.

2. ഇന്ദ്രിയങ്ങൾ നമ്മെ ഭരിക്കുമെങ്കിൽ
വിജയം വരിക്കില്ലീ ജീവിതത്തിൽ;
അടിമകളാക്കേണമിന്ദ്രിയങ്ങൾ
ആത്മാവിൻ ശക്തിയാൽ ജയം വരിക്കാം.

## 370

കഷ്ടതകൾ കണ്ടു ജനതയെ വിടുവിക്കാൻ,
വ്യഗ്രതകാട്ടുന്ന മഹാദൈവമേ,
മുൾപ്പടർപ്പിൽ നിന്നു ദൈവീകസാന്നിധ്യം
കേൾപ്പിക്കും സ്നേഹമേ, വണങ്ങിടുന്നു.

1. ദൈവത്തോടെപ്പോഴും സംസാരിച്ചീടേണം,
മർത്യന്റെ ഭാഷണം കൊതിക്കുന്നു ദൈവം;
താതന്റെ സാന്നിധ്യം അനുഭവിക്കുന്നിടം
വിശുദ്ധമാണോർക്ക, സംസാരിക്കാം.

2. ഞാൻ നിന്റെ വായോടു കൂടെയിരുന്നിടും,
നീയെന്തു ചെയ്യേണമോ അതു ഞാൻ
ചെയ്യും;
ദൈവീകശക്തി വെളിപ്പെടുത്തും വിധങ്ങൾ
ആശ്ചര്യമെത്രയോ അത്ഭുതമേ.

## 371

പരാജിതരാകുമ്പോൾ കൂട്ടാളിയില്ലാത്ത
തേങ്ങുന്ന ഹൃത്തിനു കൂട്ടാളിയേശു;
ആരും കരുതുവാനില്ലാത്ത തീരത്തു-
ശാന്തിയേകാനായ് അവിടെയെത്തും.

1. നീ നിന്റെ ദുഃഖങ്ങൾ താലോലിക്കുമ്പോൾ
വിശ്വാസത്താലുള്ളിൽ സുഖം ലഭിക്കും;
കൂട്ടായ്മയാലുള്ള സുഖം തേടുകിൽ നീ
നിത്യമാം ആനന്ദം പ്രാപിച്ചിടും.

2. പ്രാർത്ഥനാ ജീവിതം അന്യപ്പെടുമ്പോൾ
ആശീർവ്വാദങ്ങൾ ചോർന്നുപോകില്ലയോ?
ദൈവം നിന്നോടൊപ്പം പങ്കാളിയാവുകിൽ
സ്വർഗ്ഗീയസൗഭാഗ്യം കൈവരിക്കാം.